

# ആരാധനയിലെ അമ്മ

ഫാ. വർഗീസ് തൈക്കൂട്ടത്തിൽ OIC

www.malankaralibrary.com

# ആരാധനയിലെ അമ്മ

www.malankaralibrary.com

# ആരാധനയിലെ അമ്മ

ഫാ. വർഗ്ഗീസ് തൈക്കൂട്ടത്തിൽ ഒ.ഐ.സി.

No. 129

ബഥനി പബ്ലിക്കേഷൻസ്
കോട്ടയം
2010

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

***Aradhanayile Amma***
***Mary in the Liturgy***

| | | |
|---|---|---|
| Published by | : | Bethany Publication, Kottayam-10<br>Ph: 0481 - 2571515 |
| DTP | : | Bethany Offset Printers, Kottayam-10 |
| Printed at | : | Bethany Offset Printers, Kottayam-10<br>Ph: 0481 - 2571355 |
| Price | : | Rs. 90/- |



www.malankaralibrary.com

# ആമുഖം

ദൈവവചനത്തിന്റെ മനുഷ്യാവതാരമാണ് ക്രിസ്തുമതത്തിന്റെ ആരംഭം. ഇത് യാഥാർത്ഥീകരിക്കപ്പെട്ടത് ഒരു മനുഷ്യ വ്യക്തിയിലൂടെയാണ്; മനുഷ്യസഹകരണത്തോടുകൂടിയാണ്. ഈ മഹാസംഭവത്തിന് ദൈവത്തോടു സഹകരിച്ച വ്യക്തിയാണ് പരിശുദ്ധ മറിയം. ആയതിനാൽ മനുഷ്യവർഗ്ഗത്തിന്റെ രക്ഷണീയ കർമ്മത്തിൽ മറിയത്തിന് തനതായ സ്ഥാനമുണ്ട്. ഇതിന്റെ അനന്തരഫലം എന്നവണ്ണം സഭാദർശനങ്ങളിലും, സഭയുടെ ആരാധനയിലും സഭാജീവിതത്തിലും മറിയത്തിന് മൂല്യം ഉണ്ടായി. മനുഷ്യവർഗ്ഗത്തിന്റെ രക്ഷാകര ചരിത്രത്തിലുള്ള മറിയത്തിന്റെ സ്ഥാനവും ദൗത്യവും അടങ്ങിയിരിക്കുന്നത് ദൈവം അവളെ പ്രത്യേകമായി തിരഞ്ഞെടുത്തതിലൂടെയാണ് ആ തിരഞ്ഞെടുപ്പിന് മറിയം നിരുപാധികമായി തന്നെത്തന്നെ ദൈവത്തിനു സമർപ്പിച്ചു. ഈ സമർപ്പണത്തിന് പ്രതിഫലമായി ദൈവം മറിയത്തിന് ഒരു നാമം നൽകി. ദൈവപുത്രന്റെ മാതാവ്, ദൈവത്തിന്റെ മാതാവ്. ലോകത്തിൽ മറ്റാർക്കും അതിന്റെ പൂർണ്ണതയിൽ ലഭിച്ചിട്ടില്ലാത്ത ഈ മഹനീയസ്ഥാനം ആണ് മറിയത്തെ ലോകം ബഹുമാനിക്കുവാനും പ്രണമിക്കുവാനും, വണങ്ങുവാനും അവളിൽ വിശ്വാസവും പ്രത്യാശയും അർപ്പിക്കാനുമിടയായത്.

മലങ്കരസഭയിൽ മാതാവിനെപ്പറ്റിയുള്ള ഒരു പഠനമാണ് ഈ രചനയുടെ ലക്ഷ്യം. മരിയശാസ്ത്രമെന്നത് മലങ്കരസഭയെ സംബന്ധിച്ചിടത്തോളം പ്രഖ്യാപിക്കപ്പെട്ട കുറേ വിശ്വാസസത്യങ്ങൾ മാത്രമല്ല കാരണം മലങ്കര ദൈവശാസ്ത്രവിശകലന പ്രക്രിയയിൽ ബൗദ്ധികതയ്ക്ക് അമിത പ്രാധാന്യമില്ല മറിച്ച് അനുഭവത്തിൽ നിന്നും രൂപം കൊണ്ടുവരുന്ന ജീവിതദർശനങ്ങൾക്കാണിവിടെ സ്ഥാനം. സഭാജീവിതത്തിൽ ഇന്ന് മാതാവിനെപ്പറ്റിയുള്ള പൂർണ്ണമായ ഒരു വീക്ഷണം ക്രമപ്പെടുത്തിയെടുക്കാൻ അടിസ്ഥാനപ്രമാണങ്ങൾ ആയി നിലകൊള്ളേണ്ടത് വിശുദ്ധ വേദപുസ്തകവും, ആരാധനയും, സഭയുടെ പാരമ്പര്യങ്ങളുമാണ്. നമ്മുടെ സഭയുടെ തനതായ ഒരു മരിയ ശാസ്ത്രവീക്ഷണം എന്നത് ഇവ മൂന്നും ഹൃദ്യമാക്കി രൂപം കൊണ്ടുവരുന്ന ദർശനങ്ങളും അവ നൽകുന്ന വെല്ലുവിളികളും, സഭാസമൂഹം തങ്ങൾ ജീവിക്കുന്ന


www.malankaralibrary.com

സാഹചര്യങ്ങളെ മനസിലാക്കിക്കൊണ്ട് അവർക്ക് നൽകപ്പെടുന്ന മറുപടിയുമായിരിക്കണം. "വിശുദ്ധ ലിഖിതങ്ങൾ, സഭാപിതാക്കന്മാരുടെയും ദൈവശാസ്ത്രജ്ഞൻമാരുടെയും പ്രബോധനങ്ങൾ, സഭയുടെ ആരാധനക്രമങ്ങൾ എന്നിവയെപ്പറ്റി വീക്ഷണപൂർവ്വം ഒരു പഠനം നടത്തിക്കൊണ്ട് തിരുസഭയുടെ പ്രബോധനാധികാരത്തിന്റെ വെളിച്ചത്തിൽ പരിശുദ്ധ കന്യക മറിയത്തിന്റെ വിവിധോദ്യോഗങ്ങളെയും വരങ്ങളെയും പറ്റിയുള്ള ശരിയായ വിശദീകരണം[1] ആയിരിക്കണം ജീവിക്കുന്ന മരിയ ശാസ്ത്രമെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ സാക്ഷിക്കുന്നു. ഈ പഠിപ്പിക്കൽ തന്നെയാണ് നമ്മുടെ പഠനത്തിന്റെയും മുഖ്യധാര.

മലങ്കര കത്തോലിക്കാസഭയെ സംബന്ധിച്ചിടത്തോളം സഭാജീവിതത്തിന്റെ ഉറവയാണ് ആരാധന. ആരാധനയിലൂടെ ക്രിസ്തുവിന്റെ രക്ഷണീയ കർമ്മങ്ങളെ നാം ആഘോഷിക്കുന്നു. ആരാധന നമുക്ക് ആന്തരീക ജീവിതത്തിന്റെ ബാഹ്യ ആഘോഷവും ഔദ്യോഗിക വിശ്വാസ പ്രഖ്യാപനവുമാണ്. ദൈവം ആരാണെന്ന് ആരാധനയിൽ നാം അനുഭവിച്ചറിയുന്നു. ആരാധനയിലൂടെയുള്ള ദൈവശാസ്ത്ര വിശകലനം നമ്മുടെ സഭയുടെ പൗരാണിക സമ്പത്താണ്. നമ്മുടെ പിതാക്കന്മാരുടെ വിശ്വാസ സത്യമെന്തെന്ന് രുചിച്ചറിയുന്നത് ആരാധനയിലൂടെയാണ്. മറ്റ് ആരാധനകളുമായി നമ്മുടെ ആരാധനയെ തുലനം ചെയ്യുമ്പോൾ അതിന്റെ തനിമ അത്ഭുതാവഹമാണ്. വേദപുസ്തകാധിഷ്ഠിതവും, പ്രപഞ്ചാധിഷ്ഠിതവും, നാനാത്മകവും, സാദൃശ്യപ്രതിരൂപപ്രതീകാത്മകവും, ഉത്ഥാനാധിഷ്ഠിതവും രഹസ്യാത്മകവും (പാരത്രികാധിഷ്ഠിതം) തീർത്ഥാടനാധിഷ്ഠിതവുമാണ് നമ്മുടെ ആരാധന.

'ആരാധനയിലൂടെ ദൈവശാസ്ത്രത്തിലേക്ക്' എന്ന വീക്ഷണമാണ് നമ്മുടെ സഭയുടെ പ്രത്യേകത. പ്രാർത്ഥിക്കുന്നതിൽ വിശ്വസിക്കുന്നവരാണ്; വിശ്വാസയോഗ്യമായത് പ്രാർത്ഥിക്കുന്നവരാണ് നമ്മൾ. മാതാവിനെപ്പറ്റിയുള്ള ഈ പഠനത്തിലും നാം സ്വീകരിച്ചിരിക്കുന്ന രീതി ഇതു തന്നെയാണ്. വേദപുസ്തകത്തിലെ മാതാവിനെ ആരാധനയുടെ വെളിച്ചത്തിൽ മനസ്സിലാക്കുക; ആരാധനയിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്ന മരിയ ശാസ്ത്ര ദർശനങ്ങൾ എന്തൊക്കെയാണെന്ന് അറിയുക;

---

[1] രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ, തിരുസഭ, നമ്പർ 67.


www.malankaralibrary.com

ഇവയുടെ ആഘോഷണരീതിയും പ്രത്യേകതകളുമാണ് ഈ പഠനത്തിലൂടെ നാം ദർശിക്കുന്നത്. നമ്മുടെ സഭയിൽ ആരാധനയിൽ നാം ഉപയോഗിക്കുന്ന പ്രാർത്ഥനകളാണ് പ്രധാനമായും പഠനവിഷയമാക്കിയിട്ടുള്ളത്. വേദപുസ്തകം, പ്രതിദിന നമസ്കാരം, മലങ്കര ആരാധനക്രമം – തിരുനാളുകൾ, കൂദാശകൾ, പെങ്കിസോയിലെ പ്രാർത്ഥനകൾ എന്നിവയാണ് പഠനത്തിന് ഉറവകളായി സ്വീകരിച്ചിട്ടുള്ളത്. മാതാവിനെപറ്റി പ്രതിപാദിക്കുന്ന പ്രസ്തുത ആരാധനാഗ്രന്ഥങ്ങളിലെ എല്ലാ പ്രാർത്ഥനകളും ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. അതുകൊണ്ടു തന്നെ ഇതെരീതിയിലുള്ള ഈ വിഷയത്തെപറ്റിയുള്ള തുടർപഠനത്തിന് ഇനിയും സാധ്യതകൾ ഉണ്ട്. ആദിമ സഭാപിതാക്കന്മാരുടെ ഓരോ വിഷയത്തെപ്പറ്റിയുള്ള വീക്ഷണങ്ങൾകൂടി വിഷയത്തിന് ഉപോത്ബലമായ രീതിയിൽ പരാമർശിച്ചിട്ടുണ്ട്. മാത്രമല്ല, ഈ പ്രാർത്ഥനകളെ വിശദീകരിക്കുന്നതോടൊപ്പം ഓരോ ദർശനങ്ങളും നൽകുന്ന അർത്ഥവും സന്ദേശവും ലളിതമായി മനസ്സിലാക്കുന്നതിനുള്ള എളിയശ്രമം കൂടിയാണ് ഈ പഠനത്തിൽ. ഇംഗ്ലീഷിൽനിന്ന് തർജ്ജിമ ചെയ്തിട്ടുള്ള പ്രാർത്ഥനകളും മറ്റ് ഉദ്ധരണികളും വാച്യാർത്ഥത്തിൽ തർജ്ജിമ ചെയ്തിട്ടുള്ളതല്ല. ആശയം ദ്യോതിപ്പിക്കുന്ന രീതിയിലുള്ള തർജ്ജിമയാണ് പഠനത്തിന് സ്വീകരിച്ചിട്ടുള്ളത്. ഉപസംഹാരമായി മരിയശാസ്ത്രവും മറ്റ് സഭാശാസ്ത്രങ്ങളുമായുള്ള ബന്ധം എടുത്തു കാട്ടുവാൻ ശ്രമിച്ചിട്ടുണ്ട്. മരിയ ശാസ്ത്രത്തെ ഒറ്റപ്പെട്ട ഒരു സഭാശാസ്ത്രമായിട്ടല്ല നാം മനസ്സിലാക്കേണ്ടത് എന്ന ലക്ഷ്യം ആയിരുന്നു ഇതിന്റെ പിന്നിലുള്ള ചേതോവികാരം....

ഇതിന്റെ കൈയെഴുത്തുപ്രതി തിരുത്തി എഴുതാൻ സഹായിച്ച ബ്രദർ സിറിയക് ഒ.ഐ.സി., ഭാഷാപരമായ തിരുത്തലുകൾ നല്കിയ മറിയം ചെറി, പ്രസാദനം ഏറ്റെടുത്തു ഭംഗിയായി മുദ്രണം ചെയ്ത ബഥനി പബ്ലിക്കേഷൻ ഡയറക്ടർ ബഹു.ബ്രദർ കുര്യൻ കാവിളയിൽ, ബഥനിപ്രസിലെ സഹോദരീ, സഹോദരന്മാർ എന്നിവരോടുള്ള നന്ദി അറിയിക്കുന്നു. മലങ്കര സഭയിലെ ദൈവജനത്തിന് മാതാവിലുള്ള ഭക്തിയും സ്നേഹവും, മാതാവിനോടുള്ള മാധ്യസ്ഥവും ഈ പുസ്തകത്തിന്റെ വായനയിലൂടെയും മനനത്തിലൂടെയും കൂടുതൽ സംലഭ്യമായാൽ ഈ കർമ്മത്തിലുള്ള എന്റെ എളിയ ശ്രമം സഫലമായി.

പ്രാർത്ഥനയോടെ,

ഫാ.വർഗ്ഗീസ് തൈക്കൂട്ടത്തിൽ



www.malankaralibrary.com

# ഉള്ളടക്കം


| | | |
|---|---|---|
| 1. | വേദപുസ്തകത്തിലെ മാതാവും ആരാധനയും | 9 |
| 2. | ആരാധനയിലുള്ള മരിയ ശാസ്ത്ര ദർശനങ്ങൾ | 46 |
| 3. | ദൈവമാതൃത്വം | 60 |
| 4. | കന്യകയായ ദൈവമാതാവും ആരാധനയും | 71 |
| 5. | മാതാവിന്റെ ഉത്ഭവവും ആരാധനയും | 83 |
| 6. | മാതാവിന്റെ വാങ്ങിപ്പ് ആരാധനയിൽ | 91 |
| 7. | മാതാവിന്റെ മാധ്യസ്ഥം | 98 |
| 8. | ആരാധനയിലെ മാതാവിന്റെ പ്രതിരൂപങ്ങളും സാദൃശ്യങ്ങളും | 104 |
| 9. | സഭാ ജീവിതത്തിൽ മാതാവിനോടുള്ള ഭക്തി | 134 |
| 10. | ഉപസംഹാരം | 164 |




www.malankaralibrary.com

## 1

# വേദപുസ്തകത്തിലെ മാതാവും ആരാധനയും

ദൈവവചനം ആണ് വേദപുസ്തകം. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട വ്യക്തികൾ, ദൈവാത്മാവിനെ ഉള്ളിൽ സ്വീകരിച്ചുകൊണ്ട്, ജീവിത സാഹചര്യങ്ങളെ ഒരു പരിധിവരെ ഉൾക്കൊണ്ടുകൊണ്ടും, തങ്ങളുടെ മുന്നിൽ ഉണ്ടായിരുന്ന ജനങ്ങളുടെ ഹൃദയവികാരങ്ങളെ മാനിച്ചുകൊണ്ടുമാണ് ഈ വചനം മനുഷ്യന്റെ ഭാഷയിൽ രേഖപ്പെടുത്തിയത്. വചനം ദൈവം തന്നെയാണ്.[1] അത് ദൈവമനുഷ്യബന്ധത്തിന്റെ, ദൈവമനുഷ്യസഖിത്വത്തിന്റെ, വസ്തുനിഷ്ഠമായ അവതരണവുമാണ്. ദൈവം ഇന്നു സംസാരിക്കുന്ന ഒരു മാർഗ്ഗം ഈ വചനമാണ്. ചുരുക്കത്തിൽ ആഴമായ ജീവിതാനുഭവത്തിൽ നിന്നും ജീവിതദർശനങ്ങളിൽ നിന്നും രൂപം കൊണ്ടുവന്ന വേദപുസ്തകത്തിൽ പ്രതിപാദിക്കുന്ന വിശുദ്ധ മറിയത്തെപ്പറ്റിയുള്ള പഠനമാണ് ഈ അധ്യായത്തിൽ.

**പഴയനിയമത്തിൽ**

ആന്തരിക വേദപുസ്തകപഠനങ്ങൾ മാതാവിനെപ്പറ്റിയുള്ള വേദപുസ്തക പരാമർശങ്ങൾ കൂടുതൽ വ്യക്തമായി മനസ്സിലാക്കുവാനും, അവയുടെ വസ്തുനിഷ്ഠമായ പശ്ചാത്തലം ഗ്രഹിക്കുവാനും, അതിലൂടെ മാതാവിനെപ്പറ്റിയുള്ള പൂർണ്ണമായ ഒരവബോധത്തിലേക്ക് കടന്നുവരാനും, നമ്മെ ക്ഷണിക്കുന്നു. യേശുവിന്റെ അമ്മയായ മറിയത്തെ 'മറിയം' എന്നു പേരു ചൊല്ലി വിളിക്കുന്ന ഒരു വേദഭാഗവും പഴയനിയമത്തിൽ കാണുന്നില്ല. കാരണം പഴയനിയമ ഗ്രന്ഥകർത്താക്കളുടെ ഉദ്ദേശം അതായിരുന്നില്ല. എന്നാൽ പുതിയ നിയമ ഗ്രന്ഥകർത്താക്കളുടെ മനോഭാവം നാം മനസ്സിലാക്കുകയാണെങ്കിൽ, പഴയനിയമത്തിലേക്കുള്ള ശക്തമായ ഒരു തിരിഞ്ഞുനോട്ടവും, പഴയനിയമത്തെ പുതിയ നിയമത്തിന്റെ മുന്നോടിയായി കാണുവാനും മനസ്സിലാക്കുവാനും അംഗീകരിക്കുവാനുമുള്ള ആത്മാർത്ഥമായ ചരിത്രവും, ദൃശ്യമാണ്. ആയതിനാൽ



www.malankaralibrary.com

പുതിയ നിയമഗ്രന്ഥകർത്താക്കൾ അറിഞ്ഞുകൊണ്ടുതന്നെ യേശുവിന് മുൻപ് എഴുതപ്പെട്ട പഴയനിയമപുസ്തകങ്ങളിലേക്ക് ചെല്ലുകയും പഴ യനിയമസങ്കല്പങ്ങളും പ്രതിരൂപങ്ങളും പ്രതീകങ്ങളും സാദൃശ്യങ്ങളും ഉൾക്കൊള്ളുകയും അത് പുതിയ നിയമരചനയിൽ കൂട്ടി ചേർക്കുകയും ചെയ്തു. ഇത് പഴയനിയമ സങ്കല്പങ്ങളുടെ മൂല്യത്തെ നശിപ്പിക്കാനോ തള്ളിക്കളയാനോ അല്ല. മറിച്ച് പഴയനിയമത്തെ പൂർത്തീകരി ക്കുന്നതിനും വേണ്ടിയായിരുന്നു. ഈ മനോഭാവത്തോടുകൂടി പഴയ നിയമത്തിലേക്ക് കടന്നു ചെല്ലുമ്പോൾ മാതാവിനെപ്പറ്റിയുള്ള പല പ്രവചനങ്ങളും കാണാം. വളരെ ശക്തമായിതന്നെ ഈ പ്രവചനങ്ങളി ലുള്ള വിശ്വാസവും, അത് ഉറക്കെ പറയുവാനുള്ള ഉത്സാഹവും ,സഭാ ജീവിതത്തിന്റെ കേന്ദ്രമായ ആരാധനകളിൽ ദൃശ്യമാണ്. ആരാധനയിൽ പ്രതിപാദിക്കപ്പെടുന്ന മാതാവിനെപ്പറ്റിയുള്ള പ്രധാനപ്പെട്ട രണ്ട് പഴയ നിയമ പരാമർശങ്ങളാണ് ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നത്.

തരുനിരയിൽ സർപ്പം രോഷാൽ
മനുജനെ നിഹനിപ്പാൻ വീഴ്ത്തിയ
വിഷമതു നിന്നാൽ മധുരമതായ് മാറി.[2]

മരിയശാസ്ത്ര വീക്ഷണത്തിലും മലങ്കര ആരാധനയുടെ വെളി ച്ചത്തിലും മറിയത്തെപ്പറ്റിയുള്ള ഒന്നാമത്തെ പ്രവചനമാണിത്. പഴയ നിയമത്തിൽ നാം ഇപ്രകാരം വായിക്കുന്നു; നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തല തകർക്കും.[3]" ഈ പ്രവചനത്തിന്റെ ശരിയായ അർത്ഥവും അത് നൽകുന്ന സന്ദേശവും ഗ്രഹിക്കണമെങ്കിൽ ഉല്പത്തി പുസ്തകം മൂന്നാം അധ്യായത്തിന്റെ പശ്ചാത്തലം മനസ്സി ലാക്കേണ്ടതുണ്ട്. മനുഷ്യന്റെ പതനത്തെപ്പറ്റിയാണ് മൂന്നാം അധ്യായം പ്രതിപാദിക്കുന്നത്. ദൈവം സൃഷ്ടിച്ച മനുഷ്യൻ ദൈവത്തെപ്പോലെ യാകുവാൻ ആഗ്രഹിച്ചു. അവൻ ദൈവത്തിനെതിരായി ശബ്ദമുയർത്തു ന്നു. അത് അവന്റെ തന്നെ നാശത്തിന് കാരണമായി. ദൈവം മനു ഷ്യന് നൽകിയ പറുദീസ മനുഷ്യൻ നഷ്ടമാക്കി, അത് നരകമാക്കി മാറ്റി. വേദപുസ്തക വീക്ഷണത്തിൽ മനുഷ്യന്റെ പതനത്തിന് കാരണം പിശാചായിരുന്നു. പാമ്പിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ട പിശാച് ഹവ്വായെ വഞ്ചിച്ചു. ദൈവമായ കർത്താവ് പിശാചിനെ ശപിക്കുന്നു; പാമ്പിന് ശാപവും മനുഷ്യന് വാഗ്ദാനവും നൽകുന്നു. അവൻ നിന്റെ തല തകർക്കും. പിശാചിന്റെ ശക്തികളെ തല്ലിത്തകർത്തുകൊണ്ട് ശക്ത

 www.malankaralibrary.com

നായവൻ (അവൻ) ലോകത്തിൽ വന്ന് നിന്നെ ശിക്ഷയിൽനിന്ന് മോചിപ്പിക്കും; മനുഷ്യന് രക്ഷ നൽകും.

ഈ പ്രവചനം ദൈവപുത്രന്റെ വരവിനെപ്പറ്റിയുള്ള, രക്ഷയുടെ വാഗ്ദാനത്തെപ്പറ്റിയുള്ള, ആദ്യത്തെ പ്രതീക്ഷയും, പ്രവചനവുമാണെന്നുള്ളതാണ് പൊതുവെയുള്ള വേദപുസ്തകപണ്ഡിതാഭിമതം. കത്തോലിക്കാ, അകത്തോലിക്കാ, വേദപുസ്തകപണ്ഡിതൻമാരുടെ ഇടയിൽ ഈ പ്രവചനത്തെപ്പറ്റി വളരെയധികം വാദപ്രതിവാദങ്ങളും, എതിരഭിപ്രായങ്ങളും ഉണ്ടെങ്കിലും കത്തോലിക്കാസഭയുടെ പരമ്പരാഗതമായ വീക്ഷണപ്രകാരം ഇവിടെ പരാമർശിക്കുന്ന 'സന്തതി' ക്രിസ്തുവാണെന്നും 'അവൾ' ക്രിസ്തുവിന്റെ അമ്മയായ മറിയമാണെന്നുമാണ്. ഈ പ്രവചനം മുന്നിൽ കാണുന്നത് പിശാചിന്റെ ശക്തികളെ പൂർണ്ണമായി അടിച്ചമർത്തി, പിശാചിന്റെ മേൽ ഭരണം നടത്തിയ, പിശാചിന്റെ മേൽ വിജയം നേടിയ, യേശുവിനെയാണ്. ഇപ്രകാരമുള്ള ഒരു യേശുവിന്റെ ചിത്രമാണല്ലോ സുവിശേഷങ്ങളിൽ നാം ദർശിക്കുന്നത്. അതുകൊണ്ട് പ്രവചനത്തിലെ 'അവൾ' യേശുവിന്റെ അമ്മയായ മറിയം ആണ്.

നമ്മുടെ സഭയുടെ ആരാധനയെ നാം സൂക്ഷ്മമായി വിശകലനം ചെയ്താൽ, മുകളിൽ പരാമർശിക്കപ്പെട്ട നിഗമനം എത്ര വസ്തുനിഷ്ഠമാണെന്ന് വ്യക്തമാകും. വളരെ ശക്തമായും വ്യക്തമായും ഉല്പത്തി പുസ്തകത്തിലെ പ്രവചനത്തിലെ "അവൾ" മറിയം ആണെന്നാണ് ആരാധന പ്രഖ്യാപിക്കുന്നത്. വിവിധങ്ങളും അതേസമയം ഒരേ ആശയം ഉൾക്കൊള്ളുന്നതുമായ കുറെ ഉദാഹരണങ്ങൾ പരിശോധിക്കാം;

"അവളീന്നാഗതനായ് നമ്മെ ശാപത്തിൽനിന്നും വീണ്ടോൻ
വിധി നിലയെ പ്രഹരമതേറ്റു നമ്മുടെ വിധിതാൻ നീക്കി
ആദത്തെ മക്കളെയും താൻ സ്വർഗ്ഗത്തേക്കു തിരിച്ചു"4

"ഹവ്വാതൻ പാപമശേഷം നീങ്ങിപ്പോയി
നിന്നാൽ രക്ഷയുമിവർ നേടി"5

"കുറ്റത്തിൻ നിപതിച്ചാദം
അവനിൽ നിന്നുളവയോളാൾ
രക്ഷകമാതാ മറിയാമോ
ഇദീതമാ കടവും വീട്ടി"6


www.malankaralibrary.com

"സ്ത്രീമൂലം വന്ന നാശത്തെ സ്ത്രീമൂലം പരിഹരിപ്പാൻ തിരഞ്ഞെടുക്കപ്പെട്ട നിത്യകന്യകയായ മർത്തമറിയം."[7] പാമ്പിന് വിലക്ക് കൊടുത്തുകൊണ്ട് രക്ഷയുടെ ആദ്യരശ്മി നൽകിയപ്പോൾ, ഇപ്രകാരം സ്ത്രീയും നീയും തമ്മിലും, നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തല തകർക്കുമെന്ന് വിലക്കിയപ്പോൾ, ആ ദിനത്തിൽ തന്നെ മാതാവിനെ നിന്റെ (ദൈവത്തിന്റെ) പുതിയ സൃഷ്ടിയായി നീ കാണുകയും, അവളിലൂടെ ഞങ്ങളുടെ ആദ്യപിതാക്കളുടെ ശത്രുവിനെ പരാജിതനാക്കിയതിനാൽ ഞങ്ങൾ സന്തോഷിക്കുന്നു.[8] ഗബ്രിയേലിന്റെ ഈ സമാധാന പ്രഖ്യാപനത്തിലൂടെ ദൈവം ഞങ്ങൾക്ക് വെളിവാക്കി തന്നു. പഴയ ശത്രുത, ഞങ്ങൾക്കെതിരായുള്ള എതിർപ്പിന്റെ മുന എന്നെന്നേക്കുമായി മാറ്റപ്പെട്ടു. സൃഷ്ടി മുഴുവൻ ആഹ്ലാദം കൊണ്ടു നിറഞ്ഞു[9]. ആദത്തിന്റെയും ഹവ്വയുടെയും കടം മാതാവ് വീട്ടി.[10]

ഈ പ്രാർത്ഥനകൾ എല്ലാംതന്നെ ഒരേശബ്ദത്തിൽ ഉദ്ഘോഷിക്കുന്നത് ആദ്യവർഗ്ഗത്തിന്റെ പാപം ദുരീകരിക്കുന്നതിന് അവനോട് ചേർന്ന "അവൾ" മറിയം ആണെന്നാണ്. ഹവ്വായുടെ ശാപം മറിയത്താൽ മായിക്കപ്പെട്ടു. കാരണം ആദ്യംതന്നെ വാഗ്ദാനം ചെയ്യപ്പെട്ട രക്ഷയുടെ ഫലങ്ങളിൽ പങ്കുപറ്റിയ 'അവൾ' മറിയം മാത്രമാണ്. മറ്റു വാക്കുകളിൽ പറഞ്ഞാൽ മുകളിൽ ഉദ്ധരിച്ചിട്ടുള്ള വിവിധ പ്രാർത്ഥനകൾ ഉല്പത്തി പുസ്തകത്തിലുള്ള മൂന്നാം അധ്യായത്തിലെ പതിനഞ്ചാം വാക്യത്തിന്റെ തനിപകർപ്പാണ്. ചുരുക്കത്തിൽ മലങ്കര ആരാധനകളിൽ ഈ വേദവാക്യത്തെ മറിയത്തെപ്പറ്റിയുള്ള ഒന്നാമത്തെ പ്രവചനമായി കാണുകയും വിശ്വസിക്കുകയും അത് ജീവിതത്തിന്റെ ഭാഗമാക്കിതന്നെ മാറ്റി പ്രഘോഷിക്കുവാൻ വിശ്വാസികൾ തയ്യാറാവുകയും ഈ പ്രവചനത്തെ അതേപടി സ്വീകരിച്ചുകൊണ്ട് സഭ പ്രാർത്ഥിക്കുകയാണ്; പറുദീസായിൽവച്ച് ആദ്യവിഷയത്തെ മധുരമാക്കി പകർത്തുന്നതും വഞ്ചകനായ സർപ്പത്തിന്റെ വക്രതയെ തടയുന്നതും.... ഹവ്വ വീഴ്ചയെ ക്ഷണിച്ചുവരുത്തി. മറിയം പറുദീസായിലേക്ക് വഴി ഉണ്ടാക്കി തന്നു."

ആധുനിക വേദപുസ്തകപഠനങ്ങൾ പ്രസ്തുത വേദഭാഗത്തെപ്പറ്റി എന്തുതന്നെ പുതുതായി പറഞ്ഞാലും, തെളിയിച്ചാലും ഈ പ്രവചനത്തിന്റെ ആരാധനയിലുള്ള പരമ്പരാധിഷ്ഠിതമായ വിശ്വാസത്തിന് കോട്ടം തട്ടുമോ എന്ന് സംശയമാണ്; കാരണം ഹൃദയത്തിനാണ് ആരാ



www.malankaralibrary.com

ധനയിൽ സ്ഥാനം; ബുദ്ധിക്കല്ല. മാത്രമല്ല ആധുനിക വേദപുസ്തക വിജ്ഞാനീയ സമീപനവും ആരാധനയുടെ വേദപുസ്തക ആശയ സ്വാംശീകരണ സമീപനവും തമ്മിൽ സാരമായ വ്യത്യാസവും ഉണ്ട ല്ലോ. അവ രണ്ട് വ്യത്യസ്തങ്ങളായ സമീപനരീതികളുമാണല്ലോ?

"കന്യക ഗർഭിണിയായ് പ്രസവിച്ചിടുമത്ഭുതനാം
ശിശുവിനെയെന്നെശായ നിബിമുന്നറിയിച്ച
സ്ത്രീ മറിയാമല്ലോ" 12

സഭയും, സഭാപിതാക്കന്മാരും പുതിയ നിയമ എഴുത്തുകാരും, ആരാധനയും ഒരുപോലെ ശക്തിയായി 'മാതാവിനെ'പ്പറ്റി പറയുന്ന രണ്ടാമത്തെ പ്രവചനമാണിത്. "യുവതി ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും, അവൻ ഇമ്മാനുവേൽ എന്ന് വിളിക്കപ്പെടും".[13] ഇസ്രാ യേലിന്റെ പരിശുദ്ധനായ ദൈവമാണ് യഹോവ. ഏത് പ്രതികൂല സാഹ ചര്യത്തിലും ദാവീദിന്റെ രാജവംശം നശിക്കുകയില്ല. വാഗ്ദാനങ്ങളിൽ വിശ്വസ്തനായ യഹോവ ദാവീദിന്റെ രാജവംശത്തെ രക്ഷിക്കുകയും, ഉദ്ധരിക്കുകയും ചെയ്യുമെന്ന രക്ഷാകരമായ വിശ്വാസവും പ്രതീക്ഷയും ഏശയ്യാ പ്രവാചകനുണ്ടായിരുന്നു. യഹോവയെപ്പറ്റിയുള്ള ഈ ഒരു മനസ്സിലാക്കലിൽ വേണം നാം ഏശയ്യായുടെ ദൈവനിവേശിതമായ ഈ അരുളപ്പാടിനെ വിലയിരുത്തുവാൻ. ഏശയ്യായുടെ പുസ്തക ത്തിലുടനീളം നിഴലിച്ചു നിൽക്കുന്ന രാജകീയ രക്ഷകന്റെ പ്രതിരൂപ വും, ഇസ്രായേലിന്റെ ആ രക്ഷകനിലുള്ള ശുഭപ്രതീക്ഷയും പ്രതീക്ഷി ച്ചിരുന്ന രക്ഷകൻ പ്രതിനിധാനം ചെയ്യുന്ന നീതിയുടെയും സമാധാന ത്തിന്റെയും പ്രതീകങ്ങളും ഈ പ്രവചനത്തിന്റെ ശരിയായ അർത്ഥം ഗ്രഹിക്കുന്നതിന് ആവശ്യമാണ്.

ഏശയ്യാപ്രവാചകന്റെ പുസ്തകം ഏഴാമധ്യായം ഒന്നാം വാക്യം മുതൽ പന്ത്രണ്ടാം അധ്യായം ആറാംവാക്യംവരെ "ഇമ്മാനുവേലിന്റെ പുസ്തകം" എന്നാണ് അറിയപ്പെടുന്നത്. ഏഴാമധ്യായം ഒന്നാംവാക്യം മുതൽ ഒൻപതാമധ്യായം ആറാംവാക്യംവരെ ആഹാസ് രാജാവിന്റെ കാലത്ത് രാജ്യത്ത് ഉണ്ടായ ദേശീയ പ്രതിസന്ധിയെപ്പറ്റിയാണ് പ്രതി പാദിക്കുന്നത്. വേദപുസ്തകപണ്ഡിതന്മാരുടെ അഭിമതപ്രകാരം[14] ഈ പ്രതിസന്ധിയുടെ കാലഘട്ടം 735 ബി.സി മുതൽ 733 ബി.സി വരെയാ ണ്. വളരെ വ്യക്തമായി ഈ കാലഘട്ടത്തിലെ പ്രതിസന്ധിയെപ്പറ്റി രാജാക്കന്മാരുടെ രണ്ടാം പുസ്തകം 16-ാം അധ്യായം 5 മുതൽ 9 വരെ

www.malankaralibrary.com

യുള്ള വാക്യങ്ങളിൽ വിവരിക്കുന്നുണ്ട്. സിറിയാരാജാവിന്റെയും ഇസ്രായേൽ രാജാവിന്റെയും ആക്രമണത്തിൽനിന്ന് ജറുസലേമിനെ രക്ഷിക്കുന്നതിന് അസീറിയ രാജാവിനെ സമീപിക്കുന്നതാണ് പശ്ചാത്തലം. ദൈവത്തിന്റെ പട്ടണമായ ജറുസലേം നശിപ്പിക്കപ്പെടുകയില്ല. ദൈവം ജറുസലേമിന്റെ രക്ഷക്ക് ഉണ്ടായിരിക്കും എന്ന ദൈവത്തിന്റെ അരുളപ്പാടുമായി ആഹാസിനെ സാന്ത്വനപ്പെടുത്തുവാൻ ഏശയ്യാ പ്രവാചകൻ ആഹാസിന്റെ കൊട്ടാരത്തിലേക്ക് കടന്നുചെല്ലുന്നു. ദൈവത്തിന്റെ ഈ വാഗ്ദാനത്തിന്റെ ഉറപ്പിനായി പ്രവാചകൻ ഒരടയാളം ആവശ്യപ്പെടാൻ ആഹാസിനോടു പറയുന്നു. ആഹാസ് വിസമ്മതിക്കുന്നു. കാരണം ആഹാസ് കർത്താവിനെ പരീക്ഷിക്കുവാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ ഏശയ്യാ, കർത്താവുതന്നെ നിനക്ക് ഒരടയാളം തരുമെന്ന് പറഞ്ഞതിനുശേഷം യഹോവയുടെ ഈ അരുളപ്പാട് ഒരു അടയാളമായി ആഹാസിനെ അറിയിക്കുന്നു. ഇതാണ് ഈ പ്രവചനത്തിന്റെ വേദപുസ്തക പശ്ചാത്തലം. ഈ അരുളപ്പാടിന്റെ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് ഇതിന്റെ സന്ദേശം നുകരുവാൻ ശ്രമിച്ചാൽ രണ്ട് കാര്യങ്ങൾ വ്യക്തമാണ്. ഒന്നാമതായി ദാവീദിന്റെ രാജവംശം ഒരിക്കലും നശിക്കുകയില്ലെന്ന നിരുപാധികമായ വാഗ്ദാനം. നാഥാൻ പ്രവാചകൻ ഇതേ ആശയം തന്നെ ശമുവേലിന്റെ രണ്ടാം പുസ്തകം 7-ാം അധ്യായം 12-ഉം, 13-ഉം വാക്യങ്ങളിൽ വ്യക്തമാക്കുന്നുണ്ട്. അതായത് യഹോവക്ക് ആലയം പണിയുന്ന ദാവീദിന്റെ രാജ്യം സുസ്ഥിരമാക്കുകയും അവന്റെ രാജസിംഹാസനം എന്നേക്കും സ്ഥിരപ്പെടുത്തുകയും ചെയ്യും.[15] രണ്ടാമതായി ഈ പ്രവചനം ഒരു മുന്നറിയിപ്പുകൂടിയാണ്. രാജാവും ജനങ്ങളും അവരുടെ അവിശ്വസ്തതമൂലം ശിക്ഷിക്കപ്പെടും. ദൈവം അടയാളം ചോദിച്ചപ്പോൾ ദൈവത്തിൽ വിശ്വസിക്കാതെ മൗനമായിരുന്ന രാജാവിന്റെ, പ്രതീക്ഷയില്ലാത്ത മനോഭാവത്തിലാണ് പ്രവാചകൻ തന്നെ ദൈവത്തിന്റെ അടയാളം യഹോവയുടെ നാമത്തിൽ ആഹാസിനെ അറിയിക്കുന്നത്. ഇതൊരർത്ഥത്തിൽ ഒരു താക്കീതും ഒരു വാഗ്ദാനവുമാണ്.

ആധുനിക വേദപുസ്തകപഠനങ്ങൾ ഈ പ്രവചനത്തിന് പല വിധത്തിലുള്ള വ്യാഖ്യാനങ്ങൾ നൽകപ്പെട്ടിട്ടുണ്ട്.[16] അകത്തോലിക്കാ വേദപുസ്തക പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ ഈ പ്രവചനത്തിൽ പരാമർശിക്കുന്ന കന്യക ആഹാസിന്റെ ഭാര്യയാണെന്നും മകൻ ആഹാസിന്റെ പുത്രൻ ഹെസക്കിയ ആണെന്നുമാണ്. എന്നാൽ കത്തോലി



www.malankaralibrary.com

ക്കാസഭയുടെ പഠിപ്പിക്കൽ പ്രകാരം ഈ പ്രവചനം ആഹാസിനെയും തന്റെ പുത്രനെയും പറ്റി മാത്രമല്ല; ദാവീദിന്റെ ഗോത്രത്തിൽനിന്ന് ആഗതനാകാനിരിക്കുന്ന യഥാർത്ഥ രാജാവായ രക്ഷകനെപ്പറ്റിയുള്ളതുമാണ്. ഇപ്രകാരമുള്ള ഒരു വിദൂരവീക്ഷണം പ്രവചനാവസരത്തിൽ പ്രവാചകന്റെ മനസ്സിൽ ഉണ്ടായിരുന്നോ എന്ന സത്യം ഇന്നും തർക്കവിഷയവുമാണ്.

എന്നാൽ പുതിയ നിയമം പ്രത്യേകിച്ചും മത്തായി ശ്ലീഹായും, സഭയും, സഭാപിതാക്കന്മാരും ആരാധനയും ഈ പ്രവചനത്തിന്റെ പൂർത്തീകരണം ക്രിസ്തുവിൽ ദർശിക്കുന്നുണ്ട്. ഈ പ്രവചനത്തിൽ പറയപ്പെടുന്ന ഇമ്മാനുവേൽ ക്രിസ്തുവായും, കന്യകയെ മറിയംആയും ആരാധന പാടി സ്തുതിക്കുന്നു. ഏശയ്യായുടെ പുസ്തകം ഒൻപതാം അധ്യായം ആറും ഏഴും വാക്യങ്ങൾ, ഇമ്മാനുവേലിനെ ശക്തനായ ദൈവമായും, സമാധാനത്തിന്റെ രാജാവുമായും, നിസ്സീമമായ ആധിപത്യം ഉള്ളവനായും നീതിയുടെയും ധർമ്മത്തിന്റെയും വക്താവായും അവതരിപ്പിച്ചിരിക്കുന്നു. ഈ സവിശേഷതകളുടെ പൂർത്തീകരണം പൂർണ്ണമായും ക്രിസ്തുവിൽ ദർശിക്കാം. ഈ അർത്ഥത്തിൽ ഇമ്മാനുവേൽ പ്രവചനത്തിലെ കന്യകമറിയം ആണെന്നും ഇമ്മാനുവേൽ ക്രിസ്തുവാണെന്നും ആരാധനയും പാരമ്പര്യവും സാക്ഷിക്കുന്നു. ആരാധനയിൽ ഏറ്റവും കൂടുതലായി ഉപയോഗിച്ചിട്ടുള്ള ഒരു പഴയ നിയമ പ്രവചനമാണിത്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു;

"ഏശയ്യാ - ഉദ്ഘോഷിച്ചാൽ പ്രവചനമായി
കന്യക ഗർഭിണിയായ് സുതനെ
പ്രസവിച്ചീടുമവൻ നാമം ആമ്മാനുവേൽ"[17]

"കിന്നരമേന്തി ആത്മീയൻ നിബി ഏശായ
പ്രവചിക്കീശസുതൻ പരമായ്
എങ്ങിനെ താൻ വന്നുലകത്തിൽ
കന്യക ഗർഭിണിയായ് സുതനെ
അത്ഭുതവാനെ പ്രസവിക്കും
ദൈവം നമ്മോടുകൂടെന്ന-
അമ്മാനുവേൽ അവനത്രേ
പ്രവചനമതു നിറവേറ്റിയോരാ
നിബിയൻമാർ നാഥൻ... സ്തുത്യൻ"[18]



www.malankaralibrary.com

ആമോസിൻ സുതനേ
ഏശായ്യാ ചൊൽ ആരവനാ-
ക്കന്യക ഗർഭേ പേറിയവൻ
അവനത്രേ ദൈവം
സ്നേഹാൽ മനുഷനായവനാം
അമ്മാനുവേൽ തൻ നാമം"[19]

ആമോസിന്റെ പുത്രനായ ഏശയ്യ മുൻകൂട്ടി അറിയിച്ചു. അവൻ വിശുദ്ധ ശിശുവിനെ കണ്ടുകൊണ്ട് "ഇതാ കന്യക ഗർഭം ധരിച്ചു ഒരു പുത്രനെ പ്രസവിക്കും അവൻ ദൈവവും മനുഷ്യനുമാകുകയാൽ അത്ഭുതം എന്ന് വിളിക്കപ്പെടും."[20] ഏശയ്യാ പ്രവചിച്ചു "ഇതാ കന്യക ഗർഭം ധരിച്ചു ഒരു പുത്രനെ പ്രസവിക്കും. അവന്റെ നാമം അമ്മാനു വേൽ എന്നാണ്. എല്ലാ രാജ്യങ്ങളുമേ വരുവിൻ അവന് സ്തുതി അർപ്പിക്കുവിൻ"[21]. "ഏശയ്യായുടെ പ്രവചനത്തിൽ സൂചിപ്പിച്ചവളെ നീ വാഴ്ത്തപ്പെട്ടവളാകുന്നു."[22]

ഈ പ്രാർത്ഥനകളിലെല്ലാം തന്നെ വ്യക്തമായി സഭ ഉദ്ഘോ ഷിക്കുന്നത് പഴയനിയമത്തിലെ ഈ പ്രവചനത്തിലെ കന്യക മാതാ വാണെന്നും പുത്രൻ യേശുവാണെന്നുമാണ്. ഈ പ്രാർത്ഥനകൾ എല്ലാംതന്നെ പഴയനിയമത്തിലെ ആ വാക്യം അതുപോലെ തന്നെ ഉദ്ധരിക്കുകയാണ്. ഇതിലൂടെ ഈ പ്രവചനത്തിലുള്ള അഭംഗുരമായ വിശ്വാസം ആരാധനയിൽ ഏറ്റു പറയുന്നു. പഴയനിയമത്തിൽ നിന്നും ഈ രണ്ട് പ്രവചനങ്ങളും നമ്മുടെ ആരാധനയിൽ ഉപയോഗിക്കുന്നു. ഇതിലൂടെ സഭാസമൂഹം നൂറ്റാണ്ടുകളിലൂടെ രൂപപ്പെടുത്തിയ ആരാധ നയിലെ വിശ്വാസം അരക്കിട്ടുറപ്പിക്കുന്നു. അതിലൂടെ മാതാവിനെ പാടി പ്പുകഴ്ത്തുന്നു. മാതാവുമായുള്ള ആഴമായ വ്യക്തിപരമായ സഖിത്വ ത്തിലേക്ക് ആരാധനാസമൂഹം കടന്നുവരുന്നു. ഇത് കൂടാതെതന്നെ ധാരാളം പഴയനിയമ പ്രതിരൂപങ്ങൾ, ഉദ്ധരണികൾ, സാദൃശ്യങ്ങൾ മാതാവിനെപ്പറ്റിയുണ്ട്.[23] ബേത്‌ലഹേമിൽ ശിശുവിന് ജന്മമേകിയ സ്ത്രീ (മിഖ 5:23) പുരുഷനെ വലയം ചെയ്യുന്ന സ്ത്രീ (ജറ 3:22) ഉത്തമഗീത ത്തിലെ വധു (ഉത്ത 6:2-6) പഴയനിയമത്തിലെ സ്ത്രീകളായ സാറ (ഉല്പ 17:16-19) റബേക്ക (ഉല്പ 24:12-15) റാഹേൽ (ഉല്പ 29:18) റൂത്ത് (റൂത്ത് -16) എസ്തേർ (എസ്തേർ 2:4) ശമുവേലിന്റെ അമ്മയായ അന്ന (1 ശമു 1-2) യൂദിത്ത് (യൂദിത്ത് 1:ff) തുടങ്ങിയ പഴയ നിയമ സ്ത്രീകളെ മറിയത്തിന്റെ പ്രതിരൂപമായി കാണാനുള്ള ശ്രമമുണ്ട്. നമ്മുടെ ആരാ



www.malankaralibrary.com

ധനയിലും ഈ പരാമർശങ്ങളുടെ സ്വാധീനം ഇല്ലാതെയില്ല. അവയെപ്പറ്റിയുള്ള സൂക്ഷ്മമായ പഠനം മാതാവിന്റെ ആരാധനയിലുള്ള സ്ഥാനത്തെ വിളിച്ചോതുന്നവയാണ് എന്നതും തർക്കമറ്റ സംഗതിയാണ്.

## പുതിയ നിയമവും മാതാവും

'നല്ല വാർത്തയാണ്' പുതിയ നിയമം. പഴയനിയമത്തിൽ പ്രവാചകൻമാരിലൂടെ വിവിധ രീതികളിലും വിവിധഘട്ടങ്ങളിലും യഹോവ തിരഞ്ഞെടുക്കപ്പെട്ട തന്റെ ജനവുമായി ബന്ധം പുലർത്തിയെങ്കിൽ പുതിയ നിയമത്തിൽ ദൈവം തന്റെ ഏകജാതനായ ക്രിസ്തുവിലൂടെയാണ് ബന്ധം പുലർത്തിയത്; ബന്ധം പുലർത്തുന്നത്. ഈ ബന്ധത്തിന്റെ സംക്ഷിപ്ത രൂപമാണ് സുവിശേഷം അഥവാ നല്ല വാർത്ത. നല്ല വാർത്തയുടെ കേന്ദ്രബിന്ദു യേശുസംഭവവും അതു നൽകുന്ന സന്ദേശത്തിന്റെ അന്തർധാര ദൈവരാജ്യവുമാണ്. സദ്വാർത്ത വെറും വാക്കുകളുടെ പുനരാവർത്തനമല്ല മറിച്ച് ക്രിസ്തു സംഭവത്തിന് സാക്ഷികളായ ക്രിസ്തുശിഷ്യർ "കേട്ടതും സ്വന്തം കണ്ണുകൊണ്ടു കണ്ടതും, സൂക്ഷിച്ചു വീക്ഷിച്ചതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനമാണ്. പരസ്പരം കൂട്ടായ്മയിൽ വളരുന്നതിനും പിതാവിനോടും യേശുവിനോടും നിരന്തരബന്ധം പുലർത്തി സന്തോഷത്തിൽ വസിക്കുന്നതിനും വേണ്ടിയാണ് സുവിശേഷം എഴുതപ്പെട്ടത്."[24]

യേശുക്രിസ്തുവിനെപ്പറ്റിയുള്ള വിവരങ്ങൾ സുവിശേഷങ്ങളിൽ നിന്നാണല്ലോ നമുക്ക് ലഭിക്കുന്നത്. അതുപോലെ യേശുവിന്റെ മാതാവായ മറിയത്തെപ്പറ്റിയുള്ള പല സൂചനകൾക്കും മറിയത്തിന്റെ ജീവിതത്തിലെ പല സംഭവങ്ങൾക്കും സുവിശേഷം സാക്ഷിയാണ്. സുവിശേഷങ്ങളിൽ പ്രത്യേകിച്ചും യോഹന്നാന്റെ സുവിശേഷത്തിൽ[25] യേശു ആദിമുതൽ ഉണ്ടായിരുന്നവനാണ്. പിതാവുമായി അസ്തിത്വമുള്ള വചനമാണ്. ഈ വചനം കാലത്തികവിൽ മാംസരൂപം കൈക്കൊണ്ടത് മറിയത്തിലാണ്. ആയതിനാൽ യേശു എന്ന വചനത്തെ അതിന്റെ പൂർണ്ണതയിൽ, സത്താപരമായും, ശാരീരികമായും ഉൾക്കൊണ്ടത് മറിയം ആയിരുന്നു. സുവിശേഷകർ യേശുവിന്റെ വചനം, രേഖപ്പെടുത്തുന്നതിനു മുൻപുതന്നെ മറിയം ആ വചനത്തെ തന്റെ ഉള്ളിൽ വഹിച്ചു. മാത്രമല്ല സുവിശേഷങ്ങൾ എഴുതപ്പെടുന്നതിനുമുമ്പ് തന്നെ യേശുവിനെപ്പറ്റിയുള്ള കാര്യങ്ങൾ തന്റെ ഹൃദയത്തിൽ സംഗ്രഹിച്ചവളാ


www.malankaralibrary.com

ണല്ലോ മറിയം. ഇപ്രകാരം യേശു എന്ന വചനത്തിന് മാംസരൂപം നൽകാൻ തന്നെത്തന്നെ തുറന്നുവച്ച മറിയത്തെ എങ്ങനെയാണ് സുവിശേഷത്തിൽ ആവിഷ്കരിച്ചിരിക്കുന്നതെന്ന് നമുക്ക് പരിശോധിക്കാം. പുതിയ നിയമത്തിൽ മറിയത്തെപ്പറ്റിയുള്ള ഏറ്റവും ആദ്യത്തെ പരാമർശം വിശുദ്ധ പൗലോസ് ശ്ലീഹാ ഗലാത്തിയാക്കാർക്കെഴുതിയ ലേഖനത്തിലാണ്. ക്രിസ്തുവർഷം അൻപത്തിമൂന്നിനും അൻപത്തിഎട്ടിനും ഇടയിലുള്ള കാലഘട്ടത്തിൽ എഴുതപ്പെട്ടതായി തെളിയിക്കപ്പെട്ടിട്ടുള്ള പ്രസ്തുത ലേഖനം നാലാമധ്യായം നാലാം വാക്യത്തിൽ വായിക്കുന്നു. "എന്നാൽ കാലത്തിന്റെ പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ സുതനെ അയച്ചു അവൻ സ്ത്രീയിൽ നിന്ന് ജാതനായി...." (-) സ്ത്രീയിൽനിന്നാണ് യേശു ജനിച്ചത്. ഏത് സ്ത്രീയിൽ നിന്നാണ് യേശു ജനിച്ചതെന്ന് പൗലോസ് ശ്ലീഹാ പറയുന്നില്ല. ആ സ്ത്രീയുടെ പേര് പൗലോസ് ശ്ലീഹാ രേഖപ്പെടുത്തിയിട്ടില്ല. തീർച്ചയായും മറിയം ആയിരുന്നു യേശുവിന്റെ മാതാവ് എന്ന് പൗലോസ് ശ്ലീഹായ്ക്ക് അറിയാമായിരുന്നു. കാരണം രണ്ടുപേരും ഒരേ കാലഘട്ടത്തിൽ ജീവിച്ചിരുന്നവർ ആയിരുന്നല്ലോ. ഇതിൽനിന്നും നാം എത്തിച്ചേരുന്ന നിഗമനം ഒരു മരിയശാസ്ത്രാത്മക സ്വഭാവം ഉള്ള ഒരു പരാമർശനമല്ല ഇതെന്നാണ്. മറിച്ച് പ്രസ്തുത വാക്യത്തിന് ക്രിസ്തു വിജ്ഞാനീയ സ്വഭാവമാണുള്ളത്. അതായത് യേശുവിന്റെ ദൈവീക ജനനത്തെ ദ്യോതിപ്പിക്കുന്ന പിതാവായ ദൈവത്തിൽ നിന്നുള്ള, അതേസമയം തന്നെ മനുഷ്യസഹകരണത്തോടുകൂടിയുള്ള ഒരു അത്ഭുതജനനം ആയിരുന്നു ക്രിസ്തുവിന്റേത് എന്ന വീക്ഷണം ജനങ്ങളെ മനസ്സിലാക്കുകയായിരുന്നു ഈ വാക്യത്തിന്റെ ലക്ഷ്യം.

ഈ പരാമർശം അതേ രീതിയിൽ ഈ പശ്ചാത്തലാർത്ഥത്തിൽ ആരാധനയിൽ ഉപയോഗിച്ച് കാണുന്നില്ല. സാധാരണയായി യേശുവിന്റെ ജനനത്തെപ്പറ്റി ആരാധനയിൽ ഉപയോഗിക്കുന്ന പദങ്ങൾ 'മറിയത്തിൽ നിന്നുള്ള യേശുവിന്റെ ജനനം; കന്യകയിൽ നിന്നുള്ള ജനനം, യേശുവിന്റെ മാതാവിൽ നിന്നുള്ള ജനനം തുടങ്ങിയ സംജ്ഞകൾ ആണ്. എന്നാൽ പൗലോസ് ശ്ലീഹായുടെ ഈ ക്രിസ്തു വിജ്ഞാനാധിഷ്ഠിതമായ പ്രസ്തുതവാക്യം കൂടുതലാഴമായൊരു മരിയവിജ്ഞാനീയ ദർശനത്തിലേക്ക് ആരാധനയുടെ പശ്ചാത്തലത്തിലും പിന്നീട് സഭാസമൂഹപഠിപ്പിക്കലിലുണ്ടായ ഒരു വിശാലമായ ആശയത്തിലേക്ക് നമ്മെ ക്ഷണിക്കുന്നു. അതായത് ദൈവമാതൃത്വദൈവ



www.malankaralibrary.com

ശാസ്ത്ര (Theology) വിശകലനത്തിനും മനസ്സിലാക്കലിനും ഈ വേദഭാഗം ഉപോദ്ബലകമായി നിലകൊള്ളുന്നു. സാധാരണയായി ആരാധന മറിയത്തെ അഭിസംബോധന ചെയ്യുന്നത് ദൈവത്തിന്റെ മാതാവായിട്ടാണല്ലോ[26]. ആയതിനാൽ ഈ വേദഭാഗം ക്രിസ്തുവിന്റെ ദൈവീക പിതൃത്വത്തിന്റെ അടിസ്ഥാന ശിലയായിരിക്കുന്നതുപോലെ തന്നെ മറിയത്തിന്റെ ദൈവീകമാതൃത്വത്തിനും ആധാരമായി നിലകൊള്ളുന്നു. (മാതാവിനെപ്പറ്റി സുവിശേഷങ്ങൾ മാറ്റിനിർത്തിയാൽ കാണുന്ന മറ്റൊരു പരാമർശം നടപടി പുസ്തകത്തിലാണ്.) "ഇവർ ഏകമനസ്സോടെ യേശുവിന്റെ അമ്മയായ മറിയത്തോടും മറ്റ് സ്ത്രീകളും അവന്റെ സഹോദരന്മാരോടുമൊപ്പം പ്രാർത്ഥനയിൽ മുഴുകിയിരുന്നു."[27] നടപടി പുസ്തകം ഒന്നാം അധ്യായത്തിന്റെ പശ്ചാത്തലം എന്നത് അപ്പോസ്തലന്മാർ മാതാവിനോട് ചേർന്ന് യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം ആത്മാവിനെ സ്വീകരിക്കാൻ ഒരുങ്ങിയിരിക്കുന്ന അവസരമാണ്. നടപടിപുസ്തകത്തിൽ മാതാവിനെപ്പറ്റിയുള്ള ഈ പരാമർശം അപ്പോസ്തോലസമൂഹത്തിൽ മാതാവിനുണ്ടായിരുന്ന അതുല്യമായ സ്ഥാനം വിളിച്ചോതുന്നു. ആദിമ ക്രൈസ്തവസമൂഹം മാതാവിന്, സഭയുടെ ഉത്ഭവത്തിൽ തനതായ ഒരു പങ്ക് ഉണ്ട് എന്ന് വിശ്വസിച്ചിരുന്നു എന്നതിന്റെ തെളിവാണിത്. യേശുവിലുള്ള വിശ്വാസം പങ്കുവയ്ക്കുന്നതിനും അതിന് ഒരിക്കൽക്കൂടി സാക്ഷികളായിത്തീരുന്നതിനും തയ്യാറായ ആദ്യശിഷ്യന്മാരോട് ചേർന്ന് മാതാവും ഉത്ഥാനം ചെയ്ത തന്റെ പുത്രനിലുള്ള പ്രത്യാശയും വിശ്വാസവും ഏറ്റുപറയുന്നു. മറ്റൊരു തരത്തിൽ മാതാവും തന്റെ പുത്രന്റെ ശിഷ്യയായി മാറുന്നു.

നമ്മുടെ ആരാധനയിലെ പെന്തക്കോസ്തിയുടെ ശുശ്രൂഷകൾ വിശകലനം ചെയ്യുമ്പോൾ നടപടി പുസ്തകത്തിലെ മാതാവിനെ ആത്മാവിന്റെ ആഗമനവുമായി ബന്ധപ്പെടുത്തി പാടി പുകഴ്ത്തുന്നതായി കാണാം. ആത്മാവിനെ സ്വീകരിക്കാൻ ഒരുങ്ങിയ, സ്വീകരിച്ച ശിഷ്യന്മാരുടെ അതേ ദൗത്യവും ഉത്തരവാദിത്വവും മാതാവിനും ഉണ്ടായിരുന്നു. കാരണം അവളും പരിശുദ്ധാത്മാവിനെ സ്വീകരിച്ചവൾ ആണ്. അതുകൊണ്ട് സഭ പാടി പുകഴ്ത്തുന്നു....

"നാഥൻ തൻ ദാനം നേടാൻ
ശിഷ്യന്മാർ ഒന്നിച്ചപ്പോൾ
തീ-നാവിൽ സാദൃശ്യത്തിൽ



www.malankaralibrary.com

മേലിന്നെത്തി റൂഹ്ക്കുദിശാ
പ്രഭയുൾക്കാമ്പിലവൾ നേടി....

ആശ്വാസപ്രദനാം റൂഹാ
നിർമ്മല ശിഷ്യസമൂഹത്തിൽ
അത്യുൽകൃഷ്ടരഹസ്യത്തെ
ഭൂതല ഭാഷകളിൽ ചൊന്നാൽ

ആശ്വാസപ്രദനാം റൂഹാ
ജ്വാലകണക്കേ മാളികയിൽ
ആഗതരായ് ശിഷ്യന്മാർ
ശക്തിസഹായം വിജ്ഞാനം

ശ്രേഷ്ഠദാനങ്ങൾ

ഇവയിൽ പൂർണ്ണൻമാരാക്കി"[28]

ഈ പ്രാർത്ഥനകളിൽ ഒന്നിച്ചുകൂടിയ ശിഷ്യന്മാർക്കെല്ലാം ആത്മാവിന്റെ ദാനങ്ങൾ നൽകപ്പെട്ടതായി, അവർ എല്ലാവരും ആത്മാവിനാൽ അഭിഷിക്തരായി, എന്ന് വ്യക്തമാണ്. എന്നാൽ മാതാവിനെപ്പറ്റി ഈ പ്രാർത്ഥനകളിൽ ഒന്നും തന്നെ പറയുന്നില്ല. മാതാവ് ആത്മാവിനെ സ്വീകരിക്കുന്നതിനുവേണ്ടി പ്രാർത്ഥനയോടുകൂടി മാളികയിൽ ഉണ്ടായിരുന്നതായിട്ട് നടപടി പുസ്തകം സാക്ഷിക്കുന്നു. ആയതിനാൽ മാതാവിന്റെ നാമം ഈ പ്രാർത്ഥനകളിൽ ഉച്ചരിക്കാതെ തന്നെ അവിടെ ഒന്നിച്ചു കൂടിയവർക്കെല്ലാം നൽകിയ ആത്മാവിന്റെ ദാനം മാതാവിനും കൂടിയവർക്കുമെല്ലാം ലഭിച്ചു എന്നതിൽ സംശയമില്ല. കൂടാതെ പെന്തിക്കോസ്തിയുടെ മൂന്നാം ശുശ്രൂഷയിൽ 'മാവുർബോ'യിലെ പ്രാർത്ഥനകളിൽ എത്ര സുന്ദരമായിട്ടാണ് മാതാവിനെ അഭിസംബോധന ചെയ്യുന്നത്. രാജ്ഞിമാതാവേ, കന്യകകളുടെയെല്ലാം പരിവേഷമെ, നിനക്കു സമാധാനം... ദൈവം പരിപാലിച്ചു വളർത്തിയ കന്യക നൈർമ്മല്യം നേടി.... മൃണ്മയരായ നമ്മുടെ വർഗ്ഗത്തിന് അവൾ പുതു ജീവന്റെ ഔഷധമായിത്തീർന്നു"[29] തീർച്ചയായും മാതാവും പരിശുദ്ധാത്മാവുമായുള്ള പരോക്ഷമായ ബന്ധം കാണുവാൻ ആരാധന ശ്രമിക്കുകയാണ് ഈ പ്രാർത്ഥനകളിൽ. ഇപ്രകാരം പ്രാർത്ഥിച്ചതിനുശേഷം ഉള്ള അപേക്ഷ ദൈവമേ നിന്റെ ആത്മാവിനെ അയച്ചുതരണമേ എന്നതാണ്. ഇതിൽ


www.malankaralibrary.com

നിന്നെല്ലാം നാം അനുമാനിക്കുന്നത് നടപടി പുസ്തകത്തിലെ പരാമർശത്തിന്റെ സ്വാധീനം ആരാധനയിൽ ഉണ്ടെന്നാണ്.

സുവിശേഷങ്ങൾ ഒഴിച്ചാൽ അടുത്ത മാതാവിനെപ്പറ്റിയുള്ള പരാമർശം വെളിപാടു പുസ്തകത്തിലാണ്. "സ്വർഗ്ഗത്തിൽ വലിയ ഒരടയാളം കാണപ്പെട്ടു, സൂര്യനെ ഉടയാടയാക്കിയ ഒരു സ്ത്രീ. അവളുടെ പാദങ്ങൾക്കിടയിൽ ചന്ദ്രൻ. ശിരസ്സിൽ പന്ത്രണ്ട് നക്ഷത്രങ്ങൾ കൊണ്ടുള്ള കിരീടം."[30] ഈ വേദപുസ്തക വാക്യത്തിന് പല രീതിയിലുള്ള വ്യാഖ്യാനങ്ങൾ നൽകപ്പെട്ടിട്ടുണ്ട്. സാധാരണ വിശ്വാസികൾ, ഇതിനെ മാതാവുമായി ബന്ധപ്പെടുത്തിക്കാണുന്നു. മാതാവ് സ്വർഗ്ഗത്തിലാണെന്നതിന്റെ വ്യക്തമായ ഒരു തെളിവായി വിശ്വസിക്കുന്നു. എന്നാൽ ആധുനിക വേദപുസ്തക പഠനങ്ങൾ തികച്ചും വ്യത്യസ്തമായ മറ്റൊരു വ്യാഖ്യാനമാണ് നൽകുന്നത്.[31] സഭയിലെ പൗരാണിക വ്യാഖ്യാതാക്കൾ ഈ 'സ്ത്രീ'യെ സഭയുമായി ഐക്യരൂപം കാണുവാൻ ശ്രമിച്ചിട്ടുണ്ട്. മധ്യയുഗത്തിലെ പ്രബലമായ വീക്ഷണം ഈ "സ്ത്രീ" പ്രതിനിധാനം ചെയ്യുന്നത് യേശുവിന്റെ അമ്മയായ മറിയം ആണെന്നാണ്. ആധുനിക വേദപുസ്തകവ്യാഖ്യാതാക്കൾ പൗരാണിക വ്യാഖ്യാനത്തെ ചില ലഘുവായ മാറ്റങ്ങളോടുകൂടി അംഗീകരിക്കുന്നു. അതായത് യോഹന്നാൻ ശ്ലീഹായുടെ ഈ വാക്യത്തിന് രണ്ട് വീക്ഷണകോണുകൾ ഉണ്ട്. ഒന്ന് വ്യക്തിപരം, രണ്ട് സാമൂഹ്യപരം. സാമൂഹ്യപരമായി ഇതു ദൈവജനത്തെയും, സഭയേയും, വ്യക്തിപരമായി ഇസ്രായേൽ സമൂഹത്തിന്റെ പ്രതിനിധിയായ രക്ഷകനെ പ്രസവിച്ച മാതാവിനെയും പ്രതീകാത്മകമായി പ്രതിനിധാനം ചെയ്യുന്നു.

ഇനിയും നമ്മുടെ ആരാധനയിൽ വെളിപാട് പുസ്തകത്തിലെ "സ്ത്രീ" മറിയം തന്നെയാണെന്നുള്ള വ്യക്തമായ പരാമർശമുണ്ട്. ജയം ധരിച്ചവൾ ആണ് മാതാവ്[32]; അവൾ രണ്ടാം സ്വർഗ്ഗമാണ്[33]. സൂര്യസമാനം ശോഭിക്കുന്നവൾ സ്വർഗ്ഗത്തിലാണല്ലോ; സൂര്യനെ വഹിക്കുന്നവൾ തീർച്ചയായും രണ്ടാം സ്വർഗ്ഗമാണ്. "പ്രകാശത്തിന്റെ മണവാട്ടിയാണ് മറിയം"[34] മനുഷ്യന് പറുദീസായിലേക്ക് വഴി ഉണ്ടാക്കിത്തന്നവൾ ആണ്,[35] മറിയം. ഈ പ്രാർത്ഥനകൾ എല്ലാംതന്നെ വെളിപാട് പുസ്തകത്തിലെ മാതാവിനെ ഉൾക്കൊള്ളുന്നതാണ്. ഈ വേദപുസ്തക വാക്യത്തിന്റെ സ്വാധീനം ആരാധനയിൽ ഉണ്ട്. മാതാവ് സ്വർഗ്ഗത്തിൽ സൂര്യസമാനം പ്രശോഭിക്കുന്നു. ആ ശോഭയുടെ കിരണങ്ങൾ ആരാധനാസമൂഹത്തിന്റെ ഹൃദയത്തിൽ ആഴമായി വേരൂന്നിയിട്ടുണ്ട്.



www.malankaralibrary.com

മാതാവ് സ്വർഗ്ഗത്തിലാണെന്ന് ആരാധനാസമൂഹം അനുഭവിച്ചറിഞ്ഞിട്ടുണ്ട് ആരാധനയിൽ. അതുകൊണ്ട് തന്നെയാണ് ഇതേ രീതിയിലുള്ള പ്രാർത്ഥനകൾ ആരാധനയിൽ രൂപപ്പെട്ടുവന്നത്.

യേശുവിന്റെ മനുഷ്യാവതാരത്തോടു ബന്ധപ്പെട്ട സംഭവങ്ങളോടുകൂടിയാണ് സുവിശേഷങ്ങളിൽ മറിയത്തിന്റെ കഥയുടെ തുടക്കം. സുവിശേഷകരിൽ മത്തായിയും ലൂക്കോസും, യോഹന്നാനും മറിയത്തെപ്പറ്റി പ്രത്യേകമായി രീതിയിൽ തനതായ ദൈവശാസ്ത്രവീക്ഷണത്തിൽ വിവരിക്കുന്നുണ്ട്. ഏറ്റവും കൂടുതൽ മറിയത്തെപ്പറ്റി പരാമർശിച്ചിട്ടുള്ളത് ലൂക്കോസ് സുവിശേഷകനാണ്.

"ദൈവത്തിന് ഒന്നും അസാധ്യം അല്ല" (ലൂക്കാ 1:37)

സുവിശേഷങ്ങളിലുള്ള മറിയത്തിന്റെ ജീവിതത്തിലെ ഒന്നാമത്തെ രഹസ്യം ആണ് മംഗലവാർത്ത. മനുഷ്യന്റെ ബുദ്ധിയേയും യുക്തിയേയും അതിരു കടക്കുന്ന ദൈവത്തിന്റെ ശക്തിയുടെ രഹസ്യമാണ് നാം ഇവിടെ ദർശിക്കുക. ദൈവദൂതരിൽ പ്രമുഖനായ ഗബ്രിയേൽ മറിയത്തിന്റെ അരികിൽവന്ന് സന്ദേശം അറിയിച്ചപ്പോൾ മറിയം അസ്വസ്ഥയായി. മറിയത്തിന്റെ മനസ്സ് ദൈവീകശക്തിയാൽ അറിഞ്ഞ ദൂതൻ മറിയത്തോട് പറഞ്ഞു; "ഭയപ്പെടേണ്ട". അതിനുശേഷം മാലാഖ തന്റെ ആഗമലക്ഷ്യം മറിയത്തെ അറിയിക്കുന്നു. മറിയം ദൈവവചനത്തിൽ മാനുഷികമായി സംശയിക്കുന്നു. മാലാഖ മറിയത്തിന്റെ സംശയം ഒരു തെളിവോടുകൂടി ദുരീകരിക്കുന്നു. അപ്പോൾ മറിയം സ്വയം തന്നെതന്നെ താഴ്ത്തി ദൈവത്തിന്റെ വചനം സ്വീകരിക്കാൻ അവളുടെ ഉള്ളു തുറന്നു കൊടുക്കുന്നു. ഇതാണ് വേദപുസ്തകത്തിലെ മംഗളവാർത്താവതരണത്തിന്റെ ചുരുക്കം. ഇവിടെ മറിയത്തിന്റെ മാനുഷികമായ സംശയവും, സമ്മതവും, സ്വയം എളിമപ്പെടുത്തലും അതിശയകരം തന്നെയാണ്. മറിയം മാലാഖയുടെ വചനത്തോട് 'അതെ' എന്നു പറയുമ്പോൾ ഒരു പുതിയ ജീവിതം അവളിൽ പുഷ്പിക്കുന്നു. യേശുവിന്റെ മാനുഷിക ജീവിതത്തിന്റെ ആരംഭം. ഒരു വലിയ രഹസ്യം തന്നെയാണിത്. രണ്ടായിരം വർഷങ്ങൾക്കുമുമ്പ് നടന്ന ഈ രഹസ്യത്തിന്റെ ചുരുൾ ഇന്നും പൂർണ്ണമായി അഴിയാതെ മനുഷ്യബുദ്ധിയുടെ മുന്നിൽ അടഞ്ഞുകിടക്കുന്നു. ഈ രഹസ്യത്തിന്റെ ആധികാരികതയേയും വസ്തുനിഷ്ഠതയേയും പറ്റി ധാരാളം പഠനങ്ങൾ പരീക്ഷണങ്ങൾ, താരതമ്യപ്പെടുത്തലുകൾ നടന്നിട്ടുണ്ട്. എന്നാൽ ഇത് എങ്ങനെ സംഭവിച്ചു എന്ന ചോദ്യം


www.malankaralibrary.com

ബൗദ്ധിക തലത്തിൽ ഇന്നും ഉണ്ട്. നിരീക്ഷണപരീക്ഷണങ്ങൾ പഠനങ്ങൾ ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു.

മറിയത്തിന്റെ എളിമയാണ് മംഗളവാർത്തയിൽ നമ്മെ അത്ഭുതപ്പെടുത്തുന്നത്. ലോകത്തെ സൃഷ്ടിച്ച, ആഴിയെ ഭരിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന, ശക്തനായവന്റെ മാതാവാകുവാൻ അശക്തയായ താൻ തെരഞ്ഞെടുക്കപ്പെട്ടതിൽ മാതാവ് അഹങ്കരിച്ചില്ല. ഈ തിരഞ്ഞെടുപ്പിൽ മറിയം തീർച്ചയായും അവളിലേക്ക് തന്നെ കടന്നുചെന്ന് അവളുടെ കഴിഞ്ഞകാല ജീവിതം വിചിന്തനം ചെയ്തു നോക്കിയിരിക്കണം. എന്തുകൊണ്ട് ഇസ്രായേലിന്റെ വംശത്തിൽ നിന്ന് ദൈവം എന്നെ തിരഞ്ഞെടുത്തു. എന്റെ ജീവിത വിശുദ്ധിയോ, ദൈവത്തിന്റെ സ്നേഹപാരമ്യമോ?..... മറിയം ദൈവവചനത്തിന്റെ മുന്നിൽ തന്നെ താഴ്ത്തി എളിമയുടെ മഹനീയ മാതൃക മനുഷ്യകുലത്തിന് നൽകി.

മംഗലവാർത്തയിൽ ഏറ്റം പ്രധാനപ്പെട്ട സന്ദേശമാണ് "ദൈവത്തിന് ഒന്നും അസാധ്യമല്ല" എന്നത്. ദൈവത്തിന് അസാധ്യമായി യാതൊന്നുമില്ല എന്ന ബോധ്യം, ഇസ്രായേലിന്റെ ദൈവത്തെപ്പറ്റിയുള്ള വീക്ഷണത്തിന്റെ മുഖ്യധാരയാണ്. പഴയനിയമത്തിലുടനീളം നാം പരതിനോക്കിയാൽ യഹോവയായ ദൈവം ഇസ്രായേലിന്റെ ചരിത്രത്തിൽ അസാദ്ധ്യമായ കാര്യങ്ങൾ നിർവ്വഹിച്ചവനാണ്. ഫറവോന്റെ അടിമത്വത്തിൽനിന്നുള്ള മോചനം, ചെങ്കടൽ കടക്കൽ, മരുഭൂമിയിലെ മന്ന, പകൽ മേഘസ്തംഭം, രാത്രിയിൽ അഗ്നിത്തൂൺ ഇവയൊക്കെ ഇസ്രായേൽ ജനം ചരിത്രത്തിൽ അനുഭവിച്ച യാഥാർത്ഥ്യങ്ങൾ മാത്രമാണ്. ഈ രക്ഷാകരസംഭവങ്ങൾ എല്ലാം തെളിയിച്ചത് ദൈവം ശക്തനാണ് എന്ന നിഗമനത്തിലാണ്. ഇസ്രായേൽക്കാരിയായ മറിയം അവളുടെ പിതാക്കന്മാരുടെ വിശ്വാസം ഒരിക്കൽകൂടി പ്രഖ്യാപിച്ചിരിക്കുകയാണ്; വിശ്വാസം ഏറ്റു പറയുകയാണ്. ദൈവത്തിന് അസാധ്യമായി യാതൊന്നുമില്ല എന്ന വാക്യത്തിന് ആഴമായ ഒരു ദർശനം കൂടിയുണ്ട്. പഴയനിയമത്തിൽ വിശ്വാസികളുടെ പിതാവായ അബ്രഹാം യഹോവയിലുള്ള വിശ്വാസം ഏറ്റുപറയാൻ ഉപയോഗിച്ച അതേ വാക്യം തന്നെയാണിത്. പാരമ്പര്യപ്രകാരം മറിയവും അബ്രഹാമും വിശ്വാസവിഷയത്തിൽ ഐക്യമുണ്ട്. അബ്രഹാം തന്റെ പുത്രനായ ഇസഹാക്കിന്റെ ജനനത്തിൽ വിശ്വസിച്ചു. മറിയം മാലാഖയുടെ വചനത്തിൽ വിശ്വസിച്ചു. രണ്ടുപേരും വിശ്വസിച്ചവർ ആണ്. അബ്രഹാം വിശ്വസിച്ചതിനാൽ ഇസഹാക്ക് ജനിച്ചു. മറിയത്തിന്റെ വിശ്വാസം ദൈവപുത്രന്റെ ജനനത്തിന്



www.malankaralibrary.com

കാരണമായി. അബ്രഹാമിന്റെ ദൃഢമായ വിശ്വാസത്തെപ്പറ്റി വ്യക്തമായി വി.പൗലോസ് ശ്ലീഹാ റോമാക്കാർക്കെഴുതിയ ലേഖനത്തിൽ പ്രതിപാദിക്കുന്നുണ്ട്[36]. ദൈവത്തിന് എല്ലാം സാധ്യമാണ് എന്ന വിശ്വാസം രണ്ടു പേരും ഏറ്റുപറഞ്ഞവരാണ്.

വീണ്ടും മംഗലവാർത്തയുമായി ബന്ധപ്പെടുത്തി നാം പഴയനിയമത്തിലേക്ക് കടന്നുവന്നാൽ ദൈവത്തിന്റെ മധ്യസ്ഥതയാൽ അത്ഭുതകരമായി ജനനം നടക്കുന്ന സംഭവങ്ങൾ ഉണ്ട്. ഉദാഹരണമായി, ജനതകളുടെ മാതാവാകുവാൻ ദൈവം തിരഞ്ഞെടുത്ത സാറായും, ശാമുവേലിന്റെ അമ്മയായ അന്നായും. ഉല്പത്തി പുസ്തകത്തിൽ വിവരിക്കുന്ന സാറായുടെ വിവരണം വളരെ ഹൃദ്യമണ്[37] ദൈവീക ശക്തിയുടെ ഇടപെടൽ ആണ് നാമിവിടെ കാണുന്നത്. സാറായിലുള്ള ജനനം ദൈവീകപദ്ധയിൽ ഒഴിച്ചുകൂടുവാൻ കഴിയാത്ത, അതെ സമയം ദൈവത്തിന്റെ മനുഷ്യചരിത്രത്തിലുള്ള ഇടപെടലിന്റെ, വ്യക്തമായ തെളിവാണ്[38]. ഇതേ രീതിയിലുള്ള മനുഷ്യന്റെ രക്ഷാകരപദ്ധതിയിൽ ഒഴിച്ചുകൂടാൻ വയ്യാത്ത ദൈവിക ഇടപെടലിന്റെ വ്യക്തമായ അവതരണമാണ് മംഗലവാർത്തയിലും കാണുന്നത്. പഴയനിയമത്തിൽ യഹോവയുടെ അത്ഭുതകരമായ ദൈവീകശക്തിയുടെ മറ്റൊരു തെളിവാണ് ശമുവേലിന്റെ ജനനം[39] ഹന്നായുടെ കീർത്തനവും[40] മാതാവിന്റെ സ്തോത്രഗീതവും തമ്മിൽ വളരെയധികം സാമ്യവും ഉണ്ടല്ലോ.[41] മറിയത്തിന്റെ സ്തോത്രഗീതം ഹന്നായുടെ കീർത്തനത്തിന്റെ മാതൃകയിലുള്ളതാണ്.[42]

മംഗലവാർത്തയിൽ മാതാവ് ദൈവത്തിന്റെ അനന്യസാധാരണമായ വചനത്തിൽ വിശ്വസിച്ചു. എന്നാൽ പുതിയ നിയമത്തിൽ തന്നെ, ദൈവത്തിന്റെ അതിശയകരമായ ശക്തിയാൽ, തനിക്ക് ഒരു പുത്രൻ ജനിക്കാൻ പോകുന്നു എന്ന അരുളിപ്പാട് സഖറിയ പ്രവാചകന് മാലാഖ മുഖേന ഉണ്ടായിട്ട്, അദ്ദേഹം അതിൽ വിശ്വസിക്കുന്നില്ല[43]. മറിയത്തോടുള്ള മാലാഖയുടെ "ഭയപ്പെടേണ്ട" എന്ന അതെ അഭിസംബോധന തന്നെയാണ് സഖറിയാ പ്രവാചകനോടും മാലാഖ അറിയിക്കുന്നത്. എന്നാൽ സഖറിയായ്ക്ക് മാലാഖയുടെ വചനത്തിൽ വിശ്വാസം അർപ്പിക്കാൻ കഴിഞ്ഞില്ല.

എന്നാൽ മറിയമാകട്ടെ മാലാഖയുടെ വചനത്തിൽ, ദൈവത്തിന്റെ വെളിപ്പെടുത്തലിൽ വിശ്വസിച്ചു. ഈ വിശ്വാസം ഒന്നു മാത്രമാണ് മംഗലവാർത്തയിൽ മറിയത്തെ ദൈവമാതാവാക്കിയത്. നമ്മുടെ ആരാധ



www.malankaralibrary.com

നയിലും സഭാപിതാക്കന്മാരുടെ പഠിപ്പിക്കലിലും ഏറ്റം അധികം മറിയ ത്തെപ്പറ്റി പ്രതിപാദിക്കുമ്പോൾ ഉപയോഗിക്കുന്ന ഒരാശയമാണ് മറിയം പുതിയ നിയമത്തിലെ വിശ്വാസത്തിന്റെ മഹനീയ മാതൃകയാണെന്നുള്ളത്. പഴയനിയമത്തിൽ അബ്രഹാം വിശ്വാസസമൂഹത്തിന്റെ ആദ്യ ബിന്ദുവും, പ്രതിനിധിയും ആയിരിക്കുന്നതുപോലെതന്നെ പുതിയ നിയമത്തിൽ പുതിയ ഇസ്രായേലിന്റെ വിശ്വാസത്തിന്റെ ആദ്യമാതൃകയും മാർഗ്ഗദീപവും പ്രതീകവുമാണ് വി.മറിയം.

മംഗലവാർത്തയെപ്പറ്റി മുകളിൽ സൂചിപ്പിച്ച ദൈവശാസ്ത്ര വിശകലനങ്ങൾ എല്ലാംതന്നെ അംഗീകരിച്ചുകൊണ്ട് ആരാധനയെ വിശകലനം ചെയ്താൽ വളരെ ഭംഗിയായും, ആലങ്കാരികമായും, വേദപുസ്തകാശയത്തിന് ഭംഗം വരാതെയും ആണ് ആരാധനയിൽ ഉപയോഗിച്ചിരിക്കുന്നത്....

"ദാവീദിൻ പുത്രിക്കേകി ദൂതവരൻ ശ്ലോമ്മോ
നാഥൻ നിന്നിൽ നിന്നുദിച്ചീടുമെന്നവനറിയിച്ചാൻ"[44]

"എരിതീനിരവിട്ടീറേദുതനിച്ചിറങ്ങിച്ചെന്ന്
ഇതമൊടു മറിയം ഗൃഹമതിൽ നസറേത്തിൽ ചൊല്ലിയിത്
നിന്നോടുകൂടെ കർത്താവ് മന്നിടമഖിലം പാലിപ്പോൻ"[45]

"ഉജ്ജ്വലമായൊരു മിന്നൽപോൽ
വാനവനെ കാണാൾ മറിയം
ചൊന്നാൾ മറിയമേ സ്വസ്തി
നാഥൻ - നിൻകൂടെ ഉയരോൻ
ശക്തിയിറങ്ങി വിശുദ്ധാത്മ
നിന്നിൽ വാസം ചെയ്തിടും"[46]

"പ്രാർത്ഥനയിൽ ആണ്ടവളായ് നിന്നിടുമ്പോൾ
ദൂതനിറങ്ങി സ്വസ്തി നൽകിയവൾക്കായി
ശാന്തി ഭവിക്കുക ധന്യേ കന്യത്വത്തിൽ ഗർഭവതിയായ്
നീ പ്രസവിക്കും"[47]

"വിനയം ശാന്തതയെന്നിവയുള്ളോൾ
പക്കൽ വാസം ചെയ്യും
ദൈവമിറങ്ങി വസിച്ചു മറിയാമിന്നുൾ"[48]

"മാലാഖയുടെ തലവനായ ഗബ്രിയേലിന്റെ അറിയിപ്പാൽ ദാവീദിന്റെ



www.malankaralibrary.com

പുത്രിയായ കന്യകയിൽ വസിക്കുകയും, മനുഷ്യവർഗ്ഗത്തിന്റെ പാപങ്ങൾ ദൂരീകരിക്കുവാനായി അവളിൽ വന്ന് ജഡം ധരിക്കുകയും ചെയ്തു.[49] ഇവ കൂടാതെ തന്നെ മംഗലവാർത്താവിവരണങ്ങൾ ധാരാളമായി പ്രാർത്ഥനയിലുണ്ട്."[50]

മുകളിൽ ഉദ്ധരിച്ചിട്ടുള്ള പ്രാർത്ഥനകൾ എല്ലാംതന്നെ വേദപുസ്തകാവതരണത്തിന്റെ വസ്തുനിഷ്ഠമായ പുനരവതരണമാണ്. എന്നാൽ വേദപുസ്തകത്തിൽ നിന്നും വ്യത്യസ്തമായി "ഉജ്ജ്വലമായ മിന്നലിൽ" ആണ് മാലാഖ പ്രത്യക്ഷപ്പെടുന്നത്. വേദപുസ്തകത്തിലെ മംഗലവാർത്താവിവരണത്തിൽ ഇതേ രീതിയിലുള്ള പരാമർശം ഇല്ലെങ്കിൽ തന്നെയും പഴയനിയമ പശ്ചാത്തലം ശരിയായ രീതിയിൽ തന്നെ ആരാധനയിൽ ആവിഷ്കരിച്ചിരിക്കുകയാണ്. പഴയനിയമത്തിൽ പലയിടത്തും യഹോവയുടെ ആഗമനം ഒരു പ്രത്യേക ശൈലിയിൽ ആണ് ആവിഷ്കരിച്ചിരിക്കുന്നത്. മേഘങ്ങളുടെ മധ്യത്തിൽ അവതരിക്കുന്ന യഹോവ, മുൾപ്പടർപ്പിൽ പ്രത്യക്ഷപ്പെടുന്ന യഹോവ. ശക്തനായ ദൈവത്തിന്റെ നിഗൂഢാത്മകസ്വഭാവമാണ് ഇതിലൂടെ പ്രത്യക്ഷപ്പെടുന്നത്. പ്രകൃതിക്കതീതമാണ് ദൈവത്തിന്റെ ആഗമനം. ഉജ്ജ്വലമായ മിന്നലിലാണ് അവിടുന്ന് പ്രത്യക്ഷപ്പെടുന്നത്. ആരാധനയിലുള്ള മംഗലവാർത്തയുമായി ബന്ധപ്പെട്ടിട്ടുള്ള ഇതേ രീതിയിലുള്ള പ്രാർത്ഥനകൾ ദൈവീകശക്തിയുടെ, ദൈവത്തിന്റെ വെളിപ്പെടുത്തലിനെ മനസ്സിലാക്കാനുള്ള ഒരു മാർഗ്ഗമായിട്ടുവേണം നാം മനസിലാക്കുവാൻ.

അവസാനമായി ആരാധനയിലുള്ള മംഗലവാർത്താവതരണം പരിശോധിച്ചാൽ ഒരു കാര്യം കൂടി വ്യക്തമാണ്. മാതാവ് പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ ആണ് മാലാഖ പ്രത്യക്ഷപ്പെടുന്നത്. പ്രാർത്ഥനയോടുകൂടി ഇരിക്കുന്ന ഒരാളുടെ ഉള്ളിലാണ് യഥാർത്ഥ ദൈവവചനം കടന്നുവരുന്നത് എന്ന സന്ദേശം സഭാസമൂഹത്തെ മനസിലാക്കാനായിരിക്കാം ആരാധന ഗാനരചയിതാക്കൾ ഇപ്രകാരമുള്ള ഒരു പശ്ചാത്തലം ആരാധനയിലെ മംഗലവാർത്താ സംഭവത്തിന് നൽകിയിരിക്കുന്നത്. ഇന്ന് ആരാധന അർപ്പിക്കുന്ന സമൂഹത്തിന് ഇതൊരു മുന്നറിയിപ്പും ആഹ്വാനവുമാണ്. പ്രാർത്ഥനയിൽ കഴിയുന്നവർക്ക് മാത്രമെ മംലഗവാർത്താരഹസ്യം പൂർണ്ണതയിൽ ഗ്രഹിക്കുവാൻ കഴിയുകയുള്ളു. മാത്രമല്ല വേദപുസ്തകത്തിലും ഇതെ ആശയം തന്നെ കാണാം. അവൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടു[51] പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ ആണ് സ്വർഗ്ഗം തുറക്കപ്പെട്ടതും പരിശുദ്ധാത്മാവ്


www.malankaralibrary.com

ഇറങ്ങി യേശു ദൈവത്തിന്റെ പുത്രനാണെന്ന് വെളിപ്പെടുത്തിത്തന്നതും. സുവിശേഷത്തിൽ യേശു ഏത് പ്രധാനകാര്യവും ചെയ്യുന്നതിന് മുൻപ് പ്രാർത്ഥിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. അതുപോലെ തന്നെ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോഴാണ് മറിയത്തിൽ ആത്മാവ് എഴുന്നെള്ളി വന്നത്.

ചുരുക്കത്തിൽ നമ്മുടെ ആരാധനയിൽ മംഗലവാർത്താവിവരണത്തിന് അതുല്യമായ സ്ഥാനം ആണ് നൽകപ്പെട്ടിട്ടുള്ളത്. കാരണം മംഗലവാർത്ത മനുഷ്യന്റെ രക്ഷയുടെ ആദ്യബിന്ദുവാണ്, ആദ്യ അനുഭവം ആണ്. അതാണ് ആരാധനാ സമൂഹത്തിന്റെ അസ്തിത്വകാരണം. ആയതിനാൽ വലിയ ബഹുമാനത്തോടും, ആഘോഷത്തോടും കൂടിയാണ് ഈ സംഭവം ആരാധനയിൽ, സഭാജീവിതത്തിൽ, അനുസ്മരിക്കപ്പെടുന്നത്.

**"എന്റെ കർത്താവിന്റെ അമ്മ എന്റെ അടുത്തു വരാനുള്ള ഈ ഭാഗ്യം എനിക്ക് എവിടെനിന്ന്" (ലൂക്കാ 1:43)**

മാതാവിന്റെ ജീവിതത്തിലെ രണ്ടാമത്തെ രഹസ്യമാണ് എലിസബത്തിനെ സന്ദർശിക്കുന്നത്. മാലാഖ മംഗളവാർത്താവസരത്തിൽ തന്നെ മറിയത്തോടു പറയുന്നു. നിന്റെ ചാർച്ചക്കാരിയായ എലിസബത്തിന് ഇത് ആറാം മാസമാണ് എന്ന്.[53] മറിയം യൂദയായിലെ മലമ്പ്രദേശത്തുള്ള ഒരു പട്ടണത്തിലേക്ക് തിടുക്കത്തിൽ യാത്ര പുറപ്പെട്ട് എലിസബത്തിനെ അഭിവാദ്യം ചെയ്യുന്നു.[54] വേദപുസ്തകത്തിൽ മാതാവിൽ നന്ന് നമുക്കു ലഭിച്ചിട്ടുള്ള ദീർഘമായ വചനങ്ങൾ ആണ് സന്ദർശനാവസരത്തിൽ മറിയത്തിന്റെ ഹൃദയത്തിൽനിന്ന് ഉതിർന്നു വീഴുന്നത്. മറിയത്തിന്റെ ഈ സന്ദർശനം ഒരു രഹസ്യമാണ്. ഈ രഹസ്യത്തിന്റെ ചുരുൾ അഴിയപ്പെടുന്നത് പരിശുദ്ധാത്മാവിൽ നിറഞ്ഞ എലിസബത്ത് ഉദ്ഘോഷിച്ച വാക്യത്തിലൂടെയാണ്. എന്റെ കർത്താവിന്റെ അമ്മ എന്റെ അടുത്തുവരാനുള്ള ഈ ഭാഗ്യം എനിക്ക് എവിടെ നിന്ന്.[55] ചാർച്ചക്കാരിയെ സേവിക്കാൻ ചെന്നപ്പോൾ ചാർച്ചക്കാരിയായ എലിസബത്ത് ദൈവീക രഹസ്യങ്ങൾക്ക് തന്നെ തന്നെ തുറന്നു വയ്ക്കുന്നതായിട്ടാണ് മറിയത്തിന് അനുഭവപ്പെട്ടത്. മനുഷ്യബുദ്ധിക്കതീതമായിട്ടാണ് ഈ വാക്യത്തിന്റെ അർത്ഥം. എന്നാൽ എലിസബത്തിന്റെ അഭിവാദനത്തിന്റെയർത്ഥം മറിയത്തിന് അറിയാമായിരുന്നു. അതുകൊണ്ടു തന്നെ അവളുടെ ഹൃദയം നിറഞ്ഞു. അത് ഒരു ഗാനമായി പൊട്ടിയൊ

www.malankaralibrary.com 

ഴുകി. മറിയം എലിസബത്തിന്റെ മുൻപിൽ സ്തോത്രഗീതമാലപിക്കുന്നു.

ഈ സന്ദർശനത്തിന്റെ ഏറ്റവും വലിയ സന്ദേശം മാതാവിനറിയാമായിരുന്നു. എലിസബത്ത് സേവനവും പരിചരണവും ആവശ്യമുള്ള ഒരു സ്ത്രീയാണ് എന്നതാണ്. അതിനാലാണ് വൃദ്ധയായ തന്റെ ചാർച്ചക്കാരിയെ സന്ദർശിക്കാൻ മറിയം പോയത്. ദൈവത്തിന്റെ വചനം കൊണ്ട് ഹൃദയം നിറയുന്ന വ്യക്തികൾ വ്യവസ്ഥയില്ലാതെ തന്നെ ലോകത്തിൽ സേവനവും പരിചരണവും അർഹിക്കുന്ന വ്യക്തികളുടെ അരികിലേക്ക് അവർ അറിയാതെ തന്നെ പോയി അവരെ സഹായിക്കും എന്ന സന്ദേശമാണ് മറിയത്തിന്റെ ഈ ഭവനസന്ദർശനം നമുക്കു നൽകുന്നത്. ഈ കാലഘട്ടത്തിലെ മനുഷ്യന് ഒരു വലിയ മാതൃകയാണിത്. തന്നിൽതന്നെ ചുരുങ്ങി കഴിയാനുള്ള ആധുനിക മനുഷ്യ സ്വഭാവത്തിനെതിരായുള്ള ശക്തമായ താക്കീതാണ് മറിയത്തിന്റെ ഈ മാതൃക. നിരുപാധികമായി മനുഷ്യസമൂഹത്തിലേക്ക് പ്രത്യേകിച്ച് ആർത്തരുടെയും ആലംബഹീനരുടെയും ജീവിത സാഹചര്യത്തിലേക്ക് കടന്നു ചെന്ന് അവർക്ക് ആശ്വാസവും അത്താണിയും ആയി മാറാനുള്ള ഒരു വെല്ലുവിളിയാണ് മറിയത്തിന്റെ ഈ മാതൃക.

ഇനിയും മറിയത്തിന്റെ സ്തോത്രഗീതം നാം വിശകലനം ചെയ്താൽ അതിൽ അന്തർലീനമായിട്ടുള്ള ആശയങ്ങൾ അർത്ഥവത്താണെന്നു കാണാം; അത് ജീവിതഗന്ധിയാണ്. സെഫാനിയുടെ പുസ്തകം മൂന്നാം അധ്യായം പതിനാലു മുൽ പതിനേഴുവരെയുള്ള വാക്യങ്ങളിൽ മറിയം എലിസബത്തിനെ സന്ദർശിച്ച അവസരത്തിൽ പാടിയ സ്തോത്രഗീതത്തിന് സമാന്തരമായ വാക്യങ്ങൾ ഉണ്ട്. സ്തോത്രഗീതത്തിൽ മറിയം തന്നെത്തന്നെ എളിമപ്പെടുത്തുന്നു. സ്തോത്രഗീതത്തിന്റെ മുഖ്യധാര പഴയനിയമത്തിലുടനീളം കാണുന്ന വിനീതരോടുള്ള യഹോവയുടെ സഹതാപവും കരുണയും ഒന്നുമാത്രമാണ്. വിനീതരെ ഉയർത്തുന്നവനാണ് യഹോവ. പാവങ്ങളോട് പിതൃതുല്യം കാരുണ്യവും സ്നേഹവും ചൊരിയുന്നവനാണ് യഹോവ. സങ്കീർത്തന പുസ്തകത്തിലും, ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിലും ഈ ആശയത്തിന് വ്യക്തമായ തെളിവുകൾ ഉണ്ട്.[56] "യഹോവയുടെ പാവങ്ങൾ" യഹോവയുടെ സന്നിധിയ്ൽ എന്നും പേരെഴുതപ്പെട്ടവർ ആണ്. ഏശയ്യായുടെ "യഹോവയുടെ ദാസ" ഗാനങ്ങൾ ഇതിന് ഉത്തമമാതൃകയാണ്.[57] മാത്രമല്ല ഇസ്രായേലിന്റെ ചരിത്രത്തിലെ



www.malankaralibrary.com

വീരൻമാരും വിശുദ്ധരും പാവങ്ങൾ ആയിരുന്നു. മോശയും ദാവീദും ഇതിന് ഉത്തമ മാതൃകകളാണ്. ഒന്നുമില്ലാത്ത മോശയെയാണ്; വിക്കനായ മോശയെയാണ് യഹോവ ശക്തനാക്കി വീരനായ നേതാവാക്കുന്നത്.[58]

ആടുകളെ മേയിച്ചുകൊണ്ടിരുന്ന പാവപ്പെട്ട, എളിയവനായ ദാവീദിനെയാണ് രാജാവായി അഭിഷേകം ചെയ്യുന്നത്.[59] ചുരുക്കത്തിൽ സ്തോത്രഗീതം നൽകുന്ന സന്ദേശം ദൈവത്തിന്റെ സന്നിധിയിൽ പാവങ്ങൾക്ക് ആനന്ദിക്കാൻ അവകാശമുണ്ട്. കാരണം അവരാണ് രക്ഷയുടെ ഫലം അനുഭവിക്കുന്നത്.

നമ്മുടെ ആരാധനയിൽ മറിയം ഏലിശുബാ സന്ദർശനം എങ്ങനെയാണ് അവതരിപ്പിക്കപ്പെട്ടിരിക്കുന്നത് എന്ന് പരിശോധിക്കാം: "മറിയം, ഏലിശുബാ" ഇവർ രണ്ടത്ഭുതമാം പടവുകൾ ആയിട്ടാണ്"[60] രണ്ടു പേരെയും ആരാധനയിൽ പാടിപ്പുകഴ്ത്തുന്നത്. കൂടാതെ പെങ്കീസോ പുസ്തകത്തിൽ വളരെ ഭംഗിയായി തന്നെ ഈ സംഭവത്തെ പ്രാർത്ഥനാരൂപത്തിൽ അനുസ്മരിക്കുന്നത്.61 ഇവിടെയുള്ള പ്രാർത്ഥനകളുടെ ചുരുക്കം വേദപുസ്തകത്തിലുള്ള മറിയം എലിസബേത്ത് സന്ദർശത്തിന്റെ പച്ചയായ അവതരണമാണ് വേദപുസ്തകം ആരാധന അധിഷ്ഠിതമാക്കി, പ്രാർത്ഥനകൾ രൂപപ്പെടുത്തിയെടുക്കുന്ന പൗരസ്ത്യ ആരാധനയുടെ ഉദാത്തമായ തെളിവാണ് നാം പെങ്കീസോയിലെ പ്രാർത്ഥനകളിൽ കാണുന്നത്. മാത്രമല്ല ആ പ്രാർത്ഥനകൾ പരിശോധിച്ചാൽ കാലഘട്ടത്തിലെ വിശ്വാസ സമൂഹ മനോഭാവത്തിനനുസരിചച്ച് വേദപുസ്തകാശയങ്ങൾക്ക് നവജീവൻ നൽകാനുള്ള ആരാധനയുടെ പ്രത്യേകതയും വ്യക്തമാണ്.

**മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ ശങ്കിക്കേണ്ട (മത്താ 1:18)**

മറിയം ജോസഫുമായി വിവാഹം നിശ്ചയം ചെയ്യപ്പെട്ടവളായിരുന്നു. അവർ ഒന്നിച്ചു കൂടുന്നതിനു മുമ്പ് മറിയം ഗർഭിണിയാണെന്ന് മനസ്സിലാക്കിയതിനാൽ നീതിമാനായ ജോസഫ് രഹസ്യത്തിൽ മറിയത്തെ പരിത്യജിക്കാൻ തീരുമാനിച്ചു. മറിയം സമൂഹത്തിന്റെ മുമ്പിൽ അപമാനിതയായി കാണാൻ ജോസഫ് ആഗ്രഹിച്ചില്ല. എന്നാൽ മറിയത്തെ ഉപേക്ഷിക്കാൻ തയ്യാറായിക്കൊണ്ടിരുന്ന അവസരത്തിൽ വീണ്ടും ഒരു മറിയ രഹസ്യത്തിന്റെ ചുരുൾ അഴിയപ്പെടുന്നു. മറിയം ജോസഫിനോട് പറയാതെ തന്നെ മാലാഖ മറിയത്തിന്റെ ഉദരത്തിൽ

www.malankaralibrary.com

ഉരുവായ ശിശുവനെപ്പറ്റി ദർശനത്തിൽ വെളിപ്പെടുത്തിക്കൊടുക്കുന്നു. മാത്രമല്ല ജോസഫിന് ഒരു ദൗത്യവും നൽകുന്നു; നീ അവന് യേശു എന്ന പേർ വിളിക്കണം." മാലാഖയുടെ അരുളപ്പാടുപോലെ ജോസഫ് പ്രവർത്തിക്കുന്നു.

മറിയവുമായി ബന്ധപ്പെട്ട ഈ വേദപുസ്തക വിവരണത്തിന്റെ ശരിയായ അവതരണം ആരാധനയിലുണ്ട്, പ്രത്യേകിച്ച് പെങ്കീസോയിലെ പ്രാർത്ഥനകളിൽ.[62] ജോസഫിനോടുള്ള മാലാഖയുടെ അരുൾപ്പാട് ഒരു ദിവസം പ്രത്യേകമായി നമ്മുടെ ആരാധനയിൽ ആഘോഷിക്കപ്പെടുന്നുണ്ട്. ചെയ്യുന്നു. പല പ്രാർത്ഥനകളും വേദപുസ്തകാധിഷ്ഠിതമാണ്; ഉദാഹരണമായി

"ജോസഫിന്റെ മനസ്സിൽ സംശയം ഉദിച്ചപ്പോൾ
ദൈവം തന്റെ വചനം അവനിലേക്കയച്ചു"[63]

"ജോസഫ് മറിയത്തിന്റെ ഗർഭധാരണത്തിൽ പ്രയാസപ്പെട്ട് ഉറങ്ങാൻ കിടന്നു മാലാഖ ഉന്നതത്തിൽ നിന്ന് താണിറങ്ങി അവനെ സ്ഥിരപ്പെടുത്തി. അവനോട് അരുൾ ചെയ്തു മാതാവിന്റെ ഉദരത്തിലുള്ളവൻ എല്ലാവരുടെയും രക്ഷകനാണ്, നമ്മുടെ പിതാക്കന്മാരുടെ ദൈവമാണ്[64]. അങ്ങനെ മാതാവിലുള്ള ജോസഫിന്റെ വിശ്വാസം ശക്തിപ്പെടുത്തി" മാലാഖയുടെ വെളിപ്പെടുത്തലിലൂടെ കന്യകയുടെ ഗർഭധാരണം പരിശുദ്ധാത്മാവിനാലാണെന്ന് ജോസഫ് വിശ്വസിച്ചു.[65]

ഈ പ്രാർത്ഥനകൾ പരിശോധിച്ചാൽ അവയുടെ വേദപുസ്തക സ്വാംശീകരണം വ്യക്തമായി ദർശിക്കാൻ കഴിയും. ഇവ വേദപുസ്തകം സ്വാംശീകരിക്കാനുള്ള ആരാധനയുടെ ഉദാത്തമായ മാതൃകയായി നിലകൊള്ളുന്നു. ആധുനിക വേദപുസ്തക വിശകലനങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമാണ് ഈ സമീപനം. പൗരസ്ത്യസഭകളുടെ ഒരു വലിയ മേന്മയാണിത്; പാവനമായ ഒരു മൂല്യവുമാണ്. ഇതേ രീതിയിൽ ഉള്ള വിശകലനങ്ങൾ പ്രത്യേകിച്ച് പ്രുമിയോൻ സെദറാകളിൽ ഭംഗിയായി നമുക്ക് ദർശിക്കാവുന്നതാണ്. വേദപുസ്തകാശയങ്ങളെ വിശ്വാസസമൂഹത്തിന്റെ ജീവിതത്തിന്റെ വെളിച്ചത്തിൽ അവതരിപ്പിച്ച് ആ വേദപുസ്തകാശയത്തിലുള്ള വിശ്വാസമാഘോഷിക്കപ്പെടുന്നു. പാശ്ചാത്യസഭയുടെ വിശ്വാസപ്രഖ്യാപനത്തിൽനിന്നും വ്യത്യസ്തവും, അർത്ഥസംപുഷ്ടവും, അനുഭവാത്മകവുമാണ് നമ്മുടെ ആരാധനയിലെ ഈ വിശ്വാസ ആഘോഷണ സമീപനം.



www.malankaralibrary.com

പ്രസ്തുത ദിവസത്തെ പ്രാർത്ഥനയിൽ മാതാവിനെ സ്തുതിക്കുന്ന ജോസഫിനെയാണ് ആരാധന അവതരിപ്പിക്കുന്നത് "നീതിമാനായ മനുഷ്യൻ മാലാഖയുടെ വാക്കുകളിൽ വിശ്വസിക്കുകയും സ്വപ്നത്തിൽ നിന്ന് എഴുന്നേറ്റ് കന്യകയുടെ മുൻപിൽ ബഹുമാനം അർപ്പിച്ചുകൊണ്ട് പറയുന്നു "വിശുദ്ധ കന്യകയേ, സമാധാനം നിന്നോടുകൂടെ ദൈവത്തിന്റെ പെട്ടകമെ, ഓ, മഹാത്ഭുതമായ വെളിപാട് മാലാഖയിൽ ഞാൻ അറിഞ്ഞു"[66] വേദപുസ്തകത്തിൽ കാണുന്ന അതെ വാക്യം തന്നെ ആരാധനയിലുണ്ട്. നീതിമാനായ ജോസഫ് രഹസ്യത്തിൽ മേരിയെ പരിത്യജിക്കാൻ തീരുമാനിച്ചു[67] മറ്റുചില പ്രാർത്ഥനകൾ വളരെ ഭാവനാത്മകവും സാധരണ ബുദ്ധിക്ക് യുക്തവുമാണ്." ഒരു കുട്ടിയോടു കൂടിയാണ് അവൻ അവളെ കണ്ടത്[68] കൂടാതെ വേദപുസ്തകാശയത്തിലുപരിയായി ആരാധനയിൽ നാം കാണുന്നുണ്ട്" മാലാഖ പോയതിനുശേഷം ജോസഫ് എഴുന്നേറ്റു പറഞ്ഞു "അമ്മയും കർത്താവിന്റെ ദാസിയും ദൈവത്തിന്റെ ശുശ്രൂഷിയുമായവളെ ഞാൻ നിന്നെ ബഹുമാനിക്കുന്നു. നിന്റെ ഉദരത്തിലുള്ള പുത്രനാൽ ഞാൻ മഹത്വപ്പെടട്ടെ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവളെ ഞാൻ വണങ്ങുന്നു".[69] മറിയത്തിന്റെ മഹനീയ സ്ഥാനമല്ലേ ഈ പ്രാർത്ഥനയിലൂടെ നാം കാണുന്നത്. സ്വന്തം ഭർത്താവുപോലും മറിയത്തെ വണങ്ങുന്നു. വാഴ്ത്തപ്പെട്ടവൾ എന്ന് വിളിക്കുന്നു. ചുരുക്കത്തിൽ ജോസഫിനുണ്ടായ വെളിപാട് ദിവസത്തെ പ്രാർത്ഥനകൾ എല്ലാംതന്നെ വേദപുസ്തക സംഭവവുമായി വളരെ സാമ്യം ഉള്ളതാണ്. ഈ വെളിപാടിലൂടെയാണ് യഥാർത്ഥത്തിൽ ജോസഫ് യേശുവിന്റെ വളർത്തുപിതാവായി തീരുന്നത്. മറിയത്തിന്റെ ഉദരത്തിലെ കുഞ്ഞിന്റെയും ആരാധകനായി മാറുന്നതും.

### ബേത്‌ലഹെമിലായിരിക്കുമ്പോൾ അവൾക്ക് പ്രസവ സമയമടുത്തു. അവൾ തന്റെ കടിഞ്ഞൂൽ പുത്രനെ പ്രസവിച്ചു (ലൂക്കാ 2:1-7, മാത്യു 1:18-25)

റോമാ സാമ്രാജ്യത്തിലെ ചക്രവർത്തിയായ അഗസ്റ്റസ് സീസറിന്റെ കല്പനപ്രകാരം ദാവീദിന്റെ വംശത്തിലും കുടുംബത്തിലും പെട്ടവനായ ജോസഫ് തന്റെ പിതാവിന്റെ പട്ടണമായ ബേത്‌ലഹെമിലേക്ക് ഭാര്യയായ മറിയത്തോടുകൂടി പോയി. അവിടെവച്ച് ഒരു പുൽത്തൊട്ടിയിൽ മറിയം തന്റെ കടിഞ്ഞൂൽ പുത്രനെ പ്രസവിച്ചു. മാതാവിന്റെ ജീവിതത്തിലെ ആദ്യത്തെ രഹസ്യമാണ് യേശുവിന്റെ ജനനം.



www.malankaralibrary.com

ജനനസമയത്ത് ആട്ടിടയന്മാർക്ക് സന്ദേശം ലഭിക്കുന്നു.[69b] പൗരസ്ത്യ ദേശത്തുനിന്ന് രാജകീയ പ്രതിനിധികൾ കുഞ്ഞിനെ സന്ദർശിച്ചു. കാഴ്ചവസ്തുക്കൾ കാഴ്ചവച്ച് കുഞ്ഞിനെയും അമ്മയെയും അന്ന്യാദരവോടെ വണങ്ങുന്നു.[70] മറിയത്തെ സംബന്ധിച്ചിടത്തോളം ഇവരുടെ ഒക്കെ ആഗമനം വലിയ രഹസ്യമായിരുന്നു. തന്റെ ഹൃദയത്തിൽ സംഗ്രഹിച്ച രഹസ്യത്തിന്റെ ചുരുൾ പടിപടിയായി അഴിയപ്പെടുകയായിരുന്നു.

നമ്മുടെ ആരാധനയിൽ വളരെയധികം പരാമർശിക്കപ്പെടുന്ന ഒന്നാണ് യേശുവിന്റെ ജനനം. സഭയിൽ ഏറ്റവും വലിയ തിരുനാളായി ഇത് ആഘോഷിക്കപ്പെടുന്നു. യേശുവിന്റെ ജനനത്തിലൂടെ മാതാവ് തന്റെ ഉള്ളിൽ സ്വീകരിച്ച വചനത്തെ ലോകത്തിന് സമ്മാനിച്ചു. ആരാധനയിൽ വേദപുസ്തകാശയം സ്വീകരിച്ചുകൊണ്ട് ആലങ്കാരികമായും പ്രതീകാത്മകമായ രീതിയിലും യേശുവിന്റെ ജനനത്തെ പാടി സ്തോത്രം ചെയ്യുന്നു. ആദ്യമായി തന്നെ വേദപുസ്തകത്തിൽ കാണുന്നത് യേശുവിന് പിറക്കാൻ സ്ഥലം ഇല്ലായിരുന്നുവെന്നാണ്. ഇത് മാതാവിന്റെ വായിൽ നിന്ന് തന്നെ അടർന്നു വീഴുന്നതായി ആരാധനയിൽ രേഖപ്പെടുത്തിയിരിക്കുന്നു...

വീടില്ലിയുലകിലെനിക്കെന്നോതി മറിയം
പായും കട്ടിലും ഇല്ലാത്തോരഗതിയിവൾ പാരിൽ
സകലരിലും മുൻപുള്ളവനെ കീറത്തുണിയിൽ

ചുറ്റിപ്പാഴ് ഗുഹയിൽ വയ്ക്കും സൃഷ്ടികളുടയവനെ.[71] വേദപുസ്തകത്തോട് ഏറ്റവുമധികം വിധേയത്വം പുലർത്തിക്കൊണ്ടുതന്നെയാണ് നാം ഈ പ്രാർത്ഥന ചൊല്ലുന്നത്. ക്രിസ്തുവിന് പിറക്കാൻ വീടില്ലായിരുന്നു, കിടക്കാൻ പായില്ലായിരുന്നു, ഉടുക്കാൻ തുണിയില്ലായിരുന്നു തുടങ്ങിയ കാര്യങ്ങൾ വേദപുസ്തകത്തിൽ തന്നെ പരാമർശിക്കപ്പെട്ടിട്ടുണ്ടല്ലോ.[72]

നമ്മുടെ ആരാധനയിൽ നാം പ്രത്യേകമായി നടത്താറുള്ള ജനന പെരുനാളിന്റെ പ്രാർത്ഥനകൾ വിശകലനം ചെയ്യുകയാണെങ്കിൽ അത് എത്രമാത്രം മനോഹരമാണ്. വേദപുസ്തകത്തിൽ വിവരിക്കുന്ന യേശുവിന്റെ ജനനത്തോട് സമാന്തരമാണെന്ന് വ്യക്തമാകും.

"കാഴ്ചകളാൽ ജ്ഞാനികൾ മാനിച്ചോനെ
ആട്ടിടയന്മാർ ആരാധിച്ചോനെ
...............................................


www.malankaralibrary.com

കാരുണ്യാൽ ഗുഹയിൽ ജനിയാർന്നോനെ

പാഴ്ത്തുണിയാൽ ചുറ്റപ്പെട്ടോനെ"[73] ഈ പ്രാർത്ഥനയിൽ വി. ലൂക്കോസിന്റെയും, വി.മത്തായിയുടെയും സുവിശേഷങ്ങളിൽ കാണുന്ന ജ്ഞാനികളുടെ ആരാധന, ആട്ടിടയന്മാരുടെ സ്തുതി കീർത്തനങ്ങൾ എന്നിവ വ്യക്തമാണ്. മാത്രമല്ല ജനനസമയത്ത് വിദ്വാൻമാർ പേർഷ്യയിൽ നിന്നുമാണ് വന്നതെന്ന് ആരാധന സാക്ഷിക്കുന്നു.[74]

വളരെ രസാവഹമായ മറ്റൊരു വിവരണം കൂടി നാം ആരാധനയിൽ കാണുന്നു. വേദപുസ്തകപ്രകാരം ജോസഫ് പേരെഴുതിക്കുവാനാണ് ബേത്‌ലഹെമിലേക്ക് പോയത്. ആരാധനയിൽ അതിന് വേറൊരു വിശദീകരണം കൂടിയുണ്ട്. "മറിയം യൗസേഫിനോടു പറയുന്നു. അല്ലയോ നീതിമാനേ! എനിക്കു പ്രസവിക്കാനുള്ള കാലം സമാഗതമായി. എഴുന്നേറ്റാലും നമുക്ക് ബേത്‌ലഹേമിലെ ഗുഹവരെപോകാം എനിക്ക് ഒരു ശയ്യയാകട്ടെ."[75] ഈ പ്രാർത്ഥനയെ വേദപുസ്തകാധിഷ്ഠിതം എന്നതിനെക്കാൾ ഉപരി ആരാധനയിലെ ഒരു ഗാനാവിഷ്കാരമായി കാണണം. ആരാധന വേദപുസ്തകാശയത്തോട് വിധേയത്വം പുലർത്തുന്നില്ല എന്നു നാം മനസ്സിലാക്കരുത്.

ജനന തിരുനാളിലെ പ്രാർത്ഥനകളിൽ വീണ്ടും ഇപ്രകാരം നാം പ്രാർത്ഥിക്കുന്നു. "ദാദീവിന്റെ പുത്രിയായ മറിയം ശിശുവിനെ വഹിച്ചുകൊണ്ട് ജനക്കൂട്ടത്തിന്റെ നടുവിൽ നിൽക്കുന്നു.... ദാവീദിന്റെ പുത്രിയായ കന്യക നിഷ്കളങ്ക സ്നേഹത്തോടെ അവളുടെ വിരുന്നുശാലയിലേക്ക് നമ്മെ വിളിക്കുന്നു.... ലോക രക്ഷകനായ മിശിഹായെ പ്രസവിച്ച മറിയം വാഴ്ത്തപ്പെട്ടവളാകുന്നു.....[76] ഈ പ്രാർത്ഥന ഒക്കെ മാതാവിനെ പുകഴ്ത്തിക്കൊണ്ട് ആരാധനാസമൂഹം പ്രാർത്ഥിക്കുന്നതാണ്. ആരാധനയുടെ സജീവത്വം ഇതിലൂടെ വെളിവാക്കപ്പെടുന്നു. രണ്ടായിരം വർഷങ്ങൾക്കുമുമ്പ് എന്നപോലെ ഇന്നും മാതാവ് ശിശുവിനെ വഹിച്ചുകൊണ്ട് ജനത്തിന്റെ നടുവിൽ നിൽക്കുന്ന പ്രതീതിയും അനുഭവും ഈ പ്രാർത്ഥനകൾ ഉരുവിടുന്നതിലൂടെ ആരാധനാ സമൂഹത്തിന്റെ ജീവിതത്തിൽ അനുഭവപ്പെടുന്നു.

ജനനപ്പെരുന്നാളിന്റെ ആരാധനയിൽ മുഖ്യധാരയായി നിലകൊള്ളുന്നത് ക്രിസ്തുവാണ്. എന്നാൽ മാതാവിനു അതുല്യമായ സ്ഥാനം ഉണ്ട്. കാരണം സഭ മറിയാമിനോട് ചേർന്നാണ് ജനനപ്പെരുന്നാളിൽ ക്രിസ്തുവിനെ ആരാധിക്കുന്നത് മാത്രമല്ല ജനനപെരുന്നാളിലെ പ്രുമി



www.malankaralibrary.com

യോൻ സെദറാകൾ എല്ലാംതന്നെ മാതാവിന്റെ ജീവിതത്തിലെ പ്രധാനപ്പെട്ട രഹസ്യങ്ങൾ ഉൾക്കൊള്ളുന്നതാണ്.77 നമ്മുടെ പെങ്കീസോ പ്രാർത്ഥനകളിലും ദൈവപുത്രന്റെ ജനനം സ്മരിക്കുമ്പോൾ അവ പൂർണ്ണമായും വേദപുസ്തകത്തിൽ കാണുന്ന് സംഭവങ്ങളുടെ പുനരാവിഷ്കരണമായി ദർശിക്കാവുന്നതാണ്.[78]

**അവർ യേശു എന്ന പേർ അവനു നൽകി (ലൂക്കാ 2:21)**

യഹൂദ നിയമപ്രകാരമുള്ള ഒരു ആചാരമാണ് പേരിടിൽ.[79] ഒരു കുഞ്ഞ് ജനിച്ച് എട്ടാംദിവസം ആകുമ്പോൾ യഹൂദർ നിർവഹിക്കുന്ന മതപരമായ ഈ ആചാരത്തിന് 'ഛേദനാചാരം' എന്ന് പറയുന്നു. ഇതിലൂടെ യേശു ഔദ്യോഗികമായി ദൈവജനത്തിന്റെ കൂട്ടത്തിൽ മുദ്ര കുത്തപ്പെടുന്നു. ഇങ്ങനെ മുദ്ര കുത്തപ്പെടുന്നതിലൂടെ ദൈവജനത്തിന് നിയമപ്രകാരം നൽകപ്പെട്ടിരുന്ന അവകാശങ്ങളും അംഗീകാരവും യേശുവിന് ലഭ്യമാകുന്നു. യേശുവിന് നൽകപ്പെട്ട നാമം മറിയവും ജോസഫും തീരുമാനിച്ച് നൽകിയതല്ല. മാലാഖവഴി ദൈവം നൽകിയ നാമം ആണ് അവർ യേശുവിന് കൊടുത്തത്. അത് മനുഷ്യനാമങ്ങളിൽ വച്ച് ഏറ്റവും ശ്രേഷ്ഠമായ നാമം ആകുന്നു. കാരണം മനുഷ്യൻ രക്ഷിക്കപ്പെടുന്നതിന് സൂര്യന്റെ കീഴിൽ യാതൊരു നാമവും ഇതല്ലാതെ നൽകപ്പെട്ടിട്ടില്ല.[80]

ആരാധനയിൽ ഛേദനാകർമ്മം ഒരു തിരുനാളായിട്ടാണ് അനുസ്മരിക്കപ്പെടുന്നത്. ഇത് സുറിയാനി സഭയുടെ ഒരു പാരമ്പര്യവുമാണ്. ഏതു കാലഘട്ടം മുതലാണ് സഭയിൽ പ്രസ്തുതസംഭവം അനുസ്മരിക്കാൻ തുടങ്ങിയതെന്ന് വ്യക്തമായ തെളിവില്ല. എന്നാൽ ആരാധനയിൽ വേദപുസ്തകത്തിലെ ആശയത്തിന്റെ സ്വാംശീകരണമുണ്ട്. "അല്ലയോ യേശുവേ നിന്റെ ജനനത്തിന് എട്ടു ദിവസത്തിനുശേഷം നിനക്കു നൽകിയ രക്ഷാകരനാമം എല്ലാ നാമങ്ങളിലും വലുതാണ്[81]" ഇന്നു മാതാവ് നിനക്ക് യേശു എന്ന പേർ നൽകി.[82] മാതാവിലൂടെയാണ് മാലാഖ ഈ നാമം വെളിപ്പെടുത്തിയത്.[83] ഗർഭധാരണത്തിന് മുൻപുതന്നെ ഈ നാമം മാതാവിന് മാലാഖ വെളിപ്പെടുത്തി[84]. ഈ പ്രാർത്ഥനകൾ സൂചിപ്പിക്കുന്നത് മാതാവിന് യേശുവിന്റെ പേരിടലിൽ ഒരു സുപ്രധാന സ്ഥാനം ഉണ്ടായിരുന്നു. ഈ പേരിടൽ കർമ്മത്തിലൂടെ ഒരു രഹസ്യം കൂടി മാതാവ് വെളിപ്പെടുത്തുകയായിരുന്നു. ആദ്യമായി മാലാഖ തന്നെ അറിയിച്ച നാമം "ഈശോ," "രക്ഷകൻ" എന്ന യേശുവിന്റെ നാമം മാതാവ് വെളിപ്പെടുത്തി.



www.malankaralibrary.com

**അവനെക്കുറിച്ച് പറയപ്പെട്ടതെല്ലാം കേട്ട് അവന്റെ മാതാവും പിതാവും അത്ഭുതപ്പെട്ടു (ലൂക്കാ 1:33)**

മോശയുടെ നിയമമനുസരിച്ച് ശുദ്ധീകരണത്തിനുള്ള സമയമായപ്പോൾ അവർ അവനെ കർത്താവിന് സമർപ്പിക്കാൻ ജറുസലെമിലേക്ക് കൊണ്ടുപോയി[85] മാതാവിന്റെ ജീവിതത്തിൽ വേദപുസ്തകത്തിൽ നാം കാണുന്ന ഏറ്റവും വലിയ രഹസ്യമാണ് യേശുവിനെ ദേവാലയത്തിൽ കാഴ്ച വയ്ക്കുന്നത്. നിയമപ്രകാരം യഹൂദ ദമ്പതികൾക്ക് ആദ്യം ജനിക്കുന്ന പുത്രൻമാരെ ദൈവത്തിനായി ദേവാലയത്തിൽ കൊണ്ടുപോയി സമർപ്പിക്കണം.[86] കൂടാതെ ലേവ്യാനിയമപ്രകാരം ഒരു സ്ത്രീ ആൺകുട്ടിയെ പ്രസവിച്ചാൽ നാല്പതു ദിവസം വരെ അശുദ്ധയായി അവളെ കാണുകയും നാല്പതു ദിവസത്തിനുശേഷം ദേവാലയത്തിൽ പോയി ശുദ്ധീകരണകർമ്മം നിർവ്വഹിക്കുകയും ചെയ്യണം[87] ആയതിനാൽ മാതാവും യേശുവിനോട് ചേർന്ന് ദേവാലയത്തിൽ പോയി ശുദ്ധീകരണ കർമ്മങ്ങൾ നിർവ്വഹിച്ചു എന്നതിൽ യാതൊരു സംശയവുമില്ല.

കടിഞ്ഞൂർ പുത്രനാണെങ്കിൽ അവനുവേണ്ടി ഒരുവർഷം പ്രായമായ ഒരാട്ടിൻ കുട്ടിയേയാണ് ദൈവത്തിന് സമർപ്പിക്കേണ്ടത്.[88] എന്നാൽ ഇതിന് വിപരീതമായി ജോസഫും മറിയവും പാവങ്ങളുടെ സമർപ്പണമാണ് നടത്തിയത്.[89] രണ്ട് പ്രാവിൻ കുഞ്ഞുങ്ങൾ ഒന്ന് സംപൂർണ്ണഹോമയാഗാരാധനയോടും മറ്റേത് പാപപരിഹാരസമർപ്പണമായും സമർപ്പിച്ചു. ഈ സമർപ്പണകർമ്മാവസരത്തിൽ ദേവാലയത്തിൽ ശെമഓൻ എന്നൊരാൾ ഉണ്ടായിരുന്നു.[90] അയാൾ വർഷങ്ങളായി രക്ഷകന്റെ ആഗമനം പ്രതീക്ഷിച്ചുകൊണ്ടിരുന്ന വ്യക്തിയാണ്. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട് ശെമഓൻ ശിശുവിനെ കൈയ്യിൽ എടുത്തുകൊണ്ടു പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ് ശിശുവിൽ ശെമഓൻ ഇസ്രായേലിന്റെ രക്ഷ ദർശിക്കുന്നു. രക്ഷകനെപ്പറ്റി യഹോവ നൂറ്റാണ്ടുകളായി നൽകിയിട്ടുള്ള വെളിപാടുകളും, മഹത്വവും യേശുവിൽ കാണുന്നു. ഒരു വലിയ രഹസ്യമായിട്ടു വേണം ഈ പ്രവചനത്തെ കാണാൻ. യേശുവിന്റെ മാതാപിതാക്കന്മാർക്കുപോലും ശെമഓന്റെ വാക്കുകളുടെ അർത്ഥം മനസ്സിലാക്കാൻ കഴിഞ്ഞില്ല. അതുകൊണ്ടുതന്നെയാണ് അവനെപ്പറ്റി പറഞ്ഞതെല്ലാം കേട്ട് അവന്റെ മാതാപിതാക്കന്മാർ അത്ഭുതപ്പെട്ടത്. ശിശുവിനെപ്പറ്റി ഇങ്ങനെ പ്രവചിച്ചതിനു ശേഷം മാതാവിന്റെ നേരെ തിരിഞ്ഞ് പറയുന്ന ശെമഓന്റെ വചനം


www.malankaralibrary.com

വളരെ ശ്രദ്ധയോടുകൂടി നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.[91] മാതാവിന്റെ ഹൃദയത്തിലൂടെ ഒരു വാൾ കടന്നുപോകും ഈ വാക്യത്തെപ്പറ്റി സഭാപിതാക്കന്മാരും വേദപുസ്തക പണ്ഡിതന്മാരും വളരെയധികം വ്യാഖ്യാനങ്ങൾ നൽകിയിട്ടുണ്ട്.[92] ഒന്നാമതായി ശെമഓൻ പ്രഖ്യാപിക്കുന്ന ഈ കുട്ടി ദൈവത്തിന്റെ പുത്രനാണ് ഇസ്രായേലിന്റെ പ്രതീക്ഷയെന്നാണ്. മാതാപിതാക്കന്മാരെ സംബന്ധിച്ചിടത്തോളം ആനന്ദത്തിന്റെ അനർഘനിമിഷമായിരുന്നു ഈ പ്രഖ്യാപനം എന്നാൽ മാതാവിനെ സംബന്ധിച്ചിടത്തോളം ഒരു വലിയ വേദനയുടെ ആരംഭമായിരുന്നു - ഹൃദയത്തിലൂടെ ഒരുവാൾ കടന്നുപോകുന്ന അനുഭവത്തിന്റെ ആദ്യപടിയായിരുന്നു. മാത്രമല്ല പുത്രന്റെ രക്ഷാകരദൗത്യങ്ങളിൽ അനുഭവിക്കാൻ പോകുന്ന വേദനകളുടെ മുന്നാസ്വാദനം ആയിരുന്നു. സഭയിൽ യേശുവിന്റെ ദേവാലയ ശുദ്ധീകരണ സംഭവങ്ങളെ അനുസ്മരിക്കുന്ന "യേശുവിന്റെ ദേവാലയ പ്രവേശനം" എന്ന പേരിൽ ഒരു തിരുനാൾ തന്നെയാണ്.[93] ഈ തിരുനാൾ ദിവസത്തെ പ്രാർത്ഥനകളിൽ നാം മുകളിൽ സൂചിപ്പിച്ചിരിക്കുന്നപോലെ വേദപുസ്തകത്തിൽ പരാമർശിച്ചിട്ടുള്ള ശെമഓന്റെ പ്രവചനം, അന്നായുടെ സ്തുതി, തുടങ്ങിയവരുടെ വിവരണമാണ്. ശെമഓൻ മാതാവിനോടു പറയുന്നു, "വേദനകളുടെ ഒരു വാൾ നിന്റെ ഹൃദയത്തിലൂടെ കടന്നുപോകും. ഓ, നീ പൂർണ്ണപരിശുദ്ധയാണ്."[94] മാതാവ് ദേവാലയത്തിൽ പുത്രനും, രണ്ടു ചെങ്ങാലികളും പ്രാവിൻ കുഞ്ഞുങ്ങളുമായി പ്രവേശിച്ചപ്പോൾ ശെമഓനെ കണ്ടു[95] വീണ്ടും ഗാനരൂപത്തിൽ കാണുന്നു.

"വൃദ്ധനായ മനുഷ്യൻ കന്യകയോടു പറഞ്ഞു
ഈ പുത്രൻ അനേകരുടെ വീഴ്ചക്കും
താഴ്ചക്കും കാരണമാകും
നിന്റെ ഹൃദയം ദുഃഖത്താൽ മുറിവേറ്റു കൊണ്ടിരിക്കും"[96]

ഈ തിരുനാൾ ദിവസത്തെ പ്രാർത്ഥനകളുടെ പൂർണ്ണമായ സാരാംശം എന്നത് യേശുവിന്റെ ദേവാലയ പ്രവേശനസമയത്ത് നടന്ന സംഭവങ്ങളുടെ വേദപുസ്തകാശയങ്ങൾ കോർത്തിണക്കി അത് ഗാനരീതിയിൽ അവതരിപ്പിച്ച് യേശുവിനെയും മറിയത്തെയും സ്തുതിച്ച് പാടുകയാണ്. പൗരസ്ത്യ സഭയുടെ ആരാധനയിലെ ദൈവശാസ്ത്ര വിശകലനത്തിന്റെ മറ്റൊരു തെളിവാണ് ഈ പ്രാർത്ഥനകൾ.


www.malankaralibrary.com

**എഴുന്നേറ്റ് ശിശുവിനെയും അമ്മയേയും കൂട്ടി ഈജിപ്തിലേക്ക് പലായനം ചെയ്യുക (മത്തായി 2:13)**

മാതാവിന്റെ ജീവിതത്തിലെ അടുത്ത വലിയ രഹസ്യമാണ് ഈജിപ്തിലേക്കുള്ള പലായനം. ദൈവദൂതന്റെ കല്പനപ്രകാരം അവർ ഈജിപ്തിലേക്കു പോകുന്നു. ശെമഓന്റെ പ്രവചനം ഉടൻ തന്നെ മാതാവ് ജീവിതത്തിൽ അനുഭവിക്കുകയാണിവിടെ. അനേകം നിരപരാധികളായ പിഞ്ചോമനകളുടെ രക്തത്താൽ നിരന്തരം ഹൃദയവും മനസ്സും ഉരുകുന്ന, പീഡനം ഏൽക്കുന്ന മാതാവിനെയാണ് നാം ഇവിടെ കാണുന്നത്. തന്റെ പുത്രനുവേണ്ടി അനേകം കുട്ടികൾ നിർദ്ദാക്ഷിണ്യം വധിക്കപ്പെടുന്നതിൽ ഏതു മാതാവാണ് ദുഃഖിക്കാത്തത്. ഏതു മാതാവിന്റെ ഹൃദയമാണ് ഉരുകാത്തത്. ആരാധനയിൽ പ്രസ്തുത വേദപുസ്തകസംഭവത്തിന്റെ വസ്തുനിഷ്ഠമായ അവതരണം കാണുവാൻ പ്രയാസമാണ്. എന്നാൽ പെങ്കീസോ പ്രാർത്ഥനകളിൽ നമ്മുടെ സഭ പിഞ്ചുകുഞ്ഞുങ്ങളെ ഓർക്കുന്നതായി ഒരുദിവസം തന്നെ പ്രത്യേകമായി അനുസ്മരിക്കുകയാണ്. "കന്യക മറിയത്തിൽനിന്ന് ജനിച്ച ക്രിസ്തുവിന്റെ രക്ഷയ്ക്കായിട്ടാണ് കുഞ്ഞുങ്ങൾ മുറിവേൽപ്പിക്കപ്പെട്ടത്.[98] കരുണയില്ലാത്ത രാജാവിന്റെ ശാപത്തിൽനിന്ന് പിഞ്ചുകുഞ്ഞിനെ രക്ഷിക്കാനായി മാലാഖ അമ്മയോടും ജോസഫിനോടും ബലം പ്രയോഗിച്ച് ഈജിപ്തിലേക്ക് പലായനം ചെയ്യാൻ ആജ്ഞാപിച്ചു.[99] വേദപുസ്തകത്തോട് വിധേയത്വം പുലർത്തുന്ന മാതാവിനെപ്പറ്റിയുള്ള രണ്ട് പരാമർശങ്ങൾ നാം ഇവിടെ കാണുന്നു. വേദപുസ്തകത്തിലെ സംഭവത്തിന്റെ വസ്തുനിഷ്ഠതയും, ആധികാരികതയും അതിൽ സഭക്കുള്ള വിശ്വാസവും പ്രാർത്ഥനയിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

**അവന്റെ അമ്മ അവനോട് പറഞ്ഞു; മകനെ നീ ഞങ്ങളോട് ഇങ്ങനെ ചെയ്തത് എന്ത്? (ലൂക്കാ 2:48)**

അടുത്തതായി മാതാവിന്റെ ജീവിതത്തിലെ ചുരുൾ അഴിയപ്പെടാത്ത രഹസ്യം ആണ് യേശുവിന്റെ പന്ത്രണ്ടാം വയസ്സിലെ സംഭവം. ആണ്ടുതോറും പെസഹാ തിരുനാൾ ആഘോഷിക്കുക യഹൂദരുടെ നിയമമാണല്ലോ. അതനുസരിച്ച് യേശുവിന് പന്ത്രണ്ടാം വയസ്സ് പ്രായമുണ്ടായിരുന്നപ്പോൾ അവർ പെസഹായാഘോഷിക്കാൻ ജറുസലേമിലേക്ക് പോയി. വലിയ തിക്കും തിരക്കും പെരുന്നാളിന്റെ പ്രത്യേകതയായിരുന്നു. കാരണം നാനാഭാഗങ്ങളിൽനിന്ന് തിരുനാളിൽ സംബന്ധി



www.malankaralibrary.com

ക്കാൻ ജനങ്ങൾ ഒന്നിച്ചു കൂടുക പതിവായിരുന്നു. പെരുനാൾ കഴിഞ്ഞ് മറിയവും ജോസഫും മടങ്ങിപോന്നു. യേശു തങ്ങളുടെ ബന്ധുമിത്രാദികളുടെ കൂടെ കാണും എന്ന വിശ്വാസത്തിൽ ഒരു ദിവസത്തെ തിരികെയുള്ള യാത്ര കഴിഞ്ഞ് യേശുവിനെ തിരക്കിയപ്പോൾ ബന്ധുക്കളുടെ കൂട്ടത്തിൽ കണ്ടില്ല. തിരികെ അവർ ദേവാലയത്തിൽ ചെന്നപ്പോൾ അവിടെ യേശുവിനെ കണ്ടെത്തി മാതാവിന് വിസ്മയമായി. കാരണം യേശുവിന് യഹൂദനിയമങ്ങളും അതിന്റെ വ്യാഖ്യാനങ്ങളും ആഴമായി അറിയുമായിരുന്നു. അവൻ റബ്ബിമാരോട് ചോദ്യങ്ങൾ ചോദിക്കുകയും ഉത്തരം പറയുകയുമായിരുന്നു. മാതാവ് മകനോട് ചോദിച്ചു. നീ എന്തുകൊണ്ട് ഇങ്ങനെ ചെയ്തു. യേശുവിന്റെ മറുപടി അത്ഭുതാവഹമായിരുന്നു. "ഞാൻ എന്റെ പിതാവിന്റെ ഭവനത്തിൽ ആയിരിക്കേണ്ടവനാണെന്ന് നിങ്ങൾക്കറിഞ്ഞുകൂടേ." ഇതുവരെയും ജോസഫായിരുന്നു യേശുവിന്റെ പിതാവ്. എന്നാൽ ബാലനായ യേശു പറയുകയാണ് എന്റെ പിതാവ് ദൈവമാണെന്ന്. ഇവിടെ മറിയം ദൈവത്തിന്റെ ജോലി ചെയ്യുന്ന യേശുവിനെയാണ് കാണുന്നത്. തന്റെ മകൻ തന്നിൽനിന്ന് മാനുഷികമായ രീതിയിൽ അകന്നു കൊണ്ടിരിക്കുന്നു. എന്നാൽ സുവിശേഷകൻ സാക്ഷിക്കുന്നു അവർക്ക് യേശു പറഞ്ഞതിന്റെ അർത്ഥം മനസ്സിലായില്ല. സ്വമാതാവിന് തന്റെ പുത്രനെ മനസിലാക്കാൻ കഴിയുകയില്ലെന്നുള്ളത് ഒരു രഹസ്യം തന്നെയാണ്. പ്രസ്തുത സംഭവത്തിന്റെ ആരാധനാവതരണം നമ്മുടെ ആരാധനകളിൽ കാണുവാൻ പ്രയാസമാണ്. എന്നാൽ പഠനത്തിന്റെ പൂർത്തീകരണം എന്ന നിലയിൽ ഈ വേദപുസ്തകത്തിന്റെ സന്ദേശം ലളിതമായി പരാമർശിച്ചു എന്നു മാത്രം.

**നസറേത്തിൽവന്ന് അവർക്ക് വിധേയനായി ജീവിച്ചു (ലൂ 2:51–52)**

യേശുവിന്റെ രഹസ്യജീവിതത്തിൽ മാതാപിതാക്കന്മാർക്കുള്ള മഹനീയ സ്ഥാനം ആണ് ഈ വാക്യത്തിലൂടെ നാം മനസ്സിലാക്കുന്നത്. തന്റെ പിതാവിന്റെ ഭവനമായ ദേവാലയത്തിൽ നിന്ന് തിരികെ വന്ന് യേശു ലോകത്തിലെ തന്നെ മാതാപിതാക്കന്മാർക്ക് വിധേയനായി ജീവിച്ചു. യേശു വിജ്ഞാനത്തിലും ദൈവമനുഷ്യപ്രീതിയിലും വളർന്ന് പക്വതയാർന്നതിൽ മാതാവിന് വലിയ സ്വാധീനം ഉണ്ടായിരുന്നു. ഒരു പുത്രൻ ദൈവജ്ഞാനത്താൽ നിറയുന്നവനാകണമെങ്കിൽ പുത്രന്റെ മാതാവിന് ദൈവത്തെപ്പറ്റി ശരിയായ അറിവും അനുഭവവും ഉണ്ടായിരിക്കണം. അവൾ തന്നെ ദൈവപ്രീതിക്ക് വളർന്നവളായിരിക്കണം. അമ്മയ്ക്ക് ഇല്ലാത്തത് പുത്രന് നൽകാൻ കഴിയുകയില്ല. യേശുവിന്റെ


www.malankaralibrary.com

രഹസ്യ ജീവിതത്തെപ്പറ്റി പ്രതിപാദിക്കുന്ന പ്രാർത്ഥനകൾ ആരാധനയിൽ വിരളമാണ്. ഇനിയും മാതാവുമായി ബന്ധപ്പെട്ട ഏതൊക്കെ വേദഭാഗങ്ങളാണ് ആരാധനയെ സ്വാധീനിച്ചിട്ടുള്ളത് എന്നത് ഒരു പഠനവിഷയമാക്കേണ്ടതാണ് ഇതേ രീതിയിലുള്ള വിശദമായ പഠനം ആരാധനാജീവിതത്തെ ധന്യമാക്കാതിരിക്കില്ല.

## ക്രിസ്തുവിന്റെ പരസ്യജീവിതവും മാതാവും

ക്രിസ്തുവിന്റെ പരസ്യജീവിതത്തിൽ ആദ്യമായി മറിയം രംഗപ്രവേശനം ചെയ്യുന്നത് യോഹന്നാന്റെ സുവിശേഷത്തിലാണ്. കാനായിലെ കല്യാണം. എന്നാൽ സമാന്തരസുവിശേഷങ്ങൾക്കിടയിൽ കാനായിക്കും കാൽവരിക്കും ഇടയിൽ മാതാവ് ചില രംഗങ്ങളിൽ കടന്നുവരുന്നുണ്ട്. ഉദാഹരണത്തിന് മത്തായി 12:46-50, 13:31-33; ലൂക്ക 8:19 -22 വരെയുള്ള വാക്യങ്ങളിലെ മാതാവിനെപ്പറ്റിയുള്ള പരാമർശങ്ങൾ മരിയശാസ്ത്രപരം എന്നതിനെക്കാൾ ഉപരി ക്രിസ്തുശാസ്ത്രാധിഷ്ഠിതമാണ്. യേശുവിന്റെ പുതിയ രാജ്യത്തിൽ എല്ലാവരും തുല്യരാണെന്ന സന്ദേശം ആണ് ആത്യന്തികമായി ഈ വേദഭാഗങ്ങൾ നൽകുന്നത്. ഒറ്റ നോട്ടത്തിൽ യേശുവിൽ നിന്ന് അടർന്നു വീഴുന്ന വാക്കുകൾ ശ്രദ്ധിച്ചാൽ മാതാവിനെ യേശു തന്നെ തരംതാഴ്ത്തി കാണിക്കുന്നില്ലേ എന്ന സംശയം മനസിൽ ഉദിക്കാം... എന്നാൽ മാതാവിനെ തരം താഴ്ത്തി കാണിക്കുകയല്ല മറിച്ച് തന്റെ സ്നേഹരാജ്യത്തിൽ രക്തബന്ധത്തിന് പോലും പരിധിയില്ല. എല്ലാവരും തുല്യരാണ് ഈ സമാന്തരസുവിശേഷങ്ങളിൽ കാണുന്ന മാതാവിനെപ്പറ്റിയുള്ള പരാമർശങ്ങളുടെ അവതരണം ആരാധനയിൽ വിരളമാണ്.

## "അവരുടെ വീഞ്ഞ് തീർന്നുപോയി" എന്നവൾ പുത്രനെയറിയിച്ചു (യോഹ 2:4)

കാനായിലെ കല്യാണവിരുന്നാണ് വേദപുസ്തക പശ്ചാത്തലം. വിരുന്നിന് ഒരുക്കിയിരുന്ന വീഞ്ഞ് തീർന്നുപോയപ്പോൾ മാതാവ് പുത്രനോടു പറയുന്നു മകനെ വീഞ്ഞ് തീർന്നുപോയി. യേശുവിന്റെ മറുപടി എന്റെ സമയം ആയിട്ടില്ല. മാതാവിനറിയാമായിരുന്നു യേശുവിന്റെ സമയം ആയിട്ടില്ല എന്ന്. എന്നാൽ മാതാവിന് യേശുവിൽ പൂർണ്ണവിശ്വാസം ഉണ്ടായിരുന്നതിനാലാണ് പറഞ്ഞത്. "അവൻ പറയുന്നതുപോലെ ചെയ്യുവിൻ" യേശു ആദ്യത്തെ അത്ഭുതം മാതാവിന്റെ അപേക്ഷപ്രകാരം പ്രവർത്തിക്കുന്നു. കാനായിൽ മാതാവിന്റെ സ്ഥാനത്തെ


www.malankaralibrary.com

പ്പറ്റിയും ദൗത്യത്തെപ്പറ്റിയും പല വ്യാഖ്യാനങ്ങൾ ഉണ്ട്. സഭയുടെ വീക്ഷണത്തിൽ മാതാവിന്റെ മദ്ധ്യസ്ഥതയും അടിസ്ഥാന ശിലയായി ട്ടാണ് ഈ വേദഭാഗത്തെ നിർവ്വചിച്ചിരിക്കുന്നത്. എന്നാൽ മറ്റു പല വ്യാഖ്യാനങ്ങളും ഇതേ വേദഭാഗത്തെപ്പറ്റി തന്നെ നിലവിലുണ്ട്. ഈ വ്യാഖ്യാനങ്ങളെ ഒക്കെ മാനിച്ചുകൊണ്ട് ആരാധനയിൽ നാം പ്രാർത്ഥി ക്കുന്നു" അവളുടെ പ്രാർത്ഥനയാൽ കാനായിലെ കല്യാണവിരുന്നിൽ വീഞ്ഞിന്റെ കുറവിനെ തീർത്തു[100] ഈ പ്രാർത്ഥനയിൽനിന്നും ഒരു കാര്യം വ്യക്തമാണ്. മാതാവിന്റെ പുത്രനിലുള്ള വിശ്വാസവും, പുത്ര നോടുള്ള പ്രാർത്ഥനയാലും ആണ് യേശു ആ അത്ഭുതം പ്രവർത്തി ച്ചത് എന്ന വിശ്വാസം ആണ് ആരാധന സമൂഹത്തിനുള്ളത്. ഇനിയും പെങ്കീസാ പ്രാർത്ഥനകളിൽ വലിയ നോമ്പിലെ ആദ്യ ഞായറാഴ്ച കാനായിലെ പ്രസ്തുത സംഭവം അനുസ്മരിക്കുന്നു.[101] അവിടെ നാം പ്രാർത്ഥിക്കുന്ന മാതാവ് തന്റെ അപേക്ഷ യേശു കൈകൊണ്ടതിൽ സന്തോഷിച്ചു[102] എന്നും മാതാവോടുകൂടിയാണ് യേശു കാനായിലേക്ക് പോയത്[103] എന്നും മാതാവ് സ്രഷ്ടാവിനോട് അവളുടെ ഉദരപുത്ര നോട് വീഞ്ഞില്ല എന്ന് അപേക്ഷിച്ചതായും[104] അനുസ്മരിക്കുന്നു. ആരാധന, മാതാവിന്റെ ഈ കാനായിലുള്ള അപേക്ഷ അവളുടെ മാധ്യ സ്ഥതയ്ക്കുള്ള ഒരു തെളിവായി കാണുന്നു. മാതാവ് കാനായിൽ ചെയ്തതുപോലെ മാതാവിനോട് നാം അപേക്ഷിച്ചാൽ ആ അപേക്ഷ തന്റെ പുത്രന്റെ മുമ്പിൽ ഉണർത്തുകയും അപേക്ഷയ്ക്ക് ഉത്തരം ലഭി ക്കുകയും ചെയ്യും എന്ന വിശ്വാസം ഉണ്ട്. ഈ വിഷയത്തെപ്പറ്റി വിശദ മായിട്ടുള്ള ഒരു പഠനം "മാതാവിന്റെ മാധ്യസ്ഥം" എന്ന അധ്യായത്തിൽ വിവരിച്ചിട്ടുണ്ട്.[105]

**സ്ത്രീയെ ഇതാ നിന്റെ മകൻ (യോഹ 19:25-27)**

യോഹന്നാൻ സുവിശേഷത്തിലാണ് മാതാവിനെപ്പറ്റിയുള്ള അവ സാനത്തെ പരാമർശം യേശുവിന്റെ ജനനം മുതൽ കാൽവരിയിലെ മരണം വരെ മാതാവിനെ അവതരിപ്പിച്ചിരിക്കുന്നു. മത്തായിയുടെ സുവി ശേഷത്തിൽ 15-ാം അധ്യായം നാൽപതു മുതലുള്ള വാകൃങ്ങളിൽ യേശുവിന്റെ കുരിശിനരികെ ശിഷ്യകൾ ഉണ്ടായിരുന്നതായുള്ള പരാ മർശം ഉണ്ട്. എന്നാൽ അവിടെ മാതാവിന്റെ കാര്യം എടുത്തു പറയു ന്നില്ല. യോഹന്നാൻ സുവിശേഷകനാകട്ടെ മാതാവിന്റെ കാര്യം എടുത്തു പറയുന്നു. അമ്മയോട് ഉള്ള പുത്രന്റെ സ്നേഹമാണ് ഈ വിവരണത്തിന്റെ സന്ദേശം. യേശു ലോകത്തോട് വിട പറയാൻ പോകു


www.malankaralibrary.com

ന്നു. തന്റെ മാതാവിന് ഇനിയും ഈ ലോകത്തിലാരുമില്ല തന്നെ ഉദരത്തിൽ ചുമന്ന തന്റെ ജീവിതകാലം മുഴുവൻ കൂടെ ഉണ്ടായിരുന്ന മാതാവിനെ തനിക്ക് വിശ്വാസമുള്ള ആരെയെങ്കിലും ഏല്പിക്കുക എന്നത് ഒരു പുത്രന്റെ ഉത്തരവാദിത്വമാണ്. അതിനാലാണ് യേശു കുരിശിൽ കിടന്നുകൊണ്ട് തന്റെ മാതാവിനെ യോഹന്നാനെ ഏൽപ്പിക്കുന്നത്.

ഈ സംഭവത്തിന് ആഴമായ ഒരർത്ഥമാണുള്ളത്[106] മാതാവിന്റെ 'ആദ്ധ്യാത്മിക മാതൃത്വത്തിന്' അടയാളമായിട്ടുവേണം നാം ഇതിനെ കാണുവാൻ. യോഹന്നാൻ മാതാവിനെ തന്റെ ആദ്ധ്യാത്മിക മാതാവായി സ്വീകരിക്കുന്നു. വിശ്വാസികൾ എല്ലാവരുടെയും മാതാവാണ് മറിയം എന്ന സന്ദേശമാണ് ഈ വേദഭാഗത്തിനുള്ളത്. എന്നാൽ ഇവിടെ പറയുന്ന "സ്ത്രീയെ"പ്പറ്റിയുള്ള പരാമർശം സഭാതലങ്ങളിൽ ചൂടേറിയ സംവാദങ്ങൾക്കിടയാക്കിയിട്ടുണ്ട് മാതാവിനെ പുതിയ ഹവ്വയായി കാണാനും, മാതാവിന്റെ ആധ്യാത്മിക മാതൃത്വം അംഗീകരിക്കാനുള്ള ഒരു തെളിവായി ഈ വേദഭാഗത്തെ സഭാപിതാക്കന്മാർ എടുത്തു കാട്ടുന്നു.[107]

നമ്മുടെ ആരാധനയിൽ പ്രത്യേകിച്ച് ദുഃഖവെള്ളിയാഴ്ചയിലെ പ്രാർത്ഥനകളിൽ ഈ വേദഭാഗത്തോടുള്ള വിധേയത്വം വ്യക്തമാണ്. യേശു കുരിശും വഹിച്ചുകൊണ്ടു പോകുമ്പോൾ...

പരിചിതരൊത്തമ്മയുമപ്പോൾ
ദൂരെ നിൽക്കുകയായിരുന്നു
ഏറും സങ്കടമോടെയവൾ
മാടപ്രാവിൻ കുറുകൽ പോൽ
ചങ്കുപൊടിഞ്ഞുരെങ്ങികൊണ്ട്
ഇങ്ങനെ ഓരോന്നുരചെയ്തു
ഓമന മകനെ നീയിപ്പോൾ

എവിടേയ്ക്കായി പോകുന്നു.[108] യേശുവിന്റെ കുരിശും വഹിച്ചുകൊണ്ടുള്ള ഗോഗുൽത്താ യാത്രയിൽ മാതാവും ഉണ്ടായിരുന്നുവെന്ന് ആരാധനയിലെ ഈ പ്രാർത്ഥനയിൽ നിന്നും വ്യക്തമാണല്ലോ? ഇനിയും കുരിശിൽ കിടന്നുകൊണ്ട് യേശു തന്റെ അമ്മയോടു പറയുന്നു "നാഥനരുൾ ചെയ്തമ്മയോടും, വധുവാം സഭയോടും സ്വന്തക്കാരെന്നോടു ചെയ്തത് വന്നേറികാൺമിൻ[109] വേദപുസ്തകത്തിലെ പരാമർശംന്തന്നെ അടിസ്ഥാനമാക്കി മാതാവിനെപറ്റി ഹൃദയസ്പർശകമായ രീതിയിൽ നാം അനുസ്മരിക്കുന്നു...


www.malankaralibrary.com

"മറിയം കുരിശിൽ തല ചായ്ച്ച്
ദാരുണമാം ദയനീയ സ്വരത്തിൽ
ഏകാത്മജനെ പ്രതി കേണാൽ" വീണ്ടും മറിയം കേഴുന്നു

"നിലവിളിയോടു മറിയം ചൊന്നാൻ
മകനെ നിൻ കബറേറ്റിത്തിൽ
കരയുന്നേൻ മോദിക്കുന്നേൻ
വിഗതസമൂഹത്തിൽ ദുഃഖം" ഈ പ്രാർത്ഥനകൾ പരിശോധിച്ചാൽ സാധാരണ ബുദ്ധിയിൽ ഒരു കാര്യം വ്യക്തമാണ്. യേശുവിന്റെ മരണ സമയത്ത് മാതാവ് കുരിശിൻ ചുവട്ടിൽ ഉണ്ടായിരുന്നു എന്ന വിശ്വാസം ആരാധന സമൂഹത്തിന്റെ മുതൽകൂട്ടായിരുന്നു. ആയതിനാൽ ഇതേ രീതിയിൽ പ്രാർത്ഥിക്കുന്നതിന് മാതാവിനെ ബഹുമാനിക്കുന്നതിന് ആരാധന തയ്യാറായി.

വേദപുസ്തകത്തിലെ മാതാവിനെപ്പറ്റിയുള്ള പഠനമായിരുന്നു ഈ അധ്യായത്തിൽ. ആരാധനയും വേദപുസ്തക പരാമർശനങ്ങളും ആയിട്ടുള്ള ബന്ധം വ്യക്തമാക്കാൻ ആത്മാർത്ഥമായി ശ്രമിച്ചിട്ടുണ്ട്. അത് പൂർണ്ണമാണെന്ന് അവകാശപ്പെടുന്നില്ല. ഓരോ വേദഭാഗത്തിലെ സന്ദേശവും ആധുനിക വേദപുസ്തകവിശകലനത്തിന്റെ വെളിച്ചത്തിൽ തന്നെ വിശദീകരിച്ചിട്ടുണ്ട്. വേദപുസ്തകസ്വാംശീകരണം എത്രമാത്രം ആഴമായി ആരാധന ജീവിതത്തിൽ സ്വാധീനിച്ചിട്ടുണ്ടെന്ന് ഈ പഠനങ്ങളിൽനിന്നും മനസ്സിലാക്കാം. ഇതുകൂടാതെ പഴയനിയമത്തിലുടനീളമുള്ള പല പ്രതിരൂപങ്ങളും, സാദൃശ്യങ്ങളും ആരാധനയിൽ മറിയത്തിന് നൽകിയിട്ടുണ്ട്. ഇതിനെയെല്ലാം തന്നെ അതിന്റെ വേദപുസ്തകപശ്ചാത്തലത്തിൽ തന്നെ വിശകലനം ചെയതുകൊണ്ട് ആരാധനയിലുള്ള അതിന്റെ അർത്ഥം നുകരുവാനുള്ള ഒരു ശ്രമം കൂടി തുടർന്നു വരുന്ന അധ്യായങ്ങളിൽ ഉള്ളതുകൊണ്ട് അതിനിവിടെ മുതിരുന്നില്ല.

## *Footnotes*

1. യോഹ 1:1 ff
2. പ്രതിദിന നമസ്കാരം, മെനഓലം, പേജ് 137
3. ഉല്പ 3:15
4. പ്രതിദിന നമസ്കാരം, മെനഓലം, പേജ് 111
5. Ibid, പേജ് 64


www.malankaralibrary.com

6. നമ്മുടെ സഭയുടെ ആരാധനക്രമം, തിരുനാളുകൾ, പേജ് 80
7. പ്രതിദിനനമസ്കാരം, മറ്റ് പ്രാർത്ഥനകൾ, പേജ്-24
8. Prayer with the Harp of the Spirit Vol II, p.352
9. Ibid Vol III, p.634
10. Ibid Vol II, p.281
11. ഞായറാഴ്ചകളിലും പെരുന്നാളുകളിലും ഉള്ള പ്രുമിയോൻ തിരുവല്ല, p.18
12. പ്രതിദിന നമസ്കാരം, മെനഗോലം, p.172
13. ഏശ7:14
14. Prophets, class notes, JDV, Poone
15. 2 സാമു 7:12-13
16. Prophets, opcit
17. പ്രതിദിന നമസ്കാരം മെനഗോലം, പേജ് 44
18. Ibid, p.133
19. Ibid, p.217
20. ആരാധനക്രമം തിരുനാളുകൾ, പേജ് 10
21. Harp of the Spirit Vol II, പേജ് 312
22. Ibid, p.314
23. മാതാവ് വേദപുസ്തകത്തിൽ, ബൈബിൾഭാഷ്യം, ഡിസംബർ 1977, കോട്ടയം
24. 1 യോഹ 1:1-4
25. യോഹ 1:1 ff
26. cfr. ദൈവമാതൃത്വം നമ്മുടെ ആരാധനയിൽ
27. നടപടി 1:14
28. നമ്മുടെ സഭയുടെ ആരാധനക്രമം തിരുനാൾ, പേജ് 307
29. Ibid, p.304
30. വെളി.12:1-2
31. The Jerome Biblical Commentary, TPI, Cfr.Revelation
32. ആരാധനക്രമം തിരുനാളുകൾ, പേജ് 29
33. Ibid
34. Ibid, p.106
35. പെരുനാളുകളിലും ഞായറാഴ്ചകളിലുമുള്ള പ്രുമിയോൻ, പേജ്, 7
36. റോമ 4:16-21
37. ഉല്പ 17:15-17
38. The Jerome Biblical Commentary. Cfr.Genesis p.20


www.malankaralibrary.com

39. 1 സാമു. 1–2

40. 1 സാമു 2:1 ff

41. ലൂക്കാ 1:46 ff

42. Jerome Biblical Commentary opcit.Cfr. I Samuel p.165

43. ലൂക്ക 1:5–20

44. പ്രതിദിനനമസ്കാരം, പേജ് 55

45. Ibid, p.45

46. Ibid, p.143

47. Ibid, p.178

48. പ്രതിദിനനമസ്കാരം, പേജ് 188

49. പെരുനാളുകളിലും ഞായറാഴ്ചകളിലും ഉള്ള പ്രുമിയോൻ, പേജ് 1

50. Harp of the Spirit Vol.II, p.633, 636, 641 etc.

51. ലൂക്ക 3:21

52. ആരാധനക്രമം, പെരുന്നാളുകൾ

53. ലൂക്ക 1:30

54. ലൂക്ക 1:37

55. ലൂക്കാ 1:43

56. ഏശ 49:13, സങ്കീ 72:15, 72:1, 17:28

57. Cfr. ഏശയ്യ 41–53

58. പുറപ്പാട് 2:3

59. 1 സാമു 16:1–13

60. പ്രതിദിനനമസ്കാരം, പേജ് 241

61. Harp of the Spirit Vol II pp 63 ff

62. Harp of the Spirit Vol II pp 91-106

63. Ibid, p.92

64. Ibid, p.93

65. Ibid

66. Ibid, p.94

67. Ibid, p.95

68. Ibid, p.95, 99, 101, 104

69. Ibid, p.101

69b. ലൂക്ക 1:18ff

70. മാത്യു 2:1–15

71. പ്രതിദിനനമസ്കാരം, മെന ഓലം, പേജ് 102

72. ലൂക്കാ 1:1–7

73. മലങ്കരസഭയുടെ തിരുനാളുകൾ, പേജ് 6,8



www.malankaralibrary.com

74. Ibid, p.33
75. Ibid, p.34
76. Ibid, p.77
77. Ibid, pp.7-13, & p.85-89
78. Harp of the Spirit Vol II pp.393, 392, 394
79. Jerome Biblical Commentary, Cfr.Luke p.125
80. നടപടി 4:11 ff
81. Harp of the Spirit Vol II p.469
82. Ibid, p.470
83. Ibid
84. Ibid, p.472
85. ലൂക്കാ 1:22
86. പുറ. 13:11 ff
87. ലേവ്യ 12:24
88. പുറ. 13:11ff
89. Jerome Biblical Commentary Cfr.Luke
90. ലൂക്ക 2:25
91. ലൂക്കാ 2: 34-35
92. Mary in the New Testament, R.Brown (ed) TPI
93. Harp of the Spirit Vol II p.559ff
94. Ibid, p.597,
95. Ibid, p.599, 605
96. Ibid, p.608,
97. Ibid, p.415 ff
98. Ibid, p.416
99. ലൂക്ക 2:49
100. പ്രതിദിന നമസ്കാരം, മറ്റ് പ്രാർത്ഥനകൾ, പേജ് 24
101. Harp of the Spirit Vol III p.27
102. Ibid, p.29
103. Ibid, p.31
104. Ibid, p.36
105. cfr.മാതാവിന്റെ മാധ്യസ്ഥം നമ്മുടെ ആരാധനയിൽ, p.
106. Jerome Biblical Commentary Cfr.St.John p.642
107. Ibid
108. നമ്മുടെ ആരാധനക്രമം തിരുനാളുകൾ പേജ് 211, 212
109. Ibid, p.216,
110. Ibid, p.219
111. Ibid, p.



www.malankaralibrary.com

## 2

# ആരാധനയിലുള്ള മരിയ ശാസ്ത്ര ദർശനങ്ങൾ

മലങ്കര ആരാധനയിൽ മാതാവിനെപ്പറ്റിയുള്ള പ്രധാനപ്പെട്ട മരിയശാസ്ത്ര ദർശനങ്ങൾ അവതരിപ്പിക്കാനുള്ള ശ്രമമാണ് ഇനിയുള്ള അധ്യായങ്ങളിൽ. മലങ്കരസഭയെ സംബന്ധിച്ചിടത്തോളം ആരാധനയുടെ സജീവാത്മകമായ ആഘോഷത്തിലൂടെയാണ് ദൈവമനുഷ്യ ദർശനങ്ങളുടെ ആത്മാവ് എന്താണെന്ന് മനസ്സിലാക്കുന്നത്. മലങ്കര സഭ വിശ്വാസദർശനങ്ങൾ അവതരിപ്പിച്ചിരിക്കുന്നത് ആരാധനയിലാണ്. അതുകൊണ്ട് ഇനിയുമുള്ള നമ്മുടെ പഠനത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ ആയി, ഉറവകളായി നിലകൊള്ളുന്നത് നമ്മുടെ വിശുദ്ധ കുർബ്ബാന, പ്രതിദിന നമസ്കാരങ്ങൾ, പെങ്കിസോയിലെ പ്രാർത്ഥനകൾ, ക്രിസ്തുമസ്, ദനഹാ തുടങ്ങിയ തിരുനാളുകളിലെയും മറ്റ് തിരുനാൾ ദിവസങ്ങളിൽ നാം പ്രത്യേകമായി ഉപയോഗിക്കുന്ന പ്രാർത്ഥനകൾ തുടങ്ങിയവയാണ്. ഇവയിൽ എന്നും നാം ഭക്തിയോടും ആഘോഷത്തോടും കൂടി അനുസ്മരിക്കപ്പെടുന്ന വി.കുർബ്ബാനയെപറ്റി പ്രത്യേക പഠനം തന്നെ നടത്തുന്നുണ്ട്. അതിനുശേഷം നമ്മുടെ വിവിധ പ്രാർത്ഥനകളിലുള്ള മരിയശാസ്ത്ര വീക്ഷണങ്ങൾ ഓരോ തലക്കെട്ടിൽ പ്രതിപാദിക്കുന്നതാണ്.

### I നമ്മുടെ കുർബ്ബാനയും മാതാവും

മലങ്കരമക്കളെ സംബന്ധിച്ചിടത്തോളം ആരാധനാജീവിതത്തിന്റെ കേന്ദ്രബിന്ദുവാണ് വി.കുർബ്ബാന. കത്തോലിക്കാ തിരുസഭയിലെ എല്ലാ റീത്തുകളിലും കുർബ്ബാനയിൽ സത്താപരമായി നടക്കുന്ന പ്രക്രിയ ഒന്നുതന്നെയാണെങ്കിലും അതിന്റെ അവതരണരീതി മറ്റ് കുർബാനകളുടെ അവതരണ രീതികളുമായി തട്ടിച്ചുനോക്കുമ്പോൾ തനിമയുള്ളതാണെന്ന് കാണാം. ഭാവനാത്മകത, പ്രതിരൂപാത്മകത, വേദപുസ്തകാധിഷ്ഠിത സ്വഭാവം, നൂറ്റാണ്ടുകളിലൂടെ രൂപംകൊണ്ട ക്രിസ്തീയ


www.malankaralibrary.com

ദർശനങ്ങളുടെ അവതരണം, രഹസ്യാത്മകത്വം തുടങ്ങിയ കാര്യങ്ങൾ നമ്മുടെ കുർബ്ബാനയുടെ തനിമയിലേക്ക് വിരൽ ചൂണ്ടുന്നതാണ്. ഒരു വലിയ രഹസ്യമായിട്ടാണ് നാം കുർബ്ബാന ആഘോഷിക്കുന്നത്. പുതിയ നിയമത്തിന്റെ വെളിച്ചത്തിൽ മാതാവിന് കുർബ്ബാനയിൽ വലിയ സ്ഥാന മില്ല. യേശുക്രിസ്തു കുർബ്ബാന സ്ഥാപിച്ചപ്പോൾ മാതാവ് ആ മഹ നീയ കർമ്മത്തിൽ സന്നിഹിത ആയിരുന്നതായി പുതിയ നിയമത്തിൽ ഒരിടത്തും രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ എപ്രകാരമുള്ള ഒരു ബന്ധം ആണ് മാതാവിന് കുർബ്ബാനയുമായുള്ളത്?...... സാധാരണയായി നമ്മുടെ കുർബ്ബാനയെ പഠനസൗകര്യത്തിനായി എട്ടായി തിരിച്ചിട്ടുണ്ട്.[1] എന്നാൽ ഇവിടെ പഠനസൗകര്യത്തെ മുൻനിർത്തി കുർബ്ബാനയെ നാലായി തിരിക്കാം. ഒരുക്ക ശുശ്രൂഷ അല്ലെങ്കിൽ തൂയോബോ (tuyobo), തൽമൂദോ (tulmodo), ദബ്ഹോ (debho), മെസ്തുത്തോ (mestuto) എന്നിവയാണിവ. ഇവയിൽ ഓരോ ഭാഗത്തും മാതാവിനുള്ള സ്ഥാനം എന്തെന്ന് നമുക്ക് പരിശോധിക്കാം.

### ഒരുക്ക ശുശ്രൂഷയിലെ മാതാവ്

കുർബ്ബാനയിലെ ആദ്യ ശുശ്രൂഷയാണിത്. കുർബ്ബാനക്കുള്ള ഒരു ക്കവും, അപ്പത്തിന്റെയും വീഞ്ഞിന്റെയും സമർപ്പണവുമാണ് പ്രധാന പ്പെട്ട ഈ ശുശ്രൂഷയിലെ ഭാഗങ്ങൾ. അതിൽതന്നെയുള്ള ആദ്യത്തെ ക്രമമായ മൽക്കിസദേക്കിന്റെ ക്രമത്തിൽ പ്രത്യേകിച്ച് അപ്പത്തിന്റെയും വീഞ്ഞിന്റെയും സമർപ്പണാവസരത്തിൽ മാതാവിനെപ്പറ്റി പ്രത്യേക പരാ മർശം ഉണ്ട്. ഒന്നാമതായി പ്രത്യക്ഷമായിട്ടല്ല പരോക്ഷമായിട്ടാണ് മാതാ വിനെപ്പറ്റി പ്രതിപാദിക്കുന്നത് "പ്രത്യേകിച്ച് മാലാഖ മുഖേനയുള്ള സന്ദേശം, മഹനീയമായ മനുഷ്യാവതാരം."[2] മാലാഖ സന്ദേശം അറി യിക്കുന്നതും മാതാവിനോടാണ് ക്രിസ്തു മനുഷ്യാവതാരം ചെയ്യുന്നത് മാതാവിൽ നിന്നുമാണ്. ആയതിനാൽ പ്രത്യക്ഷമായിട്ടുതന്നെ രക്ഷാ കര സംഭവത്തിലെ ഈ രണ്ടു യാഥാർത്ഥ്യങ്ങളിലും മാതാവിന് സ്ഥാനം ഉണ്ട് എന്നതിൽ യാതൊരു സംശയവുമില്ല. ആയതിനാലിവിടെ പ്രത്യ ക്ഷമായിട്ടുതന്നെ മാതാവിനെ ദർശിക്കാൻ ജനങ്ങൾക്കുവേണ്ടി കാഴ്ച യർപ്പിക്കുന്ന പുരോഹിതനു കഴിയണം. പരോക്ഷമായ ഈ പരാമർശം വേദപുസ്തകാധിഷ്ഠിതവും പാരമ്പര്യാധിഷ്ഠിതവുമാണ് വേദപുസ്ത കത്തിൽ നാം കണ്ടു മാതാവിനോടാണ് മാലാഖ സന്ദേശം അറിയിക്കു ന്നതും, മാതാവിൽ നിന്നാണ് യേശു ജനിക്കുന്നതും. രക്ഷാകര ചരി



www.malankaralibrary.com

ത്രത്തിൽ മാതാവിന് സ്ഥാനം ലഭിച്ചിട്ടുള്ളത് "ദൈവമാതൃത്വം" എന്ന യാഥാർത്ഥ്യത്തിനാണ്.

അഹറോന്റെ ക്രമത്തിൽ വീണ്ടും നാം കാണുന്നു "അനുസ്മരണ നിർവ്വഹിക്കപ്പെടുന്ന ഈ സമയത്ത് ഞങ്ങളുടെ മുൻപിൽ വച്ചിരിക്കുന്ന ഈ സ്തോത്രാർപ്പിതങ്ങൾമൂലം ഞങ്ങളുടെ പിതാവായ ആദാമിനെയും, മാതാവായ ഹവ്വായേയും, ദൈവമാതാവായ പരിശുദ്ധ മറിയാമിനെയും... ഞങ്ങൾ ഓർമ്മിക്കുന്നു." [3] കാഴ്ചയർപ്പണാവസരത്തിൽ ലഘുവായ ക്രമത്തിൽ ആദത്തെയും ഹവ്വായേയുംപറ്റി പറയാതെ തന്നെ ദൈവമാതാവായ മറിയാമിനെയും സ്മരിക്കുന്നു എന്നാണ് പ്രാർത്ഥിക്കുന്നത്. ദൈവമാതാവിന്റെ ബഹുമാനാർത്ഥമാണ് കുർബാന അർപ്പിക്കുന്നതെങ്കിൽ ദൈവമാതാവായ പരിശുദ്ധ മറിയാമിന്റെ ബഹുമതിക്കായി ഞങ്ങളർപ്പിക്കുന്ന ഈ കുർബ്ബാനയിൽ അവളെ ഞങ്ങൾ പ്രത്യേകമായി സ്മരിക്കുന്നു. അതോടൊപ്പം ആർക്കുവേണ്ടി കുർബ്ബാനയർപ്പിക്കുന്നുവോ ആ ആളിന്റെ അപേക്ഷകൾക്ക് കരുണാപൂർവ്വം മറുപടി അരുളുകയും, മാതാവിന്റെ കേൾക്കപ്പെട്ട പ്രാർത്ഥനകളാലും അഭ്യർത്ഥനകളാലും കുർബ്ബാനയർപ്പിക്കുന്ന വ്യക്തിയുടെ ശിക്ഷകളും ദണ്ഡനകളും നീക്കി കളയുകയും അയാളെ ശിക്ഷയിൽനിന് മോചിപ്പിക്കുകയും ചെയ്യണമെന്ന്"[4] നാം മാതാവിനോട് അപേക്ഷിക്കുന്നു.

മുകളിൽ സൂചിപ്പിച്ച ഈ പ്രാർത്ഥനകളിൽ നിന്നും പ്രധാനമായും ചില നിഗമനങ്ങളിൽ നമുക്ക് എത്തിച്ചേരാം... വേദപുസ്തകത്തിൽ വി. മാതാവിനെ വിശുദ്ധ കുർബാന സ്ഥാപനവുമായി ബന്ധപ്പെട്ടു കാണുവാനുള്ള ശ്രമമില്ലെങ്കിലും നാമിന്ന് ആഘോഷിക്കപ്പെടുന്ന, അനുസ്മരിക്കുന്ന അതേ ബലിയുടെ തുടർച്ചയിൽ സഭ, മാതാവിന് മഹനീയമായ ഒരു സ്ഥാനം നൽകിയിരിക്കുന്നു എന്നതാണ് ഇതിന്റെ രഹസ്യം.

അപ്പവും വീഞ്ഞും പിതാവായ ദൈവത്തിന് ക്രിസ്തുവിനോട് ചേർന്നു സമർപ്പിച്ചുകൊണ്ട് നമ്മുടെ പിതാവായ ആദാമിനെയും മാതാവായ ഹവ്വായെയും ദൈവമാതാവിനെയും സ്മരിക്കുന്നു. ആദവും ഹവ്വായും പ്രത്യേകമായി സൃഷ്ടിക്കപ്പെട്ട് ദൈവത്തിന്റെ രൂപത്തിലും ഛായയിലും പങ്കുപറ്റിയതുപോലെ ദൈവമാതാവിന് പ്രത്യേകമാംവിധം ദൈവത്തിന്റെ രൂപവും ഛായയും തന്നിൽ സ്വീകരിക്കുന്നതിന് സാധിച്ചു. അതുകൊണ്ടുതന്നെയാണ് ആദത്തിനും ഹവ്വാക്കും ഉള്ള അതേ സ്ഥാനം തന്നെ മാതാവിനും നൽകിയിരിക്കുന്നത്. കാഴ്ച



www.malankaralibrary.com

വയ്പ്പിന്റെ തന്നെ ലഘുവായ ക്രമത്തിൽ ആദത്തെയും ഹവ്വായെയും പറ്റി പരാമർശിക്കാതെ തന്നെ മാതാവിനെ മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. രക്ഷാകരപദ്ധതിയിലുള്ള മാതാവിന്റെ മഹനീയ സ്ഥാനമാണ് പ്രത്യേകമായി നാമിവിടെ ഓർക്കുന്നത്. ആദത്തിന്റെയും ഹവ്വായുടെയം പരിപൂർത്തി മാതാവിൽ കാണാനുള്ള വി.കുർബ്ബാനയുടെ ശ്രമമാണ് ഇതിലൂടെ വ്യക്തമാക്കപ്പെടുന്നത് അതുകൊണ്ടുതന്നെയാണ് ചെറിയ ക്രമത്തിൽ മതാവിനെ മാത്രം സ്മരിക്കുന്നതും.

സഭയിൽ മാതാവിന്റെ സ്തുതിക്കും ബഹുമാനത്തിനുംവേണ്ടി കുർബ്ബാനയർപ്പിക്കുന്ന രീതിയുണ്ടായിരുന്നു. ഏതു കാലഘട്ടം മുതലാണ് ഈ സമ്പ്രദായം സഭയുടെ ജീവിതത്തിൽ കടന്നുവന്നതെന്ന് പറയാൻ പ്രയാസമാണ്. എന്നാൽ ഇപ്രകാരം ഒരു ആചാരം ഉണ്ടായിരുന്നു എന്ന നിഗമനത്തിനാധാരമായിട്ടുള്ളത് കുർബ്ബാന തക്സായിലെ പ്രാർത്ഥനകളാണ്. ഇങ്ങനെയർപ്പിക്കുന്ന കുർബ്ബാനയിൽ രണ്ട് കാര്യങ്ങൾ പ്രത്യേകമായി അനുസ്മരിക്കപ്പെടുന്നു. മാതാവിനെ പ്രത്യേകമായി സ്മരിക്കുന്നു. ഈ സ്മരണ വെറുമൊരു ഓർമ്മയല്ല കുർബ്ബാനയിൽ പ്രത്യേകമായി മാതാവിനെ സ്മരിക്കുന്നു എന്ന് പറഞ്ഞ് പ്രാർത്ഥിക്കുന്നതിലൂടെ കുർബ്ബാനയിൽ പങ്കുകൊള്ളുന്ന ആരാധന സമൂഹത്തിന്റെ ഹൃദയത്തിലേക്ക് കടന്നുവരുന്ന വികാരം കടന്നുവരേണ്ട മനോഭാവം. മാതാവിന് രക്ഷ കൈവന്ന് രക്ഷയെ കാണുവാനും, മാതാവിന്റെ രക്ഷാകര രഹസ്യങ്ങളിൽ സജീവമായി പങ്കുചേരാനുമുള്ള ശ്രമമായിരിക്കണം.

മാതാവിനെ 'ഓർക്കുന്നു' എന്ന വീക്ഷണത്തിലൂടെ വിശ്വാസ സമൂഹം ഒന്നുചേർന്ന് മാതാവിനോട് ചേർന്ന് അപേക്ഷിക്കുകയാണ്; ദൈവമെ ഞങ്ങളെയും രക്ഷയുടെ രഹസ്യങ്ങൾ, രക്ഷാകര ഫലങ്ങൾ അനുഭവിക്കുവാൻ പ്രാപ്തരാക്കണമെന്ന് അപേക്ഷിക്കുന്നു. മാതാവിനെ സ്മരിക്കുന്നു എന്ന് പ്രാർത്ഥിക്കുമ്പോൾ പണ്ട് എങ്ങോ കടന്നുപോയ ഒരു സംഭവം ഓർക്കുന്നു. സ്മരിക്കുന്നു എന്ന അർത്ഥമല്ല. "ഓർമ്മയ്ക്ക്" ഒരനുഭവത്തിന്റെ തലമാണുള്ളത്. ഇത് പ്രാർത്ഥനകളിൽ ഉദാഹരണമായി "അറിയുക" (to know) അനുഭവിക്കുക (to experience) എന്ന വീക്ഷണമാണതിൽ അന്തർലീനമായിരിക്കുന്നത്. വേദപുസ്തകത്തിൽ നാം കാണുന്നു "ലോകം അവനെ അറിഞ്ഞില്ല" (യോഹ 1:10). എന്ന് യോഹന്നാൻ ശ്ലീഹായുടെ വാക്യത്തിന്റെ അർത്ഥം ലോകം ക്രിസ്തുവിനെ മാനുഷികമായ രീതിയിൽ, യേശുവിന്റെ പേര്,



www.malankaralibrary.com

വയസ്സ്, ജോലി, ജനനസ്ഥലം തുടങ്ങിയ കാര്യങ്ങളെപ്പറ്റി അറിയുകയില്ലായിരുന്നു എന്നല്ല മറിച്ച് യേശുവിനെ അനുഭവിക്കുവാൻ, പൂർണ്ണതയിൽ ക്രിസ്തു സന്ദേശം സ്വാംശീകരിക്കാൻ, പൂർണ്ണതയിൽ ഉൾക്കൊള്ളുവാൻ ലോകത്തിന് കഴിഞ്ഞില്ല എന്ന അർത്ഥമാണുള്ളത്. ഇതുപോലെതന്നെ മാതാവിനെ നാം സ്മരിക്കുന്നു, ഓർക്കുന്നു, എന്നൊക്കെ പറയുമ്പോൾ പൂർണ്ണതയിൽ മാതാവിനെ ഉൾക്കൊള്ളുവാനുള്ള ഒരു ശ്രമമാണ് ആരാധനാ സമൂഹത്തിന് ഉള്ളത്, ഉണ്ടായിരിക്കേണ്ടത്. 'ഓർമ്മ, സ്മരണ' എന്നീ പദങ്ങളുടെ അർത്ഥം വാക്കുകളിൽ പ്രകാശിപ്പിക്കാൻ കഴിയില്ല. ഒരു വലിയ രഹസ്യത്തിന്റെ പ്രതീകമായിട്ടു നിൽക്കുകയാണ് ആരാധനയിൽ ഇതേ രീതിയിലുള്ള പദങ്ങൾ ഇത് മലങ്കര ആരാധനയുടെ ഒരു വലിയ മൂല്യം തന്നെയാണ്.

അടുത്തതായി അപ്പവും വീഞ്ഞും അർപ്പിച്ചുകൊണ്ട് കുർബ്ബാന അർപ്പിക്കുന്ന നിയോഗാർത്ഥിക്കുവേണ്ടി മാതാവിനോട് പ്രാർത്ഥിക്കുന്നു. വ്യക്തിയുടെ ജീവിതത്തിലെ കൈപ്പേറിയ അനുഭവങ്ങളെ നീക്കികളയണമെന്ന് അപേക്ഷിക്കുന്നു. ഇതിലൂടെ മാതാവിന് മനുഷ്യഹൃദയങ്ങളിലേക്ക് കടന്നുവന്ന് ജീവിത യാഥാർത്ഥ്യങ്ങളെ മനസിലാക്കാനും സൗഖ്യമാക്കാനും കഴിവുണ്ടെന്ന വിശ്വാസം ആരാധനാസമൂഹം ഏറ്റു പറയുന്നു. ഈയൊരു ദൃഢമായ വിശ്വാസം ഉള്ളതുകൊണ്ടാണ് ഇപ്രകാരം മാതാവിനോട് പ്രാർത്ഥിക്കുന്നതും.

### വചനശുശ്രൂഷയിലെ മാതാവ്

നമ്മുടെ കുർബ്ബാനയിലെ രണ്ടാമത്തെ ഭാഗമാണിത്. ഇത് ആരംഭിക്കുന്നത് പരസ്യശുശ്രൂഷയോടും അവസാനിക്കുന്നത് വിശ്വാസപ്രമാണത്തോടും കൂടിയാണ്. പരസ്യശുശ്രൂഷ ആരംഭിക്കുന്നത് "നിന്നെ പ്രസവിച്ച മറിയാമും.... ഞങ്ങൾക്കുവേണ്ടി നിന്നോട് അപേക്ഷിക്കും"[5] എന്ന ഉച്ചത്തിലുള്ള പ്രഖ്യാപനത്തോടു കൂടിയാണ്. മാതാവാണ് യേശുവിനെ ലോകത്തിന് പരസ്യമാക്കിയത്. രഹസ്യമായിരുന്ന, നിഗൂഢമായിരുന്ന ദൈവത്തിന്റെ വചനം സ്വീകരിച്ചുകൊണ്ട് ആ വചനത്തെ യേശുവിന്റെ ജനനത്തിലൂടെ മാതാവ് പരസ്യമാക്കി അതിനാൽ മാതാവിനോട് ആരാധനസമൂഹം യാചിക്കുകയാണ് നിന്റെ പുത്രനോട് ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെന്ന്. യേശുവിന്റെ പരസ്യമായ അവതരണത്തെ അനാവരണം ചെയ്യുന്ന പരസ്യശുശ്രൂഷയിൽ മാതാവിനെ വിളിച്ച് മാധ്യസ്ഥം യാചിക്കുന്നതിലൂടെ സഭ പൊതുവായി



www.malankaralibrary.com

ഉറക്കെ, മാതാവിലുള്ള വിശ്വാസവും പ്രത്യാശയും മാതാവിന് രക്ഷാകര ചരിത്രത്തിലുള്ള മഹനീയസ്ഥാനവും പ്രഘോഷിക്കുന്നു. ആ മഹനീയ സ്ഥാനം സഭ അംഗീകരിക്കുന്നു, ഉദ്ഘോഷിക്കുന്നു. ഇതേ രീതിയിൽതന്നെ സ്നാപകയോഹന്നാന്റെ നാമവും പരസ്യശുശ്രൂഷയുടെ ആരംഭത്തിന്റെ ഒരു പ്രത്യേകതയാണ്. ക്രിസ്തുവിന്റെ മാനുഷിക ജനനം, മനുഷ്യനിൽ നിന്നുള്ള ജ്ഞാനസ്നാനം, അതിലൂടെയുള്ള പിതാവിന്റെ വെളിപ്പെടുത്തൽ ഇവ ക്രിസ്തു വിജ്ഞാനീയത്തിലെ പ്രധാന ആശയമാണല്ലോ ഇത് രണ്ടും ഒരുപോലെ അനുസ്മരിച്ചുകൊണ്ടാണ് കുർബ്ബാന പരസ്യമായി ആരംഭിക്കുന്നത്.

പരസ്യശുശ്രൂഷ ആരംഭിക്കുമ്പോൾ മാതാവിൽനിന്നുള്ള യേശുവിന്റെ ജനനം പ്രഖ്യാപിക്കുന്ന സഭ അടുത്തുവരുന്ന 'മാനിസാ' പ്രാർത്ഥനയിൽ അതെ മറിയം തന്നെ "വിശുദ്ധിയും വെടിപ്പുമുള്ള ദൈവമാതാവായ കന്യകമറിയം"[6] ആണെന്ന് ഏറ്റുപറയുന്നു. മാതാവിന് നാലു വിശേഷണങ്ങളാണ് നൽകുന്നത്; മറിയം കന്യകയാണ്, ദൈവമാതാവാണ്, വിശുദ്ധിയുള്ളവൾ ആണ്, വെടിപ്പുള്ളവളാണ് മരിയ ശാസ്ത്ര വീക്ഷണത്താൽ നിറഞ്ഞതാണ് ഈ പ്രഖ്യാപനം. മാതാവിൽ സഭ കാണുന്ന ഗുണങ്ങളാണ് വിശുദ്ധിയും വെടിപ്പും. കുർബ്ബാനയിൽ മാതാവിന് നൽകിയിരിക്കുന്ന ഈ ഗുണ വിശേഷണങ്ങൾ ഒരുപക്ഷെ മരിയശാസ്ത്രപരം എന്നതിനെക്കാൾ ഉപരി ക്രിസ്തുശാസ്ത്രപരമാണ്. കാരണം അവസ്ഥാഭേദം കൂടാതെ ജനിച്ച ക്രിസ്തുവിനെ പാടി പുകഴ്ത്തുന്ന സഭ ക്രിസ്തുവിന് ജനിക്കുവാനുള്ള ഉദരം ഒരുക്കിക്കൊടുത്തവൾ തീർച്ചയായും വിശുദ്ധിയും വെടിപ്പുമുള്ളവൾ ആണ്, ആയിരിക്കണം എന്നുള്ള നിഗമനം ക്രിസ്തു വിജ്ഞാനീയത്തെ പൂർത്തികരിക്കും. ക്രിസ്തുവിനെ പ്രസവിച്ചതുകൊണ്ടാണ് മാതാവ് ദൈവമാതാവ് എന്ന സംജ്ഞയ്ക്കർഹയായത്. അതിന് ഒന്നാമത്തെ തെളിവാണ് കന്യകയിൽ നിന്നുള്ള ജനനം. ആയതിനാൽ മാതാവിന് പരസ്യശുശ്രൂഷയിൽ നൽകപ്പെട്ടിട്ടുള്ള വിശേഷണങ്ങൾ എല്ലാംതന്നെ മരിയശാസ്ത്രപരമെന്നതിനെക്കാൾ ഉപരി ക്രിസ്തു വിജ്ഞാനീയാധിഷ്ഠിതമാണ്. കുർബ്ബാനയിലെ ഈ പരാമർശം മാതാവിന്റെ അമലോത്ഭവം എന്ന വിശ്വാസത്തിന്റെ സാക്ഷിയാണ്. പാപരഹിതയായിട്ടാണ് മാതാവ് ജനിച്ചത് നമ്മുടെയാരാധനയുടെ വിശ്വാസദർശനങ്ങൾ ആഘോഷിക്കുന്ന സമീപനത്തിന്റെ ഉത്തമ മാതൃകയാണ് ഈ പ്രാർത്ഥന. അടുത്തതായി നാം മാതാവിനെ സ്മരിക്കുന്നത് "വിശുദ്ധ കന്യകയായ മറിയാമിൽ


www.malankaralibrary.com

നിന്ന് ശരീരമെടുത്തവനും"[7] എന്ന പ്രാർത്ഥനയിലാണ്. സുവിശേഷ വായനക്ക് മുൻപുള്ള ഒരു പ്രാർത്ഥനയാണിത്. ആദിയിൽ ഉണ്ടായിരുന്ന വചനം, ദൈവത്തോടുകൂടിയായിരുന്ന വചനം, കാലത്തിന്റെ പൂർണ്ണതയിൽ മറിയാമിൽ മാംസരൂപം കൊള്ളുന്നു, മനുഷ്യശരീരം കൈക്കൊണ്ട അതെ വചനം തന്നെയാണ് യേശുക്രിസ്തു. ആ ദൈവീക വചനത്തിന് മാംസരൂപം നൽകിയത് കന്യകമറിയം ആയിരുന്നു. ആ മറിയത്തിന്റെ മാതൃക സ്മരിച്ചുകൊണ്ട് ആരാധനാസമൂഹം ഇന്നു ശ്രവിക്കുന്ന ദൈവവചനത്തെ യേശുക്രിസ്തുവാകുന്ന വചനത്തെ മറിയം എങ്ങനെ ബഹുമാനിച്ച് ലോകത്തിന് നൽകിയോ അതുപോലെ ദൈവീക വചനത്തെ ഹൃദയത്തിൽ സ്വീകരിച്ച് അതിന് നവജീവൻ നൽകാനുള്ള ഒരു ആഹ്വാനമായിട്ടുവേണം ഈ പ്രാർത്ഥനയെ നാം മനസ്സിലാക്കാൻ. കൂടാതെ ഈ പ്രാർത്ഥനയിൽ ജീവിക്കുന്ന മാതാവിനെ ജീവനുള്ള വചനവുമായി ബന്ധപ്പെട്ടു കാണിക്കുവാൻ ആരാധന ശ്രമിക്കുകയാണ്.

വേദവായനക്കുശേഷം വചനശുശ്രൂഷയിലുള്ളത് പ്രുമിയോൻ സെദറാകൾ ആണ്. ആദ്യത്ത പ്രുമിയോനിൽ മാതാവിനെ വിശേഷിപ്പിക്കുന്നത്. 'കന്യകയായ പെണ്ണാട്' എന്നാണ് ഇസ്രായേലിന്റെ ജീവിത പശ്ചാത്തലത്തിൽ ആടുകൾക്കുള്ള സ്ഥാനം വലുതാണ്. ഏറ്റം വലിയ തിരുനാളായ പെസഹാതിരുന്നാൾ ആചരിക്കുന്നത് ആട്ടിൻകുട്ടിയെ യാഗമർപ്പിച്ചുകൊണ്ടാണ്[9] പുതിയ നിയമത്തിൽ യേശുവിനെ ലോകത്തിന്റെ പാപം വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് ആയിട്ടാണ് യോഹന്നാൻ വിളിക്കുന്നത്.[10] പുതിയ നിയമത്തിലെ ബലിയർപ്പകനും ബലി വസ്തുവും ക്രിസ്തുവാണ്. ക്രിസ്തു മനുഷ്യരക്ഷക്കുവേണ്ടി ബലിയർപ്പിക്കപ്പെടുന്നു. പുതിയ നിയമത്തിലെ ആ കുഞ്ഞാടിനെ ലോകത്തിന് സമ്മാനിച്ച "കന്യകയായ പെണ്ണാട്" ആണ് മറിയം. തികച്ചും ഉചിതവും വേദപുസ്തകാധിഷ്ഠിതവുമാണ് മാതാവിന് പരിശുദ്ധ കുർബ്ബാന നൽകുന്ന ഈ നാമം.

കുർബ്ബാന തക്സായിൽ സന്ദർഭാനുസരണം ഉപയോഗിക്കാനുള്ള പ്രുമിയോൻ സെദറാകൾ ധാരാളം ഉണ്ട്.[11] അവിടെ മാതാവിനെ എങ്ങനെയാണ് അവതരിപ്പിച്ചിരിക്കുന്നത് "സ്വർഗ്ഗത്തിൽ നിന്നിറങ്ങി, ദാവീദിന്റെ പുത്രിയിൽ പ്രത്യക്ഷപ്പെട്ടു"[12] കാലത്തികവിൽ മറിയാമിൽ ഞങ്ങൾക്ക് പ്രത്യക്ഷനാകുകയും[13] ശരീരപ്രകാരം പിതാവില്ലാതെ മാതാവിൽ നിന്ന് ജനിക്കുകയും[14] കാലത്തികവിൽ ദൈവമാതാവിൽ


www.malankaralibrary.com

നിന്ന് അത്ഭുതകരമായി ശരീരമെടുത്തവൻ[15] തുടങ്ങിയ മാതാവിനെ പറ്റിയുള്ള പരാമർശങ്ങൾ ഒക്കെ തന്നെ മരിയശാസ്ത്രപരം എന്നതിനെക്കാൾ ഉപരി ക്രിസ്തുശാസ്ത്രാധിഷ്ഠിതമാണ്. മാതാവ് ദാവീദിന്റെ പുത്രിയാണ് വിശുദ്ധ കന്യകയാണ് നിർമ്മല കന്യകയാണ് ഭൗമിക കന്യകയാണ് മാതാവിലുള്ള ഗർഭധാരണം ദൈവത്തിൽനിന്നു തന്നെയാണ് എന്നൊക്കെയുള്ള വേദപുസ്തകാശയങ്ങളോട് കൂറ് പുലർത്തുന്ന വിശേഷണങ്ങളാണ് ഈ പ്രാർത്ഥനകളുടെ ആത്യന്തികമായ ലക്ഷ്യം. ക്രിസ്തുശാസ്ത്രാധിഷ്ഠിതമാണെങ്കിലും, മരിയശാസ്ത്രപരമായ ഒരു മുഖം ഇതിനുണ്ട്. ക്രിസ്തു സംഭവുമായി മാതാവിനെ ബന്ധപ്പെടുത്താതെയുള്ള ക്രിസ്തുവിജ്ഞാനീയം അപൂർണ്ണവുമാണല്ലോ.

ഇതു കൂടാതെ തന്നെ ദൈവമാതാവിന്റെ സ്തുതിക്കായിട്ട് പ്രത്യേക പ്രുമിയോൻ സെദറാകൾ നമ്മുടെ കുർബ്ബാന തക്സായിലുണ്ട്.[16] ആ പ്രാർത്ഥനയിൽ "യേശുക്രിസ്തുവാണ് മാതാവിന്റെ സ്മരണ സ്വർഗ്ഗത്തിലും ഭൂമിയിലും ആഘോഷിച്ചവൻ"[17] എന്ന് പ്രാർത്ഥിക്കുന്നു. ഈ ആശയം ആദ്യനൂറ്റാണ്ടുമുതൽ തന്നെ സഭയിലുണ്ടായിരുന്നതാണ്. മാതാവിന് സഭയിൽ സമൂഹത്തിൽ മഹത്വം കല്പിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അതിനുകാരണം യേശുക്രിസ്തുവാണ്. പ്രസ്തുത ദിവസത്തെ സെദറാകളിൽ പ്രത്യേകമായി മാതാവിന് ചില വിശേഷണങ്ങൾ നൽകുന്നു. സൗന്ദര്യസംപൂർണ്ണയായ കന്യകയാണ് മാതാവ്, ശാരീരിക രഥമാണ് ആധ്യാത്മിക മുൾപ്പടർപ്പും പേടകവുമാണ്.[18] ഈ വിശേഷണങ്ങൾ ഒരു വിധത്തിൽ അഥവാ മറ്റൊരു തരത്തിൽ ആരാധനയിൽ വിവിധ ഭാഗങ്ങളിൽ മാതാവിന് നൽകുന്ന വിശേഷണങ്ങളാണ്. വിശേഷണങ്ങളുടെ ഉത്ഭവത്തെപറ്റി വിശദമായി ചർച്ച ചെയ്യുന്നതിനാൽ ഇവിടെ അതിന് മുതിരുന്നില്ല.[19] കൂടാതെ സെദറായിൽ മാതാവിനോട് മരിച്ചവർക്കുവേണ്ടി ജീവിച്ചിരിക്കുന്നവർ മാധ്യസ്ഥം യാചിക്കുന്നത് ജീവിച്ചിരിക്കുന്ന പാപികളായ ആരാധനയർപ്പിക്കുന്ന ഓരോരുത്തരുടെയും പാപങ്ങൾ മായിച്ചുകളയുവാൻ പുത്രനായ യേശുവിനോട് അപേക്ഷിക്കണമെന്നും അതോടൊപ്പം മരിച്ചവരെ സ്വർഗ്ഗീയ ജറുസലേമിലെ പരമാനന്ദം അനുഭവിക്കാൻ യോഗ്യരാക്കണമെന്ന് മാതാവിനോട് യാചിക്കുന്നു.

തൽമോദായിൽ വീണ്ടും രണ്ടു പ്രാവശ്യം കൂടി മാതാവിനെ ഓർക്കുന്നു. വൈദീകൻ രഹസ്യമായി പ്രാർത്ഥിക്കുകയാണ്. "ദൈവമെ

www.malankaralibrary.com

പരിശുദ്ധ മാതാവിനെ നിന്റെ സ്വർഗ്ഗീയ ബലിപീഠത്തിൽ നീ നന്നായി ഓർമ്മിക്കണമെ[20] കുർബ്ബാനയുടെ പരിപൂർത്തിക്ക് മാതാവിന്റെ മാധ്യസ്ഥം ആവശ്യമാണ്. അതുകൊണ്ടുതന്നെയാണ് പിതാവായ ദൈവത്തോട് മാതാവിനെ ബലിപീഠത്തിൽ നന്നായി ഓർമ്മിക്കണമെ യെന്ന് വൈദീകൻ രഹസ്യമായി പ്രാർത്ഥിക്കുന്നത്. "ബലഹീനനായ എനിക്ക് പരിശുദ്ധ മാതാവിന്റെ പ്രാർത്ഥനയാൽ സഹായം നൽകണ മെ"[21] ഈ രഹസ്യപ്രാർത്ഥനയും മുകളിൽ സൂചിപ്പിച്ചിരിക്കുന്ന അർത്ഥം തന്നെയാണ് നൽകുന്നത്. മാതാവിന് ബലഹീനരോട് മാതൃ സഹജമായ സ്നേഹവും കരുണയും ഉണ്ടെന്നുള്ള വിശ്വാസമാണ് ബല ഹീനനായ പുരോഹിതനെ ഈ രീതിയിൽ പ്രാർത്ഥിക്കാൻ പ്രേരിപ്പിക്കു ന്നത്.

### പരിശുദ്ധ മറിയം അനാഫുറയിൽ

നമ്മുടെ സഭയുടെ വിശ്വാസം ഏറ്റുപറഞ്ഞുകൊണ്ടാണ് കുർബ്ബാ നയിലെ ഏറ്റം പ്രധാനപ്പെട്ട ഭാഗമായ അനാഫുറയിലേക്ക് പ്രവേശി ക്കുന്നത്. സമാധാന പ്രാർത്ഥനയോടുകൂടി ആരംഭിച്ച് ഖണ്ഡിപ്പിന്റെ ശുശ്രൂഷയോടുകൂടി അവസാനിക്കുകയാണ് ഇതിലെ പ്രാർത്ഥനകൾ. ഇവിടെ ആദ്യമായി മാതാവിനെപ്പറ്റിയുള്ള പരാമർശം "അവൻ പരിശു ദ്ധാത്മാവിനാൽ കന്യകാമറിയത്തിൽ നിന്ന് മനുഷ്യാവതാരം ചെയ്തു"[22] എന്ന പ്രാർത്ഥനയാണ് മാലാഖമാരുടെ സ്തുതിപ്പിനു ശേഷം ആരാധനാസമൂഹം തന്റെ സ്തുതികളാൽ എന്ന പ്രാർത്ഥന ചൊല്ലുമ്പോൾ വിശുദ്ധവസ്തുക്കളിൽ ഇരുകരങ്ങളും ആവസിപ്പിച്ചു കൊണ്ട് ചൊല്ലുന്ന പ്രാർത്ഥനയാണിത്. ക്രിസ്തുവിന്റെ മനുഷ്യാവതാ രത്തിലൂടെ പാപത്താൽ നശിച്ചുപോയ മനുഷ്യനെ ഉദ്ധരിച്ചു. ഈ മനു ഷ്യാവതാരം വെറും ഒരു സംഭവമല്ല. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ പരി.കന്യകാമറിയാമിൽനിന്നാണ് യേശു മനുഷ്യാവതാരം ചെയ്തത്. ആയതിനാൽ കുർബ്ബാനയിൽ മനുഷ്യാവതാര സംഭവത്തിന്റെയും അതിന്റെ ലക്ഷ്യത്തിന്റെയും നിഗൂഢാത്മകത്വം വിളിച്ചോതുന്ന പ്രാർത്ഥനയാണിത്. ഇവിടെ മാതാവിന്റെ രക്ഷാകര സംഭവത്തിലുള്ള സ്ഥാനം പ്രകടമാകുന്നു. കൂടാതെ ഈ പ്രാർത്ഥന കുർബ്ബാനയിൽ, മാതാവിന്റെ ദൈവമാതൃത്വത്തിനുള്ള ഒരു തെളിവു കൂടിയാണ്. മനു ഷ്യനിൽ നിന്നല്ല പരിശുദ്ധാത്മാവിനാലാണ് മറിയം ഗർഭവതിയായത്. ദൈവത്തിന്റെ പുത്രനെയാണ് മറിയം ഗർഭം ധരിച്ചത്. അതുകൊണ്ട് ദൈവമാതാവാണ് മറിയം. നൂറ്റാണ്ടുകളിലൂടെ വിവാദപരമായ "ദൈവ


www.malankaralibrary.com

മാതൃത്വപ്രശ്നം" കുർബ്ബാനയിലെ പ്രാർത്ഥനകളുടെ രൂപീകരണ പ്രക്രിയയിൽ കടന്നു കൂടിയിട്ടുണ്ട്. ഇവിടെ സഭയുടെ വ്യക്തമായ നിലപാട് മറിയത്തെപ്പറ്റി ഇപ്രകാരമാണെന്ന് മനസ്സിലാക്കുവാനുള്ള ഒരു പരിശ്രമമായിട്ടുകൂടി ഈ പ്രാർത്ഥനയെ കണക്കാക്കാം.

എല്ലാ കുർബ്ബാനകളിലെയും സുപ്രധാനമായ ഭാഗമാണ് "അപ്പത്തിന്റെയും വീഞ്ഞിന്റെയും കൂദാശ." വൈദികൻ കൂദാശ വചനങ്ങൾ ഉച്ചരിക്കുമ്പോൾ സമർപ്പിക്കപ്പെട്ട അപ്പത്തിലും വീഞ്ഞിലും ക്രിസ്തുവിന്റെ ആത്മാവ് പ്രത്യേകമായി പരിശുദ്ധാത്മാവ് എഴുന്നെള്ളി വന്ന് അതിനെ ക്രിസ്തുവിന്റെ ശരീര രക്തങ്ങൾ ആക്കി മാറ്റുന്നു ഈ വിശ്വാസത്തിന് ആധാരമായി നിലകൊള്ളുന്നത് വേദപുസ്തകത്തിലെ അന്ത്യ അത്താഴമാണ്. എന്നാൽ വേദപുസ്തക പശ്ചാത്തലത്തിൽ യേശുവിന്റെ അന്ത്യ അത്താഴവുമായി മാതാവിന് യാതൊരു ബന്ധവുമില്ല. അവിടെ സന്നിഹിതരായിരുന്ന ശ്ലീഹന്മാരുടെ കൂട്ടത്തിൽ മാതാവ് ഇല്ലായിരുന്നു. പ്രസ്തുത സംഭവത്തിന് മാതാവ് സാക്ഷിയായിരുന്നില്ല. ആയതിനാൽ കുർബ്ബാനയിലെ പ്രധാനപ്പെട്ട ഭാഗമായ കൂദാശ-രഹസ്യത്തിൽ മാതാവിന് സ്ഥാനമില്ല.

മലങ്കര കുർബ്ബാനയിൽ കൂദാശവചനങ്ങൾ പോലെതന്നെ പ്രാധാന്യം ഉള്ള ഒരു ഭാഗമാണ് റൂഹാക്ഷണം. നമ്മുടെ വീക്ഷണ പ്രകാരം കൂദാശ വചനങ്ങളോടുകൂടി കുർബാന പൂർത്തിയാകുന്നില്ല. റൂഹാക്ഷണത്തോടുകൂടിയാണ് കുർബാന പൂർത്തീകരിക്കപ്പെടുന്നത്. റൂഹാക്ഷണത്തിൽ നടക്കുന്ന പ്രക്രിയ കുർബാനയർപ്പിക്കുന്ന വൈദികൻ ഇപ്രകാരം പ്രാർത്ഥിക്കുന്നു. "പരിശുദ്ധാത്മാവ് ഇറങ്ങിവന്ന് സമർപ്പിക്കപ്പെട്ടിരിക്കുന്ന കൂദാശ ചെയ്യപ്പെട്ടിരിക്കുന്ന യേശുവിന്റെ ശരീര രക്തങ്ങൾ ആക്കി പൂർത്തീകരിക്കണം"[23] ഈ റൂഹാക്ഷണത്തിൽ മാതാവും പരിശുദ്ധ കുർബ്ബാനയുമായുള്ള അർത്ഥവത്തായ ആഴമായ ഒരു മരിയശാസ്ത്രവീക്ഷണം വേദപുസ്തക പശ്ചാത്തലത്തിൽ നമുക്ക് രൂപപ്പെടുത്തി എടുക്കാൻ കഴിയും.[23B]

വേദപുസ്തകം വിശദമായി വിശലകനം ചെയ്യുമ്പോൾ പ്രധാനപ്പെട്ട ദൈവത്തിന്റെ എല്ലാ രക്ഷാകര സംഭവങ്ങളിലും പരിശുദ്ധാത്മാവിന്റെ പൂർത്തിയാക്കുന്ന ദൗത്യം ദർശിക്കുവാൻ കഴിയും. പഴയനിയമത്തിൽ "പരിശുദ്ധാത്മാവിനെ" പുതിയ നിയമത്തിലെ പോലെയുള്ള സങ്കല്പവും ദൗത്യവുമില്ലെങ്കിൽ തന്നെയും ദൈവത്തിന്റെ ആത്മാ

www.malankaralibrary.com

വിനെ പറ്റി ഉള്ള (Spirit of God) പരാമർശങ്ങൾ ഉണ്ട്. യഹോവയുടെ ആത്മാവ് തിരഞ്ഞെടുക്കപ്പെട്ട ജനത്തോടുകൂടി ഉണ്ടായിരുന്നു. പുതിയ നിയമത്തിൽ അതെ ആത്മാവിനെ "പരിശുദ്ധാത്മാവായി" നാം മന സ്സിലാക്കുന്നു. ഈ ആത്മാവിന്റെ ദൗത്യത്തെപ്പറ്റി പൂർത്തീകരണ ജോലി യെപ്പറ്റിയുള്ള വിശദീകരണങ്ങൾ പുതിയ നിയമത്തിലാണ്. രക്ഷാകര സംഭവങ്ങളുമായി അഭേദ്യമാംവിധം പരിശുദ്ധാത്മാവ് ബന്ധപ്പെട്ടിരി ക്കുന്നു. യേശുവിന്റെ മനുഷ്യാവതാരം[24] യേശുവിന്റെ മാമ്മോദീസാ[25] യേശുവിന്റെ ഉയിർപ്പ്[26] സഭയുടെ ഉത്ഭവവും നയിക്കലും[27] തുടങ്ങിയ സംഭവങ്ങളിലെല്ലാം ആത്മാവിന്റെ ദൗത്യം വ്യക്തമായി ദൃശ്യമായി. പുതിയ നിയമത്തിൽ "പൂർത്തിയാക്കുന്നവൻ" ആണ് പരിശുദ്ധാത്മാവ്. കുർബ്ബാനയിലും പരിശുദ്ധാത്മാവിന്റെ പുതിയ നിയമ സങ്കല്പം വ്യക്ത മായി (റൂഹാംഷണത്തിൽ) അനുസ്മരിക്കുന്നു.

കുർബാനയിൽ നാമുപയോഗിക്കുന്ന പ്രാർത്ഥന ഒരു കാര്യം കൂടി വ്യക്തമാക്കുന്നു. "പരിശുദ്ധാത്മാവ് ആവസിച്ചു"[28] എന്നാണ് വൈദീ കൻ ചൊല്ലുന്നത്. ലൂക്കോസിന്റെ സുവിശേഷത്തിലെ മറിയത്തോടുള്ള മനുഷ്യാവതാരത്തിന്റെ അറിയിപ്പിലും ഇതേവാക്യം തന്നെ കാണുന്നു. "പരിശുദ്ധാത്മാവ് നിന്റെ മേൽ വരും"[29] ഈ സമാന്തരത്വം കുർബാന യിൽ മാതാവിനുള്ള സ്ഥാനം കൂടുതൽ ആഴമായി മനസിലാക്കാൻ നമ്മെ ആഹ്വാനം ചെയ്യുന്നു. ഈ സമാന്തരത്വത്തിന്റെ സംഗത്വം മനസിലാ ക്കേണ്ടത് ഈ ലോകവും സ്വർഗ്ഗീയ ലോകവും തമ്മിലുള്ള ബന്ധത്തിന്റെ മാതൃകയിൽ വേണം. കുർബ്ബാനയിലെ റൂഹാക്ഷണത്തിൽ പരിശുദ്ധാ ത്മാവ് സ്രഷ്ടാവിന്റെ സൃഷ്ടവസ്തുക്കളിലുള്ള പുതിയതും ശരിയായ തുമായ ബന്ധം വ്യക്തമാക്കുന്നു. ഭൂമിയിലുള്ള ഫലങ്ങളെ പ്രതിനിധാനം ചെയ്യുന്ന മനുഷ്യന്റെ സമർപ്പണത്തെ പ്രതിനിധീകരി ക്കുന്ന അപ്പവും വീഞ്ഞും യേശുവിന്റെ ശരീരരക്തങ്ങളായി പരിശുദ്ധാ ത്മാവിന്റെ ആവാസത്തോടെ രൂപാന്തരം പ്രാപിച്ച് പൂർത്തിയാക്കപ്പെടുന്നു.

ഇതേ പ്രക്രിയ തന്നെയാണ് മാതാവിലും പരിശുദ്ധാത്മാവിന്റെ ആഗമനത്തോടുകൂടി നടക്കുന്നത്. പരിശുദ്ധാത്മാവിന്റെ വരവോടുകൂ ടി, ആവാസത്തോടുകൂടി വെറും മനുഷ്യവ്യക്തിയായിരുന്ന മറിയം ദൈവത്തിന്റെ രക്ഷാകര സംഭവത്തിന് സാക്ഷിയാകുവാൻ ആത്മാവി നാൽ രൂപാന്തരപ്പെടുന്നു. രണ്ടിടത്തുമുള്ള പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളുടെ ആത്യന്തികഫലം ഒന്നുതന്നെയാണ്. ഈ സമീപ നത്തോടുകൂടി മാതാവ് ചെയ്തതുപോലുള്ള വിശ്വാസപ്രഖ്യാപനം


www.malankaralibrary.com

റൂഹാക്ഷണവസരത്തിൽ വിശ്വാസ സമൂഹത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവണം. മാതാവ് പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ട് ക്രിസ്തുവിനെ ഉൾക്കൊണ്ടതുപോലെ ആരാധനസമൂഹവും പരിശുദ്ധാത്മാവിനാൽ രൂപാന്തരപ്പെട്ട് ക്രിസ്തുവിനെ ഉൾക്കൊള്ളണം.

ദബ്ഹോയിൽ അടുത്തതായി മാതാവിനെപ്പറ്റിയുള്ള പരാമർശം മധ്യസ്ഥ പ്രാർത്ഥനകളിലാണ് നാലാമത്തെ മധ്യസ്ഥപ്രാർത്ഥനയിൽ നിത്യകന്യകയും ഭാഗ്യവതിയും ദൈവമാതാവുമായ മറിയത്തെ ഓർക്കുന്നു. അവളോട് പ്രാർത്ഥന യാചിക്കുന്നു. ഇവിടെ മാതാവിന് നൽകുന്ന ഓരോ വിശേഷണവും മരിയശാസ്ത്രാധിഷ്ഠിതമാണ്. സഭ നൂറ്റാണ്ടുകളിലൂടെ രൂപപ്പെടുത്തിയ മാതാവിലുള്ള വിശ്വാസം ഒരിക്കൽ കൂടി കുർബാനയിൽ ഓർക്കുന്നു. മാതാവിന്റെ ദൈവമാതൃത്വവും നിത്യ കന്യാത്വവുമൊക്കെ അരക്കിട്ടുറപ്പിക്കപ്പെട്ട ഓരോ കാലത്തും സഭയിൽ ഉണ്ടായിട്ടുള്ള പാഷണ്ഡതകൾക്കും ഒക്കെ എതിരായി ആഘോഷി ക്കപ്പെട്ടിട്ടുള്ള യാഥാർത്ഥ്യങ്ങൾ ആണ് ഇവ. ഈ വിശേഷണങ്ങളുടെ അടിസ്ഥാനപരമായ ഉത്ഭവം മരിയശാസ്ത്രാധിഷ്ഠിതം എന്നതിനെ ക്കാൾ ക്രിസ്തുശാസ്ത്രാധിഷ്ഠിതമാണ്, പാഷണ്ഡതകൾക്കെതിരാ യുള്ള വിശ്വാസ പ്രഖ്യാപനങ്ങൾ ആണ്.

**കുർബ്ബാനസ്വീകരണവും മാതാവും**

നമ്മുടെ കുർബ്ബാനയിലെ നാലാമത്തെയും അവസാനത്തെയും ഭാഗമാണ് Communion Service, കുർബ്ബാന സ്വീകരണം, കൃതജ്ഞ താപ്രകാശനം തുടങ്ങിയവയാണ് ഈ ഭാഗത്തെ പ്രധാനപ്പെട്ട സംഭവ ങ്ങൾ. ഇവിടെ മാതാവിനെപ്പറ്റിയുള്ള പരാമർശങ്ങൾ "ഹുത്തോമോ" യിലും ധൂപ പ്രാർത്ഥനയിലുമാണ് ദർശിക്കാവുന്നത്. മാതാവിനോടുള്ള ഹുത്തോമോ പ്രാർത്ഥനകളിലെല്ലാം നിഴലിച്ചു നിൽക്കുന്ന ആശയങ്ങൾ ഇവയാണ് "മാതാവ് നിർമ്മലയാണ്, ഭാഗ്യവതിയാണ് ഭാഗ്യപൂർണ്ണയായ മാതാവിന്റെ ആരോഹണം വിസ്മയമുള്ളതാണ്. മാതാവിന്റെ ഉദരഫ ലമാണ് മാതാവിന്റെ ഭാഗ്യത്തിനും ഓർമ്മ അനുസ്മരിക്കുന്നതിനുമുള്ള കാരണം."[30] മാതാവിനെപ്പറ്റിയുള്ള ഈ ആശയങ്ങൾ എല്ലാംതന്നെ അർത്ഥസംപുഷ്ടവും ഒരിക്കൽ കൂടി മാതാവിൽ ഉള്ള വിശ്വാസം പ്രഖ്യാപിക്കുന്നതുമാണ്. മാതാവിന്റെ സ്വർഗ്ഗാരോപണത്തെപറ്റിയുള്ള പരാമർശം പ്രത്യേകം ശ്രദ്ധേയമാണ്. അതിൽ സഭ സന്തോഷിക്കുന്നു. മാതാവിനെ വിളിച്ചുകൊണ്ട് ആരംഭിക്കുന്ന കുർബ്ബാന മാതാവിനെ സ്തുതിച്ചുകൊണ്ട് 'ഹുത്തോമോ' പ്രാർത്ഥനയിലൂടെ അവസാനിക്കു



www.malankaralibrary.com

ന്നു. നോക്കുക, എത്ര മനോഹരമായ ചിത്രമാണ് മാതാവിനെപ്പറ്റി കുർബാനയിലുള്ളത്. മാതാവിന്റെ ദൈവമാതൃത്വം, കന്യാത്വം, അമലോത്ഭവം, വാങ്ങിപ്പ് എന്നിവയെല്ലാം വിശ്വാസസംഹിതകളായി പ്രഖ്യാപിക്കാതെ തന്നെ വിശ്വാസമായി ആഘോഷിക്കുന്ന സഭയുടെ പ്രത്യേകതയാണ് നാമിവിടെ ദർശിക്കുന്നത്.

ആഡംബരപൂർവ്വമുള്ള കുർബാനയാണ് ചൊല്ലുന്നതെങ്കിൽ മാതാവിന്റെ ബഹുമാനാർത്ഥം ഉള്ള ധൂപ പ്രാർത്ഥന നടത്തുന്നു. ഒന്നാമതായി ധൂപാർപ്പണത്തിന്റെ ഉദ്ദേശം ധൂപമർപ്പിക്കുന്ന വ്യക്തിയെ ബഹുമാനിക്കുക എന്നതാണ്. സ്വയം വിശുദ്ധീകരണത്തിന്റെയും, മനുഷ്യന്റെ പ്രാർത്ഥനയുടെ പ്രതീകവുമാണ് ധൂപം. ധൂപമർപ്പിച്ചുകൊണ്ട് പ്രാർത്ഥിക്കുകയാണ് "മറിയാമിനുവേണ്ടി പരിമള ധൂപചുരുൾ വായുവിലൂടെ ഉയരുന്നു"[31] ധൂപാർപ്പണത്തിലൂടെ മാതാവിനെ ബഹുമാനിക്കുന്നു. മറിയാമിന്റെ മഹത്വത്തിനായിട്ടാണ് ധൂപം അർപ്പിക്കപ്പെടുന്നതും.

മാതാവിനോടുള്ള കുക്കിലിയോൻ പ്രാർത്ഥനയിൽ നിന്നാൾ സ്തുതി[32] 45-ാം സങ്കീർത്തനം 9 മുതൽ 13 വരെയുള്ള വാക്യങ്ങളുടെ ഗാനരൂപമാണ് ഇതൊരു രാജകീയ സങ്കീർത്തനമായാണ്[33] എഴുതപ്പെട്ടത്. ഇസ്രായേൽ രാജാവിന്റെ പുത്രിയുടെ വിവാഹാവസരത്തിലാണ് ഇത് എഴുതപ്പെട്ടത്. ആ വിവാഹം ഒരു പുറംജാതിക്കാരനുമായിട്ടായിരുന്നു[34] ഈ സങ്കീർത്തനത്തെയാണ് മാതാവിന്റെ സ്തുതിക്കായി പിതാക്കന്മാർ ഗാനരൂപത്തിലാക്കിയത് വളരെയർത്ഥവത്തും ഉചിതവുമാണ്. മാതാവ് ഇസ്രായേലിന്റെ പുത്രിമാത്രമല്ല സകല ജനത്തിന്റെയും പ്രതിനിധിയാണ് പുറംജാതിക്കാരനുമായി ബന്ധം പുലർത്താനുള്ള ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട പുത്രിയാണ് മറിയം. ക്രിസ്തുവിന്റെ വരവോടുകൂടി ജാതിവംശ കോട്ടകൾ തകരുന്നു. എല്ലാവരും ക്രിസ്തുവിൽ ഒന്നാകുന്നു ഇതിന് വഴി ഒരുക്കിയത് മറിയമാണ്. ആയതിനാൽ ഈ സ്തുതിപ്പ് മാതാവിന് ചേരുന്നതാണ്.

എക്ബോയിൽ മാതാവിന്റെ മാധ്യസ്ഥം യാചിക്കുന്നു. ഞങ്ങൾക്കുവേണ്ടി നിന്റെ പുത്രനോട് യാചിക്കണമെന്ന് അപേക്ഷിക്കുന്നു. 'കോലോ'കളിൽ മംഗളവാർത്ത അനുസ്മരിക്കുന്നു. എക്ബോയും കോലോയും വിശ്വാസികളെ സംബന്ധിച്ചിടത്തോളം മാതാവിനെ പറ്റിയുള്ള മനസിലാക്കലിന്റെ രണ്ട് മുഖങ്ങൾ മാത്രമാണ് മംഗലവാർത്തയും മാതാവിലുള്ള വിശ്വാസവും. മംഗലവാർത്തയാണ് മാതാവിന്റെ ജീവിതത്തിലെ ആദ്യബിന്ദു. അതിലൂടെ മാതാവ് ബഹുമാനിതയായി ആ


www.malankaralibrary.com

മാതാവിനോട് മാധ്യസ്ഥം യാചിച്ചുകൊണ്ട് മാതാവിൽ കുർബാനയിലൂടെ വിശ്വാസമർപ്പിക്കുന്നു. ചുരുക്കത്തിൽ വി.കുർബാനയിൽ ദൃശ്യമായും അദൃശ്യമായും മാതാവിന്റെ സാന്നിധ്യമുണ്ട്. ഇത് ആരാധനാസമൂഹം മനസിലാക്കുകയും അതനുസരിച്ച് രഹസ്യമായും പരസ്യമായും മാതാവിനെ അനുസ്മരിക്കുകയും മാതാവിലുള്ള വിശ്വാസവും പ്രത്യാശയും ഏറ്റു പറയുകയും ചെയ്യണം.

## *Footnotes*

1. ഡോ. ലൂയിസ് മൂലവീട്ടിൽ ഒ.ഐ.സി., യാക്കോബിന്റെ അനാഫുറ ഒരു പഠനം, കോട്ടയം Cfr. Page 63ff
2. വി.കുർബാന തക്സ, 1981, പേജ് 12
3. Ibid, P.13, 4. Ibid, P.14
5. Ibid, P.20, 6. Ibid, P.20
7. Ibid, P.22
8. Ibid, P.29
9. പുറ 12/21ff
10. യോഹ 1:29 ff
11. വി.കുർബാന തക്സ, 1972 പേജ് 222ff
12. Ibid, P.225, 13. Ibid, P.227
14. Ibid, P.243, 15. Ibid, P.251
16. Ibid, 1981, P.125
17. Ibid, P.126, 18. Ibid, P.126
19. Cfr. ആധ്യായം പ്രതീകങ്ങളും സാദൃശ്യങ്ങളും, പേജ്-160
20. കുർബാന തക്സ, 1981, പേജ് 32
21. Ibid, P.32, 22. Ibid, P.37
23. Ibid, P.39, 24. ലൂക്കാ 1:35
25. ലൂക്കാ 3:21-23, 26. 1പത്രോ 3:18
27. നടപടി 1:1ff
28. വി.കുർബാന തക്സ, 1981, പേജ് 39
29. ലൂക്കാ 1:35, 30. വി.കുർബാന തക്സ, 1972, P.219
31. Ibid, P.239, 32. Ibid, P.258
33. The Jerome Biblical Commentary, Banglore, TPI, Cfr. Psalms, p.583.
34. സങ്കീർത്തനം 45:11-13



www.malankaralibrary.com

# 3

# ദൈവമാതൃത്വം

ഇനിയുമുള്ള അധ്യായങ്ങളിൽ പ്രധാനമായും മരിയശാസ്ത്ര ദർശനവിശദീകരണങ്ങളാണ്. പ്രാർത്ഥനകളുടെ വിശദീകരണത്തിലൂടെയാണ് നാം മരിയശാസ്ത്ര ദർശനങ്ങളിലേക്ക് കടന്നുവരുന്നത്. ഈ സമീപനത്തിന് സ്വാഭാവികമായി ഒരു ബുദ്ധിമുട്ടുണ്ട് ആരാധനയിലെ പ്രത്യേകതയായ വിഷയാവതരണത്തെ അത് സാരമായി ബാധിക്കും. പ്രാർത്ഥനകളിൽ ഒരേ ആശയംതന്നെ പലയിടത്തും അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. പൗരസ്ത്യസഭകളുടെ ആരാധനയുടെ ഒരു മേൻമയാണിത്. എന്നാലിതു വസ്തുനിഷ്ഠമായ പഠനത്തെ സാരമായി ബാധിക്കും. ആയതിനാൽ തുടർന്നുള്ള അധ്യായങ്ങളിൽ മരിയശാസ്ത്രദർശനങ്ങൾ ചില തലക്കെട്ടുകളിൽ അവതരിപ്പിക്കുകയാണ്. ഉദാഹരണമായി വിഷയം, വിഷയാവതരണം, ആരധനയിലെ പരാമർശം, പിതാക്കന്മാരുടെ സാക്ഷ്യം അതിന്റെ ആനുകാലിക സന്ദേശവും പ്രസക്തിയും എന്നീ സമീപനമാണ് പഠനത്തിന് സ്വീകരിച്ചിരിക്കുന്നത്. പിതാക്കന്മാരുടെ വിഷയത്തെപ്പറ്റിയുള്ള വീക്ഷണങ്ങൾ പഠനത്തെ പൂർണ്ണമാക്കും. കാരണം ആരാധനയുടെ രൂപീകരണത്തിന് അതുല്യമായ സേവനം ചെയ്തിട്ടുള്ളവരാണ് ആദിമ സഭാപിതാക്കന്മാർ. അവരുടെ മാതാവിനെപറ്റിയുള്ള വിശദീകരണങ്ങളുടെയും പഠനങ്ങളുടെയും സ്വാധീനം വളരെയധികമുണ്ട് ആരാധനയിൽ. അവർ തന്നെയെഴുതിയ ഗാനങ്ങൾ പ്രാർത്ഥനാരൂപത്തിൽ ആരാധനയിൽ നാം ചൊല്ലുന്നുമുണ്ട്. എന്തുകൊണ്ടാണ് ഈ മരിയശാസ്ത്രവീക്ഷണത്തിൽ പ്രാർത്ഥനകൾ തിരഞ്ഞെടുത്തത്? മലങ്കര സഭയെ സംബന്ധിച്ചിടത്തോളം ദൈവശാസ്ത്രം ആഘോഷിക്കുകയും മനസിലാക്കുകയും ചെയ്യുന്നത് പ്രാർത്ഥനകളിലൂടെയാണ്. സഭയുടെ വിശ്വാസം പ്രാർത്ഥനകളിലൂടെ അനുദിന ജീവിതത്തിൽ അനുഭവിക്കുകയും പ്രഘോഷിക്കുകയുമാണ് ചെയ്യുന്നത്. ദൈവശാസ്ത്രാശയങ്ങൾ നിഗൂഢമായ രീതിയിൽ പ്രാർത്ഥനകളിലൂടെ ഉടനീളം പ്രതിപാദിച്ചിരിക്കുന്നു. ഇനിയും പ്രാർത്ഥനകളിൽ വിഷയവുമായി ബന്ധമുള്ള പല പ്രതിരൂപങ്ങളും സാദൃശ്യങ്ങളും ഉണ്ട് അവ പ്രത്യേകമായി പഠനത്തിന് വിധേയമാക്കുന്നതാണ്.


www.malankaralibrary.com

എന്നൊക്കെ ദൈവം മനുഷ്യചരിത്രത്തിൽ ഇറങ്ങിവന്നിട്ടുണ്ടോ അന്നൊക്കെ വ്യക്തികളെ ക്ഷണിക്കുകയും അവരുമായി വ്യക്തിബന്ധം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനായി ദൈവം വ്യക്തികളെ വിളിച്ചിട്ടുണ്ട്, തെരഞ്ഞെടുത്തിട്ടുണ്ട് അവർക്ക് വാഗ്ദാനം നൽകി അവരുമായി ഉടമ്പടിയിലേർപ്പെട്ടിട്ടുമുണ്ട്. മനുഷ്യവംശ ശാസ്ത്രം ദൈവശാസ്ത്രത്തിന്റെ അടിസ്ഥാന ശിലയാണ്. ഇത് വളരെ വ്യക്തമായി വെളിപ്പെടുന്നത് യേശുക്രിസ്തുവിന്റെ ജനനത്തിലാണ്. ദൈവത്തിന്റെ മനുഷ്യചരിത്രത്തിലുള്ള ഇറങ്ങിവരവിൽ മനുഷ്യവംശം മുഴുവൻ യേശുവിന്റെ ജനനത്തിലൂടെ യേശുക്രിസ്തുവിൽ പൂർണ്ണത കണ്ടെത്തുന്നു. ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിലൂടെ മനുഷ്യന് ദൈവീകസ്വഭാവം കൈവന്നു. പഴയനിയമത്തിലെ ദൈവമനുഷ്യപങ്കുചേരലിന്റെ പരസ്പര പങ്കാളിത്വം വ്യക്തമായി അവതരിപ്പിക്കുന്നത് ഉടമ്പടിയിലാണ്.[1] മോശ ഉടമ്പടി ഉറപ്പിക്കാനായി മലയിലേക്ക് കയറിപ്പോയി. ദൈവവുമായി ഉടമ്പടി ഉറപ്പിക്കുന്നതിനുമുമ്പ് 'ജനങ്ങൾ' അതെ ഞങ്ങൾ വിശ്വസിക്കുന്നു എന്ന് പ്രത്യുത്തരം പറഞ്ഞതിനുശേഷമാണ് ഉടമ്പടി ഉറപ്പിക്കലിന്റെ പ്രതീകമായ രക്തം ജനങ്ങളിൽ മോശ തളിയ്ക്കുന്നത്.

പുതിയ നിയമത്തിലെ പുതിയ ഉടമ്പടിയിലെ ദൈവമനുഷ്യപങ്കാളിത്വത്തിന്റെ ആദ്യത്തെ പ്രതിനിധി പരിശുദ്ധ മറിയമാണ്. മാതാവാണ് പുതിയ നിയമത്തിൽ ദൈവവുമായി ഉടമ്പടി ചെയ്യുന്നത് ആദ്യമായി ദൈവമനുഷ്യപങ്കാളിത്വത്തിന് തന്നെത്തന്നെ തുറന്നു കൊടുക്കുന്നത് മറിയമാണ്. ദൈവത്തിന്റെ കൃപയാലും മറിയത്തിന്റെ സ്വാതന്ത്ര്യത്താലു മാണിത് സഫലമായത്. ദൈവസന്നിധിയിലുള്ള മാതാവിന്റെ ഈ തുറന്നു വയ്ക്കൽ പൂർണ്ണമായിരുന്നു. പഴയനിയമത്തിൽ ഇസ്രായേൽ ജനം ചെയ്തതുപോലെ പുതിയ നിയമത്തിൽ രക്തത്താലല്ല, ദൈവവചനത്തിലുള്ള വിശ്വാസത്താൽ മറിയം ദൈവവുമായി ഒരു ഉടമ്പടിയിൽ ഏർപ്പെട്ടു. മനുഷ്യചരിത്രത്തിലും ദൈവീക രഹസ്യത്തിലുള്ള ഈ ഉടമ്പടി മറിയത്തെ പുതിയ ഇസ്രായേലിന്റെ മാതാവാക്കി.

മാതാവിന്റെ ദൈവവചനത്തോടുള്ള ഈ ഉടമ്പടി മനുഷ്യാവതാരത്തിന്റെ ആന്തരീകവും സഖിതാത്മകവുമായ മാതൃകയാണ് ഈ ഉടമ്പടിയിലൂടെ മറിയത്തിന് ഒരു പുതിയ നാമം ലഭിച്ചു, അതാണ് ദൈവമാതാവ്. മാലാഖയുടെ വചനത്തിന് അതെ എന്നു പറഞ്ഞ് പ്രത്യുത്തരം നൽകിയ നിമിഷംമുതൽ പരിശുദ്ധ മറിയം ദൈവമാതാവായി ദൈവ



www.malankaralibrary.com

ത്തിന്റെ തിരുസുതനെ ഉദരത്തിൽ പേറി, തിരുസുതനെ ലോകത്തിന് നൽകി.

ക്രിസ്തീയ വീക്ഷണപ്രകാരം യേശുക്രിസ്തു പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമാണ്. ആയതിനാൽ യേശുവിന് രണ്ട് ജനനമുണ്ട്. ദൈവപിതാവിൽ നിന്ന് ആദിമുതൽ തന്നെയുള്ള ദൈവീകജനനത്തിലൂടെ യേശുക്രിസ്തുവിന്റെ പിതാവ് ദൈവമായി. കാലത്തിന്റെ പൂർണ്ണതയിൽ മറിയാമിൽ നിന്നുള്ള ശാരീരിക ജനനത്തിലൂടെ മറിയം യേശുവിന്റെ മാതാവുമായി. യേശുക്രിസ്തു മറിയത്തിന് പുത്രനുമായി പൗരസ്ത്യസഭകൾ എല്ലാംതന്നെ മറിയത്തെ ദൈവപുത്രനായ യേശുവിന്റെ മാതാവായിട്ടാണ്, ദൈവത്തിന്റെ മാതാവായിട്ടാണ് കാണുന്നത്. ഇതാണ് മാതാവിന്റെ ദൈവമാതൃത്വദർശനത്തിന്റെ സംക്ഷിപ്തരൂപം.

സുവിശേഷങ്ങളിൽ മറിയത്തെ യേശുവിന്റെ മാതാവായി ചിത്രീകരിക്കുന്ന പല ഭാഗങ്ങൾ ഉണ്ട്. അവർ ഭവനത്തിൽ പ്രവേശിച്ച് ശിശുവിനെ അമ്മയായ മറിയത്തോടു കൂടി കാണുകയും... (മത്തായി 2:10) അവന്റെ അമ്മയും സഹോദരന്മാരും വന്ന് പുറത്തു നിന്നുകൊണ്ട് അവനെ വിളിക്കാൻ (മർക്കോസ് 3:31-35) എന്റെ കർത്താവിന്റെ അമ്മ എന്റെയടുത്തുവരാനുള്ള ഈ ഭാഗ്യം എനിക്ക് എവിടെ നിന്ന് (ലൂക്കാ 1:41-43; മത്താ 2:33-34) യേശുവിന്റെ അമ്മ അവിടെ ഉണ്ടായിരുന്നു (യോഹ 2:2f; 19:25f) അവർ ഏകമനസോടെ യേശുവിന്റെ അമ്മയായ മറിയത്തോടും (നടപടി 1:14) തുടങ്ങിയ വേദഭാഗങ്ങൾ ചില ഉദാഹരണങ്ങൾ മാത്രമാണ്. മറിയം യേശുവിന്റെ അമ്മയാണെന്നുള്ള വ്യക്തമായ വീക്ഷണമാണ് സുവിശേഷങ്ങളിലും നടപടി പുസ്തകത്തിലുമുള്ളത്. ഇവിടെയെല്ലാം മറിയം യേശുവിന്റെ അമ്മ എന്നാണ് പ്രതിപാദിച്ചിരിക്കുന്നത്.

അതെ സമയം ദൈവത്തിന്റെ അമ്മയാണ് മറിയം എന്ന പരാമർശത്തിന് സുവിശേഷങ്ങളിൽ വലിയ സ്ഥാനമില്ല. കാരണം യേശുവിന്റെ മനുഷ്യത്വവുമായി ബന്ധപ്പെടുമ്പോൾ മാത്രമാണ് മറിയത്തിന് രക്ഷാകരചരിത്രത്തിൽ സ്ഥാനം. ആയതിനാൽ മാതാവിന് 'ദൈവമാതൃത്വം' എന്ന വിശേഷണം നാം നൽകുമ്പോൾ യേശുവിന്റെ മനുഷ്യത്വത്തെ അതിന്റെ പൂർണ്ണതയിൽ നാം മനസ്സിലാക്കണം. മനുഷ്യന്റെ മാഹാത്മ്യം ദൈവം അംഗീകരിക്കുന്നു എന്നതിന്റെ തെളിവാണല്ലോ മനുഷ്യാവതാരം. ദൈവമായിരുന്ന ക്രിസ്തു മനുഷ്യനായി, ദൈവമാ


www.malankaralibrary.com

യിരുന്ന ക്രിസ്തുവിന് അവതരിക്കാൻ ഉദരം ഒരുക്കിയവൾ മറിയമാണ്. അവൾ ഒരു രഹസ്യമാണ്, ഒരു വെളിപാടാണ്. ആയതിനാൽ ദൈവമാതൃത്വം ഒരു രഹസ്യമാണ്, ഒരു വെളിപാടുമാണ്.

ഒരു പ്രശ്നം വിശകലനം ചെയ്യുന്നതുപോലെ രഹസ്യത്തെ വസ്തുനിഷ്ഠമായി വിശകലനം ചെയ്യുവാൻ കഴിയുകയില്ല. രഹസ്യത്തിൽ ആഴമായുള്ള ജീവിതവും വിശ്വാസവും ആണ് ആവശ്യം. മറിയത്തിന്റെ ദൈവമാതൃത്വം എന്ന രഹസ്യം ക്രിസ്തുവിന്റെ പ്രാഭവപൂർണ്ണമായ പ്രവർത്തനത്തിനനുസൃതമായി വിശ്വസിക്കുന്നവരായ നമ്മിലേക്ക് പ്രവഹിക്കുന്ന യേശുവിന്റെ അപരിമേയമായ ശക്തിയുടെ മഹനീയത[2] എന്തെന്ന് നമുക്ക് വെളിവാക്കി തരുന്നു നാം അതിൽ ജീവിക്കുന്നു. "ദൈവമാതൃത്വത്തിലൂടെ ദൈവം ക്രിസ്തുവിൽ വ്യക്തമാക്കിയ പദ്ധതിയുടെ രഹസ്യം നമുക്ക് മനസിലാക്കി തന്നു."[3]

മാതാവിന്റെ ദൈവമാതൃത്വം ഒരു വെളിപാടാണ് എങ്ങനെയാണ് ദൈവം മനുഷ്യനുമായി ബന്ധപ്പെടുന്നത് എന്നതിന്റെ വ്യക്തമായ വെളിപാടാണ് മാതാവ്. തന്നെത്തന്നെ പൂർണ്ണമായി തുറന്നു കൊടുത്തപ്പോൾ നിന്റെ വചനം പോലെ എനിക്ക് ഭവിക്കട്ടെ എന്നു പറഞ്ഞപ്പോൾ ആണ്, ആത്മാവ് അവളിൽ പ്രവേശിച്ചത്. ഈ വെളിപാടിലൂടെ മാതാവിന് ദൈവമാതൃത്വം കൈവന്നു (ദൈവമാതൃത്വസ്ഥാനം). വചനത്തിന് തുറന്നു കൊടുത്താൽ ദൈവീകരഹസ്യങ്ങൾ വെളിപ്പെടും എന്നതിന്റെ ഉദാത്തമായ മാതൃകയാണ് മറിയത്തിന്റെ ദൈവമാതൃത്വം.

നമ്മുടെ ആരാധനയിൽ നിറഞ്ഞുനിൽക്കുന്ന മാതാവിനെപ്പറ്റിയുള്ള പ്രധാനപ്പെട്ട ഒരു ദർശനമാണ് ദൈവമാതൃത്വം. ആരാധനയിൽ മാതാവിനെപ്പറ്റി പറയുമ്പോൾ സഭ ഉപയോഗിക്കുന്നൊരാശയമാണ് ദൈവത്തിന്റെ മാതാവാണ് മറിയം എന്നുള്ളത്.

"ദൈവമാതാവിന് പ്രകീർത്തിയും അവളുടെ പ്രാർത്ഥനയാൽ നമുക്ക് സഹായങ്ങളും ഉണ്ടാകട്ടെ"[4] "കന്യകയായ ദൈവമാതാവ്"[5] "ദൈവാത്മജന്റെ മാതാവായി തീർന്ന നിർദ്ധന പുത്രി"[6] "ദൈവസുതൻ തൻ മാതാവായ് തീർന്നവളാം മറിയാമിന്നായ്"[7] "ദൈവത്തിൻ തിരുസുതമാതാവെ നീ ഭാഗ്യവതി"[8] "സംയോഗമതേന്യേ ശുദ്ധരിൻ ദൈവത്തിൻ മാതാവായൊരു ധന്യേ"[9] "ദൈവഹിതാൽ തൻ മാതാവായൊരു ഈശൻ ദാസി"[10] "ദൈവാത്മജനെ ഒൻപതുമാസംവഹിച്ചോൾ"[11] "പ്രപഞ്ചത്തെ ഉണ്ടാക്കിയവന്റെ മാതാവാണ് മറിയം"[12]



www.malankaralibrary.com

"മാതാവ് തന്നെ പറയുന്നു ഞാൻ ദൈവത്തിന്റെ മാതാവാണ്".[13] "ദൈവം തന്റെ ദാനങ്ങൾകൊണ്ട് നിറച്ച് അവന്റെ അമ്മയാകുന്നതിനു വേണ്ടി ദേവാലയത്തിൽനിന്ന് തിരഞ്ഞെടുത്തു"[14] "മാതാവ് പ്രപഞ്ചത്തിന്റെ മുഴുവൻ അമ്മയാണ്"[15] "നീതിയുടെ പുത്രന്റെ അമ്മ"[16] "ഞങ്ങളുടെ പൊതുവായ അമ്മയും ജീവിതത്തിന്റെ ഉറവയുമാണ് മറിയം".[17]

നമ്മുടെ ആരാധനയിൽ നിന്നും പലയിടത്തും മറിയം ദൈവമാതാവാണെന്ന് പ്രഖ്യാപിക്കുന്ന ചില പ്രാർത്ഥനകൾ ആണ് മുകളിൽ പ്രതിപാദിച്ചിരിക്കുന്നത്. ഈ പ്രാർത്ഥനകളിൽ എല്ലാം തന്നെ യാതൊരു സങ്കോചവുമില്ലാതെ മറിയത്തെ ദൈവമാതാവായി സഭ കാണുന്നു. മരിയ വിജ്ഞാനത്തിലേക്ക് നാം കടന്നുചെന്നാൽ മറിയത്തിന് എഫേസൂസ് സൂനഹദോസ് നൽകുന്ന യൽദോസ് ആലോഹോ 'തെയോറ്റോക്കോസ്' എന്നതാണ്. എഫേസൂസ് സൂനഹദോസിനുശേഷം രൂപം കൊണ്ടുവന്ന പ്രാർത്ഥനകളിലെല്ലാംതന്നെ ഈ നാമം പരിശുദ്ധ മറിയത്തിന് നൽകപ്പെട്ടു. ആരാധനയിൽ അതെ പദം തന്നെ ഉപയോഗിച്ചുപോരുകയും ചെയ്തു. ഇപ്രകാരമുള്ള ഒരു നാമത്തിൽ മാതാവ് അറിയപ്പെടാനുള്ള കാരണം ആദിമുതൽതന്നെ അതിനായി ദൈവം മറിയത്തെ തിരഞ്ഞെടുത്തതുകൊണ്ടാണ് എന്ന് ആരാധന സാക്ഷിക്കുന്നു[18] നമ്മുടെ വീക്ഷണപ്രകാരം ദൈവത്തിന്റെ ഈ തിരഞ്ഞെടുപ്പാണ് മറിയത്തിന്റെ ദൈവ മാതൃത്വത്തിന്റെ കാരണം ദൈവം തന്റെ ദാനങ്ങൾകൊണ്ട് അവളെ നിറച്ചു ദൈവമവളെ തിരഞ്ഞെടുത്തു. ദൈവത്തിന്റെ മാതാവാകുന്നതിനായി[19] നമ്മുടെ ആരാധനയിലെല്ലാംതന്നെ നിഴലിച്ചുനിൽക്കുന്ന ഒരാശയമാണ് ഈ തിരഞ്ഞെടുപ്പിലൂടെയുള്ള മാതാവിന്റെ മാതൃത്വം.

ദൈവമാതാവ് എന്നുവിളിച്ച് മറിയത്തെ പാടിപുകഴ്ത്തുന്നതോടൊപ്പം തന്നെ ദൈവസുതന്റെ മാതാവ് എന്നാണ് ആരാധനയിൽ മറിയത്തെ അഭിസംബോധന ചെയ്യുന്നത്.[20] ഇതിൽനിന്നും നാം മനസിലാക്കുന്നത് 'മറിയം ദൈവമാതാവ്' ആണെന്ന് അർത്ഥമാക്കുമ്പോൾ ദൈവസുതന്റെ മാതാവാണ് മറിയം എന്നതാണ്. പിതാവായ ദൈവത്തിന്റെ മാതാവല്ല മറിയം, പരിശുദ്ധാത്മാവായ ദൈവത്തിന്റെ മാതാവല്ല മറിയം മറിച്ച് ദൈവസുതനായ യേശുക്രിസ്തുവിന്റെ മാതാവ് മാത്രമാണ് മറിയം. ഈ രീതിയിലുള്ള മനസ്സിലാക്കൽ നമ്മുടെ സഭയ്ക്ക് ആവശ്യമാണ്. കാരണം "ദൈവം" എന്ന സംജ്ഞകൊണ്ട് ചിലപ്പോ



www.malankaralibrary.com

ഴെക്കെ ത്രിത്വത്തെയാണ് അർത്ഥമാക്കുന്നത്. ദൈവത്തിന്റെ മാതാവ് എന്ന് മറിയത്തെ വിളിക്കുമ്പോൾ ത്രിത്വത്തിലെ മൂന്നാളുകളുടെയും മാതാവായി മറിയം മാറുന്നു എന്ന സംശയം സഭയിലുണ്ടായിട്ടുണ്ട്. വീണ്ടും ദൈവത്തിന്റെ മാതാവ് എന്ന് മറിയത്തെ വിളിക്കുമ്പോൾ പിതാവായ ദൈവത്തിനും പരിശുദ്ധാത്മാവിനും ഓരോ പിതാക്കന്മാർ ആവശ്യമാണ്. ഇപ്രകാരമുള്ള ഒരു തെറ്റായ ചിന്താരൂപീകരണത്തിലേക്ക് കടന്നുചെല്ലാൻ സാധ്യതയുള്ളതുകൊണ്ടായിരിക്കാം നമ്മുടെ ആരാധനയിൽ മറിയത്തെ ദൈവസുതന്റെ മാതാവ് എന്ന് വിളിക്കുന്നത്. മറിയത്തെ ദൈവസുതന്റെ മാതാവ് എന്നു വിളിക്കുമ്പോൾ ത്രിത്വത്തിലെ മൂന്നാളുകളുടെയും മാതാവായി മറിയം മാറുന്നു എന്ന സംശയം സഭയിലുണ്ടായിട്ടുണ്ട്. വീണ്ടും ദൈവത്തിന്റെ മാതാവ് എന്ന് മറിയത്തെ വിളിക്കുമ്പോൾ ഒരാശയം വ്യക്തമാണ് മറിയം ദൈവപുത്രനായ യേശുവിന്റെ മാതാവ് മാത്രമാണ്. മറിയത്തിൽ നിന്നുമാത്രമാണ് ദൈവപുത്രനായ യേശു ജനിച്ചത്. മറിയത്തിന് വണക്കം നൽകിയിരിക്കുന്ന "ദൈവസുതന്റെ മാതാവ്" എന്ന നാമം തികച്ചും ഉചിതവും മരിയശാസ്ത്രാധിഷ്ഠിതവുമാണ്.

പലതുകൊണ്ടും നമ്മുടെ ആരാധനയിലുള്ള ദൈവമാതൃത്വം പ്രാധാന്യമർഹിക്കുന്നതാണ്. മറിയം ദൈവത്തിന്റെ മാതാവായത് വിവാഹബന്ധത്തിലൂടെയല്ല.[21] ദൈവഹിതാൽ ആണ് അവൾ മാതാവായത്.[23] ഈ പ്രാർത്ഥനകൾ വിരൽചൂണ്ടുന്നത് വെറും മാനുഷികമായ ദൈവമാതൃത്വമല്ല മറിച്ച് അസാധാരണമായ ദൈവമാതൃത്വമാണ് മറിയത്തിന്റേത് എന്നത്രേ. അത് മനുഷ്യയുക്തിക്കതീതമാണ്. അതുകൊണ്ടുതന്നെയാണ് മാതാവു തന്നെ പറയുന്നത് "പുംസംബന്ധമെഴാഗർഭമതെങ്ങനെ ഭവ്യം, യുക്തിയതെന്നെ ഗ്രഹിപ്പിക്കൂ, വിശ്വാസം, വിഷമം, ഞാനോ കന്യകയാൽ വൈവാഹിക വാഞ്ചയതില്ലാത്തോൾ"[24] ഈ പ്രാർത്ഥനകളുടെ മറ്റൊരു പ്രത്യകത വേദപുസ്തകാധിഷ്ഠിതമാണ്, വീണ്ടും ആരാധനയിൽ മാതാവിന്റെ മാതൃത്വത്തിലുള്ള പ്രത്യേകത കന്യകയാണ് പ്രസവിക്കുന്നത് എന്നതാണ്. ആരാധനയിൽ പലയിടത്തും മറിയത്തെ വിളിക്കുന്നത് കന്യകായ ദൈവമാതാവേ എന്നാണല്ലോ[25] മാതാവിന്റെ ആരാധനയിലുള്ള ദൈവമാതൃത്വത്തിൽ മറ്റൊരു പ്രത്യേകതകൂടി ഉണ്ട് സാധാരണ ഒരു മാതാവ് കുഞ്ഞിനെ പ്രസവിക്കുമ്പോൾ വേദനയോടുകൂടിയാണ് എന്നാൽ ആരാധനയിലുള്ള മറിയത്തിന്റെ പ്രസവം സാധാരണ മാതാക്കളിൽ നിന്നും തികച്ചും വ്യത്യ



www.malankaralibrary.com

സ്തമായിരുന്നു. "യേശുവിന്റെ വേദനയില്ലാത്ത ജനനം"[26] വേദനയില്ലാതെയാണ് മറിയം യേശുവിനെ പ്രസവിച്ചത്. ഇങ്ങനെയുള്ള പരാമർശം ആരാധനയിലെതന്നെ ഗാനരൂപ പ്രക്രിയയുടെ സംഭാവനയായിരിക്കാം. മരിയശാസ്ത്രപരമായുള്ള ഒരു വീക്ഷണം അതിനില്ല എന്നും വേണം അനുമാനിക്കുവാൻ. ആരാധനയിൽ കന്യകയായ മറിയം ദൈവത്തിന്റെ മാത്രം മാതാവല്ല നമ്മുടെയെല്ലാവരുടെയും മാതാവാണ്[27] മാതാവിന്റെ പൊതുമാതൃത്വം ആണിവിടെയുള്ള പരാമർശങ്ങൾ ദൈവസുതന്റെ മാതാവായതിലൂടെ മറിയം ക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവരുടെയും മാതാവായി. ഏറ്റം വലിയ ഒരു മരിയശാസ്ത്ര വീക്ഷണമാണല്ലോ മറിയം ദൈവസുതന്റെ മാതാവായതിലൂടെ നമ്മുടെയെല്ലാവരുടെയും മാതാവായി എന്നത് ഈ ആശയത്തെപറ്റി കൂടുതലായി പിന്നീട് പരാമർശിക്കുന്നതാണ്.

നമ്മുടെ പിതാക്കന്മാർ മാതാവ് സത്യമായും ദൈവത്തിന്റെ മാതാവാണെന്ന് ഒന്നുചേർന്ന് സാക്ഷിക്കുന്നു ഈ സത്യത്തിൽ വിശ്വസിക്കാൻ സഭാസന്താനങ്ങളെ ഉപദേശങ്ങളാലും മാതൃകകളാലും ആഹ്വാനം ചെയ്യുന്നു. ക്രിസ്തുവർഷം 110-ൽ മരിച്ച അന്തോഖ്യായിലെ വിശുദ്ധ ഇഗ്നേഷ്യസ് സാക്ഷിക്കുന്നു "ആയതിനാൽ നമ്മുടെ ദൈവം യേശുക്രിസ്തു ദൈവത്തിന്റെ പദ്ധതിയിൽ മറിയത്തിൽ ഗർഭം ധരിച്ചു... തീർച്ചയായും മറിയത്തിൽ ജനിച്ചവൻ ദൈവപുത്രനാണ്.[28] ലയൺസിലെ രണ്ടാമത്തെ മെത്രാനായിരുന്ന ഐറേനിയസ് പറയുന്നു "ദൈവവചനം മറിയത്തിൽനിന്നും ജനിച്ചു. ഹവ്വാ പാമ്പിൽ വിശ്വസിച്ചു, മാതാവ് ഗബ്രിയേയിലും. മാലാഖയുടെ വചനത്തിലുള്ള വിശ്വാസത്തിലൂടെയാണ് മറിയം ദൈവത്തിന്റെ മാതാവായത്[29] പൗരസ്ത്യ സഭയിലെ പരിശുദ്ധാത്മാവിന്റെ വീണ എന്ന അപരനാമത്തിൽ അറിയപ്പെടുന്ന വി.എഫ്രേം തന്റെ ഗാനങ്ങളിലൂടെ ദൈവമാതൃത്വം ഏറ്റുപറയുന്നു.

"കന്യക ഒരു മാതാവായി
കന്യാത്വം സൂക്ഷിച്ചുകൊണ്ടുതന്നെ
ഒരു കന്യകയായിരുന്നുകൊണ്ടുതന്നെ
അവൾ കുഞ്ഞിനെ അവളുടെ ഉള്ളിൽ കൊണ്ടുനടന്നു
ദൈവജ്ഞാനത്തിന്റെ പൂർണ്ണതയാലും
കർത്താവിന്റെ ദാസ്യവും അവളെ ദൈവമാതാവാക്കി"[30]



www.malankaralibrary.com

മാതാവ് ദൈവമാതാവ് ആണെന്നുള്ള വിശ്വാസം വ്യക്തമായി പ്രസ്താവിക്കുന്നു. അലക്സാണ്ഡ്രിയായിലെ അലക്സാണ്ടർ. "യേശു ദൈവമാതാവിൽ നിന്നുമാണ് ഉത്ഭവിച്ചത്"[31] വി.അത്തനാസിയോസ് ആരിയൻ പാഷണ്ഡതകൾക്കെതിരായി ദൈവവചനത്തിന്റെ മനുഷ്യാവതാരത്തെപ്പറ്റി പ്രതിപാദിക്കുമ്പോൾ പറയുകയാണ്. യേശു കാലത്തിന്റെ പൂർത്തിയിൽ, മാതാവിൽനിന്ന് ദൈവമാതാവിൽ നിന്ന് ജനിച്ചു. യേശുവിന് ലോകത്തിൽ ഒരു മാതാവ് മാത്രമെ ഉണ്ടായിരുന്നുള്ളു സ്വർഗ്ഗത്തിൽ ഒരു പിതാവും."[32]

വി.ജറോം ഉദ്ഘോഷിക്കുന്നു; കന്യക ദൈവത്തെ പ്രസവിച്ചു ദൈവത്തെ പ്രസവിച്ചവൾ ദൈവമാതാവല്ലേ[33] അലക്സാണ്ഡ്രിയായിലെ വി.സിറിലിന്റെ പഠിപ്പിക്കൽ തീർച്ചയായും പുത്രനെ പ്രസവിച്ചവൾ ദൈവമാതാവാണ്. അവൾ ദൈവത്തെ വഹിച്ചിട്ടില്ലെങ്കിൽ അവളിൽനിന്നും ഉത്ഭവിച്ചവൻ ദൈവപുത്രനല്ല[34] വി.കന്യക ദൈവമാതാവല്ല എന്ന ആശയത്തോട് ആരെങ്കിലും യോജിക്കുന്നില്ല. എങ്കിൽ അവൻ ദൈവവുമായി ശത്രുതയിലാണ്[35] എന്ന് വി.ഗ്രിഗറി നസിയാൻസനും "ഞങ്ങൾ ഉദ്ഘോഷിക്കുന്നു വി.കന്യക നേരായും സത്യമായും ദൈവമാതാവാകുന്നു എന്ന് ജോൺ ഡമാസീനും സാക്ഷിക്കുന്നു.[36] ആദ്യകാല പിതാക്കന്മാർ എല്ലാവരും സാക്ഷ്യപ്പെടുത്തുന്നത് മറിയം ദൈവമാതാവാണെന്നുള്ള സത്യമാണ് വളരെ വ്യക്തമായി തന്നെ പൗരസ്ത്യ ആരാധനയിൽ മാതാവിന്റെ ദൈവമാതൃത്വത്തിന് ഊന്നൽ കൊടുക്കുന്നു. കാരണം ആദ്യകാല ക്രിസ്തുവിജ്ഞാനീയ ദർശന വിശദീകരണത്തിൽ പ്രാധാന്യമുണ്ടായിരുന്ന ഒരു ദൈവശാസ്ത്ര പ്രതിസന്ധിയായിരുന്നല്ലോ - "ദൈവമാതൃത്വം" എഫേസൂസ് കൗൺസിലിനു തൊട്ടുപിന്നാലെ ആയിരിക്കണം ആരാധന രൂപം കൊണ്ടുവന്നത്. അതുകൊണ്ട് പിതാക്കന്മാർ ശക്തമായ ഭാഷയിൽ തന്നെ അവരുടെ പ്രസംഗങ്ങളിലും പ്രബോധനങ്ങളിലും സഭയുടെ 'അംഗീകരിക്കപ്പെട്ട വിശ്വാസം' പറഞ്ഞുകൊടുക്കുന്നതിൽ ശ്രദ്ധരായിരുന്നു. ആ വിശ്വാസം ആരാധനയിൽ ആഘോഷിക്കപ്പെട്ടു മാതാവിനെപറ്റിയുള്ള മനസിലാക്കലിന്റെ കേന്ദ്രബിന്ദുവാണ് ദൈവമാതൃത്വം ഈ സംജ്ഞയൊന്നു മാത്രമാണ് മാതാവിന് ചരിത്രത്തിൽ സ്ഥാനവും മൂല്യവും നേടിക്കൊടുത്തത് മാതാവിൽ ഉള്ള വിശ്വാസത്തിന്റെ കേന്ദ്രബിന്ദുവായി ഈ ദർശനം ഇന്നും അഭംഗുരം പരിപാലിക്കപ്പെടുന്നു.



www.malankaralibrary.com

മാതാവിന്റെ ദൈവമാതൃത്വം നമുക്ക് തരുന്ന സന്ദേശം എന്തൊക്കെയാണ്? ദൈവമാതൃത്വം പ്രധാനമായും അടങ്ങിയിരിക്കുന്നത് ദൈവീക പദ്ധതിയോടുള്ള മാതാവിന്റെ വിധേയത്വത്തിലാണ്. ദൈവത്തിന്റെ രക്ഷാകരപദ്ധതിയോട് സഹകരിക്കാൻ മറിയം ഒരുങ്ങിയതിനാലാണ്. ഈ ഒരുക്കം, സന്നദ്ധത, മറിയത്തിന്റെ ജീവിതത്തോടും തന്റെ പുത്രന്റെ ദൗത്യത്തോടും ഉള്ള ഒരു വലിയ സമർപ്പണം ആയിരുന്നു. ഈ സമർപ്പണത്തിലൂടെ മറിയം മനുഷ്യജീവിതത്തിന്റെ തന്നെ ശാരീരിക മാനുഷീക ആധ്യാത്മിക ഭാവങ്ങളിലൂടെ കടന്നുപോകുന്നു. ശാരീരികമായി, സ്വാഭാവികമായി പുത്രനെ സ്വീകരിക്കാൻ അവൾ ഒരുങ്ങി അവളുടെ ശാരീരികാവസ്ഥയിൽ ഒരുക്കങ്ങൾ നടന്നു. ഒരു ശാരീരിക ബന്ധം അവളും പുത്രനും തമ്മിൽ സംജാതമായി. ഈ ബന്ധം പുത്രന്റെ ജനനത്തിനുശേഷം കൂടുതൽ ഹൃദ്യമായി. മറിയം മാനുഷികമായി തന്റെ പുത്രന്റെ സ്നേഹം ഉൾക്കൊള്ളുവാൻ തുടങ്ങി ആ ബന്ധത്തിലൂടെ മറിയം തന്റെ പുത്രൻ ഒരു ദാനമായും വ്യക്തിയായും അവൾക്കനുഭവപ്പെട്ടു. മറിയത്തിന്റെ വ്യക്തിത്വം പുത്രനിൽ പടിപടിയായി പതിക്കാൻ തുടങ്ങി. അങ്ങനെ  മാതാവും പുത്രനുമായി ഒരു പരസ്പരം ഇടപഴകൽ നടന്നു. യേശുവിന്റെ മാതൃത്വത്തിലൂടെ മറിയത്തിൽ മാതൃസവിശേഷമായ ഒരുക്കവും വ്യക്തി സ്നേഹവും സംജാതമായി എന്നു മാത്രമല്ല പുത്രമാതൃസഹജസ്നേഹത്തിന്റെ ബന്ധം അതിന്റെ പൂർണ്ണതയിൽ മാതാവിൽ കുടികൊള്ളുകയും ചെയ്തു.

മാതാവിന്റെ മാതൃത്വം ആധ്യാത്മികമാണ്. ആധ്യാത്മിക മാതൃത്വത്തിന്റെ അന്തർധാര തന്റെ പുത്രനുമായുള്ള ബന്ധത്തിൽനിന്നും ഉടലെടുത്തുവന്നതാണ്. മറിയം ദൈവമാതാവായത് ദൈവത്തിന്റെ വചനംകേട്ട് അതിൽ വിശ്വസിച്ചതുകൊണ്ടാണ്. ഈ വിശ്വാസമവളെ ദൈവത്തിന്റെ മാതാവാക്കി ഈ മാതൃത്വത്തിന്റെ പ്രത്യേകതയാണ് സഹനം. തന്റെ പുത്രന്റെ ജനനംമുതൽ കുരിശിന്റെ ചുവട്ടിൽ വരെ തന്റെ ഹൃദയത്തിൽ വേദനപേറിയവൾ ആണ് മറിയം. മാതാവിനെ സംബന്ധിച്ചിടത്തോളം പൂർണ്ണവിശ്വാസസമർപ്പണവും പുത്രന്റെ ദൗത്യത്തിലുള്ള സഹന സന്നദ്ധതയുമാണ് മറിയത്തിന്റെ ആദ്ധ്യാത്മിക മാതൃത്വത്തിന്റെ അടിസ്ഥാനം. ദൈവമാതൃത്വത്തിന്റെ ഏറ്റം വലിയ അർത്ഥമെന്നത് രക്ഷാകരചരിത്രത്തിൽ മനുഷ്യസഹകരണം ആവശ്യമാണെന്നുള്ള വീക്ഷണമാണ്. ദൈവം മനുഷ്യന്റെ സ്വാതന്ത്ര്യത്തെ ദൈവത്തിന് അടിയറവയ്ക്കാൻ ആവശ്യപ്പെടുന്നില്ല. മാതാവിന്റെ മംഗല



www.malankaralibrary.com

വാർത്തയിലാണ് യഥാർത്ഥ ദൈവമനുഷ്യസംവാദത്തിന്റെ പൂർണ്ണതയും ആഴവും നാം ദർശിക്കുന്നത്. മാതാവിന്റെ മാതൃത്വം രഹസ്യവും വെളിപാടുമാണ് മാതാവ് ദൈവീകരഹസ്യം വെളിപ്പെടുത്തി എന്നാൽ ഈ രഹസ്യത്തിന്റെ വസ്തുനിഷ്ഠതയും ആധികാരികതയും ഇന്നും വലിയ ഒരു ചോദ്യമായി നിലകൊള്ളുന്നു വിശ്വാസത്തിലൂടെ മാത്രം പൂർണ്ണമായി മനസ്സിലാക്കാവുന്ന ദൈവീകരഹസ്യമാണ് ദൈവമാതൃത്വം. ഈ ദൈവമാതൃത്വം ഇന്ന് ലോകത്തിൽ ഏറ്റെടുക്കുവാൻ നമുക്ക് കടമയുണ്ട്. മാതാവ് വചനം സ്വീകരിക്കാൻ ശാരീരികമായും, മാനസികമായും ഒരുങ്ങിയതുപോലെ നാമും ഒരുങ്ങണം. ഈ വെല്ലുവിളി ഏറ്റെടുക്കുവാൻ നമ്മൾ സഹകരിക്കണം. മാതാവിനെപ്പോലെ ഹൃദയം ദൈവത്തിന് തുറന്നു കൊടുക്കണം. എങ്കിൽ മാത്രമെ ദൈവമാതാവ് എന്ന് നാം മറിയത്തെ വിളിച്ചു പ്രാർത്ഥിക്കുന്നതിന്റെ പൂർണ്ണത മനസ്സിലാക്കാൻ കഴിയുകയുള്ളു. വചന മാതൃത്വ വെല്ലുവിളി വിശ്വാസത്തോടും ഉത്തരവാദിത്വത്തോടുംകൂടി ഏറ്റെടുക്കാൻ ഹൃദയ പരിവർത്തനവും വിശാലതയും ആവശ്യമാണ്. വചനത്തെപറ്റിയുള്ള ആഴമായ അറിവ്, വചനാനുഭവം ആവശ്യമാണ്. ഇത് സാധനയിലൂടെയും മനനത്തിലൂടെയും മാത്രമെ സാധിക്കുകയുള്ളു. പരിശുദ്ധമായ ഹൃദയത്തോടുകൂടി വചനത്തിലേക്ക് തിരിഞ്ഞ് വചനം മനനം ചെയ്ത് പ്രവർത്തിയിൽ കൊണ്ടുവന്ന് 'വചനസമീക്ഷ' ജീവിതമാർഗ്ഗമാക്കി തീർക്കുവാനുള്ള വെല്ലുവിളി ഏറ്റെടുക്കുന്നതിലൂടെ യേശുവിന്റെ വചന മാതൃത്വത്തിന് സാക്ഷിയാകാം.

## *Footnotes*

1 പുറ. 24:1ff

2 എഫെ 1:9ff

3 എഫെ 1:9

4 പ്രതിദിനനമസ്കാരം, ശ്ഹീമ്മോ, പേജ് 29

5 Ibid, P.31, മലങ്കരസഭയുടെ തിരുനാളുകൾ, പേജ് 1, 51,67,117,142,177

6 പ്രതിദിനനമസ്കാരം ശ്ഹിമ്മോ, പേജ് 72

7 Ibid, P.88, 235, മെനഓലം പേജ് 31

8 Ibid, P.178



www.malankaralibrary.com

9 Ibid, P.197

10 Ibid, P.97

11 Ibid, P.211

12 Harp of the Spirit Vol II, P.50

13 Ibid, P.51

14 Ibid, P. 92

15 Ibid, P.249

16 Ibid, P.285

17 Ibid, P.552

18 പ്രതിദിനനമസ്കാരം, പേജ് 16

19 Harp of the Spirit Vol II p.178

20 പ്രതിദിനനമസ്കാരം, പേജ് 88

21 Ibid, P.211

22 Ibid, മെനഓലം, പേജ് 97

23 Ibid, P.197

24 Ibid, P.143, 159

25 Ibid ശ്ഹീമ്മോ, പേജ് 31, മെനഓലം പേജ് 177

26 Harp of the Spirit Vol II p.554

27 Harp of the Spirit Vol II p.250, 252

28 Jur gens, Williams, A, The Faith of the Early Fathers, Banglore, TPI Vol, P.18

29 Ibid P.93 No.223

30 Ibid P.1312 No.711

31 Ibid No.68

32 Ibid No.788

33 Ibid Vol II No.1400

34 Ibid Vol II No.2125

35 Ibid Vol II No.1017

36 Ibid Vol III No.2364



www.malankaralibrary.com

# 4

# കന്യകയായ ദൈവമാതാവും ആരാധനയും

മാതാവിന്റെ കന്യാത്വം ദൈവമാതൃത്വവുമായി അഭേദ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു. ആരാധനയിൽ മാതാവിനെ നാം വിളിക്കുന്നത് കന്യകയായ ദൈവമാതാവെന്നാണ്. ആരാധനയിൽ മാതാവിന്റെ കന്യാത്വം രക്ഷയുടെ ആരംഭമായും മനുഷ്യബുദ്ധിക്കും മനസിലാക്കാൻ കഴിയാത്ത രഹസ്യമായും നിലകൊള്ളുന്നു. മാതാവിന്റെ കന്യാത്വം എന്നതുകൊണ്ട് നാം സാധാരണയായി അർത്ഥമാക്കുന്നത് പുരുഷബന്ധം കൂടാതെ മറിയം ഗർഭം ധരിച്ചു. ഗർഭം ധരിച്ചത് ദൈവ പുത്രനെയാണ്. പുത്രന്റെ പിതാവ് ദൈവമാണ് ആദിമുതൽ ഉണ്ടായിരുന്ന, പിതാവിനോടുകൂടി ആയിരുന്ന വചനമാണ് പുത്രൻ. സ്വർഗ്ഗീയ പിതാവിന്റെ പുത്രനായ യേശുവിന് ഭൂമിയിലൊരു മാനുഷീകപിതാവിന്റെ ആവശ്യമില്ല. കാരണം സൃഷ്ടിയുടെ പുസ്തകത്തിൽ നാം കാണുന്നു ദൈവം ആദ്യമായി മനുഷ്യനായി സൃഷ്ടിക്കുന്നത് സ്ത്രീയിൽ നിന്നല്ല ദൈവം തന്നെ രൂപം കൊടുക്കുകയാണ് ദൈവത്തിൽ നിന്നു തന്നെയാണ് ആദ്യം ഉയിർകൊള്ളുന്നത്. എന്നാൽ പുരുഷനിൽ നിന്നാണ് സ്ത്രീയെ സൃഷ്ടിക്കുന്നതും. മനുഷ്യന്റെ മുൻപിൽ നിഗൂഢമായ കാര്യങ്ങൾ ദൈവത്തിന് ചെയ്യുവാൻ കഴിയുമെന്നതിന്റെ മഹനീയമായ ഉദാഹരണമാണ് ആദാമിന്റെ ഉത്ഭവം. ഇതുപോലെതന്നെ നിഗൂഢമായ വിധത്തിൽ കാലത്തിന്റെ പൂർണ്ണതയിൽ കന്യകയായ മാതാവിൽ നിന്ന് ദൈവപുത്രൻ മാംസരൂപം കൈകൊള്ളുന്നു. കന്യകയായ മറിയത്തിലാണ് അവിടുന്ന് ജന്മം സ്വീകരിക്കുന്നത്. ഇതാണ് സാധാരണയായി മറിയത്തിന്റെ കന്യാത്വം കൊണ്ടർത്ഥമാക്കുന്നത്.

യേശുക്രിസ്തു ചരിത്രപരമായി ജനിച്ചത്, മറിയം ഗർഭം ധരിച്ചത് ഒരു മനുഷ്യപിതാവിനെ കൂടാതെയാണോ? മാതാവിന്റെ കന്യാ



www.malankaralibrary.com

ത്വത്തെപ്പറ്റി ചിന്തിക്കുമ്പോൾ പ്രധാനപ്പെട്ട ചോദ്യമാണിത്. യേശുക്രിസ്തുവിന് ഒരു മാനുഷിക പിതാവ് ഉണ്ടായിരുന്നെങ്കിൽ അത് യേശുവിന്റെ ദൈവിക സ്വഭാവത്തിന്റെ തനിമയെ ചോദ്യം ചെയ്യുന്നതാണ്. ഇനിയും യേശുവിന് സാധാരണ ജനനമാണ് ഉണ്ടായിരുന്നതെങ്കിൽ യേശു ഒരു സാധാരണ മനുഷ്യൻ മാത്രമായിരുന്നു. എന്നാൽ യേശുവിന്റെ ജനനം ഒരു സാധാരണ ജനനമായിരുന്നില്ല. അത്ഭുതജനനമായിരുന്നു അത്. കന്യകയിൽ നിന്ന് പുരുഷസംസർഗ്ഗം കൂടാതെയാണ് യേശു ജനിച്ചത് എന്ന് തെളിയിക്കുക കാലഘട്ടത്തിന്റെ ഒരത്യാവശ്യമായിരുന്നു. ഈ ഒരർത്ഥത്തിൽ മറിയാമിന്റെ കന്യാത്വം ഒരു മരിയശാസ്ത്രദർശനം എന്നതിനെക്കാൾ ഒരു ക്രിസ്തു വിജ്ഞാനീയ ദർശനത്തിന്റെ അടിസ്ഥാനശിലയാണ്. അതുകൊണ്ട് മാതാവിന്റെ കന്യാത്വം ക്രിസ്തുവിന്റെ ദൈവമനുഷ്യ സ്വഭാവവുമായി അഭേദ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു.

സുവിശേഷങ്ങളിൽ നിന്നുമാണ് യേശുവിന്റെ കന്യകയിൽ നിന്നുള്ള ജനനത്തെപ്പറ്റിയുള്ള വ്യക്തമായ തെളിവുകൾ ലഭിക്കുന്നത്. വിശുദ്ധ മത്തായി ശ്ലീഹായും ലൂക്കോസ് സുവിശേഷകനും വാചാലമായി തന്നെ യേശുവിന്റെ കന്യകയിൽനിന്നുള്ള ജനനത്തെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. ലൂക്കോസ് യേശുവിന്റെ ജനനത്തപ്പറ്റി പരാമർശിക്കുമ്പോൾ (ലൂക്കാ 1:26-38) കന്യകയുടെ അടുത്തേക്കാണ് ദൂതനെ ദൈവം അയയ്ക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. മാതാവ് തന്നെ ദൂതനോട് പറയുന്നു "ഞാൻ പുരുഷനെ അറിയുന്നില്ല (ലൂക്കാ 1:35) മറിയം കന്യകയായിരുന്നു എന്നതിന്റെ വ്യക്തമായ തെളിവാണിത്. മത്തായി ശ്ലീഹായും മാതാവിന്റെ കന്യാത്വത്തെപ്പറ്റി സാക്ഷിക്കുന്നു. "അവർ സംഗമിക്കുന്നതിനുമുമ്പ് മറിയം പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി (മത്തായി 1:18-23) കൂടാതെ ഏശയ്യാ പ്രവാചകന്റെ ഇമ്മാനുവേൽ പ്രവചനവുമായി ബന്ധപ്പെടുത്തിയാണ് യേശുവിന്റെ അത്ഭുതജനനത്തെ അവതരിപ്പിച്ചിരിക്കുന്നത്. ആ പ്രവചനത്തിന്റെ പൂർത്തീകരണമാണ് യേശുവിന്റെ കന്യകയിൽ നിന്നുള്ള ജനനത്തിലൂടെ സംഭവിച്ചിരിക്കുന്നത്. യോഹന്നാൻ സുവിശേഷകനും സാക്ഷിക്കുന്നത് ഇതുതന്നെയാണ്. യേശുവിന്റെ ജനനം മനുഷ്യരിൽനിന്നല്ല, ശരീരത്തിന്റെയും മനുഷ്യമനസ്സിന്റെയും ഇഷ്ടത്താലല്ല മറിച്ച് ദൈവത്തിൽ നിന്നാണ് (യോഹ 1:13) മറിയത്തിന്റെ കന്യാത്വത്തിനുള്ള വ്യക്തമായ ഒരു സൂചനയാണിത്


www.malankaralibrary.com

നൽകുന്നത്. ചുരുക്കത്തിൽ മറിയം കന്യകയായിരുന്നു എന്ന സത്യം സുവിശേഷത്തിൽ വ്യക്തമായി നമുക്ക് കാണാം.

യേശുവിന്റെ കന്യകയിൽ നിന്നുള്ള ജനനം ഒരത്ഭുതമാണ് മനുഷ്യചരിത്രത്തിൽ ഒരിക്കൽമാത്രം ഉണ്ടായിട്ടുള്ള തനതായ ഒരത്ഭുതം. അത് ദൈവത്തിന്റെ വലിയ ഒരു ദാനമാണ് ഒരു മനുഷ്യവ്യക്തിക്കും ദൈവത്തോടുകൂടി ആയിരുന്ന വചനത്തിന് രൂപം നൽകാൻ കഴിയുകയില്ല. ദൈവത്തിനു മാത്രമെ അതിനു കഴിയുകയുള്ളു. ദൈവം തന്റെ ശക്തി മറിയത്തിൽ നിവേശിപ്പിച്ചു. മറിയം കന്യകാവസ്ഥയിൽ തന്നെ ദൈവപുത്രനെ ഉദരത്തിൽ വഹിച്ചു. മാതാവിന്റെ കന്യാത്വത്തെപ്പറ്റിയുള്ള അവതരണം ഇനിയും ആരാധനയിൽ പരിശോധിക്കാം.

വേദപുസ്തകാശയങ്ങൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് സഭാജീവിതപശ്ചാത്തലത്തിൽ അവയ്ക്ക് വ്യാഖ്യാനം നൽകി സഭാവിശ്വാസികൾക്ക് വിശ്വാസയോഗ്യമായ രീതിയിലുള്ള പ്രതിപാദനസമീപനം ആരാധനയുടെ പ്രത്യേകതയാണ്. ആരാധനാസമൂഹം തരണം ചെയ്തുകൊണ്ടിരിക്കുന്ന വിശ്വാസസംബന്ധമായ ആശയങ്ങളും, പ്രശ്നങ്ങളും മനസിലാക്കി പ്രാർത്ഥനാരൂപത്തിൽ അവയ്ക്ക് മറുപടി നൽകാനുള്ള ഒരു ശ്രമം ആരാധനയിലുണ്ട്. മാതാവിന്റെ കന്യാത്വത്തെപ്പറ്റി ചിന്തിക്കുമ്പോൾ മറിയം കന്യകയായിരുന്നു എന്ന് സമർത്ഥിക്കാനുള്ള പല തെളിവുകൾ പഴയ നിയമത്തിന്റെയും പുതിയ നിയമത്തിന്റെയും വെളിച്ചത്തിൽ രൂപപ്പെടുത്തിയതും പ്രതീക്ഷിക്കുന്നതുമായ ആശയം ഉൾക്കൊള്ളുന്ന അനേകം പ്രതിരൂപങ്ങൾ ആരാധനയിലുണ്ട്. മാതാവ് കന്യകയാണ് എന്ന് പ്രഖ്യാപിക്കുന്ന കുറച്ച് പ്രാർത്ഥനകൾ ഉദ്ധരിച്ച് അവയ്ക്ക് ചെറുതായ ഒരു വിവരണം നൽകാൻ ശ്രമിക്കുകയാണിവിടെ. എന്നാൽ മാതാവിന്റെ കന്യാത്വത്തിന് ഉപോദ്ബലമായി നമ്മുടെ ആരാധനയിലുള്ള സാദൃശ്യങ്ങളുടെയും പ്രതിരൂപങ്ങളുടെയും വിശദീകരണത്തിലേക്ക് ഇവിടെ കടക്കുന്നില്ല.

"കന്യകയായ ദൈവമാതാവേ........[1]
കന്യക ദൈവത്തെപെറ്റാൾ..........[2]
ദാവീദിൻ വംശത്തിൽ നിന്നൊരു കന്യക[3]
വ്രതഹാനി ഭവിക്കാത്തവൾ[4]
നരനായ് തീർന്നൊരു ദൈവത്തെ പ്രസവിച്ചാൾ കന്യാവ്രതയാം നീ[5]
പാവന പരിശുദ്ധിയെഴുന്നവൾ കന്യാത്വം[6]



www.malankaralibrary.com

യേശു വി.കന്യകയുടെ ഉദരത്തിൽ വസിച്ചിട്ടും അവളുടെ കന്യാത്വത്തിന് ഭംഗം വന്നില്ല[7], കന്യകയിൽ നിന്ന് അസാധാരണമായി ജനിച്ചു[8]. ഞാൻ ഒരു കന്യകയായി തന്നെ തുടരാൻ ആഗ്രഹിക്കുന്നു[9]; സ്ത്രീകൾ കന്യാത്വം പാലിക്കുന്നതിലൂടെ ക്രിസ്തുവിന്റെ മാതൃത്വം ഏറ്റെടുക്കുന്നു"[10].

കന്യകയുടെ കാതുകളിൽ സ്വർഗ്ഗീയനാദം പ്രവേശിച്ചു.[11] ഇതു കൂടാതെ ആരാധനയിൽ കന്യകയുടെ കന്യാത്വത്തെപ്പറ്റി പരാമർശിക്കുന്ന അനേകം ഭാഗങ്ങൾ ഉണ്ട്[12] ഈ പ്രാർത്ഥനകളിൽ എല്ലാംതന്നെ പാശ്ചാത്യപൗരസ്ത്യ സഭകളിലുള്ള മരിയ ശാസ്ത്ര മനസ്സിലാക്കലിന്റെ സമീപനരീതിയിലുള്ള വ്യത്യാസം ദൃശ്യമാണ്. പൗരസ്ത്യസഭകളിൽ പ്രാർത്ഥനകളിലൂടെ മരിയദർശനങ്ങൾ അവതരിപ്പിച്ചിരിക്കുന്നു. ക്രിസ്തുവിജ്ഞാനീയത്തിന്റെ ഫലമാണ് മരിയവിജ്ഞാനീയം ഇതിന്റെ വ്യക്തമായ തെളിവാണ് മാതാവിന്റെ കന്യാത്വം. ഇത്രമാത്രം മാതാവിനെപ്പറ്റിയുള്ള പരാമർശങ്ങൾ പ്രാർത്ഥനകളിലുണ്ടായിട്ടും മാതാവിനെപ്പറ്റിയുള്ള ഒരു വിശ്വാസസത്യപ്രഖ്യാപനത്തിലേക്ക് പൗരസ്ത്യസഭ കടന്നുവരുന്നില്ല. എന്നാൽ പാശ്ചാത്യ സഭയുടെ ആരാധനയിൽ മാതാവിനെപറ്റി ഇതുപോലുള്ള പരാമർശങ്ങൾ ഇല്ലാതെതന്നെ നിർവചിക്കപ്പെട്ട വിശ്വാസസത്യങ്ങൾ പാശ്ചാത്യസഭയ്ക്ക് കൈമുതലായിട്ടുണ്ട്. പാശ്ചാത്യ സഭാവിശ്വാസം ആരാധനയിൽ ആഘോഷിക്കപ്പെടുന്ന രീതിയല്ല. പൗരസ്ത്യ സഭയിലാകട്ടെ വിശ്വാസസത്യങ്ങൾ ഔദ്യോഗികമായി പ്രഖ്യാപിക്കാതെ തന്നെ വിശ്വാസം ആരാധന ജീവിതത്തിൽ ആഘോഷിക്കപ്പെടുന്ന സമീപനത്തിന്റെ തെളിവാണ്. ഇത്രമാത്രം പ്രാർത്ഥനകൾ മാതാവിന്റെ കന്യാത്വത്തിന് അടിസ്ഥാനമായിട്ടുണ്ട്. മാതാവ് കന്യകയാണ്, നിത്യകന്യകയാണെന്നതിൽ പൗരസ്ത്യ സഭയ്ക്കും സംശയമില്ല. പാശ്ചാത്യ സഭയിലാകട്ടെ ജനനത്തിനു മുൻപും ജനനത്തിനു ശേഷവും കന്യകയായിരുന്നോ എന്നൊരു ചോദ്യം ഉദിച്ചിട്ടുണ്ട്?

നമ്മുടെ ആരാധനയിൽ മാതാവിന്റെ കന്യാത്വത്തെയും ക്രിസ്തുവിന്റെ കന്യകാജനനത്തെപ്പറ്റിയും പ്രതിപാദിക്കുമ്പോൾ ധാരാളം പ്രതീകങ്ങൾ ഉപയോഗിച്ചിട്ടുണ്ട്; മോശയുടെ മുൾപ്പടർപ്പ്[13], ഹസ്ക്കീയേലിന്റെ അടഞ്ഞവാതിൽ[14], അഹറോന്റെ വടി[15], ഗിദയോന്റെ രോമക്കെട്ട്[16], രഹസ്യപേടകം[17] തുടങ്ങിയവ. ക്രിസ്തുവിന്റെ കന്യകാജനനത്തെപ്പറ്റി പറയുമ്പോൾ നാം ഉപയോഗിക്കുന്ന പദമാണ് "കന്യകയായ ദൈവമാതാവ്" എന്നത്. എന്നും നാം ചൊല്ലുന്ന വിശ്വാസപ്രമാ



www.malankaralibrary.com

ണത്തിലും ഈ പരാമർശം കാണുന്നുണ്ട്. ഇതിൽനിന്നു നാം മനസ്സിലാക്കുന്നത് മാതാവിനെപ്പറ്റിയുള്ള രണ്ട് പ്രധാനപ്പെട്ട ആശയങ്ങൾ ഒന്നിച്ചുചേർന്ന് മാതാവിനെ അഭിസംബോധന ചെയ്യുന്നു എന്നാണ്.

മാതാവ് ഒരേസമയം കന്യകയും ദൈവമാതാവുമാണ്. ഈ രണ്ട് മരിയ ദർശനങ്ങളും അഭേദ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു, എന്നതിന്റെ വ്യക്തമായ തെളിവാണ് നാം മറിയത്തെ "കന്യകയായ ദൈവമാതാവെ" എന്നു വിളിച്ച് പ്രാർത്ഥിക്കുന്നത്. എന്നാൽ ചില അവസരങ്ങളിൽ ആരാധനയിൽ മറിയത്തെ കന്യക മറിയം എന്നു മാത്രമെ വിളിക്കുന്നുള്ളു. ഉദാഹരണമായി ദാവീദിന്റെ വംശത്തിൽ നിന്നൊരു കന്യക, കന്യകമറിയമെ.... മോശ മുൾച്ചെടിയാലും തുടങ്ങിയ പ്രാർത്ഥനകൾ[16b] അതുപോലെ തന്നെ പെങ്കീസായിൽ നിന്നുള്ള പല പ്രാർത്ഥനകളിലും മറിയത്തെ 'കന്യകമറിയം' എന്നാണ് അഭിസംബോധന ചെയ്യുന്നത്. ആരാധനയുടെ നൂറ്റാണ്ടുകളിലൂടെ ഉള്ള രൂപീകരണ പ്രക്രിയയാണ് ഇവിടെ വിവരിക്കപ്പെടുന്നത്. ഓരോ കാലഘട്ടത്തിന്റെയും ആവശ്യത്തിനൊത്ത് ജനം മറിയത്തെ വിളിച്ചു പ്രാർത്ഥിക്കുന്നു. ഓരോ കാലഘട്ടത്തിലും രൂപംകൊണ്ട ക്രിസ്തു വിജ്ഞാനീയ ദർശനങ്ങൾ വിശ്വാസസമൂഹത്തിൽ ആഴമായി വേരൂന്നിയിരിക്കുന്നു. കാലത്തിനൊത്ത് പ്രാർത്ഥനകൾ രൂപപ്പെടുത്തുന്ന ആരാധന സമൂഹത്തിന്റെ പ്രത്യേകതയും ആവശ്യവുമാണിവിടെ വ്യക്തമാക്കുന്നത്.

യേശുവിന്റെ ജനനം വ്രതഹാനി ഭവിക്കാതെ ആയിരുന്നു. മാതാവ് വ്രതഹാനി ഭവിക്കാത്തവൾ ആയിരുന്നു[17] എന്ന വിശ്വാസം ആരാധനയിലുണ്ടായിരുന്നു. മറിയം കന്യകയായിരുന്നപ്പോൾ ആണ് ദൈവത്തെ പ്രസവിച്ചത്. സഭയ്ക്കു മാതാവിന്റെ കന്യാത്വത്തിൽ പൂർണ്ണ വിശ്വാസം ഉണ്ടായിരുന്നതിന്റെ തെളിവാണ് ഈ പ്രാർത്ഥനകൾ അതുകൊണ്ടുതന്നെയാണ് "പാവന പരിശുദ്ധിയെഴുന്നവൾ കന്യാത്വം" എന്ന് സഭ പാടി പുകഴ്ത്തുന്നത്. മാതാവിന്റെ കന്യാത്വം പാവനവും പരിശുദ്ധവുമായിരുന്നു. ആരാധനയിൽ മാതാവിന്റെ കന്യാത്വത്തെപറ്റി പ്രതിപാദിക്കുമ്പോൾ സമൂഹത്തിൽതന്നെ എങ്ങനെ പുരുഷസംസർഗ്ഗം കൂടാതെ ഒരു സ്ത്രീ പ്രസവിക്കും എന്ന സംശയം ഉണ്ടായിരുന്നു[18] ആരാധന സമൂഹത്തിന്റെ യുക്തിക്ക് ഇതിന്റെ രഹസ്യം മനസ്സിലാകുന്നില്ല. വിശ്വാസത്തിലൂടെ മാത്രമെ ഇതിന്റെ രഹസ്യം ഗ്രഹിക്കാൻ കഴിയുകയുള്ളു എങ്കിലും "സംയോഗമെഴാതെങ്ങനെ ഗർഭം" സാധിക്കും എന്നൊരു ചോദ്യം വിലയുള്ളതായി പണ്ടത്തെപ്പോലെ ഇന്നും ആരാധന സമൂ



www.malankaralibrary.com

ഹത്തിന്റെ അവബോധ മനസിലുണ്ട്. എന്നാൽ മാതാവിന്റെ കന്യാത്വ ത്തിൽ ആഴവും അർത്ഥവും കൂടുതൽ ഗ്രഹിക്കുന്നതിനുവേണ്ടി ആയി രിക്കാം മറിയത്തെ "വൈവാഹികബന്ധം കൂടാത്ത വധുവേ"[19] എന്ന് വിളിക്കുന്നത്. മാതാവ് ഗർഭം ധരിച്ചത് ദൈവത്തിൽനിന്നുമാണ്. ഒരു മനുഷ്യവരന്റെ ആവശ്യം യേശുവിന്റെ ഗർഭധാരണത്തിനില്ലായിരുന്നു. വിവാഹബന്ധം ഇല്ലാത്ത അതേസമയം തന്നെ ഒരു വധുവുമാണ് മറിയം എന്ന് ആരാധന സാക്ഷിക്കുന്നു. യേശുവിന്റെ ജനനം നടന്നത് മാതാ വിന്റെ ദൈവവചന സ്വീകരണത്തിലൂടെയാണ് ഈ വചനസ്വീകരണം വിശ്വാസത്തിന്റെ വെളിച്ചത്തിൽ നടന്ന ഒന്നാണ്. എന്നാൽ അതിന്റെ വാസ്തവികത വിശ്വാസികൾക്ക് മനസ്സിലാക്കുന്നതിനായി "ദൈവ ത്തിന്റെ ശബ്ദം യുവതിയുടെ ചെവിയിലൂടെ പ്രവേശിച്ച് അവൾ ഗർഭം ധരിച്ചു"[20] എന്ന ആലങ്കാരികമായി ആരാധനയിൽ പറഞ്ഞിരിക്കുന്നു. മറിയം യേശുവിന്റെ ജനനത്തിനുശേഷവും കന്യകയായിരുന്നു. "നിന്റെ ജനനത്തിനുശേഷം നിന്നെ കന്യാത്വത്തിൽനിന്ന് പരിരക്ഷിച്ചു"[21] എന്നാണ് ആരാധന പ്രസ്താവിക്കുന്നത്. കൂടാതെ മാതാവ് തന്നെ പറയുന്നു ഞാൻ ഒരു കന്യകയായി തന്നെ തുടരാൻ ആഗ്രഹിക്കുന്നു. മറിയത്തിന്റെ നിത്യകന്യാത്വത്തിലുള്ള സഭയുടെ വിശ്വാസത്തിന്റെ തന തായ രണ്ട് തെളിവുകൾ മാത്രമാണീ പ്രാർത്ഥനകൾ.

നമ്മുടെ ആരാധന, കന്യാത്വത്തെ പരിശുദ്ധമായ ഒരു പദവിയായി കണക്കാക്കുന്നു. "യേശുവിന്റ മാതൃസ്ഥാനം ഏറ്റെടുക്കാൻ സ്ത്രീകൾ കന്യാത്വം പാലിക്കട്ടെ."[22] കന്യകാജനനത്തിലൂടെയാണ് കന്യാവ്രതം സഭയിൽ ശുദ്ധീകരിക്കപ്പെട്ടത് എന്ന ആശയവും ആരാധനയിൽ നിന്നു മാണ്. മാതാവിന്റെ കന്യാത്വത്തെ ഒരു മാതൃകയായി സ്വീകരിക്കാൻ ആരാധന ജനങ്ങളെ ആഹ്വാനം ചെയ്യുന്നു. കന്യാത്വത്തെപ്പറ്റി പറയു മ്പോൾ ആരാധനയിൽ പൗരസ്ത്യസഭകളിലെ പോലെ മാതാവ് ജന നത്തിന് മുൻപും പിൻപും കന്യകയായിരുന്നോ എന്ന ചോദ്യത്തിന് വലിയ പ്രസക്തയില്ല. കാരണം സഭ മാതാവിനെ നിത്യകന്യകയായി ട്ടാണ് മനസ്സിലാക്കുന്നത്. പാശ്ചാത്യ സഭയിലേതുപോലുള്ള ബൗദ്ധീക ചോദ്യത്തിനു ആരാധനയിൽ വലിയ സ്ഥാനമില്ല. അതുകൊണ്ട് ആരാ ധനയിൽ മറിയത്തെപ്പറ്റിയുള്ള വിശ്വാസസംബന്ധമായ ചോദ്യങ്ങൾ ചോദിച്ച് ആരാധനാസമൂഹത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കാതെ മറിയം നിത്യകന്യകതന്നെയാണെന്ന് ആരാധനയിലുടനീളം പ്രതിപാദിക്കപ്പെ ട്ടിരിക്കുന്നു.


www.malankaralibrary.com

പിതാക്കന്മാരെപ്പറ്റി നാം ചിന്തിക്കുമ്പോൾ അവർ ജീവിച്ചിരുന്ന കാലഘട്ടങ്ങളിൽ സഭയിൽ ഉടലെടുത്തിട്ടുള്ള പാഷണ്ഡതകളെയും ശീശ്മകളെയും നാം കണക്കിലെടുക്കണം. ഈ വീക്ഷണത്തോടുകൂടികൊണ്ട് മാതാവിന്റെ കന്യാത്വത്തെപ്പറ്റി പരാമർശിക്കപ്പെടുമ്പോൾ ആദിമസഭാപിതാക്കന്മാർ എല്ലാവരും സാക്ഷിക്കുന്നത് ഒരു കന്യകയായിരുന്നപ്പോൾ ആണ് മറിയം ഗർഭം ധരിച്ചത് എന്ന ആശയം ആണ്. (Virgo ante parton) ക്രിസ്തുവർഷം 110-ൽ മരിച്ച അന്ത്യോഖ്യായിലെ ബിഷപ്പായിരുന്ന ഇഗ്നേഷ്യസ് പറയുന്നു "മറിയത്തിന്റെ കന്യാത്വം ഈ ലോകത്തിലെ മനുഷ്യർക്ക് മനസ്സിലാക്കാൻ അസാദ്ധ്യമാണെന്ന്. അത് ഉറക്കെ പ്രഘോഷിക്കേണ്ട ഒരു സത്യവും രഹസ്യവുമാണെന്നാണ്.[23] ക്രിസ്തുവർഷം 110-നുമുമ്പു തന്നെ കന്യാത്വത്തെ ഒരു രഹസ്യമായിട്ട് വേണം കാണുവാൻ എന്നാണ് അദ്ദേഹം പറയുന്നത്. ഈ രഹസ്യം എന്നും ഉറക്കെ പ്രഘോഷിക്കണം. നോക്കുക; ആദ്യനൂറ്റാണ്ടിൽതന്നെ മാതാവിന്റെ കന്യാത്വത്തെ ആദരിക്കേണ്ടതിന്റെ ആവശ്യകത വി. ഇഗ്നേഷ്യസ് ഊന്നിപ്പറയുന്നു.

ക്രിസ്തുവർഷം 165-ൽ മരിച്ചു എന്നു വിശ്വസിക്കപ്പെടുന്ന രക്തസാക്ഷിയായ വി.ജസ്റ്റിൻ തന്റെ ആദ്യാഅപ്പോളജീയൻ സാക്ഷ്യപ്പെടുത്തുന്നു.[24] ഏശയ്യാ പ്രവാചകൻ പ്രവചിച്ചിട്ടുണ്ട്. അവൻ ഒരു കന്യകയിൽ നിന്ന് ജനിക്കും എന്ന് വി.ജസ്റ്റിൻ ഏശയ്യാപ്രവാചകന്റെ പ്രവചനത്തിന് ഒരു വ്യാഖ്യാനം നല്കുന്നുണ്ട്. ഇതാ ഒരു കന്യക ഗർഭം ധരിച്ചു എന്നതിന്റെ അർത്ഥം തീർച്ചയായും കന്യക പുരുഷസംസർഗ്ഗം കൂടാതെ ഗർഭം ധരിച്ചു എന്നാണ്. അവർ പുരുഷനുമായി ബന്ധപ്പെട്ടിട്ടുണ്ടെങ്കിൽ ഒരു കന്യകയല്ല ദൈവത്തിന്റെ ശക്തി ഒരു കന്യക ആയിരിക്കുമ്പോൾ തന്നെ അവളിൽവന്നു. അവൾ ഗർഭം ധരിച്ചു. വി.ജസ്റ്റിന്റെ കാലത്ത് മാതാവിന്റെ കന്യാത്വത്തെ പറ്റിയുള്ള വിശ്വാസപരമായ പ്രശ്നങ്ങൾ സഭയിൽ ഉണ്ടായിരുന്നു എന്നതിന്റെ വ്യക്തമായ തെളിവാണ് ഈ പരാമർശം. ആദ്യമായി വി.ജസ്റ്റിൻ ആണ് മാതാവും ഹവ്വായും തമ്മിൽ സാദൃശ്യം കാണാൻ ശ്രമിച്ചിട്ടുള്ളത്.[25]

ലയൺസിന്റെ രണ്ടാമത്തെ മെത്രാനായിരുന്ന വി.ഐറേനിയസിന്റെ സാക്ഷ്യം ഇപ്രകാരമാണ് മേരി കന്യകയായിരുന്നു മറിയം ഒരു പുരുഷനുമായി വിഹാനിശ്ചയം ചെയ്തിരുന്നെങ്കിലും അതേസമയം തന്നെ കന്യകയുമായിരുന്നു.[26] സഭാപിതാവായ തെർത്തുല്യനും മറിയം



www.malankaralibrary.com

കന്യകയായിരുന്നുവെന്നും കന്യകയിൽനിന്നാണ് യേശു പിറന്നതെന്നും സാക്ഷിക്കുന്നു.[27] 'പരിശുദ്ധാത്മാവിന്റെ വീണ' എന്ന അപരനാമത്തിൽ അറിയപ്പെടുന്ന വി.എഫ്രേം മാതാവിന്റെ കന്യാത്വത്തെ വ്യാപകമായി തന്നെ അവതരിപ്പിച്ചിരിക്കുന്നു.

ഈ കന്യക ഒരു മാതാവായി
അവളുടെ കന്യാത്വം കാത്തുസൂക്ഷിച്ചുകൊണ്ട് തന്നെ
അവൾ ഒരു കന്യകയായിരുന്നെങ്കിലും
അവളുടെ ഉദരത്തിൽ ഒരു ശിശുവിനെ വഹിച്ചു[28]

ജറുസലേമിലെ വിശുദ്ധ സിറിലിന്റെ അഭിപ്രായം ഇതുതന്നെയാണ്. വി.അബ്രോസിന്റെ വാക്കുകൾ ശ്രദ്ധേയമാണ്. കന്യക ഗർഭം ധരിക്കുകയും പുത്രനെ വഹിക്കുകയും ചെയ്തു. അവൻ ദൈവമാണ്[29] വീണ്ടും പറയുന്നു ക്രിസ്തു ജനിച്ചത് കന്യകയിൽ നിന്നുമാണ് എന്ന് വി.അഗസ്റ്റിൻ മാതാവിന്റെ കന്യാത്വത്തെപ്പറ്റി ശക്തമായി വാദിച്ചിരിക്കുന്നു.[30] അഗസ്റ്റിന്റെ വിശദീകരണങ്ങൾ എല്ലാംതന്നെ പരിശോധിച്ചാൽ അതിന്റെ ആധികാരിക സ്വഭാവം മരിയശാസ്ത്രപരം എന്നതിനെക്കാൾ ഉപരിയായി ദൈവശാസ്ത്രാധിഷ്ഠിതമാണ്.

ജന്മപാപത്തെപ്പറ്റി പറയുമ്പോൾ കന്യക ഗർഭം ധരിച്ചതു പാപ നിയമത്തിനെതിരായിട്ടാണ്. ജറുസലെമിലെ സിറിൽ മറിയം കന്യകയാണെന്ന് പ്രഖ്യാപിക്കുവാനുള്ള കാരണത്തിന്റെ പശ്ചാത്തലമായി നിലകൊള്ളുന്നത് 'ദൈവമാതൃത്വ' പ്രശ്നമായിരുന്നു[31] യേശുവിന്റെ ദൈവത്വത്തിനു തെളിവായിട്ടാണ് മാതാവിന്റെ കന്യാത്വം നിലകൊള്ളുന്നത്. ആദിമ സഭാപിതാക്കന്മാരിൽ അവസാനത്തെ പിതാവായ ജോൺ ഡമഷീനും ഇതുതന്നെ സാക്ഷിക്കുന്നു.[32] യേശുക്രിസ്തു മാതാവിന്റെ കന്യാത്വം കാത്തുസൂക്ഷിച്ചുകൊണ്ടു തന്നെ ജനിച്ചു എന്ന ആശയം ആണ് പറയുന്നത്. സഭാപിതാക്കൻമാരുടെ കാലത്ത് മറിയം ജനനത്തിന് മുൻപും പിൻപും കന്യകയായിരുന്നോ എന്ന ചോദ്യത്തിന് ഉത്തരം നൽകാൻ ശ്രമിച്ചിട്ടുണ്ട്. ചുരുക്കത്തിൽ സഭാപിതാക്കൻമാർ എല്ലാംതന്നെ മാതാവ് കന്യകയായിരുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.[33]

മാതാവിന്റെ കന്യാത്വത്തിന്റെ സാംഗത്യവും വെല്ലുവിളികളും എന്തൊക്കെയാണ്? മിക്കവാറും എല്ലാ മതങ്ങളിലും പ്രത്യേകിച്ച്



www.malankaralibrary.com

പൗരസ്ത്യ മതങ്ങളിൽ നാം കാണുന്ന ഒരു പ്രത്യേകതയാണ് പല മതങ്ങളിലും കന്യാത്വത്തിന് പ്രത്യേകമായ അർത്ഥ സങ്കല്പങ്ങൾ ഉണ്ട്. ലൈംഗീക ബന്ധത്തിൽനിന്നുള്ള വേർപെട്ടു നിൽക്കൽ ആദ്ധ്യാത്മിക വളർച്ചക്ക് അപര്യാപ്തമാണ് എന്ന സങ്കല്പം പല സംസ്കാരങ്ങളി ലുമുണ്ട്. ഉദാഹരണത്തിന് ഭാരതത്തിൽ പണ്ടുമുതൽ തന്നെ ലൈംഗീക സുഖത്തെ ഉപേക്ഷിച്ച് ഈശ്വരനെ പ്രാപിക്കാനുള്ള മനുഷ്യപരിശ്രമം ഉണ്ട്. സന്യാസികൾ അതിന്റെ ജീവിക്കുന്ന സാക്ഷികളാണ്. കന്യാത്വം അല്ലെങ്കിൽ സന്യാസം സ്ത്രീ പുരുഷനിലോ പുരുഷൻ സ്ത്രീയിലോ ഒരു സഖിയെ അന്വേഷിക്കുകയോ അറിയുകയോ ചെയ്യാത്ത ജീവി താവസ്ഥയാണ്.

കന്യാത്വത്തിന് പല തലങ്ങൾ ഉണ്ട്. ഒന്നാമതായി കന്യകയായി രിക്കുക ബാഹ്യമായി അർത്ഥമാക്കുന്നത് ശാരീരിക സംപൂർണ്ണതയാ ണ്. കന്യാത്വത്തിന് ധാർമ്മികമായ ഒരു തലം ഉണ്ട്. ലൈംഗീക സുഖത്തിൽനിന്ന് മാറി നിൽക്കുക ഇതിന്റെ വ്യക്തിപരമായ തലമാണ് വിശ്വാസസംപൂർണ്ണമായ തലം. വിശ്വാസത്തിലൂടെ സ്നേഹത്തിലൂടെ ദൈവത്തിന് തന്നെതന്നെ സംലഭ്യമാക്കുക. ഇന്ന് കന്യാത്വം എന്നു പറയുമ്പോൾ ഈ മൂന്നു തലങ്ങളുടെയും ആകെ തുകയാണ്. ബാഹ്യ മായ കന്യാത്വം വ്യക്തിപരമായ ഈ സംപൂർണ്ണ സമർപ്പണത്തിന്റെ വ്യക്തമായ ഒരടയാളം മാത്രമാണ്.

മാതാവിന്റെ കന്യാത്വം ഒരു യാഥാർത്ഥ്യം ആയിരുന്നു. അതിന്റെ ഒന്നാമത്തെ തെളിവാണ് നൂറ്റാണ്ടുകളിലൂടെ പ്രസ്തുത കാര്യത്തിലുള്ള വിശ്വാസം. മാതാവ് കന്യക അല്ലായിരുന്നുവെങ്കിൽ ഇതേ രീതിയിലുള്ള ഒരിക്കലും ശിഥിലീകരിക്കപ്പെടാത്ത ഒരു വിശ്വാസം സഭയിൽ വിശ്വാസ സമൂഹത്തിൽ ഉണ്ടാകുമായിരുന്നില്ല. വെറും വാക്കുകളിലുള്ള ഒരു വിശ്വാസമല്ല വേദപുസ്തക സാക്ഷ്യവും സഭയും പ്രസ്തുത വിശ്വാ സത്തിന്റെ ആധികാരികതയെ വിളംബരം ചെയ്യുന്നു, എന്ന് വിശ്വാസ പ്രമാണത്തിലൂടെ സഭാസമൂഹം ഏറ്റു പറയുകയും ചെയ്യുന്നു.

മറിയം കന്യകയായിരുന്നു എന്നതിനുള്ള മറ്റൊരു തെളിവാണ് സുവിശേഷങ്ങൾ എഴുതപ്പെട്ടതിനുശേഷം എഴുതപ്പെട്ട അപ്രമാണിക ഗ്രന്ഥങ്ങൾ. അതിൽ മുക്കാലും പ്രത്യേകിച്ച് വി.ജയിംസിന്റെ പ്രോട്ടോ ഏവൻഗേലിയോൻ-ൽ മാതാവിന്റെ കന്യാത്വത്തെപ്പറ്റി സവിസ്തരം



www.malankaralibrary.com

പ്രതിപാദിക്കുന്നു. ആദിമ കാലത്തുണ്ടായിരുന്ന എബിയോനൈറ്റസ് എന്ന വിഭാഗത്തിലുള്ള ആളുകൾ മാത്രം മാതാവിന്റെ കന്യാത്വത്തിൽ വിശ്വസിക്കാതിരുന്നിട്ടുള്ളു. ബാക്കിയുള്ള ആദ്യ നൂറ്റാണ്ടിലെ എല്ലാ വിഭാഗങ്ങളും മാതാവിന്റെ കന്യാത്വത്തെ അംഗീകരിക്കുന്നു. കൂടാതെ 200 എ.ഡി.മുതൽ 1800 എ.ഡി.വരെയുള്ള സഭാചരിത്രം പരിശോധി ച്ചാൽ ഒരു സത്യം വ്യക്തമാണ്. എല്ലാവരും ഒന്നുചേർന്ന് വിശ്വസി ക്കുന്ന ഒരു വിശ്വാസ സത്യമാണ് മറിയം കന്യകയായിരുന്നു എന്നത്. ഇനിയും ആരെങ്കിലും സഭാചരിത്രത്തിൽ വിശ്വസിക്കുന്നില്ല ഇപ്രകാര മെങ്കിൽ അത് ഒരു മരിയ വിജ്ഞാനീയ പ്രശ്നമായിരുന്നില്ല ഒരു ക്രിസ്തു വിജ്ഞാനീയ പ്രശ്നത്തിന്റെ അനന്തരഫലമായിരുന്നു.

ഇനിയും സാധാരണ വിശ്വാസികളുടെ ജീവിതത്തിലേക്ക് നാം കടന്നു ചെന്നാൽ മാതാവ് കന്യക ആയിരുന്നു എന്നത് ഒരു സത്യം ആയിരുന്നു. വിശദീകരണ വിഷയമാക്കേണ്ട ഒന്നായിരുന്നില്ല, വിശ്വാ സത്തിന്റെ കണ്ണുകൾകൊണ്ട് കാണേണ്ട ഒരത്ഭുതവും സത്യവുമായി രുന്നില്ല ഇത്. കന്യാത്വം ദൈവമാതൃത്വവുമായി ബന്ധപ്പെട്ടു നിൽക്കു ന്നതിനാൽ അത് മറിയവുമായി ബന്ധപ്പെട്ടുനിൽക്കുന്ന ഒരു യാഥാർത്ഥ്യ മല്ല മറിച്ച് ഇന്ന് ഈ സമർപ്പിതജീവിതം നയിക്കുന്നവരുടെ, ഇന്ന് യേശു വിന്റെ മാതൃത്വം ഏറ്റെടുത്തിരിക്കുന്ന വിശ്വാസ സമൂഹത്തിന്റെ സജീവ മാതൃകയാണ് മറിയം. മറിയത്തിന്റെ ജീവിതം മുഴുവനും അവൾ കന്യ കയായിരുന്നു. അതായത് ദൈവം ഒഴിച്ച് തനിക്ക് യാതൊന്നും വേണ്ട എന്ന ബോധ്യവും അനുഭവവും മാതാവിനുണ്ടായിരുന്നു. അവൾ ആ അനുഭവത്തിൽ ജീവിച്ചു. ഞാൻ ദൈവത്തിലാണ് എനിക്ക് ദൈവം മതി എന്ന ബോധ്യം മറിയത്തിന്റെ കന്യാത്വത്തിന്റെ മുഖമുദ്രയായിരിക്കു ന്നതുപോലെ കന്യാത്വം ജീവിതപ്രമാണമായി സ്വീകരിച്ചിരിക്കുന്ന എല്ലാ വർക്കും ഈ മാതൃക അനുകരണീയമാണ്. ചുരുക്കത്തിൽ മാതാവിന്റെ കന്യാത്വം ഇന്ന് നൽകുന്ന വെല്ലുവിളി സ്വന്തം ജീവിതത്തോടും സ്വന്തം വിളിയോടുമുള്ള വിശ്വസ്തതയാണ്.

### *Footnotes*

1. പ്രതിദിനനമസ്കാരം, ശ്ഹീമോ, പേജ്.31
2. Harp of the Spirit, Vol.II, p.310
3. പ്രതിദിനനമസ്കാരം, ശ്ഹീമോ, p.70


www.malankaralibrary.com

4. Ibid p.72, മെനഓലം p.65, Harp of the spirit Vol.I, II, p.549

5. Ibid p.104, മെനഓലം p.44, 173, Harp of the spirit p.312,314

6. Ibid p.148

7. മലങ്കരസഭയുടെ തിരുനാളുകൾ, p.10, 67, 39

8. Ibid p.66, 67, 99, 91, 119, 245

9. Harp of the Spirit Vol II, p.273

10. Ibid Harp of the Spirit, p. 432

11. Ibid, p.58 & Vol.III, p.640

12. Ibid p.53, 54, 56, 57, 58, 60, 61, 63, 65, 70, 27, 94, 95, 97, 99, 105, 101, 123, 138, 145, 299, 250, 251, 252, 257, 259, 264, 265, 268, 273, 277, 278, 280, 281, 291, 293, 296, 298, 299, 306, 309, 328, 345, 364, 352, 402, 404, 405, 408, 409, 410, 434, 551, 585

13. Ibid Vol II 280, 258 & പ്രതിദിന നമസ്കാരം ശ്ഹീമോ p.117, 288, മെനഓലം p.7, 77

14. Ibid p.59 & ശ്ഹീമോ 117, 134 മെനഓലം, p.111

15. പ്രതിദിന നമസ്കാരം ശ്ഹീമോ p.154, മെനഓലം 103

16. Ibid 154, മെനഓലം, p.135, p.233

17. Ibid p.208, മെനഓലം, p.65, 210

16b. Ibid, ശ്ഹിമോ p.117, 288, മെനഓലം p.77,3

17. പ്രതിദിന നമസ്കാരം ശ്ഹീമോ p.72, മെനഓലം p.68, Holy of the Spirit Vol.II, 549

18. Ibid മെനഓലം, p.112

19. Ibid, ശ്ഹിമോ p.211, Harp of the Spirit Vol II, p.277

20. Harp of the Spirit Vol II, p.58 Vol III, p.640

21. മലങ്കര സഭയുടെ തിരുനാളുകൾ, p.67

22. Harp of the Spirit Vol II, p.432

23. Jurgens Willian A. The faith of the Early Fathers, TP1, Banglore, Vol I, p.18, No.42

24. Ibid Vol I, p.53, No.122a



www.malankaralibrary.com

25. Ibid Vol I, p.62, No.141

26. Ibid Vol I, p.93, Nos.222, 223

27. Ibid Nos 325A, 330, 358, 359

28. Ibid No.711

29. Ibid No.875 p.379

29b. Ibid Vol II No. 1325

30. Ibid Vol III Nos 1430, 1518, 1578a, 1610, 1614, 1680, 1899

31. Ibid Vol III, No.2054, p.200

32. Ibid Vol III No.2372

33. Vol I No.710A, Vol.II, No.1014



www.malankaralibrary.com

# 5

# മാതാവിന്റെ ഉത്ഭവവും ആരാധനയും

മറിയം ദൈവസുതന്റെ മാതാവാണ്, അവൾ കന്യകയാണ്, ഈ രണ്ട് മരിയ ശാസ്ത്ര ദർശനങ്ങൾ മാതാവിനെപ്പറ്റി കൂടുതൽ ആഴമായി ചിന്തിക്കുവാനും ജീവിതത്തിൽ മാതാവിന് കൂടുതൽ സ്ഥാനം നൽകുവാനും സഭയ്ക്കും വിശ്വാസികൾക്കും കഴിഞ്ഞു. ഇപ്രകാരം ആഴമായി പ്രാർത്ഥനാ പൂർവ്വം ചിന്തിച്ചതിന്റെയും മാതാവിൽ വിശ്വസിച്ച് ജീവിച്ച് മാതാവിൽനിന്നും ജീവിതത്തിനാവശ്യമായ ദാനങ്ങൾ അനുഭവത്തിന്റെ വെളിച്ചത്തിൽ സ്വീകരിച്ചതിന്റെയും അനന്തരഫലമായി ഉടലെടുത്തു വന്ന ഒരു മരിയശാസ്ത്ര ദർശനം, സഭാപഠിപ്പിക്കലായി രൂപപ്പെടുത്തിയത് 'മാതാവിന്റെ അമലോത്ഭവം' എന്ന നാമം നൽകി ഒരു വിശ്വാസ സത്യമായി പ്രഖ്യാപിച്ചു. എന്നാൽ നമ്മുടെ ആരാധനയിൽ ഈ വിശ്വാസം അനുസ്മരിക്കപ്പെടുന്നത്. മാതാവിന്റെ ഉത്ഭവം എന്നാണ് (The Conception of the Mother of God).

മാതാവിന്റെ ഉത്ഭവം എന്നതുകൊണ്ട് നാമർത്ഥമാക്കുന്നത് മാതാവ് പാപരഹിതയായിട്ടാണ് ജനിച്ചത് എന്നാണ്. സാധാരണയായി ക്രിസ്തീയ വീക്ഷണ പ്രകാരം ആദിമാതാപിതാക്കന്മാരുടെ പാപത്തിന്റെ അനന്തരഫലം അനുഭവിക്കുന്നവരാണ് അവരുടെ പിൻതലമുറക്കാരായ നാം. അതുകൊണ്ട് ജനിക്കുമ്പോൾ തന്നെ പാപത്തോടുകൂടിയാണ് പിറന്നുവീഴുന്നത്. എന്നാൽ മാതാവിന്റെയവസ്ഥ ഇതായിരുന്നില്ല. രണ്ടാമതായി ജന്മ പാപമില്ലാതെ ജനിച്ച മറിയം പരിശുദ്ധയാണ്. "പരിശുദ്ധ കന്യകമറിയം" എന്നാണല്ലോ നാം മാതാവിനെ വിളിച്ച് പ്രാർത്ഥിക്കുന്നത്. ഇപ്രകാരം അവൾ പരിശുദ്ധയാകാനുള്ള കാരണം ദൈവത്തിന്റ കൃപയാണ്. കത്തോലിക്കാ തിരുസഭയുടെ ഔദ്യോഗികപ്രഖ്യാപനം മാതാവിന്റെ അമലോത്ഭവത്തെപ്പറ്റി ഇപ്രകാരമാണ് "പരിശുദ്ധയും അവിഭാജ്യവുമായ ത്രിത്വത്തിന്റെ മഹത്വത്തിനും ദൈവമാതാവിന്റെ



www.malankaralibrary.com

ബഹുമാനത്തിനും കത്തോലിക്കാവിശ്വാസത്തിന്റെ ഉയർച്ചക്കും ക്രിസ്തുമതത്തിന്റെ വളർച്ചക്കും വാഴ്ത്തപ്പെട്ട വി.മറിയം അവളുടെ ഗർഭധാരണത്തിന്റെ ആദ്യസമയം മുതൽ ശക്തനായ ദൈവത്തിന്റെ കൃപയാലും ആനുകൂല്യത്താലും മനുഷ്യവർഗ്ഗത്തിന്റെ രക്ഷകനായ യേശുക്രിസ്തുവിന്റെ യോഗ്യതയെ മുന്നിൽ കണ്ടുകൊണ്ടും ഉത്ഭവ പാപത്തിന്റെ എല്ലാ കറകളിൽനിന്നും ചീത്തയാകാതെ സൂക്ഷിക്കപ്പെട്ടു."[1] സഭയിൽ പ്രഖ്യാപിച്ച ഈ വിശ്വാസസത്യത്തിൽ നാം കാണുന്നത് മാതാവ് ഉത്ഭവപാപമില്ലാതെയാണ് ജനിച്ചതെന്നാണ്. ഇതിനു കാരണം ദൈവവും തന്റെ പുത്രനായ യേശുക്രിസ്തുവിന്റെ കൃപയുമാണ്. ദൈവം ചില വ്യക്തികൾക്ക് ദൈവീകമായ ദാനങ്ങൾ നൽകുന്നു എന്നതിനുള്ള വ്യക്തമായ തെളിവാണിത്. ദൈവത്തിന് അസാധ്യമായി യാതൊന്നുമില്ല എന്ന് വിശ്വസിക്കുന്നവർക്ക് ഈ വിശ്വാസദർശനത്തിന്റെ ആഴവും അർത്ഥവും മനസ്സിലാക്കാം.

നമ്മുടെ ആരാധനയിൽ വളരെ വ്യക്തമായി കാണുന്ന ഒരാശയമാണ് മാതാവിന്റെ ഉത്ഭവം. എന്നാൽ നമ്മുടെതന്നെ ആരാധനക്രമം പിൻതുടരുന്ന ചില പൗരസ്ത്യസഭകൾ മാതാവിന്റെ അമലോത്ഭവം എന്ന കത്തോലിക്കാ സഭയുടെ വിശ്വാസ പ്രഖ്യാപനത്തിൽ വിശ്വസിക്കുന്നില്ല. ഉത്ഭവത്തെപ്പറ്റിയുള്ള ആരാധനയിലെ തന്നെ ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

നിർമ്മല കന്യേ നിൻ തിരുജനനം[2]

പാവന പരിശുദ്ധിയെഴുന്നവൾ[3]

ശുദ്ധതയിൽ രഹസ്യം[4]

മാലിന്യമെഴാത്തവൾ[5]

രണ്ടാം സ്വർഗ്ഗം, പുതിയൊരു സ്വർഗ്ഗം[6]

വിശുദ്ധിയോടുകൂടി നിന്നെ പ്രസവിച്ച് മാലിന്യരഹിതയായ മറിയം[7]

വെടിപ്പും വിശുദ്ധിയുമുള്ള ആത്മാവാലും പാപത്താൽ

മലിനപ്പെടാത്ത ശരീരത്താലും വാഴ്ത്തപ്പെട്ട മാതാവേ[8]

ആദവും ഹവ്വയും അവരുടെ സന്തതികളും കുടിച്ചവിഷം മേരി കുടിച്ചില്ല[9] അവളുടെയാത്മാവ് എല്ലാ കറകളിലും നിന്ന് സ്വതന്ത്രയാണ്[10]

അവളുടെ ശരീരം എല്ലാ കറകളിലും സ്വതന്ത്രയാണ്.

പാപത്തിന്റെ മുള്ള് ഒരിക്കലും വളരാത്ത ഭൂമിയാണ് മേരി[12]



www.malankaralibrary.com

ദൈവമാതാവാകാൻ ആദിയിലെ തെരഞ്ഞെടുക്കപ്പെട്ടവളാണ്. അവൾ പരിശുദ്ധയായാണ്, വിശുദ്ധയായാണ് പാപത്തിന്റെ ശാപത്തിൽ നിന്നും മോചിതയായിട്ടാണ് ജനിച്ചത്.[13]

കറയില്ലാത്ത മാണിക്യം[14] പരിശുദ്ധമായ സ്വർഗ്ഗംകൊണ്ടും, വിരൂപമാക്കപ്പെടാത്ത തടികൊണ്ടും ഉണ്ടാക്കപ്പെട്ട വാഗ്ദാനപേടകം, മാതാവിനെയാണ് ദ്യോതിപ്പിക്കുന്നത്[15] എല്ലാ പാപക്കറകളിലും നിന്ന് പരിശുദ്ധയായി ജനിക്കുകയും നമ്മുടെ പിതാക്കൻമാരുടെ പരിശുദ്ധിയാൽ നിറഞ്ഞവളായിട്ടുമാണ് മാതാവ് ഗർഭം ധരിച്ചത്[16] ഹന്നായിക്ക് ദൈവമാതാവിനെ ഉദരത്തിൽ പേറുവാൻ സമയം ആയപ്പോൾ ഉന്നതനായവൻ സാത്താനെ ബന്ധിക്കണമെന്ന് മാലാഖമാർക്ക് ആജ്ഞ കൊടുത്തു. ദൈവം തന്നെ സാത്താനോട് പറഞ്ഞു ഞാൻ എന്റെ ഭവനത്തിൽ നിന്ന് തിരഞ്ഞെടുത്ത ഈ കുഞ്ഞിനെ സമീപിക്കരുത്.[17]

ആരാധനയിൽ മാതാവിന്റെ ഉത്ഭവത്തെപ്പറ്റി പ്രതിപാദിക്കുന്ന വ്യക്തമായ പ്രാർത്ഥനകളുണ്ട്. ഈ പ്രാർത്ഥനകളിലെല്ലാം മാതാവ് നിർമ്മലയാണ്, ശുദ്ധിയുള്ളവളാണ്, മാലിന്യമെഴാത്തവൾ ആണ്; നൈർമ്മല്യം ഉള്ളവളാണെന്ന് പ്രഘോഷിക്കുന്നു ഈ പ്രാർത്ഥനകൾ. മാതാവ് പാപരഹിതയായി ജനിച്ചു എന്നതിന് വ്യക്തമായ തെളിവാണ്. അമലയായിരുന്നപ്പോൾ ആണ് മാലാഖയുടെ സന്ദേശം മാതാവിനോട് അറിയിക്കപ്പെടുന്നത്. അതിലൂടെ അവൾ ആദിമാതാപിതാക്കന്മാരുടെ പാപത്തിന് പരിഹാരം കാണിച്ചു. കാരണം മാതാവ് ഒരിക്കലും അവർ കുടിച്ച വിഷം കുടിച്ചില്ല. മാതാവിന്റെ ഉത്ഭവത്തെപ്പറ്റി പറയുമ്പോൾ പല പ്രാർത്ഥനയിലും കാണുന്ന ഒരാശയമാണ്, പഴയനിയമത്തിലെ ആദിമാതാപിതാക്കൻമാരുമായി മാതാവിനെ ബന്ധപ്പെടുത്താനുള്ള ശ്രമം പ്രാർത്ഥനകളിൽ വ്യക്തമാണല്ലോ.

ഈ പ്രാർത്ഥനകളിലെ വേറൊരു പ്രത്യേകത മാതാവിന്റെ ആത്മാവും ശരീരവും ഒരുപോലെ പാപരഹിതമാണെന്നാണ്. സഭ പ്രതീകങ്ങളിലൂടെ മാതാവിന്റെ പാപരഹിതാവസ്ഥയെ ഏറ്റു പറയുന്നുണ്ട്. കറയില്ലാത്ത മാണിക്യം, പാപത്തിന്റെ മുള്ള് ഒരിക്കലും വളരാത്ത ഭൂമി.... ആദിയിലെ പാപമില്ലാത്തവളായി ദൈവം മാതാവിനെ ജനിപ്പിച്ചതായി പ്രാർത്ഥനയിലുണ്ട്. ദൈവം സാത്താനോട് പറയുന്നു എന്റെ വാസസ്ഥലത്തുനിന്നുള്ള ഈ കുഞ്ഞിനെ സമീപിക്കരുത്. നോക്കുക; ആരാധനയുടെ വിശ്വാസദർശനത്തോടുള്ള ക്രിയാത്മക സമീപനം. മാതാവിനെ രണ്ടാം സ്വർഗ്ഗമായിട്ടാണ് ആരാധനയിൽ വിളിക്കുന്നത്. ഇതിനു


www.malankaralibrary.com

കാരണമവളുടെ സ്വർഗ്ഗീയ വിശുദ്ധിയാണ്, പരിശുദ്ധാത്മാവിന്റെ കൃപ യാണ്. കത്തോലിക്കാ തിരുസഭ ഒരു വിശ്വാസസത്യമായി പ്രഖ്യാപിക്കു ന്നതിനു മുൻപുതന്നെ നമ്മുടെ സഭ മാതാവിന്റെ ഉത്ഭവത്തിൽ വിശ്വ സിച്ചിരുന്നു. ആരാധനയിലെ പ്രാർത്ഥനകൾ ആണതിന്റെ ജീവിക്കുന്ന സാക്ഷികൾ.

പിതാക്കന്മാരുടെ വീക്ഷണവും ഇതുതന്നെയാണ്. വിശുദ്ധ അപ്രേം കവിതാത്മകമായി തന്നെ പ്രസ്താവിക്കുന്നു.

നീയും നിന്റെ അമ്മയും
എല്ലാവരെക്കാളും സൗന്ദര്യമുള്ളവരാണ്
കാരണം നിങ്ങളിൽ യാതൊരു വിരൂപതയുമില്ല

നിന്റെയമ്മയിൽ യാതൊരു കറയുമില്ല.[18] വിശുദ്ധനായ അംബ്രോ സിന്റെ സാക്ഷ്യം മാതാവ് പാപത്തിന്റെ എല്ലാ കറകളിലും നിന്ന് സ്വത ന്ത്രയായി എന്നാണ്[19] മാതാവ് ജന്മപാപത്തിൽനിന്നും വിടുതൽ പ്രാപിച്ചവൾ എന്നാണ് വിശുദ്ധ ആഗസ്തിനോസ് പ്രഖ്യാപിക്കുന്നത്. ജോൺ ഡമീഷ്യന്റെ വാക്കുകൾ ശ്രദ്ധേയമാണ് "നമുക്കൊരു അടഞ്ഞ പറുദീസാ ഉണ്ടായിരുന്നു. നീയത് വീണ്ടും തുറന്നു. നീ പാപരഹിത യാണ്. മരണം ആസ്വദിക്കാത്തവളാണ്"[20] ചുരുക്കത്തിൽ പിതാക്കന്മാർ എല്ലാവരും തന്നെ മാതാവ് പാപരഹിതയായിരുന്നു എന്ന സത്യത്തിൽ വിശ്വസിക്കുന്നവരും ആ സത്യം പഠിപ്പിക്കാൻ പരിശ്രമിച്ചിരുന്നവരുമാ ണ്. സഭയിൽ ആദ്യകാലം മുതൽ തന്നെ ഉണ്ടായിരുന്ന ഒരു വിശ്വാസ മായിരുന്നു മാതാവിന്റെ ഉത്ഭവം എന്നതിന് പിതാക്കന്മാരുടെ ഈ സാക്ഷ്യം ഉദാഹരണമാണല്ലോ.

മാതാവിന്റെ ഉത്ഭവത്തിന്റെ സാംഗത്യം എന്തൊക്കെയാണ്? ഒന്നാ മതായി മാതാവിന്റെ ഉത്ഭവം ദ്യോതിപ്പിക്കുന്നത് മാതാവിന്റെ തന്നെ വ്യക്തിത്വത്തെയാണ്. മാതാവിന്റെ തന്നെ ജീവിതത്തെയാണ്; മാതാ വിന് രക്ഷാകര ചരിത്രത്തിലുള്ള സ്ഥാനത്തെയാണ് - ഇതിലൂടെ മാതാവ് തിരഞ്ഞെടുക്കപ്പെട്ട സമൂഹത്തിന്റെ പ്രതിനിധിയായി മാറി. മാതാവിന്റെ ഉത്ഭവത്തിന്റെ വേദപുസ്തകാധികാരികത ചോദ്യം ചെയ്യ പ്പെട്ടിട്ടുണ്ട്, എന്നതും വാസ്തവമാണ്. ആയതിനാൽ ഈ വിശ്വാസ ദർശനത്തിന് വേദ പുസ്തകതെളിവ് ഒന്നും തന്നെയില്ലാ എന്ന പരാ മർശം മറ്റ് ക്രിസ്തീയ സമൂഹത്തിൽ ഉണ്ട്. പൗരസ്ത്യസഭയിലെ തന്നെ ഒരേ ആരാധന പിൻതുടരുന്നവർ ഈ സത്യത്തെ ഒരു വിശ്വാസപ്രഖ്യാ


www.malankaralibrary.com

പനമായി അംഗീകരിക്കുന്നില്ല. ഇതിനുകാരണം മാതാവിന്റെ വ്യക്തിത്വത്തെ പറ്റിയുള്ള വികലമായ, പൂർണ്ണമല്ലാത്ത മനസ്സിലാക്കൽ ഒന്നുകൊണ്ടാണ്; ഉത്ഭവപാപത്തെപ്പറ്റിയുള്ള വീക്ഷണംകൊണ്ടാണ്. ഉത്ഭവ പാപത്തെ ഗർഭധാരണവുമായി ബന്ധപ്പെട്ടാണ് അവർ കാണുന്നത്. സ്ത്രീ-പുരുഷബന്ധത്തിലൂടെയാണ് ഉത്ഭവപാപം പിൻതുടർച്ചയായി ലഭിക്കുന്നത് അവരുടെ വീക്ഷണത്തിൽ[21] മാതാവും സാധാരണ രീതിയിൽ സ്ത്രീപുരുഷസംസർഗ്ഗത്തിൽകൂടി ജനിച്ചതാണ്. അത്ഭുത ജനനമായിരുന്നില്ല മാതാവിന്റേത്. തീർച്ചയായും അതുകൊണ്ട് ഉത്ഭവപാപത്തിന് മറിയവും വശംവദയായിട്ടാണ്. മാത്രമല്ല മാതാവ് ഉത്ഭവപാപത്തിൽനിന്നും മോചിതയാണ്. പാപമില്ലാതെയാണ് ജനിച്ചതെന്ന് പറയുമ്പോൾ അത് ക്രിസ്തുവിന്റെ വ്യക്തിത്വത്തെ സാരമായി ബാധിക്കും. ക്രിസ്തു മാത്രമേ ലോകത്തിൽ പാപമില്ലാത്തവനായിട്ടുള്ളു. ഈ കാരണത്താൽ നമ്മുടെ തന്നെയാരാധന, ക്രമം പിൻതുടരുന്ന സഹോദരങ്ങൾക്ക് മാതാവിന്റെ ഉത്ഭവം ഒരു വിശ്വാസസത്യമായി അംഗീകരിക്കാൻ പ്രയാസമാണ്. എന്നാൽ മാതാവിന്റെ ഉത്ഭവംകൊണ്ട് അർത്ഥമാക്കുന്നത് ഇതിനെക്കാൾ കൂടുതൽ വ്യാപകമായ ഒരർത്ഥം ആണ്. ആരാധനയിൽ മാതാവിന്റെ പരിശുദ്ധിയെ നാം പാടി പുകഴ്ത്തുന്നു.

ഈ പരിശുദ്ധി ജീവിതത്തിന്റെ ഒരു ഭാഗം മാത്രമല്ല, ജീവിതത്തിലെ ഒരവസ്ഥ, ഒരു സംഭവം മാത്രമല്ല ജീവിതം മുഴുവൻ നിറഞ്ഞു നിൽക്കുന്ന ഒരു യാഥാർത്ഥ്യവുമാണ്. ദൈവം മാതാവിന് നൽകിയ ഒരു ദാനമെന്നതിനെക്കാൾ ഉപരി മാതാവും ദൈവവും തമ്മിലുള്ള വ്യക്തിബന്ധത്തിൽനിന്നും ഉടലെടുത്തുവന്ന ഒരവസ്ഥയാണിത്. ആയതിനാൽ ഞാനും എന്റെ ദൈവവും തമ്മിലുള്ള ബന്ധമാണ് പരിശുദ്ധിയുടെ ആധാരം. ഈ പരിശുദ്ധി ദൈവവുമായുള്ള മനുഷ്യന്റെ ചലനാത്മകമായ ബന്ധത്തിലാണ് അടങ്ങിയിരിക്കുന്നത് എന്നാൽ സാധാരണയായി മനുഷ്യൻ പരിശുദ്ധി അളക്കുന്നത് പാപവുമായി ബന്ധപ്പെടുത്തിയാണ്.

പാപത്തെപ്പറ്റി നാം ചിന്തിക്കുമ്പോൾ ആത്യന്തികമായി പാപകാരണം ആദിമാതാപിതാക്കൻമാർ ആണ്. ഉല്പത്തി പുസ്തകത്തിൽ പ്രതീകാത്മകമായി പാപത്തിന്റെ ഉത്ഭവത്തെപറ്റി വിവരിച്ചിട്ടുണ്ടല്ലോ. എങ്ങനെയാണ് മനുഷ്യൻ ദൈവസ്നേഹത്തിൽനിന്നും ദൈവബന്ധത്തിൽനിന്നും ഓടിയകന്നത്, ഇതാണ് ആദിമാതാപിതാക്കന്മാരുടെ കഥയിൽ നിന്നും നമുക്കു ലഭിക്കുന്ന പാഠം. ആദിയിൽ ദൈവമവരെ


www.malankaralibrary.com

സൃഷ്ടിച്ചപ്പോൾ ദൈവവുമായി അടുത്തബന്ധം ഉള്ളവരായിരുന്നു അവർ. പിന്നീട് അവരുടെ ഉത്തരവാദിത്വരാഹിത്യം കൊണ്ട് ദൈവമനുഷ്യബന്ധത്തിന് മങ്ങലേറ്റു, ഫലമോ ഐതര്യം. ഒന്നാമതായി തന്നിൽനിന്നു തന്നെ മനുഷ്യൻ ഒറ്റപ്പെട്ടു, അവൻ നഗ്നനാണെന്ന് മനുഷ്യന് തോന്നി. അത് ദുഃഖകാരണമായി, ജീവിതത്തിൽ സന്തോഷമില്ല. രണ്ടാമതായി ദൈവത്തിൽ നിന്നുള്ള ഐതര്യം ദൈവം കാണാതിരിക്കാൻ ഓടി ഓളിക്കുന്നു. മൂന്നാമതായി അവന്റെ സഹോദരനിൽ നിന്നുള്ള ഐതര്യം നാലാമതായി അവൻ നേരത്തെ മിത്രങ്ങളായി കരുതിയിരുന്ന പക്ഷിമൃഗാദികൾ അവന്റെ ശത്രുക്കളായി മാറുന്നു. ഐതര്യം (alienation) സംഭവിച്ച നയനങ്ങളാൽ അവൻ അതിനെ വീക്ഷിക്കുന്നു. അങ്ങനെ പാപം ആദിയിൽ മനുഷ്യനുണ്ടായിരുന്ന പൂർണ്ണതയും പരിശുദ്ധിയും നഷ്ടപ്പെടുത്തി. എന്നാൽ മാതാവിലൂടെ ഉണ്ടാക്കിയ സന്ധിയിലൂടെ ഈ മനുഷ്യപൂർണ്ണത വീണ്ടെടുക്കപ്പെട്ടു അതിനായി ദൈവം മാതാവിനെ നമ്മുടെ ആരാധന സാക്ഷിക്കുന്നതുപോലെ ആദിയിലെ തിരഞ്ഞെടുത്തു. മാതാവിന്റെ പാപരഹിതാവസ്ഥയെപ്പറ്റി ചിന്തിക്കുമ്പോൾ മാതാവിന് നൽകപ്പെട്ട ഒരു ദാനമായി ഇതിനെ കാണുന്നതോടൊപ്പം തന്നെ ക്രിസ്തുവിൽ നവജീവൻ നയിക്കാൻ വിളിക്കപ്പെടുന്ന എല്ലാവർക്കും നൽകപ്പെടുന്ന ഒരു വിളിയായി ഈ അനുഭവത്തെ കാണേണ്ടതുണ്ട്. പാപമില്ലാതെ മനുഷ്യപൂർണ്ണത സംരക്ഷിച്ചുകൊണ്ട്, തനിമയിൽ, മറിയം ജീവിച്ചതിനാൽ ഈ യാഥാർത്ഥ്യത്തിന്റെ ആദ്യബിന്ദുവായി ആദ്യമാതൃകയായി മാതാവ് നിലകൊള്ളുന്നു. മാതാവിന്റെ പാപരഹിതാവസ്ഥയെ ഈ അർത്ഥത്തിൽ വേണം മനസ്സിലാക്കുവാൻ.

നമ്മുടെ ആരാധനയിൽ മാതാവിന്റെ ഉത്ഭവത്തെപറ്റി പറയുമ്പോൾ അതിന് ഉപോദ്ബലമായി തിരഞ്ഞെടുക്കപ്പെടുന്ന ഒരു പഴയനിയമഭാഗമാണ് ഉല്പത്തി 3:15. എന്നാൽ ഇതിന്റെ പശ്ചാത്തലം വിശകലന വിധേയമാക്കുമ്പോൾ മാതാവിന്റെ ഉത്ഭവത്തിനുള്ള തെറ്റായ ഒരടിസ്ഥാനമാണിത് എന്ന് വ്യക്തമാണ്. എന്നാൽ ആരാധനയിൽ നാം കാണുന്നത് അവിടെ പരാമർശിക്കുന്ന സ്ത്രീ മറിയം തന്നെയാണ്[22] അവൾ ക്രിസ്തുവിൽ വിളിക്കപ്പെട്ട സമൂഹത്തിന്റെ ഹവ്വായാണ്. ആദ്യസ്ത്രീ പാപം ഉള്ളവളായിരുന്നു. രണ്ടാമത്തെ ആദം ആയ മറിയം പാപരഹിതയായിരുന്നു. ഇതിൽനിന്ന് നാം മനസ്സിലാക്കുന്ന വേദപുസ്തകത്തിലെ പ്രധാനഭാഗത്തെ അതേപടി കണ്ടുകൊണ്ട് മാതാവിന്റെ പാപരഹിതാവസ്ഥയ്ക്കുള്ള ഒരു തെളിവായി ആരാധനാസമൂഹം വിശ്വസിച്ചുപോന്നു. നൂറ്റാണ്ടുകളിലൂടെ രൂപപ്പെടുത്തിയെടുത്ത ഒരു വിശ്വാസ



www.malankaralibrary.com

ദർശനമാണിത്. മറിയത്തിന്റെ ഉത്ഭവത്തെപ്പറ്റി ചിന്തിക്കുമ്പോൾ ഒരു പോലെ ആരാധനയിലും വേദപുസ്തകത്തിലും കാണുന്ന ഒരാശയ മാണ് മാതാവ് കൃപ നിറഞ്ഞവൾ ആയിരുന്നു എന്നത് 'മാലിന്യമില്ലാ ത്തവൾ' എന്നാണല്ലോ ആരാധന മാതാവിനെ പുകഴ്ത്തുന്നത്. ഈ 'കൃപ' ഒരിക്കൽ മാത്രമുള്ള ഒന്നല്ല ജീവിതം മുഴുവൻ തന്നെ നിറഞ്ഞു നിൽക്കുന്ന ഒന്നാണ്. അപ്പോൾ മാതാവ് ആദിമുതൽതന്നെ, അവളുടെ ജനനാവസരം മുതൽതന്നെ കൃപ നിറഞ്ഞവളാണ്. മാതാവിന്റെ ഉദര ത്തിൽ ദൈവപുത്രൻ ഉരുവാകുന്ന സമയം മുതൽ കൃപ നിറഞ്ഞവൾ ആയിരുന്നു. മാലിന്യമില്ലാത്തവളായിരുന്നു. ഇതിനുള്ള വ്യക്തമായ തെളിവാണ് മാലാഖയുടെ മറിയത്തോടുള്ള അഭിവാദനം (ലൂക്കാ 1:28) ഇത് ദൈവത്തിന്റെ രക്ഷാകരമായ ഒരു പ്രവർത്തി ആയിരുന്നു. പരിശുദ്ധാത്മാവിന്റെ ദാനമായ ഈ പ്രവൃത്തിയിലൂടെ മാതാവിന്റെ പരിശുദ്ധിയെ ദൈവം അംഗീകരിക്കുന്നു. ക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവർക്കും നൽകപ്പെടുന്ന പരിശുദ്ധാത്മാവിന്റെ ദാനമാണ് പരിശുദ്ധി, കാരണം ക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവരിലും ക്രിസ്തുവിന്റെ ആത്മാവ് - പരിശുദ്ധാത്മാവ്, പ്രവർത്തിക്കുന്നുണ്ട്. എന്നാൽ മാതാവിന്റെ ചരിത്രം പരിശോധിച്ചാൽ ആത്മാവിന്റെ പ്രവർത്തനം എന്താണെന്ന് ശ്രദ്ധയോടുകൂടി മറിയം വിവേചിച്ചറിഞ്ഞു. ആത്മാവിന്റെ ദാനങ്ങളെ വിവേചിച്ചറിയാനുള്ള ഒരു ക്ഷണം കൂടിയാണ് ഉത്ഭവം നമുക്കു തരുന്ന സന്ദേശത്തിനുണ്ട്.

കൂടാതെ പരിശുദ്ധാത്മാവിന്റെ കൃപ എങ്ങനെയാണ് പരിശുദ്ധ രായ വ്യക്തികളിലേക്ക് ഒഴുകുന്നത് എന്നതിന്റെ തെളിവുകൂടിയാണ് മാതാവിന്റെ ഉത്ഭവം. ഈയർത്ഥത്തിൽ, ഉത്ഭവം വിശ്വാസസമൂഹത്തിന് നൽകുന്ന ഒരു വലിയ വെല്ലുവിളിയാണ്. ആത്മാവിനെ സ്വീകരിക്കാൻ സ്വയം പരിശുദ്ധരാകുവാനുള്ള വെല്ലുവിളി.

മാതാവിന്റെ ഉത്ഭവം രണ്ട് കാര്യങ്ങളിലേക്ക് വിരൽചൂണ്ടുന്നു മാതാവിന്റെ പാപരഹിതാവസ്ഥ ദൈവവുമായുള്ള ഒരു വ്യക്തിപരമായ ബന്ധത്തിന് മാതാവിനെ ഒരുക്കി. അവൾ ജീവിതത്തിൽ സംപൂർണ്ണത യനുഭവിച്ചു. മാതാവിന്റെ ഉത്ഭവം ഒരിക്കൽ കൂടി മനുഷ്യൻ ദൈവമ നുഷ്യസംപൂർണ്ണതയിൽ വളരേണ്ടതിന്റെ ആവശ്യകത എടുത്തുകാട്ടു ന്നു. ഉത്ഭവം ഒരു ക്രിസ്തീയ നരവംശ ശാസ്ത്രത്തിന് മനുഷ്യനെ ആഹ്വാനം ചെയ്യുന്നു. ദൈവത്തിന്റെ സന്നിധിയിലാണ് മനുഷ്യൻ പൂർണ്ണതയനുഭവിക്കുന്നത്.മനുഷ്യൻ ഒരിക്കലും നഷ്ടപ്പെട്ടവനല്ല, ശാപ ഗ്രസ്തനല്ല, വീണ്ടെടുക്കപ്പെട്ടവനാണ്. ദൈവം ഒരിക്കലും മനുഷ്യനെ


www.malankaralibrary.com

മറക്കുകയില്ല. ദൈവത്തിന്റെ കരവലയത്തിലാണ് മനുഷ്യൻ. ആയതി നാൽ മനുഷ്യൻ എന്നും നിരന്തരം ദൈവവുമായി സഖിത്വത്തിലായി രിക്കണം; ബന്ധപ്പെട്ടുകൊണ്ടിരിക്കണം.

### *Footnotes*

1. Neuner & Dupuis (ed), The Christian Faith, Banglore, P.No.709
2. പ്രതിദിന നമസ്കരാം ശ്ഹിമോ, P.104
3. Ibid p.148
4. Ibid, മെനഓലം p.20
5. ആരാധനക്രമം, തിരുനാളുകൾ p.29
6. പ്രതിദിനനമസ്കാരം, മെന ഓലം, p.321
7. പ്രാർത്ഥനാക്രമം, സ്ലീബാപെരുന്നാൾ, കോട്ടയം p.11
8. ഞായറാഴ്ചകളിലും, പെരുന്നാൾകൾക്കുമുള്ള പ്രുമിയോൻ, TVI, p.38
9. Harp of the Spirit Vol II, P.347, 634
10. Ibid p.251, 252, 258
11. Ibid p.401
12. Ibid p.257
13. Ibid p. 258, 260
14. Ibid p.260
15. Ibid p.313
16. Ibid p.344
17. Ibid p.347
18. Jurgens William A., The Faith of the Early Fathers, TPI 1984, Vol I,p.313
19. Ibid, Vol.I, No.1314, p.166
20. Ibid Vol III No.2389,p.349
21. Hambye S.J., The Churches of the Eastern tradition, Pune, 1964 N.D. The Immaculate Conception
22. Harp of the Spirit Vol II, p.355


www.malankaralibrary.com

# 6

# മാതാവിന്റെ വാങ്ങിപ്പ് ആരാധനയിൽ

അമലയായിരുന്നു മറിയം. ഉത്ഭവപാപം ഇല്ലാതെ ജനിച്ച മറിയം അവളുടെ ജീവിതത്തിന്റെ സംതൃപ്തി, സംപൂർണ്ണത കണ്ടെത്തിയവ ളാണ്. കാരണം മറിയം തന്റെ വിളിയോട് വിശ്വസ്തത പുലർത്തിയിരു ന്നു. ഈ വിശ്വസ്തത അവളുടെ ജീവിത സാക്ഷാത്കാരത്തിനുള്ള സമ്മാനമായി നിലകൊണ്ടു. ദൈവം മാതാവിന് നൽകിയ സമ്മാനമാ യിരുന്നു വാങ്ങിപ്പ് അഥവാ സ്വർഗ്ഗാരോപണം. ആയതിനാൽ മാതാ വിന്റെ വാങ്ങിപ്പ് മറിയത്തിന്റെ വിശ്വസ്തതക്ക് ദൈവം നൽകിയ സ്വർഗ്ഗീയ സമ്മാനമാണ്. ഇത് ക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ പ്രത്യാശയും ചൂണ്ടുപലകയുമാണ്. വിശ്വസ്തതയോടുകൂടി ജീവിച്ചാൽ ദൈവമഹത്വത്തിൽ പ്രവേശിക്കാം. 1950-ൽ കത്തോലിക്കാസഭ മാതാ വിന്റെ സ്വർഗ്ഗാരോപണം വിശ്വാസ സത്യമായി പ്രഖ്യാപിച്ചു. "അമലോ ത്ഭവയും ദൈവമാതാവും നിത്യകന്യകയുമായ പരിശുദ്ധ മറിയം അവ ളുടെ ഇലഹോലകവാസം പൂർത്തിയാക്കി കഴിഞ്ഞപ്പോൾ ആത്മശരീ രങ്ങളോടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു[1] ഇതാണ് കത്തോലിക്കാ തിരുസഭയുടെ മാതാവിന്റെ സ്വർഗ്ഗാരോപണത്തെപ്പറ്റിയുള്ള വിശ്വാസ സത്യം.

നമ്മുടെ ആരാധനയിൽ മാതാവിന്റെ വാങ്ങിപ്പിനെ വ്യക്തമായ ശൈലിയിൽ പ്രതിപാദിക്കുന്ന പ്രാർത്ഥനകൾ വിരളമാണ്. നമ്മുടെ പ്രാർത്ഥനകളുടെ പ്രത്യേകത അത് വേദപുസ്താധിഷ്ഠിതമാണെന്ന താണല്ലോ. വേദപുസ്തകത്തിൽ മാതാവിന്റെ വാങ്ങിപ്പിനെപ്പറ്റി പരാ മർശിക്കുന്ന വേദഭാഗങ്ങൾ ഒന്നുംതന്നെയില്ല. മാതാവ്, യേശു സ്വർഗ്ഗ ത്തിലേക്ക് കയറിപോയതുപോലെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു എന്ന് ഒരിടത്തും വേദപുസ്തകത്തിൽ പറയുന്നില്ല. ഇതായിരിക്കാം ആരാധ നയിൽ വാങ്ങിപ്പിനെപ്പറ്റിയുള്ള പ്രാർത്ഥനകൾ വിരളമായി കാണാനുള്ള

www.malankaralibrary.com

പ്രധാന കാരണം. ആരാധന ആദ്യനൂറ്റാണ്ടുകളിൽ രൂപപ്പെട്ടുവന്നതു കൊണ്ടാവാം പ്രത്യേകിച്ച് അഞ്ചും ആറും നൂറ്റാണ്ടുകളുടെ സ്വാധീനം ആരാധനയുടെ രൂപീകരണ പ്രക്രിയയിൽ അതുല്യമായ സ്ഥാനം വഹിച്ചിട്ടുണ്ട്. എന്നാൽ ഓരോ നൂറ്റണ്ടിലും സഭയിലുണ്ടായിട്ടുള്ള ക്രിസ്തുശാസ്ത്ര മരിയ ശാസ്ത്ര ദർശനങ്ങളുടെ സ്വാധീനം ആരാധനയിലുണ്ട് അതുകൊണ്ടായിരിക്കണം പെങ്കീസോ പ്രാർത്ഥനയിൽ മാതാവിന്റെ 'വാങ്ങിപ്പ് അഥവാ ശൂനോയോ തിരുനാൾ' നാം ഓർക്കുന്നത്. ആത്മ ശരീരങ്ങളോടുകൂടി സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ട മാതാവിനെ ആണ് ഈ തിരുനാളിൽ അനുസ്മരിക്കുന്നത്. ആരാധനയിൽ മാതാവ് നേരിട്ട് സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടതായി പറയാതെ തന്നെ ആ ആശയം വിശദമാക്കുന്ന പല പ്രാർത്ഥനകൾ ഉണ്ട് ചില ഉദാഹരണങ്ങൾ രേഖപ്പെടുത്താം:

"ധന്യതയാർന്നവൾ[2]

കരുണയുള്ള മാതാവും ജയം ധരിച്ചവളും രണ്ടാം സ്വർഗ്ഗവും[3]

ദൈവമാതാവേ കർത്താവായ ദൈവത്തിൽ നിന്റെ ആത്മാവ് ഉൽകർഷം പ്രാപിച്ചു.[4]

തന്റെ മാതാവിന്റെ ഓർമ്മയെ സ്വർഗ്ഗത്തിലും ഭൂമിയും ശ്രേഷ്ഠമാക്കി[5] ഭാഗ്യം നിറയും മാതാവവൾ തന്നാരോഹത്തിൽ[6] വാഴ്ത്തപ്പെട്ട മാതാവിന്റെ വാങ്ങിപ്പ്[7] പുത്രന്റെയടുത്തേക്ക് വാങ്ങിപ്പോയി[8] ആകാശത്തോളം ഉയർന്നവൾ[9] കർത്താവേ നിന്റെ മരണസമയത്ത് മാലാഖമാരുടെയും നിബിയൻമാരുടെയും ശ്ലീഹൻമാരുടെയും സഹദേൻമാരുടെയും പൂർവ്വപിതാക്കൻമാരുടെയും സകല പരിശുദ്ധന്മാരുടെയും സംഘത്തോടുകൂടി നീയെഴുന്നള്ളിവന്ന് അവളുടെ ആത്മാവിനെ ബഹുമാനത്തോടെ കൈക്കൊണ്ടതുപോലെ[10] സ്വർഗ്ഗത്തിലാണ് മാതാവ് എന്ന വിശ്വാസമാണ് ആരാധനാസമൂഹത്തിനുള്ളത്. ഈ പ്രാർത്ഥനകൾ അതിനു സാക്ഷ്യം വഹിക്കുന്നു. എങ്ങനെയാണ് മാതാവ് സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടത്? ആരാധനയുടെ വിശ്വാസവും പഠിപ്പിക്കലും സ്വർഗ്ഗം ബഹുമാനത്തോടെ മാതാവിനെ സ്വീകരിച്ചു എന്നതാണ്.

മാതാവിന്റെ വാങ്ങിപ്പിനെ പറ്റി ചിന്തിക്കുമ്പോൾ ആദ്യനൂറ്റാണ്ടിലെ പിതാക്കൻമാർ ഒന്നുംതന്നെ അതിനെപ്പറ്റി പറയുന്നില്ല. എന്നാൽ എ.ഡി. 538-ൽ ജീവിച്ചിരുന്ന ടൂറിലെ വി.ഗ്രിഗറിയുടെ പരാമർശമാണ് ആദ്യമായിട്ടുള്ളത്. ഇതിൽനിന്നും 538 എ.ഡിയ്ക്കും മുൻപ് മാതാവിന്റെ


www.malankaralibrary.com

വാങ്ങിപ്പിൽ ആരാധന സമൂഹത്തിന് വിശ്വാസം ഉണ്ടായിരുന്നില്ല എന്നർത്ഥമില്ല. മറിച്ച് ആദ്യനൂറ്റാണ്ടുകളിൽ ക്രിസ്തു സംഭവത്തെപ്പറ്റി യുള്ള ചോദ്യങ്ങൾ ഒന്നുംതന്നെ ഇല്ലായിരുന്നു. ഒരു വിശ്വാസമായി രുന്നു അത്.

വി.ഗ്രിഗറിയുടെ പ്രസ്താവ്യം ഇപ്രകാരമാണ്. ഈ ലോകത്തിൽ നിന്നും വേർപിരിയാനുള്ള വാഴ്ത്തപ്പെട്ട മറിയാമിന്റെ കാലം സമാഗ തമായപ്പോൾ മാതാവിന്റെ ഭവനത്തിൽ എല്ലാ ശിഷ്യൻമാരും വിവിധ സ്ഥലങ്ങളിൽനിന്നും ഒന്നിച്ചുകൂടി. അവർ അവളോട് ചേർന്ന് ജാഗ്രത യോടുകൂടിയിരുന്നു.യേശുക്രിസ്തു തന്റെ മാലാഖമാരുടെ കൂട്ടത്തോ ടുകൂടി വന്ന് അവളുടെ ആത്മാവിനെ സ്വീകരിച്ചു,ഒരു ദിവസം കഴി ഞ്ഞപ്പോൾ അപ്പസ്തോലൻമാർ അവളുടെ ശരീരം ഒരു കല്ലറയിൽ സംസ്കരിച്ചു.അതിനുശേഷം യേശുവിനെ പ്രതീക്ഷിച്ച് അവർ അവിടെ തന്നെ വസിച്ചു.വീണ്ടും അവരുടെ മധ്യേ കർത്താവ് വന്ന് അവളുടെ വി.ശരീരം സ്വീകരിച്ചു. ശരീരം ഒരു മേഘത്തിൽ പറുദീസയിലേക്ക് എടുക്കപ്പെട്ടു. ശരീരം വീണ്ടും ആത്മാവുമായി ചേർക്കപ്പെട്ടു. അത് ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവരുടെ സന്തോഷത്തിലും ഒരിക്കലും അവസാനിക്കാത്ത സ്വർഗ്ഗീയതയുടെ നന്മയിലും ആനന്ദിക്കുന്നു."[11]

അടുത്തതായി മാതാവിന്റെ വാങ്ങിപ്പിനെപ്പറ്റി പരാമർശിക്കുന്ന സഭാപിതാവ് ജോൺ ഡമീഷ്യൻ ആണ് അദ്ദേഹത്തിന്റെ യുത്തനേയി യൻ ചരിത്രത്തിൽ (Euthinian History) മൂന്നാം പുസ്തകത്തിൽ നാല്പതാം അധ്യായത്തിൽ ഒരു ഉത്തരമായി ജൂവനൽ (Juvenal) പറ യുന്നു "വിശുദ്ധവും ദൈവനിവേശിതവുമായ വേദപുസ്തകത്തിൽ മാതാവിന്റെ അന്ത്യത്തെ പറ്റി യാതൊന്നും പറയുന്നില്ല" - എന്നാൽ പൗരാണികവും ഉന്നതമായ സത്യമായി ഞങ്ങൾക്ക് അവളുടെ മഹത്വ പൂർണ്ണമായ വിടവാങ്ങലിനെപ്പറ്റിയുള്ള പാരമ്പര്യം ലഭിച്ചിട്ടുണ്ട്. മാതാ വിന്റെ മരണസമയത്ത് വി.തോമാശ്ലീഹാ ഒഴികെയുള്ള ശിഷ്യൻമാർ എല്ലാവരും ഒന്നിച്ചുകൂടി.അവളുടെ ആത്മാവ് ആദ്യം ദൈവത്തിങ്കലേക്ക് എടുക്കപ്പെട്ടു. ശരീരം കല്ലറയിൽ അടക്കി. മൂന്നുദിവസം കഴിഞ്ഞ് തോമസ് വന്നപ്പോൾ കല്ലറ തുറന്നു.ശരീരം കണ്ടില്ല. മൂടിയിരുന്ന തുണി മാത്രമെ കണ്ടുള്ളു. അവളുടെ പുത്രൻ അവളിൽ സംപ്രീതനായി;അവ ളുടെ ശരീരം ദ്രവിച്ചു പോകാനനുവദിക്കാതെ എല്ലാവരുടെയും സാർവ്വ ത്രികമായ ഉയർപ്പിനു മുൻപുതന്നെ സ്വർഗ്ഗത്തിലേക്ക് വാങ്ങിപ്പോയി.[12] ഈ രണ്ട് പിതാക്കൻമാരും സാക്ഷിക്കുന്നത് മാതാവ് സ്വർഗ്ഗത്തിലേക്ക്

www.malankaralibrary.com

മടങ്ങിപ്പോയി എന്നാണ്. ഇവരുടെ ഒരേ സംഭവത്തിന്റെ തന്നെ അവതരണരീതി വിരുദ്ധാത്മകവുമാണ്.

ഇനിയും സഭാപാരമ്പര്യത്തിലേക്ക് കടന്നുചെന്നാൽ[13] ഏതാണ്ട് 400 എ.ഡി.യോടുകൂടി മാതാവിന്റെ വാങ്ങിപ്പിനെപ്പറ്റിയുള്ള പാരമ്പര്യങ്ങൾ പല അപ്രമാണിക ഗ്രന്ഥങ്ങളിലും കാണപ്പെടുന്നതായി പറയപ്പെടുന്നു. 6-ാം നൂറ്റാണ്ടുകൂടി മാതാവിന്റെ ഈ ലോകജീവിതത്തിൽ നിന്ന് മഹത്വീകരണത്തിലേക്കുള്ള വാങ്ങിപ്പ് എന്ന ആശയം ഉൾക്കൊള്ളുന്ന ഒരു തിരുനാൾ സഭയിൽ ആഘോഷിച്ചിരുന്നു.

എന്തു സന്ദേശമാണ് 'വാങ്ങിപ്പ്' നൽകുന്നത്? സഭയിൽ ക്രൈസ്തവസമൂഹത്തിൽ എന്നും അധികം കോളിളക്കം സൃഷ്ടിച്ച ഒന്നാണ് 1950-ലെ മാതാവിന്റെ സ്വർഗ്ഗാരോപണത്തെപ്പറ്റിയുള്ള കത്തോലിക്കാ വിശ്വാസപ്രഖ്യാപനം. അകത്തോലിക്കാ സമൂഹം ഒന്നുചേർന്ന് വാദിച്ചു. ഒരാൾ മാത്രമേ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങി വന്നിട്ടുള്ളു അദ്ദേഹം മാത്രമെ സ്വർഗ്ഗത്തിലേക്ക് കരേറ്റപ്പെട്ടിട്ടുള്ളു (യോഹ 3:13) ആയതിനാൽ ഈ പ്രഖ്യാപനം വേദപുസ്തകത്തോടു തന്നെയുള്ള നിഷേധമാണ്. എന്നാൽ സഭ ഈ വിമർശനത്തെ ശക്തിപൂർവ്വം തരണം ചെയ്തുകൊണ്ട് പഠിപ്പിക്കുന്നത്, മാതാവ് പൂർണ്ണതയിൽ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു എന്നാണ്. ഇത് ക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവർക്കും വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ളതാണ്. ആദ്യമായി അത് യേശുവിനും പിന്നീട് യേശുവിനെ പിൻചെല്ലുന്ന എല്ലാവർക്കും ഉള്ളതാണ്. മാതാവിന് മാത്രം നൽകപ്പെടുന്ന ഒരു ദാനമല്ല. മാതാവിനെ പോലെ പൂർണ്ണതയിൽ വിശ്വസ്തതയോടുകൂടി ജീവിച്ചാൽ പൂർണ്ണതയിൽ തന്നെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടും. ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് നൽകപ്പെടുന്ന, സ്വന്തം ജീവിതത്തോടും വിളിയോടും വിശ്വസ്തരായിരിക്കുന്നവർക്ക് നൽകപ്പെടുന്ന ഏറ്റം വലിയ പ്രത്യാശയാണ് മാതാവിന്റെ സ്വർഗ്ഗത്തിലേക്കുള്ള വാങ്ങിപ്പ്.

രണ്ടാമതായി അപ്രമാണിക ഗ്രന്ഥങ്ങളിൽ പല രീതിയിൽ മാതാവിന്റെ വാങ്ങിപ്പിനെപ്പറ്റി പരാമർശിക്കുന്നു. ചില പുസ്തകങ്ങളിൽ പറയുന്നു മാതാവിന്റെ ആത്മാവിനെയാദ്യം കർത്താവ് സ്വീകരിച്ചു, ശവസംസ്കാരത്തിനുശേഷം ശരീരവും.[14] എന്നാൽ മറ്റു ചില പുസ്തകങ്ങളിൽ വേറൊരു രീതിയിലാണ് മാതാവിന്റെ വാങ്ങിപ്പിന്റെ അവതരണം കൊടുത്തിരിക്കുന്നത്.[15] ഈ ഗ്രന്ഥങ്ങൾ ഒന്നുംതന്നെ വിശ്വാ



www.malankaralibrary.com

സത്തിന്റെ കേന്ദ്രബിന്ദുവല്ല. 8-ാം നൂറ്റാണ്ടിൽ സഭ ഔദ്യോഗികമായി അപ്രമാണിക ഗ്രന്ഥങ്ങളെ വിശ്വാസ യോഗ്യമല്ലെന്ന് വിലക്കുകയും ചെയ്തിട്ടുണ്ട്[16] ആയതിനാൽ അപ്രമാണിക ഗ്രന്ഥങ്ങളെ ആധാരമാക്കിയല്ല നാം വിശ്വസിക്കേണ്ടത്. എന്നാൽ ഒരു കാര്യം ഈ ഗ്രന്ഥങ്ങളിൽ നിന്ന് നാം മനസ്സിലാക്കണം. മാതാവ് സ്വർഗ്ഗത്തിലേക്ക് വാങ്ങിപ്പോയി എന്ന വിശ്വാസം ഈ ഗ്രന്ഥങ്ങളിൽ കാണാം. ഇതു സത്യമാണ്. ഇനിയും എങ്ങനെയാണ് സ്വർഗ്ഗത്തിലേക്ക് വാങ്ങിപ്പോയത് ആത്മാവ് മാത്രമായാണോ, ശരീരത്തോടുകൂടിയോ തുടങ്ങിയ ചോദ്യങ്ങൾക്ക് വിശ്വാസത്തിൽ പ്രസക്തിയില്ല.

മൂന്നാമതായി മാതാവിന്റെ വാങ്ങിപ്പ് എന്നു നാം പറയുമ്പോൾ ഒരിക്കലും അർത്ഥമാക്കരുത്. "മരിച്ച ശരീരത്തിന്റെ അതേ രീതിയിലുള്ള പുനർജീവനെപറ്റി. അതേസമയം തന്നെ അതർത്ഥമാക്കുന്നത്, ഒരു വിശ്വാസിയുടെ പൂർണ്ണ വ്യക്തിത്വത്തിന്റെ പൂർത്തീകരണം എന്നു മാത്രമാണ്. മറ്റൊരു തരത്തിൽ, മരണശേഷം, വിശ്വാസി വിശ്വസ്തതയോടുകൂടി ജീവിച്ചാൽ, ക്രിസ്തുവിനെ മുഖാമുഖം ദർശിക്കും. ഈ സന്ദേശമാണ് വാങ്ങിപ്പ് നൽകുന്നത്. മാതാവ് മനുഷ്യന്റെ ഭാഗത്താണ്. സമുദ്ധരിക്കപ്പെട്ട മനുഷ്യന്റെ പ്രതിനിധിയാണവൾ.

അവസാനമായി മലങ്കര കത്തോലിക്കാ സഭയുടെ സ്ഥാപകനും ബഥനിയുടെ മാർഗ്ഗദീപവുമായ അഭിവന്ദ്യ ദൈവദാസനായ മാർ ഈവാനിയോസ് പിതാവ്, മാതാവിന്റെ വാങ്ങിപ്പിനെപ്പറ്റി പറയുന്നത് എന്തെന്ന് നോക്കാം; ഒരു വശ്വാസ സത്യമായി കത്തോലിക്കാസഭ പ്രസ്തുത മരിയ ശാസ്ത്രദർശനം പ്രഖ്യാപിക്കുന്നതിനുമുൻപ് ലോകത്തിലെ എല്ലാ മെത്രാൻമാരെയും അറിയിക്കുകയും അവരുടെ വിലയേറിയ ഉപദേശങ്ങൾ നേടുകയും ഉണ്ടായി.

ഈയവസരത്തിൽ തിരുവനന്തപുരം അതിരൂപതയുടെ മെത്രാപ്പോലീത്താ ആയിരുന്ന പിതാവ് നമ്മുടെ സഭയുടെ പ്രസ്തുത വിഷയത്തെപ്പറ്റിയുള്ള വീക്ഷണങ്ങൾ എഴുതി അറിയിച്ചു. "വാഴ്ത്തപ്പെട്ട കന്യകമറിയം ശാരീരിക മരണത്തിനുശേഷം സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു എന്ന് ഞാനും എന്റെ വൈദീകരും വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. യാക്കോബായസഭയിൽനിന്ന് കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ടവരും വൈദീകരും വിശ്വാസികളും യാക്കോബായസഭയിൽ ആയിരുന്നപ്പോൾ വിശ്വസിച്ചതുപോലെ



www.malankaralibrary.com

ഇപ്പോഴും വിശ്വസിക്കുന്നു. മലങ്കരയിലെയും, സിറിയായിലേയും യാക്കോബായസഭ മാതാവിന്റെ ശൂനോയോ, ആഗസ്റ്റ് 15-ാം തീയതി ആഘോഷിച്ചിരുന്നു. അതിനു ഒരുക്കമായി 15 ദിവസത്തെ നോമ്പ് അനുഷ്ഠിച്ചുപോരുന്നു. പെങ്കീസോയിലെ പല പ്രാർത്ഥനകളിലും ഇതിനെ പറ്റിയുള്ള പ്രാർത്ഥനകൾ ഉണ്ട്. ഈ പ്രാർത്ഥനകൾ വിശദമാക്കുന്നത് മാതാവിന്റെ വാങ്ങിപ്പിലുള്ള യാക്കോബായസഭയുടെ പൗരാണിക വിശ്വാസം ആണ്.

ഈ പ്രാർത്ഥനകളുടെ ഉത്ഭവം 6-ാം നൂറ്റാണ്ടിൽ സിറിയായിലാണ്. മാതാവിന്റെ സ്വർഗ്ഗാരോപണത്തിലുള്ള വിശ്വാസം പുതുതായി യാക്കോബായക്കാർ കണ്ടുപിടിച്ചതല്ല. ഈ തിരുനാളിനോടനുബന്ധിച്ച് നോമ്പ് 1599-നുമുൻപ് തന്നെ മലങ്കരയിലെ സിറിയൻ സഭ ആഘോഷിച്ചിരുന്നു. ആയതിനാൽ എനിക്കും എന്റെ വൈദികർക്കും വിശ്വാസികൾക്കും ഇത് കത്തോലിക്കാസഭ ഒരു വിശ്വാസസത്യമായി പ്രഖ്യാപിക്കുന്നതിൽ സന്തോഷമുണ്ട്. മലബാറിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾക്കും, സീറോ മലങ്കരക്കാർക്കും സീറോ മലബാർ ക്രിസ്ത്യാനികൾക്കും ഈ രീതിയിലുള്ള പ്രഖ്യാപനം മാതാവിനോടുള്ള മാതൃസഹജമായ ഭക്തി പ്രകടിപ്പിക്കുന്നതിന് വളരെയധികം പ്രേരകമാകും. കാരണം അവർ മാതാവിനെ പ്രത്യേകമായി ബഹുമാനിക്കുന്നവരാണ്." [17]

## *Footnotes*

1. Neuner & Dupuis (ed.), The Christian Faith, TPI, No.702
2. പ്രതിദിന നമസ്കാരം, മെനഓലം, p.133
3. മലങ്കര ആരാധനക്രമം തിരുനാളുകൾ, p.9
4. Ibid p.67
5. പ്രാർത്ഥനാക്രമം, സ്ലീബാ പെരുന്നാൾ, കോട്ടയം, p.11
6. കുർബാന തക്സ, തിരുവനന്തപുരം, 1981, p.54
7. പെങ്കിസോയിൽനിന്നുള്ള പ്രുമിയോൻ, പെരുനാളുകളിലും ഞായറാഴ്ചകളിലും ഉള്ളത്. p.9



www.malankaralibrary.com

8. Ibid p.10

9. മലങ്കര ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനികളുടെ പെങ്കിസാനമസ്കാത്തിനുള്ള പ്രുമിയോൻ, കോട്ടയം, p.138

10. പ്രതിദിനനമസ്കാരം, മറ്റ് പ്രാർത്ഥനകൾ, p.25

11. Jurgens A, The Teaching of the Early Fathers, Banglore, Vol III No.2228 b

12. Ibid Vol III, No.2390

13. Neuner S.J., Mary the Mother of Jesus, mieographed Notes, Poone 1975, p.64 ff.

14. Ibid p.65

15. cfr. വി.കന്യകമറിയാമിന്റെ ജീവചരിത്രം, S.J.Books, ചിങ്ങവനം, 1983

16. Neuner S.J. opcit., p.80

17. Margranet Gibbons, Mar Ivanios, p.143-149

www.malankaralibrary.com

# 7

# മാതാവിന്റെ മാധ്യസ്ഥം

നമ്മുടെ ആരാധന മുഴുവനും നിറഞ്ഞുനിൽക്കുന്ന ഒരാശയമാണിത്. മറിയം ദൈവമാതാവാണ് നിത്യകന്യകയാണ്, പാപം ഇല്ലാതെ ജനിച്ചവൾ ആണ്. സ്വർഗ്ഗത്തിലേക്കുള്ള നമ്മുടെ പ്രയാണത്തിന്റെ ആദ്യ അനുഭവവും ഉറപ്പുമാണ്. ആയതിനാൽ മാതാവിനോട് പ്രാർത്ഥിക്കുന്നത്, മാതാവിലൂടെ ദൈവത്തിന്റെ കൃപയെ സ്വീകരിക്കുന്നത്, മാതാവിന്റെ നാമമെന്നും പുകഴ്ത്തപ്പെടുമാറാകണം എന്ന് ദൈവത്തോട് യാചിക്കുന്നത് തികച്ചും അഭികാമ്യവും അർത്ഥപൂർണ്ണവുമാണ്. മാതാവിന്റെ മാധ്യസ്ഥംകൊണ്ട് നാമർത്ഥമാക്കുന്നത് മാതാവിനെ നാം വണങ്ങിയാൽ മാതാവ് നമ്മിലേക്ക് കൃപ ചൊരിയും എന്നാണോ? മാതാവിന് ഇന്ന് സഭയിലുള്ള സ്ഥാനമെന്ത്? മാതാവിനോട് മാദ്ധ്യസ്ഥം യാചിച്ചാൽ പോരേ? തുടങ്ങിയ ചോദ്യങ്ങൾ മാദ്ധ്യസ്ഥത്തെപ്പറ്റി ചിന്തിക്കുമ്പോൾ നമ്മുടെ മുന്നിലുണ്ട്. മാതാവിന്റെ മാദ്ധ്യസ്ഥം പ്രധാനമായും വിരൽ ചൂണ്ടുന്നത് മാതാവിന് നമ്മുടെ രക്ഷയിലുള്ള സ്ഥാനത്തിലേക്കാണ്.

മാതാവിനോട് യാചിക്കുന്നതിലൂടെ നമ്മിലേക്ക് ദൈവകൃപ ചൊരിയപ്പെടുന്നു എന്ന സങ്കല്പം വിശ്വാസവും പ്രതീക്ഷയുമാണ് നമുക്ക് തരുന്നത്, നമുക്കുള്ളത്. അല്ലാതെ മാതാവിനോട് യാചിച്ചാൽ മാതാവ് തന്നിൽനിന്ന് തന്നെ ദൈവത്തെപ്പോലെ കൃപയും ദാനങ്ങളും നൽകും എന്നല്ല. ആദ്യത്തെ വിശ്വാസത്തിനുള്ള അടിസ്ഥാന കാരണം, അതിനുള്ള അടിസ്ഥാനസത്യമായി നിലകൊള്ളുന്ന യാഥാർത്ഥ്യം രക്ഷാകര ചരിത്രത്തിൽ മാതാവിനുള്ള സ്ഥാനം ഒന്നുമാത്രമാണ്. രക്ഷാകര ചരിത്രത്തിലെ മാതാവിന്റെ സ്ഥാനത്തെപ്പറ്റി മുൻപ് പ്രതിപാദിച്ചിട്ടുണ്ട്. മംഗലവാർത്തമുതൽ കാൽവരിയിലെ കുരിശിൻ ചുവട്ടിൽവരെ യേശുവിനോട് ചേർന്ന് 'അതെ' എന്നു പറഞ്ഞ മാതാവിന്റെ ജീവിതം പുത്രനും പുത്രന്റെ ദൗത്യത്തിനും വേണ്ടിയുള്ള സംപൂർണ്ണ ഹോമയാഗം ആയിരുന്നു. ദൈവത്തിന്റെ രക്ഷാകര ചരിത്രത്തിലുള്ള മാതാ


www.malankaralibrary.com

വിന്റെ സഹകരണം അതിൽതന്നെ തനിമയുള്ളതായിരുന്നു. അവൾക്കു മാത്രമായി ചരിത്രത്തിൽ ദൈവം നൽകിയ ഒരു ദാനമായിരുന്നു അത്. ഇതിലൂടെ മാതാവിന് മഹനീയമായ ഒരു സ്ഥാനം കൈവന്നു, സഭാ ജീവിതത്തിലും, ക്രിസ്തുസംഭവത്തിലും. അതിന്റെ പ്രതിഫലനം എന്ന രീതിയിൽ മാതാവിലൂടെ ദൈവത്തോട് പ്രാർഥിക്കുന്നത് തീർത്തും നല്ല താണ് ഫലദായകമാണ് എന്നതിൽ യാതൊരു സംശയവുമില്ല.

മാതാവിന്റെ മാധ്യസ്ഥം എന്നതുകൊണ്ട് മാതാവ് ആരാധന സമൂഹത്തിന് വേണ്ടത് തന്റെ പുത്രനോട് യാചിക്കുന്നു, ആരാധനസമൂഹം മാതാവിലൂടെ പുത്രനോട് പ്രാർത്ഥിക്കുന്നു എന്നൊക്കെയാണ്. സഭ മാതാവിനെ ആരാധനയിൽ ബന്ധപ്പെടുത്തുന്നത്, അവളുടെ മാധ്യസ്ഥതയിലൂടെയാണ്. മാതാവിനെ നിരന്തരം ഓർക്കുകയും അവളോട് പ്രാർത്ഥിക്കുകയും ചെയ്യുന്ന ആരാധന മനോഭാവമാണ് നമ്മുടെ ആരാധനയിലുള്ളത്. നമ്മുടെ ആരാധനയിലെ ആഘോഷാവസരങ്ങളിലെല്ലാം തന്നെ മാതാവിന് അതുല്യമായ സ്ഥാനം നൽകുന്നു. ഓരോ ദിവസത്തെയും പ്രാർത്ഥനകൾ എടുക്കുക; "ദൈവമാതാവിനോട്" എന്ന തലക്കെട്ടിലുള്ള പ്രാർത്ഥന മാതാവിനോടുള്ളതാണ്. സന്ധ്യാ പ്രാർത്ഥനയിലെ സ്തോത്രപ്രാർത്ഥനയിൽ "പരിശുദ്ധ ദൈവമാതാവെ ഈ രാത്രിയിൽ ദൈവകൃപയിലും വിശുദ്ധിയിലും ഞങ്ങളെ കാത്തുകൊള്ളണമെ" എന്ന് പ്രാർത്ഥിക്കുന്നു. രാത്രി പ്രാർത്ഥനയിലെ എല്ലാ ദിവസത്തെയും ഒരു കൗമ്മാ മുഴുവൻ മാതാവിനോടുള്ള പ്രാർത്ഥനകളാണ്. ഓരോ ദിവസത്തെ പ്രഭാതപ്രാർത്ഥനകളിലും, ഉച്ചപ്രാർത്ഥനകളിലും മറിയത്തെ വിളിച്ചുകൊണ്ടാണ് തുടങ്ങുന്നത്. അല്ലെങ്കിൽ മറിയത്തിന്റെ ജീവിതത്തിലെ ഏതെങ്കിലും ഒരു രക്ഷാകരചരിത്രം അനുസ്മരിച്ചുകൊണ്ട് നാം പ്രാർത്ഥിക്കുന്നു. പ്രതിദിന പ്രാർത്ഥനകളിൽ മാതാവിനെ അനുസ്മരിച്ചുകൊണ്ടുള്ള പ്രാർത്ഥനകളാണിത്. ഇനിയും ആഴ്ചവട്ടത്തിലെ ഒരുദിവസം നാം മാതാവിന്റെ സ്തുതിക്കായി നീക്കിവയ്ക്കുന്നു. ബുധനാഴ്ചയിലെ മുഴുവൻ പ്രാർത്ഥനയിലും നിഴലിച്ചു നിൽക്കുന്നത് ദൈവമാതാവാണ്. ഇതു കൂടാതെ ദൈവമാതാവിന്റെ തിരുനാളുകളിൽ പ്രത്യേകമായ പ്രാർത്ഥനകൾ നമ്മുടെ പെങ്കീസായിലുണ്ട്. ഇതെല്ലാം സൂചിപ്പിക്കുന്നത് ആരാധനയിൽ മാതാവിന് നമ്മുടെ സഭ നൽകുന്ന ബഹുമാനത്തെയാണ്. മാതാവിനോട് മാധ്യസ്ഥം യാചിക്കുന്ന ചില പ്രാർത്ഥനകൾ താഴെ ചേർക്കുന്നു. അതിനു മുൻപായി മാതാവിനെപ്പറ്റിയുള്ള എല്ലാ പ്രാർത്ഥനകളും ആത്യന്തിക


www.malankaralibrary.com

മായി വിശകലനം ചെയ്താൽ അവയ്ക്കു മാദ്ധ്യസ്ഥം ഉള്ളതായി കാണാം.

"തമ്പുരാന്റെ അമ്മേ പാപികളായ ഞങ്ങൾക്കുവേണ്ടി തമ്പുരാനോട് അപേക്ഷിച്ചുകൊള്ളണമെ"[1] ദൈവമാതാവിന്റെ പ്രാർത്ഥനകളാൽ നമുക്ക് സഹായം ഉണ്ടാവട്ടെ[2] കന്യകയായ ദൈവമാതാവെ എല്ലാ സമയത്തും എല്ലാ നേരത്തും നിന്റെ പ്രാർത്ഥന ഞങ്ങൾക്ക് കോട്ടയായിരിക്കണമെ[3] വാഴ്വായ് തീരണമെ മറിയാമിന്നോർമ്മ അവൾ പ്രാർത്ഥന ആത്മാക്കൾക്കായും കോട്ട[4] അവൾ പ്രാർത്ഥനയാണാഭയം[5] ക്രോധത്തിൽ വടികളെ നിൻ പ്രാർത്ഥനയാൽ മായിക്കേണം[6] നിൻ സുതനുടെ പക്കൽ മദ്ധ്യസ്ഥത ചെയ്‌വാൻ കേഴുന്നടിയങ്ങൾ[7] മാതാവിനോട് ആദ്യം മദ്ധ്യസ്ഥത പിന്നീടാണ് നിബിയൻമാരോടും മറ്റും[8] സഭ നിരന്തരം മാതാവിനുവേണ്ടി ഗാനങ്ങൾ ആലപിക്കുന്നു[9] മാതാവിനെ പ്രതീകാത്മകമായും പരോക്ഷമായും സ്തുതിച്ചുകൊണ്ട് പ്രാർത്ഥിക്കുന്നു[10] മാതാവിന്റെ പ്രാർത്ഥന വിശുദ്ധിയുള്ളതും മാലിന്യരഹിതവും ദൈവസന്നിധിയിൽ സ്വീകാര്യവുമാണ്.[11] മാതാവിന്റെ തിരുനാളുകളിൽ എല്ലാംതന്നെ മാതാവിനെ സ്തുതിച്ചുകൊണ്ടു മാതാവിന്റെ മാദ്ധ്യസ്ഥം യാചിച്ചുകൊണ്ട് ധാരാളം പ്രാർത്ഥനകൾ ഉണ്ട്[12] ലോകത്തിന്റെ നാലു മൂലകളിലും നിന്ന് മാതാവിന് നിരന്തരം സ്തുതി ഗീതം കരേറ്റി കൊണ്ടിരിക്കും[13] ഭൂമി മുഴുവനേയും മാതാവിന്റെ പ്രാർത്ഥന രക്ഷിക്കും.[14] ഈ പ്രാർത്ഥനകളിലെല്ലാംതന്നെ മാതാവിനോടുള്ള വിശ്വാസപ്രഖ്യാപനവും അനന്യസാധാരണങ്ങളായ ഭക്തിയും ദൃശ്യമാണ്. ഈ പ്രാർത്ഥനകൾ പരിശോധിച്ചാൽ മൂന്നു രീതിയിലുള്ള പ്രാർത്ഥനകൾ കാണാം. നാം മാതാവിനോടു ചേർന്ന് ദൈവസുതനോട് പ്രാർത്ഥിക്കുന്നു. രണ്ടാമതായി മാതാവ് നമ്മുടെ നാമത്തിൽ യേശുവിനോട് പ്രാർത്ഥിക്കുന്നു. മൂന്നാമതായി നമുക്കുവേണ്ടി മാതാവ് പ്രാർത്ഥിക്കുന്നു. മാതാവ് നമുക്കുവേണ്ടി പ്രാർത്ഥിക്കുന്ന ചില പ്രാർത്ഥനകൾ[13b] പരിശോധിച്ചാൽ മാതാവിനെ ആരാധനയിൽ ഒരു മദ്ധ്യസ്ഥയായിട്ടല്ല കാണുന്നത്. മറിച്ച് നമ്മുടെ കൂട്ടത്തിൽ തന്നെ ഒരാൾ നമ്മോട് ചേർന്ന് നമുക്കുവേണ്ടി ക്രിസ്തുവിനോട് യാചിക്കുന്നതായി പ്രാർത്ഥനയിൽ കാണുന്നത്. നാം മാതാവിനോട് പ്രാർത്ഥിക്കുന്നു[14] മാതാവിനെ സ്തുതിക്കുന്നു[15] ക്രിസ്തു കഴിഞ്ഞാൽ സഭ സ്തുതിക്കുന്ന, ഏറ്റം അധികം പുകഴ്ത്തുന്ന ഒരു വ്യക്തിയാണ് പരിശുദ്ധമറിയം. പല പ്രാർത്ഥനകളും ഈ സത്യം വിളിച്ചോതുന്നു.[16]



www.malankaralibrary.com

ഈ പ്രാർത്ഥനകൾ ഒക്കെ പരിശോധിച്ചാൽ ഒരു മദ്ധ്യസ്ഥ എന്ന തിനെക്കാൾ ഉപരിയായി മഹനീയമായ ഒരു സ്ഥാനമാണ് ആരാധന യിൽ മാതാവിനുള്ളത്. പ്രത്യേകിച്ചും ആരാധന സമൂഹം അവരുടെ അനുദിന പ്രയാസങ്ങളിൽ മാതാവിനോട് പ്രാർത്ഥിക്കുന്നു. മനോ ഹരമായ ദൃശ്യം ആരാധനയിലുണ്ട് സാത്താന്റെ ശക്തിക്കെതിരായുള്ള കോട്ടയായിട്ടാണ് മാതാവിനെ ആരാധന കാണുന്നത്.[17] മാതാവിനോട് യാചിച്ചാൽ മാതാവ് ഉത്തരം തരും മാതാവ് രക്ഷിക്കും എന്ന ശുഭ പ്രതീക്ഷ ആരാധന സമൂഹത്തിനുണ്ട്. അല്ലെങ്കിൽ ആരാധനയിൽ ഇത്രമാത്രം സ്വാധീനം മറിയത്തിന് ലഭിക്കുകയില്ലായിരുന്നു. ഈ ശുഭ പ്രതീക്ഷ മാതാവിനോടുള്ള മാധ്യസ്ഥതയുടെ മുഖമുദ്രയായി നമ്മുടെ ആരാധനയിൽ നിലകൊള്ളുന്നു.

മാതാവിന്റെ മദ്ധ്യസ്ഥം നൽകുന്ന സന്ദേശം എന്തൊക്കെയാണ്? ആരാധനയിൽ നാം മാതാവിനോടു ചേർന്നു പ്രാർത്ഥിക്കുന്നു, മാതാവ് നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നു, ഈ മദ്ധ്യസ്ഥ പ്രാർത്ഥനകളിലെല്ലാം തന്നെ അടിസ്ഥാനപരമായിരിക്കുന്നത് ദൈവത്തിന്റെ ക്രിയാത്മക ശക്തി, ദൈവത്തിന്റെ ചലനാത്മകമായ കൃപ നമ്മിലേക്ക് പരിശുദ്ധാ ത്മാവിലൂടെ ചൊരിയപ്പെടുന്നതായിട്ടാണ്. ഇത് വ്യക്തിപരമായ ഒരു കണ്ടുമുട്ടലിൽ സാധാരണയായി ചൊരിയപ്പെടുന്നതാണ്. സാധാരണ യായി മാതാവിനോടുള്ള മാദ്ധ്യസ്ഥം എന്നു പറയുമ്പോൾ മുകളിൽ ക്രിസ്തു അതു കഴിഞ്ഞ് മാതാവ് പിന്നെ വിശുദ്ധൻമാരും സഭയും എന്നൊരു തെറ്റായ ധാരണ നമ്മുടെ ഇടയിലുണ്ട്. മറ്റുവാക്കിൽ പറ ഞ്ഞാൽ മാതാവിലൂടെയാണ് സഭയിലേക്ക് ക്രിസ്തുവിന്റെ ദാനങ്ങൾ ലഭ്യമാകുന്നത്. അപ്പോൾ ഈ വീക്ഷണത്തിൽ ക്രിസ്തുവിനും സഭക്കും മദ്ധ്യസ്ഥനായ പരിശുദ്ധാത്മാവിനെ വിസ്മരിച്ച് അതെ സ്ഥാനം മാതാ വിന് നൽകുന്നു. ഈ കാഴ്ചപ്പാട് പൂർണ്ണമല്ല മാതാവിനെ ക്രിസ്തു വിനും സഭയ്ക്കും മധ്യത്തിൽ ഒരു മധ്യവർത്തിയായി കാണുമ്പോൾ നാമും ക്രിസ്തുവുമായുള്ള ബന്ധം ഒരു മധ്യവർത്തിയിലൂടെയാവുന്നു. ഇവിടെ സഭയ്ക്കും ക്രിസ്തുവിനെ വ്യക്തമായി അനുഭവിക്കലിന് കണ്ടു മുട്ടലിന് അവസരമില്ല. നമ്മുടെ ഇടയിൽ കടന്നുകൂടിയിരിക്കുന്ന തെറ്റായ ഒരു മാതൃകയാണിത്.

മറിച്ച് മാതാവിന്റെ മാദ്ധ്യസ്ഥംകൊണ്ട് നമ്മുടെ ആരാധനയിൽ അർത്ഥമാക്കുന്നത് ഒന്നാമതായി ക്രിസ്തുവിന്റെ മഹനീയസ്ഥാനം പിന്നീട് ക്രിസ്തു സ്ഥാപിച്ച സഭ. സഭയിൽ മാതാവ് വിശുദ്ധന്മാർ ഈ മാതൃകയാണ്. മാതാവിന് സഭയിലാണ് സ്ഥാനമുള്ളത്. സഭയോട്



www.malankaralibrary.com

ചേർന്ന് മാതാവിനോട് ചേർന്ന് നാം ദൈവത്തെ സ്തുതിക്കുന്നത്. ആരാധനയിൽ മാതാവ് നമ്മുടെ ഭാഗത്താണ്. നമ്മുടെ ഭാഗത്തുനിന്നാണ് മാതാവ് മാദ്ധ്യസ്ഥം യാചിക്കുന്നത്. മാതാവ് നമ്മുടെ ഭാഗത്തായതുകൊണ്ടാണ് നാം മാതാവിന്റെ നാമം ബഹുമാനിക്കപ്പെടണം എന്നു പ്രാർത്ഥിക്കുന്നത്.

മാതാവിന്റെ മാദ്ധ്യസ്ഥത എന്നു പറയുമ്പോൾ മധ്യസ്ഥതയെപ്പറ്റിയുള്ള ശരിയായ അർത്ഥമെന്തെന്ന് അറിഞ്ഞിരിക്കണം. പഴയനിയമത്തിൽ ഇത്തരം പ്രാർത്ഥനകൾ ധാരാളം ഉണ്ട്.[17b] പുതിയ നിയമത്തിൽ ക്രിസ്തു താൻ സ്നേഹിക്കുന്ന എല്ലാവർക്കും വേണ്ടി പിതാവിനോടു മാദ്ധ്യസ്ഥം യാചിക്കുന്നു.[18] വി.പൗലോസ് ശ്ലീഹാ തന്റെ സഭയിലെ അംഗങ്ങൾക്കായി ദൈവത്തോട് മാദ്ധ്യസ്ഥം അപേക്ഷിക്കുന്നു.[19] ഈ വേദപുസ്തക തെളിവുകളിൽ ക്രിസ്തീയ ജീവിതത്തിൽ മദ്ധ്യസ്ഥ പ്രാർത്ഥന വളരെയധികം സ്ഥാനം ഉണ്ടെന്ന് വ്യക്തമാണ്. ഇത്തരം പ്രാർത്ഥനകൾ ദൈവമനുഷ്യബന്ധത്തിനുള്ള ഒരു മാർഗ്ഗമാണ്.

ദൈവവുമായി നിരന്തരം ബന്ധമുള്ള വ്യക്തികൾക്കു മാത്രമെ ദൈവത്തോട് മാദ്ധ്യസ്ഥം യാചിക്കാൻ കഴിയുകയുള്ളു. ആ അർത്ഥത്തിൽ മാതാവിന്റെ മാദ്ധ്യസ്ഥം തന്റെ പുത്രനുമായുള്ള ആഴമായ ബന്ധത്തിന്റെ ദൃശ്യമായ അടയാളം മാത്രമാണ്. മാതാവ് നിരന്തരം തന്റെ പുത്രനുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നു. ആയതിനാൽ മറ്റുള്ളവരെ അപേക്ഷിച്ച് നമുക്കുവേണ്ടി മദ്ധ്യസ്ഥം യാചിക്കാനുള്ള പ്രത്യേകമായ കഴിവ് മാതാവിനുണ്ട്. അതുകൊണ്ട് ദൈവവുമായുള്ള നമ്മുടെ ബന്ധത്തിൽ മാതാവിന്റെ മാദ്ധ്യസ്ഥം വളരെ പ്രാധാന്യമർഹിക്കുന്നു.

മാതാവിന്റെ മാദ്ധ്യസ്ഥം ഒരു വെല്ലുവിളിയാണ്. വിശ്വാസികൾ ഒന്നു ചേർന്ന് ദൈവത്തോട് മാദ്ധ്യസ്ഥം യാചിക്കേണ്ടതിന്റെ ആവശ്യകതയാണ് ഇത് നമുക്ക് തരുന്നത്. മാതാവിന് സഭയിൽ സ്ഥാനമുള്ളത് അവൾ ദൈവകൃപയെ പ്രത്യേകമായി സ്വീകരിച്ചതിലൂടെയാണ്. ആരാധനാ സമൂഹവും ദൈവകൃപയെ ജീവിതവിശുദ്ധിയിലൂടെ സ്വീകരിച്ച് മറ്റുള്ളവർക്ക് പങ്കുവയ്ക്കാനുള്ള വെല്ലുവിളി, സഹോദരങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥം യാചിക്കാനുള്ള വെല്ലുവിളിയാണ്, മാതാവിന്റെ മാദ്ധ്യസ്ഥം നമുക്കു നൽകുന്നത്.

ആയതിനാൽ മാതാവിന്റെ മാദ്ധ്യസ്ഥം ഒരു വലിയ ഉത്തരവാദിത്വം നമ്മുടെ മുൻപിൽ നിരത്തി വയ്ക്കുന്നു. ഇനിയും നമ്മുടെ ആരാ


www.malankaralibrary.com

ധനയിൽ പാശ്ചാത്യസഭയിൽ കാണുന്നതുപോലെ അമിത പ്രാധാന്യം മാതാവിനോടുള്ള മദ്ധ്യസ്ഥതയ്ക്ക് നൽകാറില്ല. ക്രിസ്തുവിനോട് പ്രാർത്ഥിക്കുന്നതിലും അർത്ഥം മാതാവിനോട് പ്രാർത്ഥിക്കുന്നതിൽ കാണുകയും, മാതാവിനോട് മാദ്ധ്യസ്ഥം യാചിക്കുകയും ചെയ്യുന്ന വികലമായ ഭക്തി പ്രകടനം നമുക്കില്ല. അതേസമയം കൊടുക്കേണ്ട സ്ഥാനം മാതാവിന്, മാതാവിലൂടെ ഉള്ള മാദ്ധ്യസ്ഥത്തിന് ആരാധനയും വിശ്വാസികളും നൽകുന്നുണ്ട്.

## *Footnotes*

1 പ്രതിദിന നമസ്കാരം, p.4

2. Ibid p.29, 3. Ibid p.31

4. Ibid p.50, 5. Ibid p.58, 71, 98, 143, മെനഓലം, p.71,148

6. Ibid മെനഓലം, p.72, 88

7. Ibid ശ്ഹീമ്മോ, 129, 147, 162

8. Ibid p.159, 9. Ibid p. 182

10. Ibid മെനഓലം p.3,20,65,77,97,101,111,133,135,136,267, ശ്ഹീമ്മോ, p.71,116, 104,189,178,197,250,210,211

11. പ്രാർത്ഥനാക്രമം, ശ്ലീബാപെരുന്നാൾ, കോട്ടയം p.11

12 Prayer with the Harp of the Spirit, Vol II, p.48,50,54,58,60, 93,104, 128, 133,294,253,253,258,259,260, 256,295,553

13 Ibid p.299, 14 Ibid p.404

13b Ibid p.250,253,260,261,287,289,291,293,348,402,403,404,405,553, 557

14b Ibid p413, 551, 355, 357, 406, 409, 411

15 Ibid p.250, 290, 345, 16 Ibid p.59+ പ്രതിദിനനമസ്കാരം P.31,51,4

17 Ibid p.240

17b Gen 18:16-33, Gen19:20-21, Num21:9, Deut 9:13-29, 1Sam12:18-22, Jud 8:29

18 Jn 17:1,

19 2 Tim 2:1ff, Phil1:2, Rom1:9, Phil 1:19, Eph 1:16ff, 2 Tess1:11



www.malankaralibrary.com

# 8

# ആരാധനയിലെ മാതാവിന്റെ പ്രതിരൂപങ്ങളും സാദൃശ്യങ്ങളും

നമ്മുടെ ആരാധനയുടെ ഏറ്റം വലിയ പ്രത്യേകത അതിന്റെ പ്രതിരൂപാത്മകത്വം ആണ്. ഈ ലോകത്തിൽ ജീവിക്കുന്നവരാണ് ആരാധനയർപ്പിക്കുന്നത്. ഈ ലോകം തന്നെ മറ്റൊരു ലോകത്തിന്റെ പ്രതീകമായിട്ടാണ് ആരാധനാസമൂഹം കാണുന്നത്. ഈ ലോകത്തിൽ ജീവിച്ചുകൊണ്ടുതന്നെ കാണുവാൻ സാധിക്കാത്ത മറ്റേ ലോകത്തെ ആസ്വദിക്കുവാനും അനുഭവിക്കുവാനും ശ്രമിക്കുകയാണ് ആരാധനയിലൂടെ. ആയതിനാൽ ആരാധനയിൽ ആരാധനാ സമൂഹത്തിന് മനസ്സിലാക്കാൻ കഴിയാത്ത യാഥാർത്ഥ്യങ്ങളെ പ്രതിരൂപങ്ങളിലൂടെയും സാദൃശ്യങ്ങളിലൂടെയും മനസ്സിലാക്കുക ആവശ്യമാണ്. ആരാധനയിലെ പ്രതിരൂപങ്ങൾ ആരധനാസമൂഹത്തിന് ദൃശ്യമല്ലാത്ത യാഥാർത്ഥ്യങ്ങളെ അനുസ്മരിക്കുകയും സന്നിഹിതമാക്കുകയും ചെയ്യുന്നു ഇവയിലൂടെ ആരാധനാസമൂഹം ദൈവീകരഹസ്യങ്ങളെ മനസ്സിലാക്കുന്നു അവയിലൂടെ സഭയോട് ചേർന്ന് ദൈവത്തെ പാടിപുകഴ്ത്തുന്നു. പ്രതിരൂപം ഉൾക്കൊള്ളുന്ന യാഥാർത്ഥ്യത്തിലേക്ക്, ആ അനുഭവങ്ങളിലേക്ക് ആരാധനാസമൂഹം കടന്നുചെല്ലുന്നു.

ആരാധനയർപ്പിക്കുന്നത് മനുഷ്യനാണ്. ദൈവത്തിനാണ് പരമമായ ആരാധന അർപ്പിക്കപ്പെടുന്നത്. അവനർപ്പിക്കുന്ന ആരാധന സജീവമാകണമെങ്കിൽ അതിലുപയോഗിക്കപ്പെടുന്ന പ്രതിരൂപങ്ങൾ, സാദൃശ്യങ്ങൾ ഇവയൊക്കെ എന്താണെന്നും അത് നൽകുന്ന അർത്ഥം എന്താണെന്നും മനസ്സിലാക്കണം. ഈയർത്ഥം അവന്റെ ബുദ്ധിയേയും മനസ്സിനേയും സംതൃപ്തിപ്പെടുത്തണം. എങ്കിൽ മാത്രമെ ആരാധനാജീവിതം സജീവമാകുകയുള്ളു; ഹൃദ്യമാകുകയുള്ളു. ആരാധനയിലെ പ്രതിരൂപസാദൃശ്യങ്ങൾ ഒരു ദാനമായിട്ടു വേണം കാണുവാൻ.



www.malankaralibrary.com

ക്രിസ്തീയ ആരാധനയിലെ ഏറ്റം വലിയ പ്രതീകമാണ് മനുഷ്യാവ താരം. മനുഷ്യന് മനസിലാകുന്ന രീതിയിൽ ദൈവം തന്റെ കരുണയും സ്നേഹവും ചൊരിഞ്ഞ ദൈവസ്നേഹത്തിന്റെ പ്രതീകമാണ് മനുഷ്യാ വതാരം.

ക്രിസ്തുവിനെ പറ്റി പറയുമ്പോൾ പുതിയ നിയമത്തിൽ പോലും ക്രിസ്തുവിനെ അവതരിപ്പിക്കുവാൻ പല പ്രതിരൂപങ്ങളും ഉപയോഗി ച്ചിട്ടുണ്ട്. ഉദാഹരണമായി "പെസഹാകുഞ്ഞാട്" (യോഹ 19:36) പഴയ നിയമത്തിലെ ബലിയുടെ പ്രതീകമായിരുന്നു (പുറ 12:46) പുതിയ നിയ മത്തിൽ ഈ പെസഹാകുഞ്ഞാട് ക്രിസ്തുവിന്റെ പ്രതിരൂപമായിരുന്നു. മൽക്കിസദേക്ക് (എബ്രാ 7) ഹൃദയം തുളയ്ക്കപ്പെട്ട പീഡിതൻ (യോഹ 19:30) തുടങ്ങിയ പഴയനിയമവ്യക്തികൾ, പ്രതീകങ്ങൾ, പുതിയനിയമ ത്തിൽ ക്രിസ്തുവിന്റെ പ്രതിരൂപങ്ങൾ ആയി മാറിയിരിക്കുന്നു. എന്നാൽ ആരാധനയുടെ വെളിച്ചത്തിൽ മാതാവിനെ പറ്റിയുള്ള പ്രതിരൂപങ്ങളും സാദൃശ്യങ്ങളെയും പറ്റി വിശദമാക്കുമ്പോൾ മുകളിൽ ക്രിസ്തുവിനെ പറ്റി പ്രസ്താവിച്ച രീതിയിലുള്ള ഒരു നിഗമനത്തിൽ വന്നുചേരാൻ പ്രയാസമാണ്. കാരണം പഴയ നിയമത്തിൽ ക്രിസ്തുവിനെ പറ്റിയുള്ള പ്രതിരൂപങ്ങളുടെ രീതിയിലുള്ള പ്രതിരൂപങ്ങൾ ഒന്നുംതന്നെ പുതിയ നിയമത്തിൽ മാതാവിനെ പറ്റിയില്ല. ഉദാഹരണമായി ലോകത്തിന്റെ പാപം വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് ആണ് ക്രിസ്തു എന്ന് യോഹന്നാൻ പ്രഖ്യാപിക്കുമ്പോൾ പഴയനിയമത്തിലെ പെസഹാ കുഞ്ഞാടിന്റെ പ്രതിരൂപമായി ക്രിസ്തുമാറുന്നു. വേദപുസ്തകത്തിൽ മാതാവിനെപററി പറയുമ്പോൾ ഇതേ രീതിയിലുള്ള പ്രതിരൂപങ്ങളോ സാദൃശ്യങ്ങളോ വിരളമായേയുള്ളു. പുതിയ നിയമകാലത്തിനുശേഷം സഭാജീവിതം വികസിച്ച് വന്നപ്പോൾ സഭയും സഭാപിതാക്കൻമാരും യേശുവിന് പുതിയ നിയമ കർത്താക്കൾ നൽകിയ രീതിയിലുള്ള പ്രതിരൂപങ്ങളും സാദൃശ്യങ്ങളും മാതാവിന് നൽകാൻ തുടങ്ങി. എന്നാൽ മാതാവിനെ പറ്റി പറയുമ്പോൾ മത്തായിശ്ലീഹാ ഏശയ്യായാടെ പ്രവചനത്തിലെ കന്യകയുടെ പ്രതിരൂപമായി മാതാവിനെ അവതരി പ്പിച്ചിരിക്കുന്നു എന്നത് വാസ്തവം തന്നെ. നൂറ്റാണ്ടുകളിലൂടെയുള്ള ആരാധനാ ജീവിതത്തിന്റെ അനന്തരഫലമായി മാതാവിനെപറ്റി രൂപ പ്പെടുത്തിയെടുത്ത ധാരാളം പ്രതിരൂപങ്ങളും സാദൃശ്യങ്ങളും ആരാധ നയിൽ ഉണ്ടായിട്ടുണ്ട് ഇപ്രകാരം രൂപപ്പെടുത്തി ആരാധനയിൽ ഉപ



www.malankaralibrary.com

യോഗിക്കുന്ന പ്രതിരൂപങ്ങൾ വേദപുസ്തകത്തിൽ മറിയത്തെ തന്നെയാണ് അർത്ഥമാക്കുന്നത് എന്ന് പറയുക പ്രയാസമാണ്.

അതേ സമയം തന്നെ ആരാധനയിലെ വേദപുസ്തകപ്രതിരൂപസാദൃശ്യങ്ങളിൽ മറിയത്തെ ആത്മാർത്ഥമായി കാണുവാനും, അനുഭവിക്കുവാനും ഉള്ള പരിശ്രമം സഭാജീവിതത്തിൽ, ആരാധനയിൽ ഉണ്ട് എന്നത് തർക്കമറ്റ സംഗതിയാണ്. മാതാവിന്റെ പ്രതിരൂപസാദൃശ്യങ്ങളെപറ്റി പ്രതിപാദിക്കുമ്പോൾ ആരാധനയിലെ എല്ലാ ഉദ്ധരണികളും എടുത്ത് പഠനവിഷയമാക്കാൻ ഇവിടെ ശ്രമിക്കുന്നില്ല. എന്നാൽ ഓരോ പ്രതിരൂപത്തെ പറ്റിയുള്ള ഓരോ ഉദ്ധരണിയെങ്കിലും എടുത്തു കാണിക്കാൻ ഇവിടെ ശ്രമിക്കുന്നുണ്ട്; ആദ്യമായി ആരാധനയിൽ കാണുന്ന മാതാവിനെ പറ്റിയുള്ള പ്രധാനപ്പെട്ട പ്രതിരൂപങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിക്കാം.

**ഉല്പത്തി പുസ്തകത്തിലെ സ്ത്രീ[1] (ഉല്പ 3:15)**

ഉല്പത്തിയിലെ പ്രഥമസദ്വാർത്തയിലെ സ്ത്രീ മറിയം എന്നാണ് ആരാധന പ്രഖ്യാപിക്കുന്നത്. ഹവ്വായുടെ പ്രതിരൂപമായി മറിയത്തെ കാണുന്നു. ഹവ്വ പാമ്പിൽ വിശ്വസിച്ചു, മറിയം മാലാഖയിലും. സർപ്പമാണ് ആദിമാതാപിതാക്കന്മാരെ വഹിച്ചത്. സർപ്പം കാരണം അധഃപതിച്ച ആദ്യമനുഷ്യരാണ് ഈ പ്രവചനത്തിന്റെ പഴയനിയമ പശ്ചാത്തലം. ആധുനിക വേദപുസ്തകത്തിന്റെ വീക്ഷണത്തിൽ ഈ പ്രവചനത്തിലെ സ്ത്രീ മറിയം അല്ല എന്നാണ്. ഒരു സ്ത്രീ, സ്ത്രീയുടെ സന്തതി എന്നതിന് പുതിയ വ്യാഖ്യാനം അനുസരിച്ച് മനുഷ്യവർഗ്ഗം മുഴുവനും ഉൾക്കൊള്ളുന്ന സർപ്പത്തിന്റെ സന്തതി തിന്മയുടെ സന്തതിയാണ്. മനുഷ്യനും തിൻമയും തമ്മിലുള്ള അവസാനിക്കാത്ത സമരത്തെ പറ്റിയുള്ളതാണ് ഈ പ്രവചനം എന്നാണ് ആധുനിക വേദപുസ്തകവീക്ഷണം. ഈ വീക്ഷണത്തെ ഉൾക്കൊണ്ടുതന്നെ ഈ സ്ത്രീയിൽ മറിയത്തെ നമുക്കു ദർശിക്കാം. മനുഷ്യരകഷയുടെ ചരിത്രം പരിശോധിച്ചാൽ തിൻമയുടെ മേൽ മനുഷ്യൻ വിജയം വരിക്കുന്നതായി കാണാം. തിൻമയുമായി പടവെട്ടി തിൻമയെ പരാജയപ്പെടുത്തുവാനുള്ള അഭിവാഞ്ഛ മനുഷ്യചേതനയിലുണ്ട്. യേശുവിന്റെ ചരിത്രം ഇതു തന്നെയാണ് സാക്ഷിക്കുന്നത്.

സാത്താന്റെമേൽ, തിൻമയുടെ ശക്തികളുടെ മേൽ പൂർണ്ണ വിജയം വരിച്ചത് യേശുവാണ്. ക്രിസ്തുവിന്റെ മാതാവായ മറിയമാണ്


www.malankaralibrary.com

അതിന് വഴിയൊരുക്കിയത്. അങ്ങനെ നാം മനസ്സിലാക്കിയാൽ ഉല്പത്തി പുസ്തകത്തിലെ സ്ത്രീ മറിയത്തിന്റെ പ്രതിരൂപം ആണ്. ആയതിനാൽ ആരാധനയും പിതാക്കൻമാരും മറിയത്തെ ഉല്പത്തി പുസ്തകത്തിലെ സ്ത്രീയുടെ പ്രതിരൂപമായി കാണുകയും, ആരാധനയിൽ അനുസ്മരിക്കുകയും ചെയ്യുന്നു.

**കന്യകയായ സ്ത്രീ[2] (ഏശയ്യ 7:14)**

ഏശയ്യാ പ്രവാചകന്റെ പ്രവചനത്തിലെ കന്യകയെ മാതാവിന്റെ പ്രതിരൂപമായി ആരാധനയിൽ കാണുകയും പാടി പുകഴ്ത്തുകയും ചെയ്യുന്നു. ഈ പ്രവചനത്തെ പറ്റിയും അതിന്റെ ആരാധനയിലുള്ള ഉപയോഗത്തെപ്പറ്റിയും വിശദമായി നാം പഠനം നടത്തിയിട്ടുണ്ട്.[3] പ്രവചനത്തിന്റെ യഥാർത്ഥ സന്ദേശം ഒരു രക്ഷാകരസംഭവം തന്നെയായിരുന്നു. ഇസ്രായേലിനെ സംബന്ധിച്ചിടത്തോളം പഴയനിയമപുസ്തകത്തിൽ അതുപോലെ തന്നെ കന്യകാമറിയത്തിൽ നിന്നുള്ള യേശുവിന്റെ ജനനമാണ് പുതിയ ഇസ്രായേലിന്റെ രക്ഷയുടെ ആദ്യബിന്ദു. ആയതിനാൽ ആരാധന ഈ പ്രവചനത്തിലെ കന്യകയായ സ്ത്രീ മറിയത്തിന്റെ പ്രതിരൂപമായി കാണുന്നു. വേദപുസ്തകത്തിലെ ആശയത്തിന്റെ വാച്യാർത്ഥത്തിൽ തന്നെ ആരാധനയിൽ പ്രസ്തുത പ്രവചനപരാമർശം ഉണ്ട്. ആധുനിക വേദപുസ്തകവീക്ഷണം കന്യകയെ പറ്റിയല്ല ഒരു യുവതിയെ പറ്റിയാണ് അവിടെ പരാമർശിക്കുന്നതെന്ന് വിശദീകരിക്കുന്നെങ്കിലും ആരാധന സമൂഹം ശക്തമായി തന്നെ വിശ്വസിക്കുകയാണ് ഏശയ്യായുടെ പ്രവചനം യേശുവിനെ പറ്റിയുള്ളതാണെന്നും അതിലെ യുവതി കന്യകമറിയം അല്ലാതെ മററാരുമല്ല എന്നും.

**ബേത്‌ലഹേമിൽ ശിശുവിന് ജന്മമേകിയ സ്ത്രീ[4] (മിഖ 5:2-3)**

മാതാവിനെ പറ്റിയുള്ള മറ്റൊരു പഴയനിയമ പ്രതിരൂപം ആണിത്. ആരാധനയിലും വേദപുസ്തകത്തിലും യേശു ജനിച്ചത് ദാവീദിന്റെ പട്ടണമായ ബേത്‌ലഹേമിലാണല്ലോ. സാധാരണ നമ്മുടെ ആരാധനയിൽ മറിയത്തെ ദാവീദിന്റെ പുത്രി എന്നും വിളിക്കാറുണ്ട്. മിക്കായുടെ പുസ്തകത്തിലെ ശിശുവിന് ജന്മമേകിയ സ്ത്രീ മറിയത്തിന്റെ പ്രതിരൂപമാണ് അതുകൊണ്ടാണ് ആരാധനയിൽ മറിയത്തെ ബേത്‌ലഹേമിൽ ശിശുവിനെ പ്രസവിച്ചവളെയെന്ന് വിളിച്ച് അവൾക്ക് സമാധാനം



www.malankaralibrary.com

ആശംസിക്കുന്നത്.[5] പഴയനിയമത്തിലെ പ്രവചനത്തിന്റെ സാരാംശം ഇതാണ്. യുഗങ്ങൾക്ക് മുൻപേയുള്ളവൻ യൂദായായുടെ ഭവനങ്ങളിൽ ചെറുതായ ബേത്‌ലഹേമിൽ നിന്ന് പുറപ്പെടും. ഭൂമിയുടെ അതിർത്തികളോളം അവൻ പ്രതാപവാനാണ്. അവൻ നമ്മുടെ സമാധാനമായിരിക്കും (മിക്കാ 5:2-3). യഹൂദ പാരമ്പര്യമനുസരിച്ച് ബേത്‌ലഹേമിൽ നിന്നാണ് രക്ഷകൻ വരുന്നത്. മിക്കായുടെ പ്രവചനത്തിൽ ഒരു അസാധാരണമായ സ്ത്രീയെപറ്റി പരാമർശം ഉണ്ട്, ഈ സ്ത്രീ മറിയത്തിന്റെ പ്രതിരൂപം ആണെന്നാണ് ആരാധനയുടെ വീക്ഷണം.

### പുരുഷനെ വലയം ചെയ്യുന്ന സ്ത്രീ (ജറ 31:32)

കർത്താവ് ഭൂമിയിൽ ഒരു പുതിയ സൃഷ്ടി നടത്തിയിരിക്കുന്നു. സ്ത്രീ പുരുഷനെ പരിപാലിക്കുന്നു. ഇവിടെ പറയുന്ന സ്ത്രീ മറിയാമിന്റെ പ്രതിരൂപം ആണെന്നാണ് സഭയുടെ വിശ്വാസം. വിശുദ്ധ ജറോമിന്റെ വീക്ഷണത്തിൽ ഈ സ്ത്രീ മറിയമാണ്. കാരണം മനുഷ്യ സംസർഗ്ഗം കൂടാതെ മനുഷ്യന്റെ ദൈവമായ ക്രിസ്തുവിനെ മറിയം വഹിച്ചു.[6] എന്നാൽ വേദപുസ്തക പ്രകാരം ഈ പ്രവചനത്തിന്റെ അർത്ഥം മറ്റൊന്നാണ്. പ്രവാചകൻ ഇസ്രായേൽ ജനത്തിന് ഒരു പുതിയ ഉണർവ്വ് നൽകുകയാണ് ആ അർത്ഥത്തിൽ ഈ പ്രവചനം രക്ഷാകരമാണ്. സ്ത്രീ പ്രതീകാത്മകമായി ഇസ്രായേൽ സമൂഹമാണ് യഹോവയാണ് പുരുഷൻ. അപ്പോൾ യഹോവയിലേക്ക് തിരികെ വന്ന് അനുരഞ്ജനപ്പെടുവാൻ ജറെമിയ പ്രവാചകൻ ഇസ്രായേൽ എന്ന കന്യകയോട് സ്ത്രീയോട് ആഹ്വാനം ചെയ്യുന്നു.[7] ഇപ്രകാരമുള്ള അനുരഞ്ജനത്തിലൂടെ ഇസ്രായേൽ ഇനിയുമൊരിക്കലും പീഡനമേൽക്കേണ്ടി വരില്ല. അവരുടെ ദുഃഖവും കണ്ണീരും എന്നേക്കും നീങ്ങിപ്പോകും. യഹോവയുടെ ഭവനത്തിലേക്ക് അവർ തിരികെ വരും. ഇങ്ങനെ യഹോവയായ ദൈവത്തിലേക്ക് ജനത്തെ തിരിച്ചുവിട്ട് ദൈവവുമായി രമ്യപ്പെടുത്തുന്ന രക്ഷകനായിട്ടാണ് സഭ യേശുവിനെ കാണുന്നത്. യേശു എന്ന പുരുഷന് ചുറ്റും വലയം ചെയ്യുന്ന സ്ത്രീ മറിയം ആണ്. മറിയത്തിന്റെ ജീവിതം മുഴുവനും പുത്രനോടുകൂടിയുള്ളതായിരുന്നതായിട്ടാണല്ലോ നാം ആരാധനയിൽ കാണുന്നത്.

### ഉത്തമഗീതത്തിലെ വധു[8]

നമ്മുടെ ആരാധനയിൽ മറിയത്തെ സ്തുതിക്കുന്നതിനായി ഉത്തമഗീതത്തിലെ അനേകം സാദൃശ്യങ്ങൾ ഉപയോഗിക്കുന്നുണ്ട്. ഉദ്യാന



www.malankaralibrary.com

ത്തിലെ ഉറവ (4:15) മുദ്രവച്ച നീരുറവ (4:12) ദന്തനിർമ്മിതമായ ഗോപുരം (7:4) മുള്ളുകൾക്കിടയിലെ ലില്ലിപ്പൂവ് (2:1) തുടങ്ങിയവ അവയിൽ ചിലതു മാത്രമാണ്. ഉത്തമഗീതത്തിൽ പറയുന്ന വധു മറിയത്തിന്റെ പ്രതിരൂപമാണ്. പഴയനിയമത്തിലെ ഉത്തമഗീതത്തെ "ദൈവജനവും ദൈവവും തമ്മിലുള്ള ഒരു ബന്ധമായിട്ടാണ് വർണ്ണിക്കുന്നത്. ആദിമ ക്രൈസ്തവർ ക്രിസ്തുവും സഭയുമായിട്ടുള്ള ബന്ധത്തിന്റെ പ്രതീക മായിട്ടാണ് ഉത്തമഗീതത്തെ വ്യാഖ്യാനിച്ചിട്ടുള്ളത്."[9] ഇതേ വ്യാഖ്യാനം തന്നെ പിന്നീട് ആരാധന സമൂഹം സ്വീകരിച്ച് ഉത്തമഗീതത്തിന്റെ വധു വിന് നൽകിയിരിക്കുന്ന വിശേഷങ്ങൾ മാതാവിന് നൽകി. ആയതി നാൽ ആരാധനക്രമമനുസരിച്ച് ഉത്തമഗീതത്തിലെ വധു മാതാവിന്റെ പ്രതിരൂപമാണ്.

ഉല്പത്തി പുസ്തകം 17:16-19 വരെയും 18:10-14വരെയും വിവരി ക്കുന്ന സാറായെ മാതാവിന്റെ പ്രതിരൂപമായി കാണുന്നു. പഴയനിയമ ത്തിൽ തിരഞ്ഞെടുക്കപ്പെട്ട ജനതയുടെ പിതാവാണ് അബ്രാഹം അദ്ദേ ഹത്തിന്റെ ഭാര്യയായിരുന്ന സാറാ ജനത്തിന്റെ മാതാവും (ഏശ 51:2) ഇതേ ആശയം തന്നെ പത്രോസ് ശ്ലീഹായും സാക്ഷിക്കുന്നു (1 പത്രോ 3:6) സാറാ വന്ധ്യയായിരുന്നു. എന്നാൽ യഹോവയുടെ കൃപയാൽ അവൾ ഒരു പുത്രന് ജന്മം നൽകി. മാതാവ് കന്യകയായിരുന്നു എങ്കിലും ദൈവത്തിന്റെ കൃപയാൽ ദൈവപുത്രൻ അവളുടെ ഉദരത്തിൽ പിറന്നു പഴയനിയമത്തിലെ സാറായുടെ പ്രതിരൂപമാണ് പുതിയനിയമത്തിലെ മറിയം ആരാധനക്രമം മറിയത്തെ മാതാവായിട്ട് വിളിക്കുന്നു വിശ്വാസ സമൂഹത്തിന്റെ മുഴുവൻ മാതാവാണ് മറിയം. പഴയനിയമത്തിൽ സാറാ ഇസ്രായേലിന്റെ മാതാവായിരിക്കുന്നതുപോലെ ആരാധനയിൽ മറി യത്തെ പുതിയ ഇസ്രായേലിന്റെ മാതാവായി കാണാനുള്ള ശ്രമമുണ്ട്.

പുരുഷനെ അറിയാതെ സൗന്ദര്യം തുളുമ്പുന്ന കന്യകയാണ് റബേക്ക (ഉല്പത്തി 24:16) അബ്രഹാം (ഉല്പത്തി 24:28) തന്റെ പുത്രന് ഭാര്യയായി തിരഞ്ഞെടുക്കുന്നത് അവളെയാണ് റബേക്കായെ പറ്റി അവ രുടെ സഹോദരൻമാർ പറയുന്നത് വളരെ അർത്ഥവത്താണ് (ഉല് 24:60) ഏതാണ്ട് മാതാവിനെപറ്റിയും ഇതുപോലെതന്നെ നമുക്കും പറയാം. മാതാവിനെ ആരാധന കന്യകയായിട്ടാണ്, പുരുഷനെ അറിയാത്തവ ളായിട്ടാണ് കാണുന്നത്. സഹോദരൻമാർ റബേക്കായ്ക്കു നൽകിയ "നീ ആയിരങ്ങളുടെയും പതിനായിരങ്ങളുടെയും മാതാവായി തീരും" എന്ന ആശംസ ആരാധനയിലുടനീളം മാതാവിനു നൽകുന്നു. ആയ


www.malankaralibrary.com

തിനാൽ മാതാവിനെ റബേക്കായുടെ പ്രതിരൂപമായി കാണാം. ആരാധനയിൽ മാതാവ് കന്യകയാണല്ലോ. ആയിരങ്ങളുടെയും പതിനായിരങ്ങളുടെയും മാതാവുമാണല്ലോ.

ജോസഫിന്റെ മാതാവായ റാഹേലും (ഉല്പ 24:18) റൂത്ത്, എസ്തേർ, യൂദിത്ത്, ശാമുവേലിന്റെ അമ്മയായ അന്ന തുടങ്ങിയ പഴയനിയമ സ്ത്രീകൾ മാതാവിന്റെ പ്രതിരൂപങ്ങളാണ്. ഈ സ്ത്രീകളുടെ ചരിത്രം പരിശോധിച്ചാൽ ഒരു വിധത്തിൽ അഥവാ മറ്റൊരു വിധത്തിൽ ഇസ്രായേലിന്റെ ചരിത്രത്തിൽ വ്യക്തി മുദ്ര പതിപ്പിച്ചിട്ടുള്ളവരാണ്. വിനയം, ശാന്തത, ഔദാര്യം, ധൈര്യം, ദൈവഭക്തി എന്നീ ഗുണങ്ങളുടെ വിശുദ്ധ നിലങ്ങളായി ഈ സ്ത്രീകൾ പഴയനിയമത്തിൽ വിരാജിക്കുന്നു. ഇവരെല്ലാംതന്നെ ഓരോ കാലഘട്ടത്തിൽ ഇസ്രായേലിന്റെ ചരിത്രത്തിൽ രക്ഷയുടെയനുഭവം ആസ്വദിക്കാൻ ജനങ്ങളെ സഹായിച്ചവരാണ്. പഴയ ഇസ്രായേലിന്റെ രക്ഷാകര ചരിത്രവുമായി അഭേദ്യമാംവിധം ബന്ധപ്പെട്ടവരാണ് ഈ സ്ത്രീകൾ. പുതിയ നിയമത്തിലും ആരാധനയിലുമുള്ള മാതാവിന്റെ ചിത്രം ഇവരുടെ ചിത്രവുമായി ബന്ധമുള്ളതാണ്. രക്ഷുടെ മാതാവാണ് പുതിയനിയമത്തിൽ മറിയം. പഴയനിയമസ്ത്രീകളുടെ ഗുണങ്ങളുടെ പൂർണ്ണത മറിയത്തിൽ കാണുന്നു. മറിയത്തിന്റെ സ്തോത്രഗീതം തന്നെ ഇതിന്റെ വ്യക്തമായ തെളിവാണ് ആയതിനാൽ മറിയത്തെ ഈ സ്ത്രീകളുടെ പ്രതിരൂപം ആയി കാണാനുള്ള ശ്രമം ഉചിതവും അർത്ഥസംപുഷ്ടവുമാണ്.

**ആരാധനയിലെ മറിയത്തിന്റെ സാദൃശ്യങ്ങൾ**

ആരാധന മാതാവിനെ അവതരിപ്പിക്കുമ്പോൾ ശക്തമായ ഭാഷയിൽ മാതാവിനെ സാദൃശ്യങ്ങളിലൂടെ മനസ്സിലാക്കുകയും ആരാധിക്കുകയും ചെയ്യുന്നു. മാതാവിനെപറ്റിയുള്ള പഴയനിയമ സാദൃശ്യങ്ങളാൽ നിറഞ്ഞുനിൽക്കുകയാണ് ആരാധന. ആസ്വദിക്കാൻ കഴിയുന്നതും എന്നാൽ കാണുവാൻ, മനസ്സിലാക്കുവാൻ കഴിയാത്തതുമായ രഹസ്യാത്മകമായ അനേകം സാദൃശ്യങ്ങൾ മാതാവിന് ആരാധനയിലുണ്ട്. ഈ സാദൃശ്യങ്ങളിലൂടെ നാം ദൈവീകതയുടെ അഗാധതയിലേക്ക് കടന്നുചെല്ലുവാൻ ശ്രമിക്കുകയാണ്. ഒരു സാദൃശ്യത്തിന്റെ മൂല്യം എന്നു പറയുന്നത് പ്രസ്തുത സാദൃശ്യത്തിൽ വിശ്വാസലാളിത്യവും പൂർണ്ണത ഗ്രഹിക്കുന്നതിനും യഥാർത്ഥമായ അർത്ഥത്തെ ദ്യോതിപ്പിക്കുന്നതിനുമുള്ള കഴിവിനെയാണാശ്രയിച്ചിരിക്കുന്നത്. സാദൃശ്യങ്ങൾ



www.malankaralibrary.com

വിശ്വാസഭാഷയുടെ ഭാഗമാണ് അവ ദൈവീകതയെ പങ്കുവയ്ക്കുന്നു... അത് വിശുദ്ധമായവ വ്യാഖ്യാനിക്കുവാനുള്ള വഴി തുറന്നു കൊടുക്കുന്നു. മാതാവിനെപറ്റിയുള്ള സാദൃശ്യങ്ങൾ മാതാവ് എന്ന വ്യക്തിയെ മനസ്സിലാക്കുവാനുള്ള വഴിയാണ് മാർഗ്ഗമാണ്....

ഒരു സുപ്രഭാതത്തിൽ ആരുടെയോ ബുദ്ധിക്കു യുക്തമെന്ന് തോന്നിയതോ, ഹൃദയത്തിന് ഹൃദ്യമെന്ന് തോന്നിയതോ ഭാവനാത്മകമോ ആയ മാതാവിനെപറ്റിയുള്ള കുറെ സാദൃശ്യങ്ങൾ പഴയനിയമത്തിൽനിന്ന് സ്വീകരിച്ച് ആരാധനയിൽ ചേർത്തതല്ല. മറിച്ച് ഈ സാദൃശ്യങ്ങൾ രൂപം കൊണ്ടുവന്നത് മാതാവുമായിട്ടുള്ള നിരന്തരമായ സമ്പർക്കത്തിൽ നിന്നുമാണ്. മാതാവിന്റെ ജീവിതരഹസ്യം അറിയുവാനും, അനുഭവിക്കുവാനും, സ്വായത്തമാക്കുവാനുമുള്ള ആരാധനാ സമൂഹത്തിന്റെ അഭിലാഷങ്ങൾ ആണ് ഈ സാദൃശ്യങ്ങളിലൂടെ അവതരിപ്പിക്കപ്പെടുന്നത്. മാതാവിനെ, പഴയനിയമ പുതിയനിയമങ്ങളുടെ വെളിച്ചത്തിൽ കാണുവാനും മാതാവിന് പുതിയ നിർവ്വചനങ്ങൾ നൽകി പാടിപ്പുകഴ്ത്തുന്ന ഒരു ശ്രമത്തിലുംനിന്ന് ഉടലെടുത്തു വന്നതാണ് നമ്മുടെ ആരാധനയിലെ മാതാവിന്റെ സാദൃശ്യങ്ങൾ. ആരാധനാസമൂഹത്തെ സംബന്ധിച്ചിടത്തോളം ഇങ്ങനെ അനുഭവത്തിന്റെ വെളിച്ചത്തിൽ രൂപപ്പെടുത്തിയെടുത്ത ഈ സാദൃശ്യങ്ങൾ പിന്നീട് നൂറ്റാണ്ടുകളിലൂടെ അനുസ്മരിക്കപ്പെടുമ്പോൾ "അതെ സാദൃശ്യം" എന്തിനായി നിലകൊള്ളുന്നു, എന്തർത്ഥമാണ് നൽകുന്നത്, അതിന്റെ യഥാർത്ഥ പശ്ചാത്തലം എന്താണ്.

ഇതു ശരിയായി മനസ്സിലാക്കി ഈ സാദൃശ്യം മാതാവിനെപറ്റിയാണെന്ന് വിശ്വസിച്ച് അങ്ങനെ മാതാവിന്റെ ജീവിതത്തിലെ രഹസ്യങ്ങൾ തങ്ങളുടേതാക്കാനുള്ള ഒരു പരിശ്രമം ആരാധനാസമൂഹത്തിലുണ്ടായിരുന്നു; ഉണ്ടായിരിക്കണം.

മാതാവിന്റെ ആരാധനയിലെ സാദൃശ്യങ്ങളുടെ യഥാർത്ഥ അർത്ഥം മനസ്സിലാക്കണമെങ്കിൽ ഒന്നാമതായി ആ സാദൃശ്യം എവിടെ ഏതർത്ഥത്തിൽ ഉപയോഗിച്ചു എന്നറിയണം. അതെ സാദൃശ്യം തന്നെ ആരാധനാസമൂഹം ഏത് പശ്ചാത്തലത്തിലാണ് ഉപയോഗിച്ചിട്ടുള്ളതെന്നറിയണം. രണ്ടാമതായി ആ സാദൃശ്യത്തിന് മാതാവുമായുള്ള സാമ്യവും ബന്ധവും എന്താണെന്ന് മനസ്സിലാക്കണം. മൂന്നാമതായി ആരാധനയിൽ അതിന്റെ അർത്ഥവും മൂല്യവും എന്താണെന്നും അത് ആരാധനാസമൂ



www.malankaralibrary.com

ഹത്തിന് അനുഭവവേദ്യമാണോ എന്നും അറിയണം. ഒരു സാദൃശ്യ ത്തിന്റെ അർത്ഥം പൂർണ്ണമായി ഗ്രഹിക്കാൻ ഈ ഘടകങ്ങൾ അത്യാവ ശ്യമാണ്. ഈ സമീപനം ഒരു വലിയ പഠനം നമ്മിൽ നിന്ന് പ്രതീക്ഷി ക്കുന്നു. നമ്മുടെ വിശകലനത്തിൽ ഒതുങ്ങാത്ത ഒരു പഠനമാണത്. ആയ തിനാൽ മാതാവിനെപറ്റി ആരാധനയിലുള്ള ചില സാദൃശ്യങ്ങൾ എടുത്തു കാട്ടി അതിന്റെ പഴയ നിയ പുതിയ നിയമ പശ്ചാത്തലവും അവ നൽകുന്ന അർത്ഥവും ഗ്രഹിക്കുവാനുള്ള ശ്രമമാണിവിടെ നടത്തു ന്നത്. അത് അപൂർണ്ണമാണെന്ന പൂർണ്ണവിശ്വാസവും ഉണ്ട്:

**എരിയുന്ന മുൾപ്പടർപ്പ്[10] (പുറ 3:21 നിയമ 33:16)**

പഴയനിയമത്തിൽ പുറപ്പാട് പുസ്തകം മൂന്നാം അധ്യായം രണ്ടാം വാക്യത്തിലാണ് ആദ്യമായി എരിയുന്ന മുൾപ്പടർപ്പിനെപറ്റി പറയുന്ന ത്. മോശയുടെ വിളിയാണ് മൂന്നാം അധ്യായത്തിന്റെ പശ്ചാത്തലം ഹോറേബ്ബ് പർവ്വതത്തിലാണ് സംഭവം നടക്കുന്നത്. മോശയെ സംബ ന്ധിച്ചിടത്തോളം മുൾപ്പടർപ്പ് ഒരത്ഭുതമായിരുന്നു അതുകൊണ്ടാണ് മോശ പറഞ്ഞത് ഞാൻ ഈ മഹാദൃശ്യം അടുത്തുചെന്ന് ഒന്നു കാണ ട്ടെ. മുൾപ്പടർപ്പ് എരിഞ്ഞ് ചാമ്പലാകുന്നില്ലല്ലോ (3:3). മോശ മുൾപ്പ ടർപ്പിന്റെ അരികിലെത്തിയപ്പോൾ ദൈവം അവനെ വിളിക്കുന്നു. ദൈവം മോശയ്ക്ക് തന്നെത്തന്നെ വെളിപ്പെടുത്തിക്കൊടുക്കുന്നു (3:6-7).

യഹോവ അവിടെവച്ച് മോശയ്ക്ക് ഒരു വിമോചനദൗത്യം നൽകി, തന്റെ ജനങ്ങളെ സ്വാതന്ത്ര്യത്തിലേക്കു നയിക്കുക. വേദപുസ്തക ത്തിലെ എരിയുന്ന മുൾപ്പടർപ്പിന്റെ ആധികാരികതയെപ്പറ്റി, വസ്തുനി ഷ്ഠതയെപറ്റി ഒക്കെ ധാരാളം പഠനങ്ങൾ നടന്നിട്ടുണ്ട്. എന്നാൽ അവ യൊന്നും തന്നെ പൂർണ്ണവും വ്യക്തവുമായ ഫലം പുറപ്പെടുവിച്ചിട്ടി ല്ല." എന്നിരുന്നാലും എരിയുന്ന മുൾപ്പടർപ്പിനെ അതിന്റെ വേദപുസ്തക പശ്ചാത്തലത്തിൽ നാം വിശകലനം ചെയ്യുമ്പോൾ അത് പല സന്ദേ ശങ്ങളും നമുക്ക് തരുന്നു. യഹോവയുടെ സാന്നിദ്ധ്യം കാണി ക്കാൻവേണ്ടി പ്രതീകാത്മകമായ രീതിയിൽ രേഖപ്പെടുത്തിയിരിക്കുന്ന ഒരു രഹസ്യമാണിത്. യഹോവ ആരാണെന്ന് പൂർണ്ണമായി മനസ്സിലാ ക്കാൻ ആർക്കും കഴിയില്ല. മുൾപ്പടർപ്പിന് സാക്ഷിയായ മോശയ്ക്കു പോലും അതിനു കഴിഞ്ഞില്ല. കാരണം അത്ഭുതത്തിന്റെ രീതിയിലാണ് യോഹവ മോശയ്ക്ക് വെളിപ്പെട്ടത്. അത്ഭുതങ്ങൾ, പ്രത്യേകിച്ച്, ദൈവീക വെളിപാടുകളുമായി ബന്ധമുള്ള അത്ഭുതങ്ങൾ, ജീവിത


www.malankaralibrary.com

ത്തിൽ അംഗീകരിക്കേണ്ട യാഥാർത്ഥ്യങ്ങൾ ആണ്. അതിനെ ബൗദ്ധിക തലത്തിൽ വിശകലനംചെയ്യാൻ കഴിയുകയില്ല. ദൈവീക വെളിപാടുകൾ സാദൃശ്യങ്ങളിലൂടെയും, നാടകീയമായ രീതിയിലുമാണ് അവതരിപ്പിക്കപ്പെടുന്നത് തുടങ്ങിയ യാഥാർത്ഥ്യങ്ങളിലേക്കാണ് അടിസ്ഥാനപരമായി 'എരിയുന്ന മുൾപ്പടർപ്പ്' വിരൽചൂണ്ടുന്നത്.

മാതാവിൽ എരിയുന്ന മുൾപ്പടർപ്പിന്റെ സാദൃശ്യം കാണുവാൻ ആരാധനാസമൂഹം ശ്രമിച്ചു. കാരണം പുറപ്പാടിൽ പറയുന്നതുപോലെ ജ്വലിച്ചുയരുന്ന അഗ്നി മോശ മുൾപ്പടർപ്പിൽ കണ്ടു. മുൾപ്പടർപ്പ് കത്തിയെരിയുന്നു എങ്കിലും കത്തിയെരിഞ്ഞ് ചാമ്പലാകുന്നില്ല. ഇതേ അനുഭവംതന്നെ മാതാവിന്റെ ജീവിതത്തിലും കാണാം. സ്വർഗ്ഗീയ അഗ്നിയായ യേശുക്രിസ്തു മാതാവിന്റെ ഉദരത്തിൽ ജന്മമെടുത്തതും മാതാവിന്റെ കന്യാത്വത്തിന് ഭംഗം വരുത്തിയില്ല. എരിയുന്ന മുൾപ്പടർപ്പിൽ യഹോവയായ ദൈവം മോശക്ക് വെളിപ്പെട്ടു എങ്കിലും മുൾപ്പടർപ്പ് എരിഞ്ഞ് ചാമ്പലാകാത്തതുപോലെ ദൈവീകശക്തി മറിയം എന്ന മുൾപ്പടർപ്പിൽ, മുൾപ്പടർപ്പിന് യാതൊരു കോട്ടവും തട്ടാതെ പ്രത്യക്ഷനായി. മോശ യഹോവയോട് ചോദിച്ചതുപോലെ, മോശക്കു മനസിലാകാത്തുപോലെ ആരാധനാ സമൂഹവും ഒരു വലിയ രഹസ്യമായി, അത്ഭുതമായി ഈ യാഥാർത്ഥ്യത്തെ കാണുന്നു. ആയതിനാൽ മുൾപ്പടർപ്പുമായി മാതാവിനെ ആരാധനയിൽ സാദൃശ്യപ്പെടുത്തിയിരിക്കുന്നു....

**നോഹയുടെ പെട്ടകം[12] (ഉല്പ 6:14-16)**

ഉല്പത്തി പുസ്തകത്തിൽ ദൈവം ഒരു പെട്ടകം ഉണ്ടാക്കാൻ ആജ്ഞാപിക്കുന്നു. ഇതിന്റെ പശ്ചാത്തലം ദൈവം സൃഷ്ടിച്ച ജനത്തിന്റെ അധർമ്മവും മോഹവുമാണ്. അവന്റെതന്നെ ഉത്തരവാദത്വമില്ലായ്മയും അന്യദൈവങ്ങളെ ആരാധിക്കലും അധാർമ്മിക ജീവിതത്തിലേക്ക് ജനങ്ങളെ നയിച്ചു.... അധർമ്മംകൊണ്ടു നിറഞ്ഞ ലോകത്തെ നശിപ്പിക്കുന്നതിനുവേണ്ടിയാണ് ദൈവം നോഹയോട് പെട്ടകം ഉണ്ടാക്കാൻ പറയുന്നത്. നോഹയെയും കുടുംബത്തെയും രക്ഷിക്കുക എന്ന ലക്ഷ്യമായിരുന്നു പെട്ടകത്തിന്. അധർമ്മികളായ ജനങ്ങളുടെ ഇടയിൽ കർത്താവിന്റെ പ്രീതിയ്ക്ക് കാരണമായവനാണ് നോഹ. അവൻ നീതിമാനായിരുന്നു. കറയറ്റ മനുഷ്യൻ ആയിരുന്നു (ഉല്പ 6:9). നോഹയുടെ പെട്ടകത്തിന്റെ ഉദ്ദേശ്യം യാത്ര ചെയ്യുക എന്നതായിരുന്നില്ല. മറിച്ച് വെള്ളത്തിന് മുകളിൽ പൊങ്ങിക്കിടക്കുക ആയിരുന്നു. ജലപ്രളയം



www.malankaralibrary.com

ഉണ്ടാകുന്നതിനുമുൻപ് നോഹയും കുടുംബവും സകല പക്ഷി മൃഗാദികളും ജന്തുക്കളുടെയും ജോഡികൾ പെട്ടകത്തിനുള്ളിൽ കയറി. ദൈവം വാതിലടച്ചു ജലപ്രളയം ഉണ്ടായി ജനങ്ങൾ മുഴുവൻ നശിച്ചു. നോഹയും കുടുംബവും രക്ഷപെട്ടു. യഹോവയായ ദൈവത്തിന്റെ നീതിമാൻമാരെ രക്ഷിക്കുന്ന അതിമഹത്തായ അനുഭവത്തിന്റെ ഉദാഹരണമാണ് നോഹയുടെ പെട്ടകം. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പെട്ടകത്തിന് ബാബിലോണിയൻ സുമേറിയൻ കഥകളുമായി താദാത്മ്യമുണ്ട്.[13]

ദൈവത്തിന്റെ കൂടെ നടന്നവനായ, നീതിമാനായ കറയറ്റവനായ നോഹ രക്ഷപ്പെട്ടു.വേദപുസ്തകത്തിൽ മറിയം കറയറ്റവളാണ് ദൈവത്തിന്റെ സന്നിധിയിൽ നീതീകരിക്കപ്പെട്ടവളാണ്. കറയറ്റവളായ മറിയത്തെ നോഹയുടെ പെട്ടകവുമായി സാദൃശ്യപ്പെടുത്തിയിരിക്കുന്നു. ദൈവം മാത്രം കയറിയ മാനുഷികപെട്ടകമാണ് മറിയം. നോഹയെ ജലപ്രളയത്തിൽനിന്ന് രക്ഷിച്ചതുവഴിയായി ജനസമൂഹത്തെ മുഴുവൻ യഹോവ സമുദ്ധരിച്ചു. അതുപോലെ മറിയം എന്ന പെട്ടകത്തിൽ വസിച്ച യേശുക്രിസ്തു, ദൈവപുത്രൻ ലോകത്തിന്റെ ശാപം ഏൽക്കാതെ അധർമ്മം ഏൽക്കാതെ മനുഷ്യകുലത്തെ രക്ഷിച്ചു.... പുതിയ നിയമത്തിൽ രക്ഷയുടെ പ്രതിരൂപവും രക്ഷയുമാണ് യേശു. നോഹയുടെ പെട്ടകത്തിലൂടെ ഒരു ജനസമൂഹം രക്ഷിക്കപ്പെട്ടതുപോലെ മറിയം എന്ന പുതിയ നിയമ പേടകത്തിലൂടെ ഒരു പുതിയ ജനസമൂഹം ദൈവത്തിന്റെ സന്നിധിയിൽ നീതി കണ്ടെത്തി തീർച്ചയായും ഈ സാദൃശ്യം മറിയത്തിന് യോജിച്ചതല്ലേ?....

**മോശയുടെ പേടകം[14] (നിയമ 10:1-6)**

ആരാധനയിൽ പലയിടത്തും മാതാവിനെ മോശയുടെ പേടകവുമായി സാദൃശ്യപ്പെടുത്തിയിരിക്കുന്നു. നിയമാവർത്തനം പുസ്തകത്തിലെ 10-ാം അധ്യായത്തിന്റെ പശ്ചാത്തലം ഉടമ്പടിപത്രിക ഉറപ്പിക്കുന്നതാണ്. മോശയ്ക്ക് സീനായ് മലയിൽവച്ച് യഹോവ ആദ്യമെ തന്റെ വിരൽകൊണ്ടെഴുതിയ രണ്ട് കല്പനകൾ നല്കുന്നു (പുറ 31:16). മോശ മലയിൽനിന്ന് ഇറങ്ങിവന്നപ്പോൾ തിരഞ്ഞെടുക്കപ്പെട്ട ജനം കാളക്കുട്ടിയെ ആരാധിക്കുന്നതു കണ്ടു. ഇത് കണ്ട് മനം ഉരുകിയ മോശ "മലയുടെ അടിവാരത്തിൽവച്ച് കല്പനകകൾ വലിച്ചെറിഞ്ഞ് തകർത്തു കളഞ്ഞു" (പുറ 32:19-20) വീണ്ടും മോശക്ക് ദൈവത്തിൽനിന്ന്



www.malankaralibrary.com

അരുളപ്പാടുണ്ടായി അതനുസരിച്ച്, മരംകൊണ്ട് ഒരു പേടകം ഉണ്ടാക്കി, രണ്ട് കല്പലകകളുമുണ്ടാക്കി. അതിൽ ദൈവം തന്റെ പത്തുപ്രമാണങ്ങൾ എഴുതി കൊടുക്കുന്നു. ആ രണ്ട് പലകകൾ മോശ പേടകത്തിൽ നിക്ഷേപിച്ചു (പുറ 10:1–6) ഇതാണ് പഴയനിയമത്തിലെ പേടകം.

മോശയുടെ പേടകത്തിന്റെ സന്ദേശം വ്യക്തമാണ്. മനുഷ്യൻ മൂലം തല്ലിതകർന്ന് ദൈവസ്നേഹത്തിന്റെ പ്രതീകമായ ദൈവസാന്നിദ്ധ്യത്തിന്റെ മൂർത്തഭാവമായ ഉടമ്പടി പത്രിക വീണ്ടും ഉറപ്പിക്കാൻ യഹോവ തയ്യാറാകുന്നു. യഹോവയാണ് മുൻകൈയെടുക്കുന്നത്. എന്നാലത് മോശയുടെ സഹകരണത്തോടുകൂടിയായിരുന്നു. എന്നാൽ ജനം ദൈവത്തോട് അവിശ്വസ്തരായി പെരുമാറി. പക്ഷേ ദൈവം പ്രവാചകൻമാരെ ജനത്തെ വീണ്ടും തന്നിലേക്ക് അടുപ്പിക്കുന്നതിനായി, അയച്ചു. പക്ഷേ ജനങ്ങൾ അവരെ അംഗീകരിക്കുന്നതിനോ, സ്വീകരിച്ച് പശ്ചാത്തപിച്ച്, യഹോവയിങ്കലേക്ക് തിരികെ വരാനോ തയ്യാറായില്ല. അവസാനമായി യഹോവയായ ദൈവം തന്റെ തിരുസുതനെ ലോകത്തിലേക്കയച്ചു. അതിനായി ഒരു സ്ത്രീയുടെ സമ്മതം തേടുന്നു. സഹകരണമാവശ്യപ്പെടുന്നു. ആ സ്ത്രീ തന്റെ ഉദരമാകുന്ന പേടകം തുറന്നു കൊടുക്കുന്നു. അതിലൂടെ രക്ഷയുടെ അനുഭവം ക്രിസ്തുവിൽ കണ്ടെത്തുന്നു, യഹോവയുടെ സഹവാസത്തിന്റെ സജീവ പേടകമായ മറിയം നിയമപലക സൂക്ഷിക്കാൻ മോശ മരംകൊണ്ട് ഉണ്ടാക്കിയ പേടകത്തിന്റെ സാദൃശ്യമാണ്. പുതിയ നിയമത്തിലെ മനുഷ്യപേടകമായ മറിയം, യഹോവ പ്രമാണങ്ങളിലൂടെ ജനങ്ങളോടുകൂടിയായിരിക്കാൻ ആഗ്രഹിച്ചതുപോലെ എന്നും മനുഷ്യനോടുകൂടി ആയിരിക്കാൻ അവതരിച്ച ദൈവപുത്രനെ വഹിച്ച പേടകമാണ് മറിയം. ആയതിനാൽ മോശയുടെ പേടകവുമായി മറിയത്തെ സാദൃശ്യപ്പെടുത്തിയിരിക്കുന്നത് അർത്ഥവത്താണ്.

### മെൽക്കിസദേക്കിന്റെ പരിശുദ്ധ സമർപ്പണം[15] (ഉല്പ 14:18–20)

സോദോമിലെ രാജാവായിട്ടാണ് മെൽക്കിസദേക്കിനെ ചിത്രീകരിക്കുന്നത്. അബ്രഹാം വിജയിച്ച് തിരികെ വന്നപ്പോൾ ശാലോമിലെ രാജാവും അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനുമായ മെൽക്കിസദേക്ക് അപ്പവും വീഞ്ഞുംകൊണ്ട് അബ്രഹാമിനെ സ്വീകരിച്ച് അനുഗ്രഹിച്ചു. അതിനുശേഷം അബ്രഹാം ആക്രമിച്ചു സ്വന്തമാക്കിയതിന്റെ ഒരംശം മെൽക്കിസദേക്ക് അബ്രഹാമിൽനിന്ന് സ്വീകരിച്ചു (14:20) ഉല്പ



www.malankaralibrary.com

ത്തിയിലെ മെൽക്കിസദേക്കിന്റെ പ്രതിരൂപം സങ്കീർത്തനം 110:4-ഉം ഹെബ്രായർക്കുള്ള ലേഖനം 5:10 മുതൽ ഉള്ള വാക്യങ്ങളിലും കാണാം. ഹെബ്രായർക്കുള്ള ലേഖനത്തിൽ യേശുവും മെൽക്കിസദേക്കുമായി സാദൃശ്യംകാണുന്നു. മെൽക്കിസദേക്കിന്റെ നിത്യപൗരോഹിത്യം സങ്കീർത്തനം 110-ലെ നാലാംവാക്യം ഉദ്ധരിച്ചുകൊണ്ട് യേശുവിന് ലേഖനകർത്താവ് നൽകുന്നു. അബ്രഹാമിനെക്കാൾ മെൽക്കിസദേക്ക് ശ്രേഷ്ഠനാണ്. കാരണം അദ്ദേഹം അബ്രഹാമിനെ അനുഗ്രഹിച്ചു. യേശുക്രിസ്തു യഹൂദ പുരോഹിത വർഗ്ഗത്തിൽ ശ്രേഷ്ഠനാണ് കാരണം അവിടുന്ന് ദൈവത്തിന്റെ നിത്യപുരോഹിതനാണ്. ഹെബ്രായർക്കുള്ള ലേഖനത്തിൽ 7-ാം അധ്യായം മെൽക്കിസദേക്കിന്റെ പേരിന് നീതിയുടെ രാജാവെന്നും സമാധനത്തിന്റെ രാജാവെന്നുമാണർത്ഥം. മെൽക്കിസദേക്കിന് വംശപരമ്പരയില്ലായിരുന്നു ദൈവപുത്രൻ അദൃശ്യനായയവൻ എന്നേക്കും പുരോഹിതാണെന്ന് സാക്ഷിക്കുന്നു.

മെൽക്കിസദേക്കിന്റെ പ്രതിരൂപമായി യേശുവിനെ കാണാനുള്ള ശ്രമം ആരാധനയിലുണ്ട് മെൽക്കിസദേക്കിന്റെ സമർപ്പണം കന്യകാമറിയവുമായി സാദൃശ്യപ്പെടുത്തിയിരിക്കുന്നു. ഒന്നാമതായി മറിയം മെൽക്കിസദേക്കിനെപ്പോലെ വംശപാരമ്പര്യമില്ലാത്തവളാണ്. വേദപുസ്തകമോ, പാരമ്പര്യമോ മറിയത്തിന്റെ ജനനമരണത്തിന് ആധികാരികമായി വ്യക്തമായ സാക്ഷ്യം നൽകുന്നില്ല. മറിയത്തിന്റെ ജീവിതം ഒരു സംപൂർണ്ണ സമർപ്പണം ആയിരുന്നു. സുവിശേഷവും പാരമ്പര്യവും ഇതിനു സാക്ഷിയാണ്. മറിയത്തിന്റെ ദൈവസന്നിധിയിലെ കറയറ്റ സമർപ്പണംമൂലം അവളെ ആരാധനയിൽ മെൽക്കിസദേക്കിന്റെ സംപൂർണ്ണസമർപ്പണവുമായി ബന്ധപ്പെടുത്തിയിരിക്കുന്നു.

**നിയമപേടകം[16]**

ഇസ്രായേലിന്റെ ദൈവാനുഭവത്തിന്റെ കേന്ദ്രബിന്ദുവായിരുന്നു നിയമപേടകം അല്ലെങ്കിൽ വാഗ്ദാനപേടകം അതിന്റെ ഉത്ഭവത്തിന് മോശയോളം തന്നെ പഴക്കമുണ്ട് (നിയമ 10:1-6) ഏതാണ്ട് 200 പ്രാവശ്യം പഴയനിയമത്തിൽ നിയമപേടകത്തെപറ്റി പരാമർശിക്കുന്നുണ്ട്16 മഹത്വത്തിന്റെ രാജാവായ യഹോവയുടെ വാസസ്ഥലമായിരുന്നു ഇത്. ഇസ്രായേൽ വാഗ്ദാനപേടകത്തിൽ ദൈവത്തിന്റെ മഹത്വം പൂർണ്ണമായി ദർശിച്ചിരുന്നു. ഇസ്രായേലിന് യഹോവ വസിക്കുന്ന ആലയവും അവിടുത്തെ മഹത്വത്തിന്റെ ഇരിപ്പിടവും പ്രിയങ്കരമാണ് (സങ്കീ 26:16) ഇസ്രാ



www.malankaralibrary.com

യേലിന്റെ പ്രവാസകാലത്തും (സംഖ്യ 10:13, 14:44) കാനാൻ ദേശത്തിന്റെ അക്രമത്തിലും (ജോഷ്വാ 3:3; 6:11) അതുല്യമായ സ്ഥാനം പേടകം വഹിച്ചിട്ടുണ്ട്. അവസാനം മോശയുടെ ഗോത്രത്തിൽനിന്നുള്ള പുരോഹിത കുടുംബത്തിന്റെ പരിചരണത്തിൽ ശീലോഹാ ദേവാലയത്തിൽ നിയമപേടകം സ്ഥാനമുപ്പിച്ചു[17] ഇസ്രായേലിന് പേടകത്തിന്റെ സാന്നിദ്ധ്യം വിജയത്തിന്റെ ഒരടയാളവും (1 സാമു 4:3, 2 സാമു 11:11) അതിന്റെ അസാന്നിദ്ധ്യം പരാജയ കാരണവുമായിരുന്നു (സംഖ്യ 14:44) വാഗ്ദാനപേടകം എന്ന പ്രതീകത്തിലൂടെ യഹോവ ദൈവജനത്തിന്റെ ചരിത്രത്തിൽ പ്രവർത്തിക്കുന്നവനാണെന്ന് ജനം ജീവിതത്തിൽ അനുഭവിച്ചറിഞ്ഞു. ജനം കഷ്ടപ്പാടിലായിരുന്നപ്പോൾ, പ്രവാസത്തിലായിരുന്നപ്പോൾ യഹോവ അവരോടുകൂടി പേടകത്തിൽ വസിച്ച് അവർക്ക് ആശ്വാസവും പ്രത്യാശയും നൽകിയിരുന്നു. യഹോവയുടെ പേടകം തങ്ങളോടു കൂടിയുണ്ടെങ്കിൽ ജനം പരാജയപ്പെടുകയില്ല എന്ന വിശ്വാസം ജനത്തിനുണ്ടായിരുന്നു (1 സാമു 4: 10-11). ചുരുക്കത്തിൽ രക്ഷിക്കുന്ന ദൈവത്തിന്റെ പ്രതീകമായിരുന്നു ഇസ്രായേൽ ജനത്തിന് നിയമപേടകം.

ആരാധനയിൽ മറിയത്തെ സത്യനിയമപേടകം, നിയമപേടകം, വാഗ്ദാനപേടകം എന്നൊക്കെ വിളിച്ച് പ്രാർത്ഥിക്കുന്നു. പേടകം രക്ഷയുടെ പ്രതീകമായിരുന്നതുപോലെ മറിയം പുതിയ ഇസ്രായേലിന്റെ വിമോചനത്തിന്റെ ആദ്യബിന്ദുവായിരുന്നു. യഹോവ വസിച്ചത് പേടകത്തിലാണ്. ദൈവസുതനും ആദ്യമായി വസിച്ചത് മറിയം എന്ന പേടകത്തിലാണ്. യഹോവ വസിച്ചത്, മരംകൊണ്ടുള്ള മനുഷ്യൻ നിർമ്മിച്ച പേടകത്തിലാണ്. യേശു വസിച്ചത്, ദൈവമനുഷ്യസഹകരണത്താൽ സൃഷ്ടിക്കപ്പെട്ട മറിയം എന്ന ജീവനുള്ള പേടകത്തിലാണ്. പഴയനിയമത്തിൽ പേടകം കൂടെ ഉള്ളപ്പോൾ ജനം വിജയം കൊണ്ടാടി. മറിയം കൂടെ ഉള്ളപ്പോൾ യാതൊരുവിധ വിരുദ്ധശക്തികളും തങ്ങളെ പരാജയപ്പെടുത്തുകയില്ല എന്ന പ്രത്യാശ ആരാധന സമൂഹത്തിനുണ്ടായിരുന്നു. ഈ കാരണങ്ങളാൽ ആരാധനാസമൂഹം മറിയത്തെ ദൈവത്തിന്റെ പേടകം, വാഗ്ദാനപേടകം എന്നൊക്കെ ആരാധനയിൽ വിളിച്ച് പാടി പുകഴ്ത്തുന്നു.

### യാക്കോബിന്റെ ഗോവേണി[17] (ഉല്പ 28:12)

യാക്കോബിന് ഒരു സ്വപ്നമുണ്ടായി. ഉല്പത്തിപുസ്തകം 28-ാം അധ്യായം 10 മുതൽ 17 വരെയുള്ള വാക്യങ്ങളിൽ പ്രസ്തുത സ്വപ്ന


www.malankaralibrary.com

ത്തെപറ്റി നാം വായിക്കുന്നു. ആ സ്വപ്നത്തിൽ യാക്കോബ് ഭൂമിയിൽ ഉറപ്പിച്ചിരുന്ന ഒരു ഗോവേണി കണ്ടു. അതിലൂടെ ദൈവത്തിന്റെ ദൂതൻമാർ കയറുകയും ഇറങ്ങുകയും ചെയ്തുകൊണ്ടിരുന്നു. ഗോവേണിയുടെ മുകളിൽ യഹോവയായ ദൈവം പ്രത്യക്ഷപ്പെട്ട് സ്വയം വെളിപ്പെടുത്തുകയും യാക്കോബിനെ അനുഗ്രഹിക്കുകയും ചെയ്യുന്നു. "ദൈവം എന്നും യാക്കോബിനോടുകൂടി ഉണ്ടായിരിക്കുമെന്ന് വാഗ്ദാനം ചെയ്യുന്നു." ഈ വാഗ്ദാനത്തിലൂടെ ദൈവം വ്യക്തിപരമായി ഇസ്രായേലിനെ യാക്കോബിലൂടെ മോചിപ്പിക്കുന്ന സംഭവമാണ് നാമിവിടെ കാണുന്നത്"[19] ദൈവം ഒരിക്കലും മനുഷ്യന് നേരിട്ട് പ്രത്യക്ഷനാവുകയില്ല. ദൈവത്തിന്റെ വെളിപ്പെടൽ ഒരു രഹസ്യമാണ്. അത് നിഗൂഢമാണ്. മനുഷ്യബുദ്ധിക്കുപോലും മനുഷ്യാനുഭവത്തിനുപോലും പൂർണ്ണമായി മനസിലാക്കാൻ അസാധ്യമാണ്. ഗോവേണിയിലൂടെ ദൈവദൂതൻമാർ ഇറങ്ങുന്നു, കയറുന്നു. ദൈവമനുഷ്യബന്ധത്തിന്റെ നിരന്തരമായ, സജീവമായ, ജീവിക്കുന്ന പ്രതീകമാണ് യാക്കോബിന്റെ ഗോവേണി.

~~മാക്കാഷിക്~~ ആരാധനയിൽ യാക്കോബിന്റെ ഗോവേണിയുടെ സാദൃശ്യം മാതാവിൽ ദർശിക്കാനുള്ള പരിശ്രമം ഉണ്ട്. ഒരു ദർശനത്തിലൂടെ ദൈവീകരഹസ്യം മാലാഖ മറിയത്തെ അറിയിക്കുന്നു. കാലത്തിന്റെ പൂർണ്ണതയിൽ ദൈവദൂതൻ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങി ദൗത്യം അറിയിച്ചിട്ട് കയറി പോയി. മാതാവ് സ്വർഗത്തേയും ഭൂമിയേയും ബന്ധിപ്പിക്കുന്ന ഗോവേണിയാണ്. ദൈവമനുഷ്യബന്ധത്തിന്റെ മാതൃകയും ഉന്നത സോപാനവുമാണ് മറിയം. മാതാവിന്റെ ഈ സാദൃശ്യം സജീവമാണ്; ഗോവേണി കയറുന്നതിനും ഇറങ്ങുന്നതിനുമുള്ള ഒരു ഉപകരണമാണ് ~~മറിയം~~. നമുക്കു കാണുവാൻ കഴിയാത്ത ദൈവത്തെ നമ്മുടെ തന്നെ ഭാഗത്തുനിന്നുകൊണ്ട് അനുഭവവേദ്യമാക്കുകയാണ് മറിയം. മാതാവിലൂടെയാണ് മനുഷ്യകുലം സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടുന്നത്. അതിന്റെ ആദ്യ മാതൃകയാണ് മാതാവ്. ആരാധനയിലെ നിരന്തരമായുള്ള മാതാവിന്റെ മാദ്ധ്യസ്ഥം....

**മഹത്വമുള്ള വിശുദ്ധ കൂടാരം[21] (പുറ 25:9)**

ദൈവത്തിന്റെ ആജ്ഞയനുസരിച്ച് മോശ ഉണ്ടാക്കിയതെന്ന് വിശ്വസിക്കപ്പെടുന്ന കൂടാരമാണിത്. എപ്രകാരമാണിത് ഉണ്ടാക്കിയെന്നതിനെപ്പറ്റിയുള്ള വിവരങ്ങൾ പുറപ്പാട് പുസ്തകം 25 മുതൽ 31 വരെ


www.malankaralibrary.com

യുള്ള അധ്യായങ്ങളിൽ സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. എന്തിനു വേണ്ടിയാണ് ഉണ്ടാക്കിയത്? യഹോവ തന്നെ പറയുന്നു "ഞാൻ അവരുടെ ഇടയിൽ വസിക്കാൻ എനിക്കൊരു വിശുദ്ധകൂടാരം സജ്ജമാക്കണം (പുറ 25:18) വിശുദ്ധ കൂടാരം യഹോവയുടെ വാസസ്ഥലമാണ്, ആലയമാണ്. പുതിയ നിയമത്തിൽ യോഹന്നാൻ ശ്ലീഹായുടെ മനുഷ്യാവതാര ദൈവശാസ്ത്രദർശനം വിശുദ്ധ കൂടാരവുമായി ബന്ധപ്പെട്ടിരിക്കുന്നു[22] വചനം നമ്മുടെ ഇടയിൽ വസിച്ചു (..................) യോഹന്നാൻ ശ്ലീഹാ വി.കൂടാരം മനുഷ്യാവതാര ദൈവശാസ്ത്രത്തിന്റെ ഭാഗമാക്കി. പഴയനിയമത്തിൽ ദൈവം വസിച്ചത് ഒരു സ്ഥലത്താണ്, ഒരു കൂടാരത്തിലാണ്. എന്നാൽ പുതിയ നിയമദൈവം വസിച്ചത് ഒരു വ്യക്തിയിലാണ്, മറിയത്തിലാണ്. അതിലൂടെ ദൈവം സർവ്വസംപൂർണ്ണതയും മനുഷ്യനായ ക്രിസ്തുവിൽ നിവസിച്ചു. അത് ദൈവത്തിന്റെ തിരുമനസ്സായിരുന്നു.

മറിയം മഹത്വമുള്ള വി.കൂടാരമാണ്. നമ്മുടെ ഇടയിൽ വസിക്കുവാൻ ദൈവം തിരഞ്ഞെടുത്തത് മറിയത്തെയാണ്; മറിയത്തിന്റെ ശരീരമാകുന്ന കൂടാരത്തിലാണ് യേശു പിറന്നത്. പഴയനിയമത്തിൽ ദൈവം ഇറങ്ങിവന്ന് വിവിധയവസരങ്ങളിൽ ദർശനങ്ങളിലൂടെയും, വെളിപാടുകളിലൂടെയും ഇസ്രായേലിനെ നയിച്ചതുപോലെ ഇന്ന് മറിയമാകുന്ന ദൈവമഹത്വം ഉള്ള പേടകം പുതിയ ഇസ്രായേലിന് മാർഗ്ഗദീപമായി നിലകൊള്ളുന്നു. അവളിൽനിന്ന് പുത്രൻവഴി ചൊരിയപ്പെടുന്ന കൃപകളാൽ ക്രിസ്തീയ സമൂഹം അനുദിനം ദൈവത്തിന് വസിക്കുവാനുള്ള ജീവിക്കുന്ന കൂടാരങ്ങൾ ആയി മാറുന്നു.

ആരാധനയിൽ പലയിടത്തും രഹസ്യപേടകം[23] എന്നും, രഹസ്യം സൂക്ഷിക്കുന്ന മന്ദിരം[24] എന്നും, മറിയത്തെ വിളിക്കുന്നു. വി.കൂടാരം രഹസ്യത്തിന്റെ കലവറയായിരുന്നു. ദർശനങ്ങളിലൂടെയാണ് വി.കൂടാരത്തിൽനിന്നും യഹോവ സംസാരിച്ചിരുന്നത്. മാതാവിന്റെ ജീവിതം മുഴുവനുംതന്നെ രഹസ്യമായിട്ടാണ് ആരാധനാസമൂഹത്തിന് അനുഭവപ്പെട്ടത്. അനന്യസാധാരണമായ രഹസ്യം സൂക്ഷിക്കുന്ന മന്ദിരമാണ് മറിയം. മറിയത്തിന്റെ രഹസ്യങ്ങൾ പൂർണ്ണമായി അറിയുവാൻ, അതിൽ ജീവിക്കുവാൻ, സാദൃശ്യങ്ങളിലൂടെ മറിയത്തെ മനസിലാക്കാൻ ശ്രമിക്കുന്ന ആരാധനാ സമൂഹത്തിന്റെ ആത്മാവിനെയാണിവിടെ ദർശിക്കുന്നത്. അതുകൊണ്ട് മറിയത്തെ മഹത്വമുള്ള വി.കൂടാരമായി വിളിക്കുന്നു.


www.malankaralibrary.com

### അടഞ്ഞവാതിൽ[25] (എസെ 44:1-3)

എസെക്കിയേലിന്റെ പുസ്തകത്തിലെ രക്ഷയുടെ വാഗ്ദാന ഭാഗമായ രണ്ടാം ഭാഗത്തിലെ (34-48) ഒരു പരാമർശമാണിത്. ദേവാലയത്തിലെ നിബന്ധനകളെപറ്റി തനിക്കുണ്ടായ ദർശനത്തിൽ എസെക്കിയേൽ പ്രവാചകൻ പറയുകയാണ് ദേവാലയത്തിന് ഒരു അടച്ചിട്ട വാതിൽ ഉണ്ടായിരിക്കും അതിലൂടെ ആരും പ്രവേശിക്കുകയില്ല. കാരണം യഹോവയായ കർത്താവ് അതിലൂടെ പ്രവേശിച്ചിരിക്കുന്നു. അതുകൊണ്ട് അത് അടഞ്ഞുതന്നെ കിടക്കണം (44:1-2) ഈ വാതിലിന്റെ ദർശനം എപ്പോഴും കിഴക്കോട്ടായിരിക്കും. എസെക്കിയേലിന്റെ പുസ്തകത്തിൽ തന്നെ രാജാവിന്റെ മഹത്വം ദേവാലയം വിടുന്നതായുള്ള പരാമർശം ഉണ്ട് (10:19; 11:23) എന്നാൽ 43-ാം അധ്യായത്തിൽ വീണ്ടും മഹത്വത്തിന്റെ രാജാവ് പ്രവേശിച്ചിരിക്കുന്നു. മഹത്വത്തിന്റെ രാജാവ് ദേവാലയം വിട്ട് പോയതോടുകൂടി ആ വാതിൽ തുറന്നു കിടന്നിരുന്നു. ഇതാ വീണ്ടും മഹത്വത്തിന്റെ രാജാവ് പ്രവേശിച്ചിരിക്കുന്നു. അതോടുകൂടി ദേവാലയകവാടം എന്നേയ്ക്കുമായി അടയ്ക്കപ്പെട്ടു. ഈ അവതരണത്തിന്റെ പിന്നിൽ വളരെ വ്യക്തമായ ദൈവശാസ്ത്ര വീക്ഷണം ഉണ്ട്. മഹത്വത്തിന്റെ രാജാവായ യഹോവ ജനങ്ങളോടുകൂടിയില്ല എന്നു കാണിക്കുവാനായി വാതിൽ തുറന്നിട്ടു. എന്നാൽ വീണ്ടും യഹോവ ജനമധ്യത്തിലേക്ക് വന്നിരിക്കുന്നു. ആയതിനാൽ ഇനിയും ആ വാതിൽ അടഞ്ഞുകിടക്കണം. ജനത്തിന്റെ അധർമ്മങ്ങൾ പൊറുത്തുകൊണ്ട്, അവരോട് ക്ഷമിച്ച് ഇനിയും അവരോടൊത്ത് വസിക്കുവാൻ യഹോവ തീരുമാനിച്ചിരിക്കുന്നു എന്നതിന്റെ പ്രതീകമാണ് അടഞ്ഞവാതിൽ. യഹോവയുടെ രഹസ്യാത്മക സ്വഭാവത്തിന്റെ പ്രതീകം കൂടിയാണിത്.

ആരാധനയിൽ മാതാവിനെ എസെക്കിയേൽ ദർശിച്ച അടഞ്ഞ വാതിൽ ആയി പറയുന്നു. മേരി ഒരടഞ്ഞ വാതിലായിരുന്നു. മറ്റാരും കടന്നുപോകാൻ അവളുടെ ഹൃദയം അവൾ തുറന്നുകൊടുത്തില്ല. ഒരാൾ മാത്രമേ മാതാവിലൂടെ കടന്നുപോയിട്ടുള്ളു - യേശു. അതിനു ശേഷം ആ വാതിൽ അടക്കപ്പെട്ടു. മാതാവിന്റെ കന്യാത്വത്തിന്റെ പ്രതീകമായി ഈ സാദൃശ്യം നിലകൊള്ളുന്നു. അവൾ കന്യകയായിരുന്നപ്പോൾ ആണ് ദൈവം അവളിൽ പ്രവേശിച്ചത് മാതാവ് നിത്യകന്യകയായിരുന്നു. മറിയം എന്ന വാതിൽ ജീവിതകാലം മുഴുവൻ അടഞ്ഞു കിടന്നതായി ദൈവത്തിന് മാത്രം പ്രവേശിക്കാൻ തുറന്നുകൊടുത്ത


www.malankaralibrary.com

തായി ആരാധനയും, സഭയും പാരമ്പര്യവും സാക്ഷിക്കുന്നു. ഈ സാദൃശ്യം മാതാവിന്റെ കന്യാത്വത്തിന്റെ നിത്യസ്മാരകമായി വിശ്വാസ സമൂഹത്തിന് സ്വാംശീകരിക്കാവുന്ന യുക്തിസഹജമായ ഒന്നായി ആരാധനയിൽ വിരാജിക്കുന്നു.

### അബ്രഹാമിന്റെ വാഴ്ത്തപ്പെട്ട വിത്ത്[26] (ഉല്പ 12:1 ff)

അബ്രഹാമിന്റെ വിളി തിരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ ആരംഭം ആയിട്ടാണ് വേദപുസ്തകം ചിത്രീകരിക്കുന്നത്. അബ്രഹാമിന്റെ വിളിയോടു കൂടിയാണ് രക്ഷാകര ചരിത്രം ആരംഭിക്കുന്നത് അബ്രഹാമിനെ വിളിച്ച ദൈവം (ഉല്പ 12:3) അബ്രഹാവുമായി ഒരു ഉടമ്പടി ഉണ്ടാക്കുന്നു (17:7). അബ്രഹാം വിളിയിൽ വിശ്വസിക്കുകയും ഉടമ്പടി ഉറപ്പിക്കുകയും ചെയ്തു. ഈ വിശ്വാസവും അനുസരണവും അബ്രഹാമിന്റെ നീതീകരണത്തിനു കാരണമായി (15:6). ആയതിനാൽ അബ്രഹാമിനെ രക്ഷയുടെയും വെളിപാടിന്റെയും സ്വീകരണ പാത്രമായി കാണുന്നു. അദ്ദേഹത്തെ പ്രവാചകനായി മാനിക്കുന്നു (ഉല്പ 20:7) പിന്നീട് ഉള്ള പുസ്തകത്തിൽ അബ്രഹാം ദൈവത്തിന്റെ കൂട്ടുകാരനായി (ഏശയ്യ 41:1f). ദൈവത്തിന്റെ ദാനമായി (സങ്കീ 105:6) ചിത്രീകരിക്കുന്നു, ബഹുമാനിക്കുന്നു. അബ്രഹാമിന്റെ ചരിത്രം പരിശോധിച്ചാൽ ആദ്യമായി വിശ്വാസത്തിന്റെ വിത്ത് അദ്ദേഹമാണ് മനുഷ്യനിൽ വിതച്ചത്. അതുകൊണ്ടുതന്നെ അബ്രഹാമിന് വേദപുസ്തകം മഹനീയ സ്ഥാനം നൽകി; വിശ്വാസികളുടെ പിതാവ്."

ആരാധനയിൽ മാതാവിനെ അബ്രഹാമിന്റെ വാഴ്ത്തപ്പെട്ട വിത്തായി വിളിക്കുന്നു. അബ്രഹാം വിതച്ച വിശ്വാസവിത്തിന്റെ പൂർണ്ണരൂപം മാതാവിൽ നാം കാണുന്നു. പഴയനിയമത്തിൽ അബ്രഹാം ദൈവത്തിൽ വിശ്വസിച്ചതുപോലെ, അനുസരിച്ചതുപോലെ പുതിയ നിയമത്തിൽ മറിയം നിരുപാധികമായി ദൈവവചനത്തിൽ വിശ്വസിക്കുന്നു. അബ്രഹാമിന്റെ നീതീകരണവും വിശ്വാസവും അവനും അവന്റെ സന്തതികൾക്കും നീതികരണമായി തീർന്നതുപോലെ മറിയത്തിന്റെ വിശ്വാസവും അനുസരണവും മനുഷ്യകുലത്തിനു മുഴുവൻ നീതീകരണമായി.

അബ്രഹാമിനെ ദൈവത്തിന്റെ ദാസനായി പഴയനിയമം കാണുമ്പോൾ, മാതാവിന്റെ വാക്കുകൾ "ഇതാ ഞാൻ കർത്താവിന്റെ ദാസി" തമ്മിൽ എത്ര സാദൃശ്യമുള്ളതാണ്. മാത്രമല്ല അബ്രഹാം ദൈവകല്പനയനുസരിച്ച് തന്റെ ഏകജാതനെ ബലിയർപ്പിക്കാൻ ഒരുങ്ങുന്നു. അതു


www.malankaralibrary.com

പോലെ മാതാവ് തന്റെ ഏകജാതനെ മനുഷ്യകുലത്തിന്റെ പാപപരിഹാർത്ഥം ലോകത്തിനുതന്നെ ഒരു ബലിയായി സമർപ്പിക്കുന്നു. പുതിയ നിയമത്തിൽ അബ്രഹാമിന്റെ പ്രതിരൂപമായി മാതാവ് നിലനിൽക്കുന്നു. അബ്രഹാമിന്റെ വാഴ്ത്തപ്പെട്ട വിത്തായി മാതാവിനെ സ്തുതിക്കുന്നു. ഇവർ രണ്ടുപേരും രക്ഷാകര ചരിത്രത്തിൽ സഹകരിച്ച് ഏറ്റെടുത്ത വിളിയോട് ഉത്തരവാദിത്വം പുലർത്തിയവരാണ്.

**ഗിദെയോന്റെ മഞ്ഞുപതിഞ്ഞ രോമക്കെട്ട്[26] (ന്യായാ 6:36-38)**

മനാസേയുടെ ഗോത്രത്തിൽപ്പെട്ട അബിയേസർ വംശജനായ യോവാഷിന്റെ പുത്രനായിരുന്നു ഗിദെയോൻ (6:11). കർത്താവിന്റെ ദൂതൻ അവനോട് പറയുന്നു. "ധീരനായ മനുഷ്യാ, കർത്താവ് നിന്നോടുകൂടെ (6:12); ഭയപ്പെടേണ്ട സമാധാനമായിരിക്കുക (6:23). ഗിദെയോൻ യഹോവയിൽനിന്നും അസാധാരണമായ അടയാളങ്ങൾ കണുന്നു. അദ്ദേഹം ഇസ്രായേലിനെ മെദിയാൻകാരിൽനിന്നും രക്ഷിക്കുന്നു. ഗിദെയോന്റെ വിളി സാധൂകരിക്കുന്നത് മഞ്ഞുപതിഞ്ഞ രോമക്കെട്ട് എന്ന അടയാളത്തിലൂടെയാണ് (6-36:38) രോമവസ്ത്രം ഉണങ്ങിയും നിലം മുഴുവൻ മഞ്ഞുകൊണ്ട് നനഞ്ഞുമിരുന്നു (6:40) കർത്താവിന്റെ ആത്മാവുകൊണ്ട് നിറഞ്ഞവൻ ആയിരുന്നു ഗിദെയോൻ. ഹെബ്രായർക്കുള്ള ലേഖനത്തിൽ ഗിദെയോൻ വിശ്വാസത്തിലൂടെ രാജ്യങ്ങൾ പിടിച്ചടക്കി. നീതി നടപ്പാക്കിയവനാണ്. വാഗ്ദാനം സ്വീകരിച്ചിരുന്നവനായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു (11:32).

മാതാവിന്റെ ആരാധനയിൽ ഗിദെയോന്റെ രോമക്കെട്ടുമായി ബന്ധപ്പെടുത്തിയിരിക്കുന്നു. മാതാവിലൂടെ ലോകം മഞ്ഞുപതിഞ്ഞ രോമക്കെട്ടുപോലെ മൃദുവായി തീർന്നു. രോമക്കെട്ട് കിടന്ന സ്ഥലം മാത്രം നനഞ്ഞില്ല. മറ്റെല്ലായിടവും നനഞ്ഞിരുന്നു. രോമക്കെട്ട് മാതാവിന്റെ പ്രതീകമാണ്. ലോകം മുഴുവൻ പാപമാകുന്ന പ്രളയത്തിൽ ആണ്ടുപോയപ്പോൾ അതിനിടയിൽ മാതാവ് മാത്രം ലോകത്തിന്റെ കളങ്കമേൽക്കാതെ ജനിച്ചു, ജീവിച്ചു, വളർന്നു. ധീരതയുടെ പ്രതീകമായ ഗിദെയോനെപ്പോലെ മാതാവും ധീരതയുടെ അടയാളമാണ്. ഗിദെയോനോട് ദൈവമറിയിക്കുന്ന അതേവാക്യം തന്നെയാണ് മംഗലവാർത്തയിൽ ദൂതൻ മാതാവിനോടും പറയുന്നത്. "ഭയപ്പെടേണ്ട കർത്താവ് നിന്നോടുകൂടെ". മാതാവിനെ ദൈവവചനത്താൽ ദൈവം മൃദുലതയുടെ അടയാളമായി ലോകത്തിന് നൽകി. വചനം സ്വീകരിച്ച മാതാവ് ദൈവ


www.malankaralibrary.com

ത്തിന്റെ രോമക്കെട്ടായിരുന്നു, ലോകത്തിന് പനിമഞ്ഞിന്റെ പ്രതീകവുമായിരുന്നു.

**ക്രോബേൻമാർ പേറുന്ന രഥം (എസെ 1:7-14)**

പഴയനിയമത്തിൽ 'രഥം' അർത്ഥമാക്കിയിരിക്കുന്നത് യാത്ര ചെയ്യുവാൻ ഉപയോഗിച്ചിരുന്ന ഒരു വണ്ടിയാണ്. ആദ്യമായി പഴയനിയമത്തിൽ രഥത്തെപറ്റിയുള്ള വിവരണം ഉല്പത്തി 41-ാം അധ്യായത്തിൽ 43-ാം വാക്യത്തിലാണ്. ജോസഫ് തന്റെ പിതാവിനെ കാണുവാനായി ഉപയോഗിച്ചിരുന്നത് ഈജിപ്തുകാരുടെ രഥങ്ങളാണ്. പിന്നീട് ചെങ്കടലിൽ ഈജിപ്തുകാരുടെ രഥങ്ങൾ നശിപ്പിക്കപ്പെട്ടതിനുശേഷം (പുറ 14-15) രഥം വിമോചനത്തിന്റെ പ്രതീകമായി മാറി. (ജോഷ്വാ 24:6) രഥങ്ങൾ പിന്നീട് രാജകീയ മാന്യതയുടെ തന്നെ ഭാഗമായി (1 സാമു 8:11, 2 സാമു 15:1, 1 രാജാ 2:12, 13:4)

ഹബക്കൂക്കിന്റെ പുസ്തകത്തിൽ വിജയരഥങ്ങളിൽ സവാരി ചെയ്ത ദൈവത്തെ പറ്റിയുള്ള പരാമർശം ഉണ്ട് (ഹബ 3:8). എന്നാൽ എസെക്കിയേലിന്റെ ദർശനത്തിലെ രഥം പലതുംകൊണ്ടും തനിമയുള്ളതാണ്.[28] ആ രഥത്തിലെ ജീവനുള്ള ജീവികൾ ഉണ്ടായിരുന്നു. രഥത്തിന് കാവൽക്കാരുണ്ട്. ഈ രഥത്തിൽ ദൈവത്തിന്റെ സാന്നിദ്ധ്യം ഉണ്ട്. ഈ ദർശനത്തിലൂടെ രഥത്തിലെ ജീവികളുടെ ദൈവസാന്നിദ്ധ്യം പ്രതീകാത്മകമായി അനാവരണം ചെയ്യുന്നു. കർത്താവിന്റെ മഹത്വരൂപം ഈ വിധത്തിലാണ് എസെക്കിയേലിന് കാണപ്പെടുന്നത്.

> നമ്മുടെ ആരാധനയിൽ നാം ഇപ്രകാരം പ്രാർത്ഥിക്കുന്നു;
> എസക്കിയേൽ കണ്ടൊരു രഥമോ.....
> ..............................................................

കൈകൾ ചക്രങ്ങളുമായ്.[29] മാതാവിന്റെ ശ്രേഷ്ഠതയെ എസക്കിയേലിന്റെ രഥവുമായി സാദൃശ്യപ്പെടുത്തിയിരിക്കുന്ന ഒരു പ്രാർത്ഥനയാണിത്. ഇവിടെ മാതാവിനെ ഒരു മാംസിക രഥമായി കാണാനുള്ള ആരാധനയുടെ ശ്രമം അർത്ഥവത്താണ്.

എസെക്കിയേൽ കണ്ട രഥം കർത്താവിന്റെ മഹത്വത്തിന്റെ പ്രതീകമായിരുന്നു. അതുപോലെ മറിയം എന്ന രഥവും കർത്താവിന്റെ മഹത്വത്തിന്റെ പൂർണ്ണ പ്രതീകമാണ്. ദൈവമഹത്വം പൂർണ്ണമായി മനുഷ്യൻ മനസ്സിലാക്കുന്നത് മനുഷ്യാവതാരത്തിലാണ്. ഏതാണ്ട് ദ മാസം


www.malankaralibrary.com

ദൈവത്തെ വഹിച്ച മാംസിക രഥമാണ് മറിയം-യേശു എന്ന രക്ഷകൻ യാത്ര ചെയ്തത് 9 മാസം മറിയം എന്ന മാംസിക രഥത്തിലാണ്.

**ശോഭയേറിയ മേഘം [30] (1 രാജ 18/44, 1 രാജ 8/10, മാത്യു /17/15)**

വേദപുസ്തകത്തിൽ മൂന്ന് ഭാഗത്ത് മേഘത്തെപ്പറ്റിയുള്ള വിവരണമുണ്ട്. മൂന്നിലും മേഘം യഹോവയുടെ സാന്നിദ്ധ്യത്തിന്റെ ബാഹ്യ ചിഹ്നം ആയിട്ടാണ് നാം കാണുന്നത്. ആരാധനയിൽ മാതാവിനെ ശോഭയേറിയ മേഘമായി വിളിച്ച് പ്രാർത്ഥിക്കുന്നു. പഴയ നിയമ പുതിയ നിയമങ്ങളിൽ ദൈവസാന്നിദ്ധ്യം മേഘത്തിലൂടെ ജനങ്ങൾക്ക് അനുഭവവേദ്യമായിരുന്നു. ആരാധനാ സമൂഹത്തിന് മാതാവിലൂടെ ദൈവത്തിന്റെ സാന്നിദ്ധ്യം ദർശിക്കുവാനും അനുഭവിക്കുവാനും കഴിയുന്നു. പിതാവിന്റെ മഹത്വത്തെ വഹിച്ച മറിയം ദൈവത്തിന്റെ യഥാർത്ഥ സാന്നിദ്ധ്യം ആണ്. ആയതിനാൽ വേദപുസ്തകത്തിലെ മേഘവുമായി സാദൃശ്യപ്പെടുത്തി മാതാവിനെ ശോഭയേറിയ മേഘം എന്ന് ആരാധന അഭിസംബോധന ചെയ്യുന്നു.

**പുതിയ സ്വർഗ്ഗം[31]**

വേദപുസ്തകത്തിൽ ഒരുപോലെ സ്വർഗ്ഗത്തെപ്പറ്റിയുള്ള പരാമർശം കാണുവാൻ കഴിയും. പഴയ നിയമത്തിലും പുതിയ നിയമത്തിലും പല അർത്ഥത്തിലാണ് ഈ വാക്ക് ഉപയോഗിച്ചിരിക്കുന്നത്. പറുദീസാ പ്രപഞ്ചത്തിന്റെ ഭാഗമാണ് "സ്വർഗ്ഗവും ഭൂമിയും" ഈ പ്രപഞ്ചത്തിന്റെ പൂർണ്ണതയെ കാണിക്കുവാനായി വേദപുസ്തകത്തിൽ ഈ പദം ഉപയോഗിച്ചിരിക്കുന്നു. (ഉല്പ 1/1, 2/2 സങ്കീ 102/5) (ജോയേൽ 3/16) മനുഷ്യന് ഒരിക്കലും സ്വർഗ്ഗത്തിലേക്ക് കയറുവാൻ കഴിയുകയില്ല (ഉല്പ 1/14) (മാത്യു 13/12) ദൈവത്തിന്റെ അവസാന വിധിയിൽ ഈ ലോകത്തിന്റെ ഭാഗമായ സ്വർഗ്ഗം നശിക്കപ്പെടും (ഏശയ്യാ 13/13 2 പത്രോ: 3/7, 10,12 വെളി 20/1 സങ്കീ 102/26 ഹഗ്ഗായി 2/7 ജറെ 4/23) രണ്ടാമതായി മുകളിൽ പറഞ്ഞതിൽ നിന്നും വ്യത്യസ്തമായി ഒരർത്ഥം സ്വർഗ്ഗത്തിനുണ്ട്. ലോകത്തിന് മുകളിലുള്ള ഒരു സ്ഥലം ദൈവത്തിന്റെ വാസസ്ഥലമാണിത്. (1 രാജാ 8/30, മാത്യു 5/16, കോളോ 4/1) അത് ദൈവത്തിന്റെ ഇരിപ്പിടമാണ് (ഏശയ്യാ 66/1) ദൈവത്തെ വിളിക്കുന്നതുതന്നെ ആകാശത്തിന്റെ ദൈവം എന്നാണ് (ഉല്പ 24/7, വെളി 11/13) സ്വർഗ്ഗം ക്രിസ്തുവിന്റെ വാസസ്ഥലമാണ് (യോഹ 1/1-9/ 3/13) രക്ഷയുടെ ഉറവിടമാണ്. അവിടെ നിന്നുമാണ് ദൈവരക്ഷ ജനം സ്വീകരിക്കുന്നത്.


www.malankaralibrary.com

അനുഗ്രഹങ്ങളുടെ ഉറവയാണ് സ്വർഗ്ഗം (സതീ 6/2 മാത്യു 1/10, ഉല്പ 40/25) വാഴ്ത്തപ്പെട്ടവരുടെ വാസസ്ഥലമാണത്. മനുഷ്യൻ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ട ചരിത്രം പഴയ നിയമത്തിലുണ്ട് (2 രാജാ 2/11, ഉല്പ 5/24 സങ്കീ 173/24). ക്രിസ്ത്യാനികളുടെ യഥാർത്ത ഭവനമാണിത് (ഫിലി 3/20, എസ്ര12/22–23 ലൂക്കാ 10/2 ഇപ്രകാരം വേദപുസ്തകത്തിൽ സ്വർഗ്ഗം എന്ന പദം പലയർത്ഥങ്ങൾ ഉൾക്കൊള്ളുന്നു.[32]

ആരാധനയിൽ മറിയത്തെ രണ്ടാം സ്വർഗ്ഗം, പുതിയ സ്വർഗ്ഗം, ഭൗമീക പറുദീസാ എന്നൊക്കെ വിളിച്ച് പ്രാർത്ഥിക്കുന്നുണ്ട്. ഒന്നാമതായി മാതാവ് ലോകത്തിലെ സ്വർഗ്ഗം അല്ലെങ്കിൽ പറുദീസയാണ്.ആദ്യമായി സ്വർഗ്ഗത്തിന്റെ അർത്ഥം കാണുന്നത് ലോകത്തിന്റെ ഭാഗമായിട്ടാണ്. മനുഷ്യനെ ദൈവം സൃഷ്ടിച്ചതിനുശേഷം പറുദീസായിലാക്കി (ഉല്പ:2/8–15) ആദത്തിനും ഹവ്വാക്കും നൽകിയ കൃപയുടെ അടയാളമാണത്. മനുഷ്യാവതാര സമയത്ത് രണ്ടാമതായി ദൈവം തിരഞ്ഞെടുത്തത് മറിയം എന്ന പറുദീസായാണ്. ആദിയിൽ പറുദീസായിൽ നൽകിയിരുന്ന എല്ലാ ഗുണങ്ങളും മറിയത്തിൽ ഉണ്ടായിരുന്നു.

അടുത്തതായി ആരാധനയിൽ മറിയത്തെ "രണ്ടാം സ്വർഗ്ഗം" എന്ന് വിളിക്കുന്നുണ്ട്. സ്വർഗ്ഗം ദൈവത്തിന്റെ വാസസ്ഥലമാണ്. അത് മുകളിലാണെന്നാണ് വേദപുസ്തകസങ്കല്പം. ഭൂമിയിൽ ഒരു സ്വർഗ്ഗം ഉണ്ട്. അവിടെയാണ് യേശു പാർത്തത്. ദൈവത്തോടു കൂടിയായിരുന്ന വചനം, ദൈവമായിരുന്ന വചനം കാലത്തിന്റെ പൂർണ്ണതയിൽ മറിയത്തിൽ മാംസരൂപം കൈക്കൊണ്ടു (യോഹ1/16) ആയതിനാൽ മറിയം ദൈവത്തിന്റെ രണ്ടാമത്തെ വാസസ്ഥലമായിരുന്നു. മാതാവ് പുതിയ സ്വർഗ്ഗമാണ്. മാതാവ് എല്ലാ ക്രിസ്ത്യാനികളുടെയും പ്രതിനിധിയായി സ്വർഗ്ഗത്തിലേക്ക് കരേറ്റപ്പെട്ടിട്ടുണ്ട്. ക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവരുടെയും മാതൃകയായി മാതാവ് സ്വർഗ്ഗത്തിലുണ്ട്. അവൾ ഒരു പുതിയ സ്വർഗ്ഗത്തിന്റെ പ്രതീകമാണ്. മാതാവ് ആദ്യമായി സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടതായി നാം വിശ്വസിക്കുന്നുണ്ടല്ലോ. ചുരുക്കത്തിൽ പഴയ നിയമ പുതിയ നിയമത്തിന്റെ "സ്വർഗ്ഗം" എന്ന സങ്കല്പത്തിന്റെ വ്യക്തമായ അനുഭവം മാതാവിൽ ദർശിക്കാം.

**എലിഷായുടെ പുതിയ പാത്രം[33] (2 രാജാ: 2/19–21)**

എലിയായുടെ സേവകനും ശിഷ്യനുമായിരുന്നു ഏലീഷാ. നഗരത്തിലുണ്ടായിരുന്നവർ ഏലീഷായോടു പറഞ്ഞു ഞങ്ങളുടെ നഗരം


www.malankaralibrary.com

ജീവിക്കാൻ പറ്റിയതാണ്. എന്നാൽ വെള്ളം മലിനവും നാട് ഫലശൂന്യവുമാണ് (2/19). ഏലീഷാ അവരോട് പറഞ്ഞു ഒരു പുതിയ പാത്രം കൊണ്ടുവന്ന് അതിൽ ഉപ്പിടുവിൻ. ഉറവയുടെ അടുത്തുചെന്ന് കർത്താവിന്റെ നാമത്തിൽ ഉപ്പ് ആ ഉറവയിൽ ഇട്ട് വെള്ളം ശുദ്ധീകരിച്ചു. മാതാവുമായി ഇതിനെ ബന്ധപ്പെടുത്തിയാൽ മാതാവിലൂടെ ലോകം ശുദ്ധീകരിക്കപ്പെട്ടു, മലിനമായ ലോകത്തിൽ ദൈവത്തിന്റെ സന്നിധിയിൽ യഥാർത്ഥമായ ഫലം പുറപ്പെടുവിക്കാതിരുന്ന ലോകത്തിൽ ദൈവം മാതാവിലൂടെ ഇറങ്ങിവന്ന് ശുദ്ധിയുള്ളതാക്കി. രണ്ടാമതായി മാതാവിനെ ഉപ്പിനോടു സാദൃശ്യപ്പെടുത്താം. രുചി ൽകുന്ന പദാർത്ഥമാണ് ഉപ്പ്. മാതാവ് യഥാർത്ഥ ഉപ്പാണ്. കാരണം തന്റെ രുചിയിൽ ലോകത്തെ മുഴുവൻ രുചിയുള്ളതാക്കി. മൂന്നാമതായി മാതാവ് എന്ന പുതിയ പാത്രത്തിലാണ് ലോകത്തെ മുഴുവൻ രുചിപ്പിച്ച യേശു പിറന്നത്.

### ഏലിയായുടെ കവിഞ്ഞൊഴുകുന്ന മൺകുടം[34] (1 രാജാ: 17/12–16)

വരൾച്ചയുടെ കാലമായതിനാൽ ഏലിയാ സിദോനിൽനിന്ന് സേറാഫ്യത്തിൽ പോയി താമസിച്ചു. അവിടെ ഏലിയാക്ക് ഭക്ഷണം നൽകാൻ ദൈവം ഒരു വിധവയോട് കല്പിച്ചിട്ടുണ്ടായിരുന്നു. വിധവ ഏലിയായിൽ വിശ്വസിച്ചുകൊണ്ട് ഒരു ചെറിയ അപ്പമുണ്ടാക്കി അവനു കൊടുത്തു. ഇസ്രായേലിന്റെ ദൈവമായ കർത്താവിന്റെ നാമത്തിൽ ഏലിയ ഒരത്ഭുതം പ്രവർത്തിക്കുന്നു. ഭൂമിയിൽ വരൾച്ച തീരുന്നതുവരെ വിധവയുടെ കലത്തിലെ മാവ് തീർന്നു പോയില്ല. കുടത്തിലെ എണ്ണ വറ്റിയതുമില്ല. മാതാവ് എന്ന മൺകുടത്തിൽ സൂക്ഷിക്കപ്പെട്ട എണ്ണ യേശുവാണ്. വരൾച്ചയിൽ നിന്ന് പുത്രനെയും വിധവയെയും രക്ഷിച്ചത് കുടത്തിലെ എണ്ണയും കലത്തിലെ മാവുമാണ്. ലോക രക്ഷകനെ ഉള്ളിൽ വഹിച്ച മൺകുടം ആണ് മറിയം. അവളിലൂടെയാണ് ഒലിവ് എണ്ണ പോലെ നിരന്തരം ലോകത്തിലേക്ക് തന്റെ പുത്രന്റെ കൃപ ഒഴുകുന്നത്. മാതാവ് പ്രസാദവരം ദാനം ചെയ്യുന്നവളാണ്. മാതാവ് എന്ന മൺകുടത്തിൽ നിന്നും ഒരിക്കലും തീർന്നു പോകാത്ത ദൈവത്തിന്റെ കൃപ സ്വീകരിക്കുന്ന അനേകം ആളുകളുണ്ട്. അവർക്ക് മാതാവ് ഏലിയായുടെ മൺകുടത്തിന്റെ സാദൃശ്യമാണ്.

### പരിശുദ്ധമായ ദേവാലയം[35]

ദൈവത്തിന്റെ ആലയമാണ് ദേവാലയം. അത് പരിശുദ്ധമാണ്. എല്ലാവരും അതിനെ ബഹുമാനിക്കണം. (പുറ 3:5) പഴയ നിയമത്തിൽ



www.malankaralibrary.com

നിയമ പേടകം ദേവാലയത്തിൽ ആവഹിക്കപ്പെട്ടതോടുകൂടി അത് യഹോവയുടെ ഭവനമായി മാറുന്നു. യഹോവയുടെ സാന്നിദ്ധ്യത്തിന്റെ പ്രതീകമായ മേഘം ദേവാലയത്തിൽ നിറഞ്ഞിരിക്കുന്നു. (1 രാജാ 8:10) പഴയ നിയമത്തിലുടനീളം കാണുന്നാശയമാണത് (പുറ 39/9, 40/34 സംഖ്യ12/4-10 ഏശയ്യ 6/1-6, ദാനി 7/15). പുതിയ നിയമത്തിൽ യേശു പറയുന്നു ക്രിസ്ത്യാനികൾ ദൈവത്തിന്റെ ആലയമാണ്. (മർ:14/58) ആദ്ധ്യാത്മിക ദേവാലയത്തിന്റെ ഓരോ ശിലകൾ ആണ് ക്രിസ്ത്യാനികൾ (1 പത്രോ:2/46) ക്രിസ്തുവാണ് മൂലക്കല്ല് (എഫേ2 20/22). യേശുവിനെ ആത്മാർത്ഥമായി പിൻതുടരുന്ന ഓരോ വ്യക്തിയും ഓരോ ക്രിസ്തീയ ദേവാലയം ആണ്. മറിയം ദൈവത്തെ വഹിച്ചവൾ ആയതിനാൽ ദൈവത്തിന്റെ ആലയമാണ്. ദൈവത്തിന്റെ ആലയത്തിൽ സമർപ്പിക്കപ്പെട്ടവളായിരുന്നു മറിയം. മറിയത്തിന് നൽകപ്പെട്ടിരിക്കുന്ന ഈ സാദൃശ്യം മറിയത്തിന് മാത്രം ഉള്ളതല്ല. ഓരോ ക്രിസ്ത്യാനിയും കരഗതമാക്കേണ്ടതാണ്. ജീവിതത്തിൽ ആയിരിക്കേണ്ട യാഥാർത്ഥ്യമാണിത്. ഈ യാഥാർത്ഥ്യം ജീവിതവിശുദ്ധിയിൽ എത്തിപ്പിടിച്ച് ജീവിതത്തിൽ അനുഭവിച്ചതിന്റെ മാതൃകയാണ് മറിയം. അവൾ ദൈവത്തിന്റെ സജീവമായ ആലയമാണ്.

### പർവ്വതമുകളിലെ പട്ടണം[36]

പർവ്വതം ശക്തിയുടെ, മഹത്വത്തിന്റെ പ്രതീകമാണ്. ദൈവം പർവ്വതത്തിന്റെ മുകളിലാണ് വസിക്കുന്നത് എന്ന സങ്കല്പം പഴയനിയമ, പുതിയനിയമങ്ങളിൽ ഉണ്ട്. യഹോവയുടെ വാസസ്ഥലം ആണ് - സീനായ് പർവ്വതം. മലമുകളിലേക്കാണ് യേശു പ്രാർത്ഥിക്കാൻ പോയത്. മറിയം മലമുകളിലെ പട്ടണം ആണ്, ദാവീദിന്റെ പട്ടണമാണ്. ദാവീദിന്റെ പട്ടണം "സെഹിയോന് പകരം" വേദപുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്ന ഒരു പദമാണ് (2 സാമു 5/7-9, 1 രാജാ 8/1f 1 ദിന11/5) പർവ്വതം പഴയനിയമത്തിൽ ആരാധനയുടെ പ്രതീകമായിരുന്നു. (പുറ 19/20 നിയമ 12/1f) അത് ദൈവിക ശക്തിയുടെ ഉറവയായിരുന്നു (സങ്കീ 30/7, 97/5) പുതിയ നിയമത്തിൽ മാതാവ് ആരാധനയുടെ മാതൃകയാണ്. മാതാവിലൂടെ ആരാധനയർപ്പിക്കുന്ന രീതിയാണ് നമുക്കുള്ളത്. മാതാവ് ആരാധനയിൽ മലമുകളിലെ പട്ടണമായി ശോഭിക്കുന്നു. എല്ലാവർക്കും അതിനെ കാണാം, വണങ്ങാം. അനുഗ്രഹം പ്രാപിക്കുന്ന ആ പർവ്വതത്തിൽ നിന്ന് ഒഴുകുന്ന കൃപയാകുന്ന നദിയിലെ ജലത്താൽ ആരാധനാ സമൂഹത്തിന്റെ ജീവിതം ധന്യമാകുന്നു.


www.malankaralibrary.com

## സെഹിയോൻ പുത്രി അഥവാ ദാവീദിന്റെ പുത്രി[37]

സെഹിയോൻ പുത്രിയാണ് മറിയം. ആയതിനാൽ ദാവീദിന്റെ പുത്രിയാണവൾ. ദാവീദിന് വേദപുസ്തകം നൽകിയിരിക്കുന്ന മറ്റൊരു സമാന്തരനാമമാണ് "സെഹിയോന്റെ പുത്രൻ" സെഹിയോന് പഴയ നിയമത്തിൽ അതുല്യമായ സ്ഥാനം ഉണ്ട്. പഴയനിയമത്തിൽ തെരഞ്ഞെടുക്കപ്പെട്ടവർ ജറുസലേമിൽ നിന്നാണ് അനുഗ്രഹം പ്രാപിക്കുന്നത്. (ഉല്:14/18) അബ്രഹാമിന്റെ ബലിയർപ്പണത്തിലൂടെ ദൈവം സെഹിയോനെ വിശുദ്ധമാക്കുന്നു. ദൈവം തന്റെ വാസസ്ഥലമായി തിരഞ്ഞെടുത്തത് സെഹിയോനെയാണ്. (സങ്കീ 132/13) ദാവീദിനോടു കൂടി സെഹിയോന് പുതിയ ഭാവങ്ങൾ കൈവരുന്നു (2 സാമു 6/1, 1 സാമു 4-5) ജറുസലേം ജനതയുടെ ആദ്ധ്യാത്മിക കേന്ദ്രമായി മാറുന്നു (എശ:56/6) (സതീ 87/1) കാലക്രമത്തിൽ ജനം പ്രതീക്ഷിച്ചു കൊണ്ടിരിക്കുന്ന രക്ഷ ജറുസലേമിൽ നിന്നാണ് വരുന്നത് എന്ന സങ്കല്പം ജനത്തിനുണ്ടായിരുന്നു. ആയതിനാൽ ജറുസലേമിലേക്ക് തീർത്ഥാടനം നടത്തുക പതിവായിരുന്നു (ഏശ: 2/2-4). ലൂക്കോസിന്റെ സുവിശേഷത്തിൽ മാതാവിനെ പുതിയ ജറുസലേം ആയി അവതരിപ്പിച്ചിരിക്കുന്നു (ലൂക്കാ1/28).

ആരാധനയിൽ മാതാവിനെ ദാവീദിന്റെ പുത്രി, ജറുസലേമിന്റെ പുത്രി എന്നൊക്കെ വിളിക്കുന്നു. കാരണം ചരിത്രത്തിൽ ദാവീദ് ആണ് ജറുസലേമിന്റെ ചരിത്രം ഇത്രമാത്രം ദൃശ്യവും ആഴമുള്ളതുമാക്കി മാറ്റിയത്. അതുപോലെ മാതാവാണ് പുതിയ ജറുസലേമിന്റെ സന്തതികളെ ആദ്യമായി വിമോചിപ്പിക്കുന്നതിന് സഹകരിച്ചത്. അവളിലാണ് വിമോചകൻ പിറന്നത്. കൂടാതെ ദാവീദിന്റെ വംശവുമായി മറിയത്തിന് ബന്ധമുണ്ട്. ഇക്കാരണത്താൽ മാതാവിനെ ദാവീദിന്റെ പുത്രി, ജറുസലേമിന്റെ പുത്രി എന്നൊക്കെ അഭിസംബോധന ചെയ്യുന്നു.

ഇവ കൂടാതെ തന്നെ മറ്റ് അനേകം മാതാവിന്റെ സാദൃശ്യങ്ങൾ ആരാധനയിൽ കാണാം.

ദൈവകഭവനം[37]

സുഖപ്പെടുത്തുന്ന മരുന്ന്[38]

വലിയ പടവ്[39]

ജ്വലിക്കുന്ന തീച്ചൂള[40, 41]



www.malankaralibrary.com

കൊട്ടാരം[42]

പാവങ്ങളുടെ പുത്രി[43]

ദാവീദിന്റെ അടഞ്ഞവാതിൽ[44]

പനിനീർപുഷ്പം[45]

വാഴ്ത്തപ്പെട്ട വയൽ[46]

അടഞ്ഞ പൂന്തോട്ടം[47]

ഏശയ്യായുടെ ദാഹാർത്തയായ ഭൂമി[48]

ആശ്വാസ തുറമുഖം[49]

മുദ്രിത ഉറവ[50]

ഉഴുതപ്പെടാത്ത ഭൂമി[51]

അഹറോന്റെ ധൂപം[52]

സോളമന്റെ ആവൃത തോട്ടം[53]

മാടപ്രാവ്[54]

മഹത്വമുള്ള മുന്തിരിത്തണ്ട്[55]

ഭക്ഷിക്കുന്ന അഗ്നിയെ വഹിച്ചവൾ[56]

മണവറ[57]

ഇസഹാക്കിന്റെ പരിമളം വീശുന്നവൾ[58]

സക്കറിയായുടെ ശുദ്ധതതണ്ട്[59]

മടങ്ങാത്ത ആയുധം[60]

ആന്തരിക സീനായ് പർവ്വതം[61]

കാരമുള്ള ഉപ്പ്[62]

പുതുജീവന്റെ ഉറവ[63]

മരുഭൂമിയിലെ കിണറ്[64]

പൊൻചെപ്പ്[65]

പരമാർത്ഥയുള്ള പെണ്ണാട്[66]

തീക്കൽപ്പാറ[67]



www.malankaralibrary.com

തുടങ്ങിയ സാദൃശ്യങ്ങളും പ്രതിരൂപങ്ങളും മാതാവിനെപ്പറ്റി ആരാധനയിലുണ്ട്. മാതാവിനെപ്പറ്റി ഇത്രമാത്രം സാദൃശ്യ പ്രതിരൂപങ്ങൾ വേറെയൊരു ആരാധനയിലും കാണില്ല. മാതാവിന് നമ്മുടെ ആരാധന നൽകുന്ന വസ്തുനിഷ്ഠമായ തെളിവാണിത്. ഓരോ മരിയ ശാസ്ത്ര ദർശനങ്ങളും നിഗൂഢമായ രീതിയിൽ, അതേസമയം ആരാധനാ സമൂഹത്തിന് ഗ്രഹിക്കാവുന്ന രീതിയിൽ അനുഭവവേദ്യമായ രീതിയിൽ ഈ പ്രതിരൂപസാദൃശ്യങ്ങൾ വ്യക്തമാക്കി തരുന്നു.

പാശ്ചാത്യ സഭയിൽ ഉടലെടുത്തുവന്ന മാതാവിന്റെ ജപമാലയിലെ ലുത്തിനിയായിലെ വിശേഷണങ്ങളും വേദപുസ്തകത്തിലെ വിശേഷണങ്ങളും തമ്മിൽ എന്തെങ്കിലും സാദൃശ്യം ഉണ്ടോ.... ലുത്തിനിയായിൽ മാതാവിന് അനേകം വിശേഷണങ്ങൾ നൽകുന്നു. അതിൽ ചുരുക്കം ചിലതു മാത്രമേ വേദപുസ്തകാധിഷ്ഠിതമായിട്ടുള്ളൂ. ആ ലുത്തിനിയായിലെ നല്ലൊരു ഭാഗം വേദപുസ്തകത്തിലെ മരിയശാസ്ത്ര ദർശന രൂപീകരണ പ്രക്രിയയുടെ സമ്മാനമാണ്. ആയതിനാൽ ആരാധന അധിഷ്ഠിതമായ മാതാവിനോടുള്ള "ലുത്തിനിയാ" രൂപപ്പെടുത്തിയെടുക്കുന്നത് നല്ലതാണ്.

വേദപുസ്തകത്തിലെ ചിലയാളുകളും പ്രതീകങ്ങളും അവയ്ക്ക് മാതാവിനോടുള്ള ബന്ധവും കണക്കിലെടുക്കുമ്പോൾ നമുക്ക് അവയൊക്കെ മറിയത്തിന്റെ സാദൃശ്യപ്രതിരൂപമായിട്ട് അനുഭവപ്പെടുന്നു. മുകളിൽ അവതരിപ്പിക്കപ്പെട്ടിട്ടുള്ള പ്രതിരൂപസാദൃശ്യങ്ങൾ അതിന്റെ അർത്ഥത്തിൽ മറിയത്തെ ഉദ്ദേശിച്ച് പറഞ്ഞിട്ടുള്ളതാണെന്ന് പറയുക പ്രയാസമാണ്. മറിച്ച് അവയെ മറിയത്തിന്റെ ജീവിതവുമായി ബന്ധപ്പെടുത്തി, മറിയത്തിന്റെ പ്രതിരൂപമോ സാദൃശ്യമോ ആണ് എന്ന് നമുക്ക് വ്യാഖ്യാനിക്കാം. അപ്രകാരം വ്യാഖ്യാനിക്കപ്പെട്ട് ആഘോഷിക്കപ്പെടുന്ന പ്രതിരൂപങ്ങൾ ആണ് നമ്മുടെ ആരാധനയിലുള്ളത്.

## *Footnotes*

1. പ്രതിദിന നമസ്കാരം p. 111,137, and also H of the spirit, Vo II p. 352 & Vol III p. 634
2. പ്രതിദിന നമസ്കാരം, മെനഓലം p. 44, 133
3. വേദപുസ്തത്തിലെ മാതാവ്, പഴയനിയമം p.



www.malankaralibrary.com

4. Harp of the Spirit Vol II pp. 65,66,250, 292, 314, 323, 404,410, 547

5. പ്രത്യേക പെരുന്നാളുകളിലും ഞായറാഴ്ചകളിലും നമസ്കാരത്തിനുള്ള പ്രുമിയോൻ, തിരുവല്ല, p.34

6. Jerome Biblical commentary Jeremias p.l.24, 880-881

7. The Jerome Bibilical Commentory cfr. Jeremiah p.326

8. Harp of the Spirit op.cit. p. 52

9. ഉത്തമഗീതം, ആമുഖം, P.O.C.ബൈബിൾ

10. cfr. പ്രതിദിന നമസ്കാരം pp 117, 182,മെനഓലം 377 B Harp of the Spirit Vol II pp 280, 288, 557, Vol. III p.641

11. The Interpreters Dictionary of the Bible, NY, The Burning Bush, p.290

12. Harp of the Spirit, opcit Vol II pp 403, 557

13. Jerome Bibilical Commentary, Opcit, cfr. Genesis p.15

14. പ്രതിദിന നമസ്കാരം p. 189, H of the spirit Vol II pp 58, 403 Vol III p641

15. Ibid pp 157, 154, Vol II pp 252, 313

16. The Interpreters Dictionary of the Bible cit cfr. Ark of the Covenant,p.108

17. Ibid

18. Harp of the Spirit Vol. I p. 45, Vol II pp. 403, 557

19. Jerome Bibilical Commentry Opcit cfr. Genesis p. 29

20. Harp of the Spirit, opcit Vol II 403, 557

21. Ibid p. 403,566

22. Interpretors Dictionary of the Bible, Cfr. Tabernadi

23. പ്രതിദിന നമസ്കാരം p. 205+ മെനഓലം P. 158

24. Ibid p.210, മെന: 65



www.malankaralibrary.com

25. പ്രതിദിന നമസ്കാരം, p..117, 134, മെനഓലം 111 & Harp of the Spirit Vol II p.59, 292, 294, 403, Vol III 641

26a. Harp of the spirit Vol II p. 403, 556

27. പ്രതിദിന നമസ്കാരം p.102, മെനഓലം 111,H of the Spirit Vol I 199, 189, Vol II 133

26b. Ibid p.159, Vol II P.403

28. Jerome Bibilical Commentary Cfr. Ezekiel p. 348

29. പ്രതിദിന നമസ്കാരം, മെനഓലം p. 111

30. Harp of the Spirit Vol II p. 67, 354

31. Ibid Vol I 54, 81 + മെന ഓലം p. 321

32. Encylopedia of Bibilical Theology, Bauer(cd) Sheed & ward 1970 cfr. Heaven

33. Harp of the Spirit Vol II p.403

34. Ibid and മെനഓലം 158

35. Harp of the Spirit Vol II p. 60, 317, 329, 403

36. Ibid P. 259, 292, 321, 409, 411

37. Ibid p. 65, 66, 250, 292, 314, 319, 323, 329, 404, 405, 410, 431, 547

37b. മെനഓലം p. 238

38. Harp of the Spirit Vol II p. 549, 558, 546

39. പ്രതിദിന നമസ്കാരം p. 178, 210

40. Harp of the Spirit Vol II p. 401

41. Ibid p. 50, 347

42. Ibid p. 59, 641

43. Ibid p. 356

44. Ibid p. 59, 641

45. Ibid Vol II p. 277 & Vol III p. 636



www.malankaralibrary.com

46. Ibid  Vol p. 544, 558

47. Ibid Vol I 145

49. Ibid Vol II P. 311, 403

50. Ibid Vol I p. 136

51. പ്രതിദിന നമസ്കാരം p. 62

52. Harp of the Spirit Vol II p.558, 559

53. പ്രതിദിന നമസ്കാരം, p. 154, മെന ഓലം p. 103

54. Ibid p. 162

55. Ibid p. 211

56. പ്രത്യേക പെരുനാളുകളിലും ഞായറാഴ്ചകളിലും നമസ്കാരത്തിനുള്ള പ്രുമിയോൻ opcit p. 3

57. Ibid p.11

58. Ibid p. 38

59. Ibid p.38 & Harp of the Spirit Vol II p. 403

60. Ibid p. 39

61. മലങ്കര ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനികളുടെ പെങ്കിസാ നമസ്കാരത്തിനുള്ള പ്രുമിയോൻ, കോട്ടയം, 1986, p. 53

62. Ibid p. 65

63. Ibid p. 65

64. Ibid p. 66

65. Ibid p. 140

66. Ibid p. 140

67. Ibid p. 140

69. Ibid p. 142

www.malankaralibrary.com

# 9

# സഭാ ജീവിതത്തിൽ മാതാവിനോടുള്ള ഭക്തി

മലങ്കര സഭാ ജീവിതത്തിൽ നിന്ന് എടുത്ത് മാറ്റുവാൻ കഴിയാത്ത അത്രമാത്രം ആഴമായും ശക്തമായും നിലനിൽക്കുന്ന ഒരു യാഥാർത്ഥ്യ മാണ് മാതാവിനോടുള്ള ഭക്തി. സഭാ മക്കളെ സംബന്ധിച്ചിടത്തോളം ദൈവവുമായുള്ള ഭക്തി പ്രധാനമായും പ്രകടിപ്പിക്കുന്നത് ആരാധന യിലൂടെയാണ്. മലങ്കര സഭാ ജീവിതത്തിന്റെ കേന്ദ്രബിന്ദുവാണിത്. ആരാധനയാണ് സഭാ മക്കളെ ഒന്നിച്ചു കൂട്ടുന്ന പ്രധാന ഘടകം. ആരാ ധനയിൽ നാം പാടി പുകഴ്ത്തുന്ന, ബഹുമാനിക്കുന്ന മാതാവിനെപ്പറ്റി വിശദമായി പഠിച്ചു കഴിഞ്ഞു. നിരന്തരം ദൈവസന്നിധിയിൽ മാതാവി ലൂടെ യാചിക്കുന്ന ഒരു ആരാധനയാണ് നമുക്കുള്ളതെന്ന് നാം കണ്ടു. നമ്മുടെ ആരാധനയിലെ എല്ലാ പ്രധാന കർമ്മങ്ങളിലും പ്രത്യേകമായി മാതാവിന്റെ മാദ്ധ്യസ്ഥം യാചിക്കുന്നു എന്ന് പറഞ്ഞു വെച്ചു. ഇനിയു മത് നമ്മുടെ സഭാ ജിവിതത്തിൽ എങ്ങനെ വേരുറപ്പിക്കപ്പെട്ടിരിക്കുന്നു എന്ന് പരിശോധിക്കാം...

സഭയിലാകമാനം പരിവർത്തനം വരുത്തിയ രണ്ടാം വത്തിക്കാൻ കൗൺസിൽ വ്യക്തമായി പ്രഖ്യാപിക്കുന്നുണ്ട്. കന്യകാ മറിയത്തെ എല്ലാവരും അംഗീകരിക്കുയും ബഹുമാനിക്കുകയും ചെയ്യണമെന്ന്1. എന്നാൽ നമ്മുടെ ആരാധനാ ജീവിതം, സഭാ ജീവിതം, ആത്മാർത്ഥ മായി വിശകലനം ചെയ്താൽ മാതാവിന് ജീവിതത്തിലുള്ള സ്ഥാനത്തെ ശക്തമായി പുച്ഛിച്ച് പുറംതള്ളുന്ന ഒരു കൂട്ടരെയും മാതാവിനെ അതി രുകടന്ന രീതിയിൽ ബഹുമാനിക്കുകയും ദൈവ സമാനം പൂജിക്കു കയും ചെയ്യുന്ന വേറൊരു കൂട്ടം ജനങ്ങളെയും കാണാം. രണ്ട് തലങ്ങ ളിൽ ഭക്തി പ്രകടിപ്പിക്കുന്നവർ, സമഗ്രതയില്ലാതെ രണ്ട് ധ്രുവങ്ങളിൽ ജീവിക്കുന്നവർ. ഇതു രണ്ടുമല്ല നമ്മുടെ സഭയ്ക്ക് ആവശ്യമായിട്ടുള്ള ത്. ഇവയെ ഒന്നിപ്പിക്കുന്ന ഒരു മരിയഭക്തിയാണ് ആവശ്യം. കേരള ത്തിലെ എക്യുമേനിസത്തിന്റെ പ്രവാചകയായ മലങ്കര കത്തോലിക്കാ


www.malankaralibrary.com

സഭയ്ക്ക് മാതാവിനോട് അതിരുകടന്ന രീതിയിലുള്ള, അർത്ഥമില്ലാത്ത രീതിയിലുള്ള ഒരു ഭക്തി പ്രകടനമാവശ്യമില്ല. കാരണം അത് നമ്മുടെ തന്നെ സഭയുടെ സത്തയെ ചോദ്യം ചെയ്യുന്നതാണ്. മലങ്കര സഭാ ജീവിതത്തിൽ മാതാവിനോട് അമിതമായ രീതിയിൽ ഭക്തി പ്രകടിപ്പിക്കുന്നു എന്നതിന്റെ വ്യക്തമായ തെളിവാണ് ശനിയാഴ്ച നമ്മുടെ പള്ളികളിൽ നടത്തപ്പെടുന്ന നോവേന പ്രാർത്ഥന, ജപമാല പ്രാർത്ഥനകൾ തുടങ്ങിയവ. ഇവ അതിൽ തന്നെ തെറ്റാണെന്നല്ല പറയുന്നത്. ആഗോള സഭാമക്കളായ കോടിക്കണക്കിന് ആളുകൾ നൊവേന, ജപമാല എന്നിവയിൽ സംതൃപ്തി അനുദിനം കണ്ടെത്തുന്നു എന്നതിൽ യാതൊരു സംശയവുമില്ല. അവ അവരെ സംബന്ധിച്ചിടത്തോളം മാതാവുമായുള്ള ബന്ധത്തിന്റെ ശക്തിമത്തായ മാർഗ്ഗമാണത്. എന്നാൽ മലങ്കര കത്തോലിക്കാ സഭയുടെ മക്കളായ നമുക്ക് ഈ നൊവേനയെക്കാൾ, ജപമാലയേക്കാൾ അർത്ഥപൂർണ്ണങ്ങളായ മാതാവിനോടുള്ള മറ്റ് ഭക്താനുഷ്ഠാനങ്ങൾ ഉള്ളപ്പോൾ അതിനെ മാനിക്കാതെ അവ എന്തൊക്കെയാണെന്ന് അറിയാതെ മനസ്സിലാക്കാതെ ഇപ്രകാരം "കടം എടുത്ത" ഭക്ത കൃത്യങ്ങൾക്ക് പ്രാധാന്യം നൽകുന്നത് സഭയുടെ തന്നെ പാരമ്പര്യാധിഷ്ഠിതമായ വിശ്വാസ സത്യങ്ങളോടുള്ള അവഗണനയാണ്. ആരാധനയുടെ കേന്ദ്രബിന്ദുവായ പരിശുദ്ധ കുർബ്ബാനയിൽ സംബന്ധിക്കാൻ വരാതെ അതിനുശേഷമുള്ള ഭക്താഭ്യാസങ്ങളിൽ മാത്രം ഒതുങ്ങിപ്പോകുന്നത് അമിത ഭക്തിയുടെ, ശുഷ്കിച്ച ഭക്തിജീവിതത്തിന്റെ വ്യക്തമായ അടയാളം അല്ലേ? നമ്മുടെ സഭയ്ക്ക് ഒരു ദിവസത്തെ ആരാധന മുഴുവനും, പ്രാർത്ഥനകൾ മുഴുവനും മാതാവിനെപ്പറ്റി ഉള്ളപ്പോൾ ആ ദിവസത്തെ തന്നെ അവഗണിച്ചതിനു ശേഷം, ശനിയാഴ്ച മാതാവിന്റെ ദിനമായി മാറ്റി 'നൊവേന' നടത്തുന്ന രീതി സഭയുടെ തന്നെ ആരാധന മൂല്യങ്ങളിലുള്ള അജ്ഞതയല്ലേ? അമിത ഭക്തിയുടെ വ്യക്തമായ തെളിവാണിത്.

മറുവശത്ത് മാതാവ് സഭയിൽ ഒന്നുമല്ലെന്നും അവൾക്ക് യാതൊരു അർത്ഥവും നൽകേണ്ടതില്ലെന്നും വാദിക്കുന്ന ഒരു കൂട്ടരും സഭയിൽ ഇല്ലാതില്ല. മാതാവിനോടുള്ള ഭക്തി ആവശ്യമില്ല. ക്രിസ്തുവാണ് രക്ഷ നേടിത്തന്നത്. മാതാവ് ഒരു ഉപകരണം മാത്രം ആണ്. ഉപയോഗം കഴിഞ്ഞാൽ പുറംതള്ളാവുന്ന ഒരു ഉപകരണം, രക്ഷ, നേടിത്തന്നവനായ ക്രിസ്തുവിനോട് മാത്രം അപേക്ഷിച്ചാൽ മതി. ഈ വീക്ഷണവും ശരിയല്ല, ശരിയാണ്. - ക്രിസ്തുവാണ് രക്ഷ നേടിത്തന്നത്.


www.malankaralibrary.com

എന്നാൽ ആ രക്ഷാകര കർമ്മത്തിൽ സഹകരിച്ചിട്ടുള്ളവരെ അപ്പാടെ പുറംതള്ളുവാൻ കഴിയുകയില്ല. ഉദാഹരണമായി ക്രിസ്ത്യാനികൾക്ക് ഗോഗുൽത്താമല വളരെ പൂജ്യമാണ്. മല അതിൽ തന്നെ പൂജ്യമല്ല. മറിച്ച് യേശു ആ മലയിൽ കുരിശിൽ മരിച്ചതിലൂടെയാണ് നാം ആ മലയെ ഒരു പുണ്യസ്ഥലമായി കാണുന്നത്. അതു പോലെ തന്നെ യേശുവുമായി രക്ഷാകര ചരിത്രത്തിൽ ബന്ധപ്പെട്ടിട്ടുള്ളവർ ധാരാളം ഉണ്ട്. മാതാവ്, അപ്പസോതലൻമാർ, രക്തസാക്ഷികൾ, വിശുദ്ധന്മാർ.... മാതാവാണ് ഏറ്റവുമധികമായി രക്ഷാകര കർമ്മ പൂർത്തീകരണത്തിൽ ദൈവവുമായി സഹകരിച്ചത്. ആയതിനാൽ സഭയിൽ ക്രിസ്തു കഴിഞ്ഞാൽ ഏറ്റവുമധികം സ്നേഹിക്കുകയും ബഹുമാനിക്കുകയും പൂജിക്കപ്പെടുകയും ചെയ്യേണ്ട വ്യക്തി മറിയം തന്നെയാണ്. വേദപുസ്തകം പരിശോധിച്ചാൽ മംഗലവാർത്ത മുതൽ കാൽവരി വരെ ക്രിസ്തുവിനോടു കൂടി ഉണ്ടായിരുന്ന മറിയം ക്രിസ്തുവിനു വേണ്ടി തന്നെ തന്നെ ഒരു സംപൂർണ്ണ ഹോമയാഗം ആയി സമർപ്പിച്ചവളായിരുന്നു. എങ്കിൽ ആ ഹോമയാഗത്തിൽ നിന്നു ഉയർന്നുവരുന്ന ധൂപകലശം ശ്വസിക്കുവാനുള്ള കടമ നമുക്കുണ്ട്. മറിയത്തിന്റെ വ്യക്തിപരമായ ജീവിതം ഏറ്റം വലിയ യാഗമായ സംപൂർണ്ണ ഹോമയാഗമായി വേദപുസ്തകം ചിത്രീകരിക്കുന്നെങ്കിൽ എന്തുകൊണ്ട് അവളെ ജീവിതത്തിന്റെ മാതൃകയായി സ്വീകരിച്ചുകൂടാ? അവളെ കൂടാതെയുള്ള ക്രിസ്തീയ ജീവിതം പൂർണ്ണമാണോ...? അവളോടുള്ള ഭക്തി ക്രിസ്തീയ ജീവിതത്തിന്റെ തന്നെ ഭാഗമായി രൂപപ്പെടുത്തിയെടുക്കേണ്ടതല്ലേ? ആയതിനാൽ മറിയം ഒരിക്കലും വെറും ഒരു ഉപകരണമല്ല എന്നാൽ എന്നും ഹൃദയത്തിൽ ചില്ലിട്ട് സൂക്ഷിക്കേണ്ട ഒരു സജീവ മാതൃകയാണ് മറിയം.

മുകളിൽ സൂചിപ്പിച്ച മരിയഭക്തി രണ്ട് ധ്രുവങ്ങളിലാണ് അവയുടെ സമഗ്രമായ ഒന്നു ചേരലാണ് നമ്മുടെ സഭാ ജീവിതത്തിലാവശ്യമായിട്ടുള്ളത്. ആരുടെയും മേൽക്കോയ്മ നാം സ്വീകരിക്കേണ്ട ആവശ്യമില്ല. മറിച്ച് നൂറ്റാണ്ടുകളിലൂടെ നമ്മുടെ പിതാക്കന്മാർ പൂജ്യമെന്ന് കരുതി. നാം ജീവിക്കുന്ന ആരാധനയോട് കൂറു പുലർത്തുന്നതും, നമ്മുടെ നാടിന്റെ തന്നെ പ്രത്യേകതകളെ ഉൾക്കൊള്ളുന്നതും, നാം ഇടപഴകുന്ന സഭ സമൂഹങ്ങളെ കണക്കിലെടുക്കുന്നതുമായ ഒരു മരിയ ഭക്തിയാണ് നമുക്ക് ഇന്നാവശ്യം. നമ്മുടെ സാധാരണക്കാരായ വിശ്വാസികളുടെ ജീവിതത്തിൽ ആരാധന കഴിഞ്ഞാൽ ഏറ്റവുമധികം മാതാവിനോടുള്ള ഭക്തി പ്രകടമാക്കുന്നത് തിരുനാളുകളിലും നോമ്പുകളി


www.malankaralibrary.com

ലുമാണ്. മറ്റ് സഭകളിൽ നിന്നും വ്യത്യസ്തമായ രീതിയിലുള്ള പല തിരുനാളുകളും നമ്മുടെ സഭയിലുണ്ട്. മാതാവിന്റെ ബഹുമാനാർത്ഥം നാം രണ്ട് നോമ്പുകൾ അനുഷ്ഠിക്കുന്നുണ്ട്. ഇതുകൂടാതെ തന്നെ സഭാ ജീവിതത്തിലുള്ള മരിയ ഭക്തിയുടെ വ്യക്തമായ തെളിവാണ് നമ്മുടെ സഭയിലെ മാതാവിന്റെ നാമത്തിലുള്ള പള്ളികൾ, മറ്റ് സ്ഥാപനങ്ങൾ, മാതാവിന്റെ നാമം സ്വീകരിച്ചിരിക്കുന്ന വിശ്വാസിനികൾ... ഇതെല്ലാം മാതാവിലുള്ള വിശ്വാസത്തിന്റെ മാതാവിനോടുള്ള ഭക്തിയുടെ ഉത്തമ മാതൃകകളാണ്. മാതാവിന്റെ 'നാമം' സ്വീകരിക്കുന്ന സ്ത്രീകൾ മാതാവിന്റെ ജീവിതം മാതൃക അനുകരിക്കുവാനും, ജീവിത വിജയരഹസ്യങ്ങൾ തങ്ങളുടെ ജീവിതത്തിൽ അനുഭവിക്കുവാനും ആത്മാർത്ഥമായി ആഗ്രഹിക്കുന്നവരാണ്. നമ്മുടെ പള്ളികളും സ്ഥാപനങ്ങളും ഒക്കെ മാതാവിന് സമർപ്പിക്കപ്പെട്ടിരിക്കുന്നതിനാൽ ഒരിക്കലും മാതാവിനെ ദൈവമായി ആരാധിച്ചു പൂജിക്കാറില്ല. മറിച്ച് യേശുവിന്റെ അമ്മ എന്ന നിലയിൽ നൽകേണ്ട രീതിയിലുള്ള വിശ്വാസവും ബഹുമാനവും ഭക്തിയും മാതാവിന് നൽകുന്നു. ആരാധനയും സഭയും മാതാവിന് നൽകുന്നു. ആരാധനയും സഭയും രക്ഷാകര ചരിത്രത്തിലുള്ള മാതാവിന്റെ സ്ഥാനത്തിനൊത്തുള്ള ഭക്തിയാണ് പ്രകടിപ്പിക്കാറുള്ളത്. സഭയിൽ മാതാവിന് ക്രിസ്തുവിന്റെ സ്ഥാനം നൽകാറില്ല.

**മലങ്കര സഭയിലെ മാതാവിന്റെ തിരുനാളുകൾ**

നമ്മുടെ സഭയുടെ പഞ്ചാംഗം പരിശോധിച്ചാൽ ക്രിസ്തുവിന്റെ തിരുനാളുകൾ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ തിരുനാളുകൾ ഉള്ളത് മാതാവിന്റെ നാമത്തിലാണ്. ഈ തിരുനാളുകൾ വെറു "പെരുനാളുകൾ" ആയിട്ടല്ല നാം അനുസ്മരിക്കുന്നത്. അനുസ്മരിക്കപ്പെടേണ്ടത്. സഭയുടെ തന്നെ ചരിത്രം പരിശോധിച്ചാൽ പെരുനാളുകൾക്ക് എപ്പോഴും ലോകത്തിന്റേതായ, ലൗകീകമായ ഒരു മുഖം ഉണ്ട്. കാരണം സാധാരണ പെരുനാളുകൾ 'ഓർമ്മകൾ' ആണെങ്കിലും അത് അനുസ്മരിക്കേണ്ടതിനു പകരം ആഘോഷിക്കുകയാണ്. പണവും പ്രതാപവും കാണിക്കുവാനും അതുപോലെതന്നെ പണവും പ്രതാപവും ദൈവത്തിന്റെ നാമത്തിൽ നേർച്ചയായി സ്വീകരിച്ച് മറ്റ് കാര്യങ്ങൾക്കായി വിനിയോഗിക്കുന്ന രീതിയും സർവ്വസാധാരണമാണ്. മാതാവിന്റെ തിരുനാളുകളെയും ഈ ശാപഹസ്തം സ്വാധീനിച്ചിട്ടുണ്ട്. മാതാവിന്റെ തിരുനാളുകൾ വെറും 'പെരുനാളുകൾ' ആക്കി മാറ്റാനുള്ള ആധുനിക പ്രവണതയിൽനിന്ന് നാം ഓടിയകലേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.



www.malankaralibrary.com

ഇതിൽനിന്നും നമ്മുടെ ആഘോഷങ്ങൾ അതിൽതന്നെ തെറ്റാണെന്നല്ല മറിച്ച് ആഘോഷം, ദിനത്തിന്റെ പ്രാധാന്യം കുഴിച്ചു മൂടരുതെന്നു മാത്രം.

'തിരുനാൾ' പരിശുദ്ധമായ നാൾ, നല്ല നാൾ, നല്ല ഓർമ്മ, എന്നൊക്കെ നമുക്കർത്ഥമാക്കാം. എങ്കിൽ ഇന്ന് മലങ്കര സഭയിലുള്ള മാതാവിന്റെ തിരുനാളുകൾ എല്ലാം തന്നെ മാതാവിനെ ഓർക്കാനുള്ള അവസരമായി മാറണം. ഓർമ്മ എന്നു പറയുമ്പോൾ പണ്ടെങ്ങോ നടന്ന ഒരു സംഭവം അതുപോലെ അനുസ്മരിക്കുക എന്നർത്ഥം. മാത്രമല്ല, തിരുനാൾ അനുസ്മരണയാണെങ്കിൽ പണ്ട് നടന്നു എന്ന് നമ്മൾ വിശ്വസിക്കുന്ന ഒരു സംഭവത്തിന്റെ വെറു ഒരു അയവിറക്കൽ മാത്രമല്ല. അതിലും ആഴമായ ഒരർത്ഥമതിനുണ്ട്. 'ഓർക്കുക' അനുഭവമാണ്. ഒരു ദിവസത്തെ ഓർമ്മയിൽ മാതാവിന്റെ ജീവിതത്തിലെ അനുഭവത്തിലേക്ക് വിശ്വാസത്തിന്റെ വെളിച്ചത്തിൽ ആഴമായി കടന്നു ചെല്ലുക. ഇന്ന് ജീവിക്കുന്ന സാഹചര്യത്തിൽ ആ തിരുനാൾ നൽകുന്ന സന്ദേശം നുകരുക. അങ്ങനെ ആ ദിവസത്തെ, മാതാവിന്റെ അനുസ്മരണ ജീവിതത്തിന്റെ ഭാഗമാക്കുക. ജീവിതത്തിൽ ഒരനുഭവമാക്കുക. ഈയൊരു വീക്ഷണത്തിലേക്ക് നാം അനുസ്മരിക്കുന്ന മാതാവിന്റെ തിരുനാളുകൾ കടന്നു ചെല്ലണം. എങ്കിൽ മാത്രമേ നമ്മെ സംബന്ധിച്ചിടത്തോളം ഒരു തിരുനാൾ സജീവമാകുകയുള്ളൂ. ഈയൊരു മനോഭാവത്തോടു കൂടി നമ്മുടെ സഭയിലെ മാതാവിന്റെ തിരുനാളുകളെ മനസ്സിലാക്കാൻ ശ്രമിക്കാം. ആരാധനയിൽ കാണുന്ന തിരുനാളുകളെപ്പറ്റി മാത്രമേ നാം ഇവിടെ പഠനവിഷയമാക്കുന്നുള്ളൂ.

**വിത്തുകളെ പ്രതിയുള്ള മാതാവിന്റെ ഓർമ്മ[2] – ജനുവരി 15**

പിതാവിന്റെ വചനം വിതച്ച കന്യകയായ വയലാണ് മറിയം. ഈ വചനം ലോകത്തിന്റെ ആദ്ധ്യാത്മിക ഭക്ഷണം ആണ്. കന്യക വിശ്വാസത്തിന്റെ അടിവേരാണ്. കന്യകാ മാതാവിന്റെ ദാഹാർത്തയായ ഭൂമിയിൽ വിത്തില്ലാതെ മുളച്ചവനാണ് യേശുക്രിസ്തു. ഈ തിരുനാൾ ദിവസം മാതാവിനോട് പ്രാർത്ഥിക്കുന്നു. "നിന്റെ സത്യവിശ്വാസത്തിന്റെ വാക്കുകളിൽ നിന്ന് വഴിതെറ്റിപ്പോയവരെ നിന്റെ വിശ്വാസത്തിന്റെ പഠനങ്ങളിലേക്ക് തിരിച്ചു കൊണ്ടുവരണം." ഈ ദിവസം ഉള്ള സാധനങ്ങൾ പങ്കുവയ്ക്കണം. ഞങ്ങളുടെ ഉള്ളിൽ നിന്നും ഞങ്ങളെ നവീകരിക്കണമേ. മാതാവിന്റെ സഹായത്താൽ വിശക്കുന്ന എല്ലാവരെയും സഹായിക്കണം. അവർക്കാവശ്യമുള്ള ഭക്ഷണവും ബഹുമാനവും


www.malankaralibrary.com

നൽകണം. ഉള്ളവരുടെ ഉള്ളിലേക്ക് കടന്നുചെന്ന് പങ്കുവെയ്ക്കാൻ അവരെ പ്രേരിപ്പിക്കണം. മാതാവ് പാപം എന്ന മുള്ള് വളരാത്ത ഭൂമിയാണ്. പെങ്കിസോയിൽ നിന്നും എടുത്ത ഈ തിരുനാൾ ദിവസത്തെ ചില പ്രാർത്ഥനകളാണിത്.

മാതാവിനെപ്പറ്റിയുള്ള പ്രധാനപ്പെട്ട മരിയശാസ്ത്ര ദർശനങ്ങൾ എല്ലാംതന്നെ ഈ ദിവസത്തെ പ്രാർത്ഥിനയിൽ പ്രത്യേകമാംവിധം അനുസ്മരിക്കപ്പെടുന്നു. ഈ പ്രാർത്ഥനകൾ പ്രസ്തുത തിരുനാൾ ആഘോഷിക്കുന്ന ആരാധനാ സമൂഹത്തിന്റെ ജീവിതത്തിന് രണ്ട് സന്ദേശങ്ങൾ പ്രധാനമായും നൽകുന്നു. ഒന്ന് യേശു ക്രിസ്തുവിന്റെ അത്ഭുത ജനനം. സാധാരണക്കാരുടെ ജീവിതവുമായി ബന്ധമുള്ള വിത്തിന്റെ സാദൃശ്യത്തിലാണ് അത് അവതരിപ്പിച്ചിരിക്കുന്നത്. യേശു ക്രിസ്തു വിത്തില്ലാതെ മുളച്ചവനാണ്. അത്ഭുതാവഹമായ യേശുവിന്റെ മനുഷ്യാവതാരത്തെയും മാതാവിന്റെ കന്യാത്വത്തെയും മാതാവിന്റെ പാപരഹിതാവസ്ഥയേയും ഈ തിരുനാൾ ദിവസം ചിന്തിക്കുവാൻ പ്രാർത്ഥനകൾ ആഹ്വാനം ചെയ്യുന്നു. ഈ ക്രിസ്തുശാസ്ത്ര മരിയ ശാസ്ത്ര അവതരണസമീപനം ബൗദ്ധീകമല്ല. സാദാരണ ജനങ്ങൾക്ക് അത് മനസ്സിലാക്കാം. സാദൃശ്യങ്ങൾ അവരുടെ ജീവിത പശ്ചാത്തലത്തിൽ നിന്നും രൂപപ്പെടുത്തിയതാണ്. രണ്ടാമതായി വിത്തുകളെ പ്രതിയുള്ള മാതാവിന്റെ ഓർമ്മ തിരുനാളിൽ പ്രാർത്ഥിക്കയാണ്. പാവങ്ങളെ കാത്തു പരിപാലിക്കണം എന്ന് അതിലും ഒരുപടികൂടി കടന്ന് ആഹ്വാനം ചെയ്യുകയാണ്, പ്രാർത്ഥിക്കുകയാണ്. ഉള്ളവരുടെ ഉള്ളിലേക്ക്, മധ്യത്തിലേക്ക് കടന്ന് ചെന്ന് പങ്കുവയ്ക്കാൻ അവരെ പ്രേരിപ്പിക്കണം എന്ന നാം ഇന്ന് മുറവിളികൂട്ടുന്ന വിമോചന ദർശനത്തിന്റെ വ്യക്തമായ അയവിറക്കലാണത്. സമത്വത്തിന് വേണ്ടി, ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം ദൂരീകരിക്കാൻ മുറവിളി കൂട്ടുന്ന ഈ കാലഘട്ടത്തിൽ എത്ര അർത്ഥവത്താണ് ഈ ആഹ്വാനം. ഇന്ന് സാധാരണക്കാരായ മലങ്കര സഭാമക്കളെ സംബന്ധിച്ചിടത്തോളം എത്രമാത്രം അർത്ഥസംപുഷ്ടമാണീ പ്രാർത്ഥന. മനുഷ്യന്റെ തന്നെ അസ്തിത്വത്തെ ചോദ്യം ചെയ്യുന്ന മനുഷ്യ പട്ടിണിയിൽ മാതാവിനോട് പ്രാർത്ഥിച്ചാൽ മാതാവ് സഹായിക്കും. നീതി പൂർവ്വകമായ വിതരണത്തിന്റെ സുഗമമായ നടത്തിപ്പിന് മാതാവിന്റെ മാദ്ധ്യസ്ഥം യാചിച്ചാൽ മാതാവ് സഹായിക്കും എന്ന വിശ്വാസം ഈ പ്രാർത്ഥനയുടെ പിന്നിലുണ്ട്. ഈ തിരുനാളിൽ ഇതിലും ഉപരിയായി നമുക്കും നമ്മുടെ സഭയ്ക്കും എന്താണ്



www.malankaralibrary.com

വേണ്ടത്. ദൈവത്തെപ്പറ്റി, മനുഷ്യനെപ്പറ്റി, മനുഷ്യന്റെ അസ്തിതാത്മക കാവശ്യങ്ങളെപ്പറ്റി അതിന്റെ മുറവിളികളെപ്പറ്റി, ദൈവമനുഷ്യ രഹസ്യ നീഗൂഢതയെപ്പറ്റി ഓർക്കാനുള്ള ഒരവസരമാണ് വിത്തുകളെ പ്രതി യുള്ള മാതാവിന്റെ ഓർമ്മ തിരുനാൾ. കൂടാതെ ഈ ദിനത്തിൽ ദൈവ ത്തിന്റെ രക്ഷാകര ചരിത്രത്തിന്റെ പ്രപഞ്ചതലം വളരെ വ്യക്തമായി കാണാനുള്ള ശ്രമം ഉണ്ട്. മനുഷ്യന്റെ പ്രകൃതിയോടുള്ള, ആശയം, ആ ആശയബോധം ആധ്യാത്മിക ഉണർവ്വിന് വ്യക്തികളെ പ്രാപ്തരാ ക്കും. ഭൂമി മാതാവാണ് വിത്തുകൾ മുളപ്പിക്കുന്നത്. ഭൂമിയാണ് മറിയം, മാതാവാണ്. അന്നന്നു വേണ്ടുന്ന ആഹാരത്തിന്റെ വിത്തുകളുടെ ഉത്ഭ വസ്ഥാനമായി മാതാവിനെ വിത്തുകളെ പ്രതിയുള്ള ഓർമ്മയിൽ അവ തരിപ്പിച്ചിരിക്കുന്നു.

നമ്മുടെ സഭയിൽ പൊതുവേ അംഗീകരിക്കപ്പെട്ട ഒരു തിരുനാൾ ആയി ഈ ദിനത്തെ ആചരിക്കാറില്ല. സാധാരണക്കാരായ വിശ്വാസി കൾ ഈ ദിനത്തിന്റെ മാഹാത്മ്യത്തെപ്പറ്റി അജ്ഞരാണ്. ഈ തിരുനാ ളിന്റെ വ്യക്തമായ ഉത്ഭവത്തെപ്പറ്റി, ഉടലെടുക്കാനുള്ള സാഹചര്യത്തെ പ്പറ്റി ആരാധനയിലുള്ള ഇതിന്റെയവതരണത്തെപ്പറ്റി പഠനങ്ങൾ ആവ ശ്യമാണ്. ഈ തിരുനാൾ ദിനത്തിൽ പൗലോസ് ശ്ലീഹാ കോറിന്തോ സുകാർക്ക് എഴുതിയ രണ്ടാം ലേഖനം 9-ാം അധ്യായം 6 മുതൽ 15 വരെയുള്ള വാക്യങ്ങളുടെയർത്ഥവും സന്ദേശവും, പ്രസ്തുത വേദഭാഗം നമ്മിലുണർത്തുന്ന ഉത്തരവാദിത്വത്തെപ്പറ്റിയും വിശ്വാസസമൂഹത്തെ പറഞ്ഞ് മനസ്സിലാക്കുന്നത് നല്ലതാണ്. ഉള്ളത് ഉള്ളുതുറന്ന് പങ്കുവ യ്ക്കുക. അതിന്റെ മേന്മയെപ്പറ്റിയാണ് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത്.

**ദൈവമാതാവിനോടുള്ള വചനിപ്പ് - മാർച്ച് 25**

വചനിപ്പു തിരുനാളിൽ അനുസ്മരിക്കപ്പെടുന്നത് ദൈവമാതാവി നോടുള്ള മാലാഖയുടെ അറിയിപ്പാണ്. വളരെ വ്യക്തമായ വേദപു സ്തക പശ്ചാത്തലം ഈ തിരുനാളിനുണ്ട് (ലൂക്കാ 1-26/36) ആരാധന യിൽ വേദപുസ്തകത്തിൽ കാണുന്ന അതേ സംഭവവിവരണങ്ങളാൽ, ആശയങ്ങളാൽ നിറഞ്ഞു തുളുമ്പുന്ന പ്രാർത്ഥനകളാണുള്ളത്.[3] വച നിപ്പു ദിനം അനുസ്മരിക്കുമ്പോൾ സ്ത്രോത്രങ്ങളാൽ മാതാവിനെ പുക ഴ്ത്തുന്നു. അവളുടെ പ്രാർത്ഥനകളാൽ പാപമോചനത്തിന് ഞങ്ങളെ അർഹരാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ആരാധനയിൽ വചനിപ്പിനെ അവതരിപ്പിച്ചിരിക്കുന്നത്, കുറ്റം ചെയ്ത മനുഷ്യസമൂഹത്തോട് ദൈവ


www.malankaralibrary.com

ത്തിനുള്ള സ്നേഹത്തിന്റെ ക്ഷമയുടെ അടയാളമായിട്ടാണ്. കന്യകയിൽ നിന്നുള്ള ജനനത്തിലൂടെ സ്ത്രീഗണത്തിന് ബഹുമാനവും മഹത്വവുമുണ്ടെന്ന് തെളിയിക്കപ്പെട്ടു. ദൈവത്തിന് മനുഷ്യരോടുള്ള കാരുണ്യത്തിന്റെ പ്രതീകമാണ് വചനിപ്പ്. ആ ദിനത്തിന്റെയാരംഭം മാതാവിന്റെ 'അതെ' എന്ന വചനമാണ്. 'അതെ' എന്ന് മറിയം ദൈവത്തിന്റെ വചനത്തിന് പ്രത്യുത്തരിച്ചപ്പോൾ ദുഃഖമാകുന്ന മറ ലോകത്തിൽ നിന്ന് നീങ്ങിപ്പോയി. ഈ തിരുനാൾ ദിവസത്തെ ആരാധനയിലെ പ്രാർത്ഥനകൾ മുഴുവനും തന്നെ പഴയനിയമ സാദൃശ്യപ്രതിരൂപങ്ങളാൽ നിറഞ്ഞതാണ്. ഇതിലൂടെ മറിയത്തിന്റെ പൂർണ്ണത മനസ്സിലാക്കാൻ ആരാധനാ സമൂഹം ശ്രമിക്കുന്നു. വചനിപ്പു ദിവസം മറിയത്തിലൂടെ ലഭ്യമായ രക്ഷയെ അനുസ്മരിക്കുകയും മറിയത്തെ ആരാധനയിൽ പാടിപ്പുകഴ്ത്തുകയും ചെയ്യുന്നു.

നമ്മുടെ സഭയിൽ ആഘോഷമായി, അനുഷ്ഠിക്കപ്പെടണമെന്ന് നിർബന്ധമുള്ള ഒരു തിരുനാളാണിത്. തിരുനാൾ നൽകുന്ന സന്ദേശം എന്താണെന്ന് വ്യക്തമാണ്. ഒന്നാമത് മറിയത്തിന്റെ 'അതെ' വചനമാണ്. 'മംഗലവാർത്ത' തിരുനാളായത്. ഈ ദിനമാചരിക്കുവാൻ ദൈവത്തിന്റെ ആലയത്തിൽ സമ്മേളിക്കുന്ന വിളിക്കപ്പെട്ട ആരാധനാ സമൂഹത്തിന്റെ മുന്നിൽ വലിയ വെല്ലുവിളിയും ഉത്തരവാദിത്വവുമാണുള്ളത്. ദൈവത്തിന്റെ വചനത്തോട് ജീവിക്കുന്ന സാഹചര്യത്തിൽ 'അതെ' എന്നു പറഞ്ഞ് വചനത്തിന് സ്വയം സമർപ്പിക്കുക. തീർച്ചയായും ഈ 'ഫിയാത്ത്'(fiat) ഒരു വലിയ കടമയിലേക്ക് ആരാധന സമൂഹത്തെ നയിക്കുന്നു. മംഗലവാർത്തയിലൂടെ ദുഃഖമാകുന്ന മറ ലോകത്തിൽ നിന്ന് നീങ്ങിപ്പോയി രക്ഷാകര ചരിത്രത്തിലെ ആദ്യ അനുഭവമാണിത്. ഇതിലൂടെ ഒരു പുതിയ ഭൂമി ലോകത്തിൽ സംജാതമായി. മനുഷ്യൻ അവന്റെ ജീവിതത്തിൽ അനുഭവിക്കുന്ന യാതനകൾക്ക് യേശുവിന്റെ വചനത്തിൽ നിന്ന് ആശ്വാസം കണ്ടെത്തുവാനുള്ള ആഹ്വാനമാണിത്. വചനിപ്പിലൂടെ ദൈവം മനുഷ്യനെ ഗൗരവമായി പരിഗണിച്ചു. അവന്റെ ന്യൂനതയിൽ അനന്തശക്തി പകർന്നു. ശൂന്യതയിൽ നിത്യമഹത്വം നിറച്ചു. വചനിപ്പിലൂടെ പഴയതു കടന്നുപോയി..... ദൈവത്തിന്റെ കൂടാരം മനുഷ്യരോടുകൂടിയായി. അവരോടൊപ്പം വസിച്ചു അവരുടെ മിഴികളിൽ നിന്ന് കണ്ണീർ തുടച്ചു കളഞ്ഞു. വചനിപ്പിലൂടെ ദുഃഖമോ മുറവിളിയോ വേദനയോ ഇനി മേലിലുണ്ടാവുകയില്ല. (വെളി 21/1-4) എന്ന പ്രത്യാശയാണ് ഓരോ വർഷവും വചനിപ്പ് തിരുനാൾ നൽകുന്നത്.


www.malankaralibrary.com

ഒന്നിലും ആശ്വാസം കണ്ടെത്താത്ത എല്ലാറ്റിനെയും നിഷ്ക്രിയമായി കാണുന്ന ആധുനിക പ്രവണതയ്ക്ക് ഐതര്യം മാത്രം കൈമുതലായുള്ള ആധുനിക മനുഷ്യന് ഈ പ്രത്യാശയിൽ ഉപരി എന്താണ് വേണ്ടത്, ഈ തിരുനാൾ ദിനത്തിൽ. ചുരുക്കത്തിൽ വചനിപ്പ് ദിനം ദൈവത്തിന്റെ ദൈവീക സഹവാസത്തെ ഒരിക്കൽകൂടി നമ്മെ ഓർമ്മിപ്പിക്കുന്നു. ദൈവത്തിന്റെ ആത്മാവിനോട് ദൈവ ആവാസം പ്രത്യേകമാംവിധം നമ്മിലുണ്ടാക്കുവാൻ നാം പ്രത്യേകം പ്രാർത്ഥിക്കുന്നു. നമ്മുടെ സഭയിൽ നവംബർ 21-ാം തീയതിയും 'വചനിപ്പ്' സംഭവം അനുസ്മരിപ്പിക്കുന്നുണ്ട്. ദനഹാവാരത്തിന്റെ പൂർത്തികരണമായിട്ടാണ് ഈ ദിനം അനുസ്മരിക്കുന്നത്. ആ ദിവസത്തെ ആരാധനയിലെ പ്രാർത്ഥനകൾ മാർച്ച് 25-ാം ദിവസത്തെ പ്രാർത്ഥനകളുടെ ആശയം തന്നെയാണ്.[4] ദുഃഖവെള്ളിയാഴ്ച ആണെങ്കിൽ തന്നെയും വചനിപ്പ് ദിവസം വി.കുർബ്ബാന അർപ്പിക്കുന്ന പാരമ്പര്യം ആണ് നമ്മുടെ സഭയിലുള്ളത്. തിരുനാളിന്റെ പ്രാധാന്യത്തെയും നമ്മുടെ സഭ ആ ദിനത്തിന് സഭാ ജീവിതത്തിൽ നൽകുന്ന സ്ഥാനത്തെയും വിളിച്ചോതുന്ന സത്യം ആണിത്.

### കതിരുകളെ പ്രതി ദൈവമാതാവിന്റെ ഓർമ്മ - മെയ് 15

ഈ തിരുനാളിന്റെ ഉത്ഭവത്തെപ്പറ്റി വ്യക്തമായ അറിവ് ലഭ്യമല്ല. ആയതിനാൽ വിശദമായ പഠനത്തിലേക്ക് കടക്കുന്നില്ല. നമ്മുടെ ആരാധനാ സമൂഹം ഈ തിരുനാളിനെപ്പറ്റി അജ്ഞരാണ്. ആരാധനയിൽ മാതാവ് ദൈവത്തിന്റെ കതിരാണ് എന്ന വിശേഷണം ഉണ്ട്. പഴയ നിയമത്തിൽ കൊയ്ത്ത് തിരുനാൾ വലിയ ആർഭാടത്തോടെ തന്നെയാണ് ആഘോഷിച്ചിരുന്നത്. യഹോവയായ ദൈവം അരുളി ചെയ്യുന്നു 'വയലിൽ നിന്ന് ആദ്യഫലം കൊയ്ത് എടുക്കുമ്പോൾ പുത്തരി പെരുനാളും വർഷാവസാനം പ്രയത്നഫലം കൊയ്ത് എടുക്കുമ്പോൾ സംഭരണ തിരുനാളും ആഘോഷിക്കണം. (പുറ 23/16....) നിയമാവർത്തനത്തിൽ നാം കാണുന്നു. ഈ തിരുനാൾ സന്തോഷത്തിനുള്ള ഒരവസരമാണ്. (നിയമ 16/9-11) അതെ സമയം തന്നെ നന്ദി പ്രകടനത്തിനുമുള്ള സമയം (തോബിത് 2-1) പഴയ നിയമത്തിൽ ജനം ആഘോഷിച്ചിരുന്ന ഒരു തിരുനാളാണ് കൊയ്ത്തു തിരുനാൾ. അതിലൂടെ യഹോവയായ ദൈവത്തിന് പ്രപഞ്ചത്തിൽ സ്വാധീനം ഉണ്ടെന്ന് അവർ വിശ്വസിച്ചിരുന്നു. അതുകൊണ്ട് തന്നെയായിരിക്കണം കൊയ്ത്ത് തിരുനാളിലും മറ്റും


www.malankaralibrary.com

അവർ ദൈവത്തിന് ആദ്യഫലങ്ങൾ കാഴ്ചവച്ചിരുന്നത്. ദൈവം പ്രസാദിച്ചില്ലെങ്കിൽ കൃഷി നശിക്കും എന്ന വിശ്വാസം ഇസ്രായേൽ സമൂഹത്തിലും ഉണ്ടായിരുന്നു.

വിത്തുകളെ പ്രതിയുള്ള മാതാവിന്റെ ഓർമ്മയെന്നതുപോലെ കതിരുകളെ പ്രതി ദൈവമാതാവിന്റെ ഓർമ്മ അനുസ്മരിക്കപ്പെടുമ്പോൾ, മനുഷ്യന്റെ പ്രയത്നത്തിൽ ദൈവത്തിന് പങ്കുണ്ട് എന്ന വിശ്വാസം നമുക്ക് വേണം അല്ലെങ്കിൽ അദ്ധ്വാനം വ്യർത്ഥമാവിലാകുന്നു. ആയതിനാൽ മനുഷ്യദ്ധ്വാനത്തിൽ, മനുഷ്യനോടു കൂടിയുള്ള ദൈവത്തെ കാണാൻ, അദ്ധ്വാന ഫലങ്ങൾ ദൈവത്തിന്റേതു കൂടിയാണ് എന്ന് മനസ്സിലാക്കി ആദ്യഫലങ്ങൾ ദൈവത്തിന് കാഴ്ചയർപ്പിക്കുവാനും അതിലൂടെ സമൂഹത്തിന്റെ ഉന്നതിക്കുവേണ്ടി പ്രയത്നിക്കുവാനുമുള്ള ഒരു ക്ഷണമായി ഈ തിരുനാളിനെ നാം സ്വീകരിക്കണം. മാതാവ് തിരുസുതനെ മുളപ്പിച്ച കതിരാണ്. അതിലെ ആദ്യഫലമാണ് യേശു, ഏകഫലവും. അവൾ ആ ഫലത്തെ ദൈവത്തിനായി, മനുഷ്യവർഗ്ഗം മുഴുവനുമായി സമർപ്പിച്ചു. നമ്മുടെ സഭയിലുള്ള 'ആദ്യഫലം' എന്ന സങ്കല്പം ഈ തിരുനാളുമായി ബന്ധപ്പെട്ടിരിക്കുന്നു. ആരാധനയുടെ പ്രത്യേകതയായ പ്രപഞ്ചവുമായി ഒന്നുചേർന്ന് ദൈവത്തെ സ്തുതിക്കുവാനുള്ള ദർശനത്തിന്റെ മഹിതോദാഹരണമാണ് ഈ തിരുനാൾ.

**ദൈവ മാതാവിന്റെ വാങ്ങിപ്പ് - ആഗസ്റ്റ് 15**

സാധാരണയായി മാതാവിന്റെ സ്വർഗ്ഗാരോപണം എന്ന പേരിൽ പാശ്ചാത്യ സഭയിലാഘോഷിക്കുന്ന ഈ തിരുനാൾ നമ്മുടെ സഭയിൽ 'ദൈവമാതാവിന്റെ വാങ്ങിപ്പ്' (ശുനോയോ) എന്ന പേരിലാണറിയപ്പെടുന്നത്. നൂറ്റാണ്ടുകളിലൂടെ സഭയിൽ രൂപപ്പെട്ടുവന്ന ഒരു തിരുനാളാണിത്. മറിയം തന്റെ ഈ ലോകജീവിതത്തിന്റെ അവസാനത്തിൽ തന്റെ പുത്രന്റെ അടുത്തേയ്ക്ക് വാങ്ങിപ്പോയതിന്റെ ഓർമ്മയാണ് നാം ആഘോഷിക്കുന്നത്. മാതാവിന്റെ വാങ്ങിപ്പിനെപ്പറ്റിയുള്ള വിശദമായ ഒരു പഠനം നാം നടത്തിയിട്ടുണ്ട്.[5] നാം ഈ ദിവസം മാതാവിനോട് പ്രാർത്ഥിക്കുന്നത് ഈ ലോകത്തിൽ നിന്നും സമാധാനപൂർണ്ണമായ പുറപ്പാട് ഞങ്ങൾക്കും നൽകണമെന്നാണ്. ഈ തിരുനാൾ വിശ്വാസികൾക്ക് ജീവിത പ്രത്യാശയായും വാഗ്ദാനമായും നിലകൊള്ളുന്നു. മാതാവിന്റെ ജീവിതമായിരുന്നു അവളെ ഈ സ്വർഗ്ഗീയ ഭാഗ്യത്തിന് യോഗ്യതയു



www.malankaralibrary.com

ള്ളവളാക്കിയത്. ദൈവത്തിന്റെ മുമ്പിൽ നീതികരണം പ്രാപിച്ചവളാണ് മറിയം. നീതിമാൻമാരെ ദൈവം നീതികരിക്കും. അതിനു സാക്ഷിയാണ് മറിയം. ദൈവ മനുഷ്യസന്നിധിയിൽ സ്വയം നീതികരണം പ്രാപിക്കുവാൻ ഉള്ള ആഹ്വാനമാണിത്. 'നീതിമാൻമാർ ദൈവം പ്രത്യക്ഷനാകുമ്പോൾ അവിടുത്തെ പോലെ ആകും അവിടുന്ന് ആയിരിക്കുന്നതുപോലെ അവർ ദൈവത്തെ കാണുകയും ചെയ്യും.' (1 യോഹ 3/2-3) ഈ പ്രത്യാശയാണ് തിരുനാൾ നൽകുന്നത്.

സഭയിലാകമാനം കോളിളക്കം സൃഷ്ടിച്ച ഒന്നാണല്ലോ മാതാവിന്റെ സ്വർഗ്ഗാരോപണത്തെപ്പറ്റിയുള്ള കത്തോലിക്കാ സഭയുടെ വിശ്വാസപ്രഖ്യാപനം. അകത്തോലിക്കാ സമൂഹം ഒന്നടങ്കം എതിർത്ത, എതിർക്കുന്ന ഒരു തിരുനാളാണിത്. എന്നാൽ പൗരസ്ത്യ സഭയിലെ ദൈവശാസ്ത്ര പഠിപ്പിക്കൽ പ്രകാരം മാതാവിന്റെ ആത്മശരീരങ്ങളോടുകൂടിയ വാങ്ങിപ്പ് വ്യക്തമായി പ്രാർത്ഥനകളിൽ കാണുന്നു. വാങ്ങിപ്പിനെപ്പറ്റി പൗരാണികമായ ഒരു പാരമ്പര്യം പൗരസ്ത്യ സഭയിലുണ്ട് എന്നതിന്റെ തെളിവാണീ പ്രാർത്ഥനകൾ. കേരളത്തിലെ തന്നെ അകത്തോലിക്കാ സഭാ വിഭാഗങ്ങളിൽ 'വാങ്ങിപ്പിൽ' വിശ്വാസം ഉണ്ടെങ്കിലും ആഗസ്റ്റ് 15 ഒരു തിരുനാൾ ആയി ആഘോഷിക്കാറില്ല.

**പരിശുദ്ധ കന്യകമറിയാമിന്റെ ജനനം - സെപ്റ്റംബർ 8**

മലങ്കര സഭയിൽ പ്രത്യേകമായി ആചരിക്കുന്ന ഒരു തിരുനാളാണിത്. യേശുവിന്റെ ജനനത്തിന് സമാന്തരമായി മാതാവിന്റെ ജനന തിരുനാളും ആഘോഷിക്കുന്നു. നമ്മുടെ സഭയിൽ മൂന്നു ആളുകളുടെ മാത്രമേ ജനനതിരുനാൾ കൊണ്ടാടാറുള്ളൂ - യേശുക്രിസ്തു, വി.കന്യകമറിയം, വിശുദ്ധ സ്നാപകയോഹന്നാൻ. മറ്റ് വിശുദ്ധരുടെ മരണദിവസത്തെയാണ് തിരുനാൾ ആയി സ്മരിക്കാറുള്ളത്. പരിശുദ്ധ മറിയത്തിന്റെ ജനനതിരുനാളിന്റെ ആരാധനയിൽ അവളുടെ ജനനത്തിലൂടെ ലഭ്യമായ ദൈവീക രക്ഷയെ അനുസ്മരിക്കുന്നു. മറിയത്തിന്റെ ജനനം അത്ഭുതകരമായിരുന്നുവെന്ന് ആരാധന സാക്ഷിക്കുന്നു. മാതാപിതാക്കളിൽ നിന്ന് ജനിച്ചവളാണ് മറിയം. നേർച്ചയായി, ദൈവശുശ്രൂഷക്കായി ദേവാലയത്തിൽ സമർപ്പിക്കപ്പെട്ടു. നേർച്ചപോലെയാണ് അവളെ ആചാര്യന്മാർ വളർത്തിയത്, സൂക്ഷിച്ചത്. ജനനത്തിനു മുൻപു തന്നെ അനുഗ്രഹിക്കപ്പെട്ടവളും തിരഞ്ഞെടുക്കപ്പെട്ടവളുമാണ് മറിയം. മറിയാമിന്റെ ജനനം നന്മകളുടെ ആരംഭമാണ്. വഞ്ചനയുടെ അവസാനവും



www.malankaralibrary.com

തന്റെ ജനനത്തിലൂടെ നഷ്ടപ്പെട്ട പറുദീസാ വീണ്ടെടുക്കപ്പെട്ട മറിയം പുതിയ ഹവ്വയാണ്.[6]

ചുരുക്കത്തിൽ ഈ ദിവസത്തെ ആരാധന പരിശോധിച്ചാൽ ഒരു കാര്യം വ്യക്തമാണ്. "മറിയം രക്ഷയുടെ മാതാവാണ്." അവളുടെ ജനനം തന്നെ രക്ഷയുടെ ആദ്യബിന്ദുവാണ്. മറിയത്തന്റെ ജനനത്തിലൂടെ മനുഷ്യവർഗ്ഗം ഒരു പുതിയ ജീവിതത്തിലേക്ക് ക്ഷണിക്കപ്പെട്ടു. തിരുനാൾ ദിവസത്തെ പ്രാർത്ഥനകളിൽ എല്ലാം തന്നെ അപ്രമാണ ഗ്രന്ഥങ്ങളുടെ സ്വാധീനം ഉണ്ട്. പ്രത്യേകിച്ച് വി.യാക്കോബിന്റെ ആദിമ സുവിശേഷത്തിൽ ഉള്ള മാതാവിന്റെ മാതാപിതാക്കൾ, ജനനം തുടങ്ങിയ വിവരങ്ങളുടെ സ്വാധീനം വ്യക്തമാണ്. ഇങ്ങനെ ലഭ്യമായ വിവരങ്ങൾ ആരാധനാ സമൂഹത്തിന്റെ മനസാക്ഷിയ്ക്കുതകുന്ന രീതിയിൽ ക്രമപ്പെടുത്തിയെടുത്ത് ഈ ദിവസത്തെ ആരാധനയിൽ ഉപയോഗിക്കുന്നുണ്ട്. ദൈവത്തിന്റെ ഒരു ദാനമായിട്ടാണ് മാതാവിന്റെ ജനനം ആരാധന സമൂഹം അനുസ്മരിക്കുന്നത്. മനുഷ്യവംശത്തിന്റെ വിജയത്തിന്റെ ആരംഭമാണത്. ഈ രണ്ടു വീക്ഷണങ്ങളുടെ വേദപുസ്തകപരമായ വിശകലനം ഈ ദിവസത്തെ ആരാധനയിൽ നിഴലിച്ചു നിൽക്കണം. ആരാധനാ സമൂഹവും ദൈവത്തിന്റെ ദാനമാണ്. ദാനമായി ലഭിച്ചതല്ലാതെ ആരാധന സമൂഹത്തിന് ഒന്നും തന്നെയില്ല. മാതാവിന്റെ ജനനത്തിലൂടെ മനുഷ്യന്റെ പാപാടിമത്വത്തിന് അറുതി വന്നു. ഈ ദിവസത്തെ ആരാധനയിൽ, മാതാവിന്റെ ഉത്ഭവത്തിൽ, പാപരഹിതമായ ജനനത്തിലുള്ള ആരാധനയുടെ വിശ്വാസം ഏറ്റു പറയുന്നുണ്ട്. മാതാവിന്റെ ജനന തിരുനാളിന് ഒരുക്കമായി. നമ്മുടെ സഭയിൽ '8'ദിവസത്തെ നോമ്പാചരണമുണ്ട്. ഈ എട്ടു ദിവസവും വേദപുസ്തകത്തിലെ മാതാവിന്റെ ജീവിതത്തിലെ ഓരോ സംഭവങ്ങളെ ആസ്പദമാക്കി പ്രാർത്ഥിക്കുന്നതും ധ്യാനിക്കുന്നതും ഉചിതമാണ്.

**ദൈവ മാതാവിന്റെ ദേവാലയ പ്രവേശനം - നവംബർ 21**

യേശുവിന്റെ ദേവാലയ പ്രവേശനത്തിന് സമാന്തരമായി നാം അനുസ്മരിക്കുന്ന ഒരു തിരുനാളാണിത്. ഈ ദിവസം മാതാവിനെ ദേവാലയത്തിൽ കാഴ്ചയർപ്പിക്കപ്പെട്ടു. അതുപോലെ ഞങ്ങളുടെ ജീവിതം ഞങ്ങൾ നിനക്കു കാഴ്ചവയ്ക്കുന്നു. ദൈവത്തിന്റെ ആലയത്തിൽ നൽകപ്പെടേണ്ട ബഹുമാനത്തോടുകൂടി പ്രവേശിക്കുവാൻ സഹായിക്കണം. പൂർണ്ണ ആരാധനയായാണ് മാതാവ് ദേവാലയത്തിൽ പ്രവേ


www.malankaralibrary.com

ശിച്ചത്. ആരാധനയായി ദൈവത്തിന്റെ നിയമപേടകം ദേവാലയത്തിലേക്ക് എടുക്കപ്പെട്ടതുപോലെ മാതാവിന്റെ മാതാപിതാക്കൾ മാതാവിനെ കാഴ്ചവച്ചു. മാതാവ് സത്യത്തിൽ നീതിയുടെ പേടകമാണ്. സത്യത്തിലും നീതിയിലും നിനക്ക് ആരാധനയർപ്പിക്കാൻ ഞങ്ങളെ സഹായിക്കണം. 'ദൈവത്തിന്റെ വാസസ്ഥലം മനോഹരമാണ്. എന്റെ ഹൃദയം ഇവിടെ ആയിരിക്കുവാൻ ദാഹിക്കുകയാണ്.' മാതാവിന്റെ തന്നെ വചനങ്ങളാണിത്. ദേവാലയ പ്രവേശന തിരുനാൾ ദിനത്തിലെ ആരാധനയിലെ പ്രാർത്ഥനകൾ ആണ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്.[7]

മാതാവിന്റെ ദേവാലയ പ്രവേശന തിരുനാൾ പല ചിന്തകൾ തമ്മിൽ ഉണർത്തുന്നു. ദൈവത്തിന് തങ്ങളെത്തന്നെ പൂർണ്ണമായി സമർപ്പിക്കേണ്ടതിന്റെ ആവശ്യകത ഈ തിരുനാൾ ആഹ്വാനം ചെയ്യുന്നു. മാതാപിതാക്കൾ മാതാവിനെ സമർപ്പിച്ചതുപോലെ സ്വന്തം മക്കളെ ദൈവത്തിനായി സമർപ്പിക്കുകയും അവരെ ദൈവീക ജീവനിൽ വളർത്തുകയും ചെയ്യുവാനുള്ള കടമ വിശ്വാസികൾക്കുണ്ട്. ദൈവത്തിന്റെ ആലയത്തിൽ വാസസ്ഥലത്ത് ആയിരിക്കുന്നതിൽ സ്വയം അഭിമാനം കൊള്ളണം. ആയിരം ദിനങ്ങൾ അന്യദേശത്തായിരിക്കുന്നതിനേക്കാൾ ഒരു ദിനം യഹോവയുടെ ഭവനത്തിലായിരിക്കുന്നത് എത്ര നല്ലതാണെന്ന സങ്കീർത്തകന്റെ മനോഭാവം ഉൾക്കൊള്ളുവാൻ തിരുനാൾ നമ്മെ ക്ഷണിക്കുന്നു. സത്യത്തിലും നീതിയിലുമാണോ നാം ആരാധന അർപ്പിക്കുന്നത്? ഈ ദിവസം നമ്മുടെ തന്നെ ആരാധന ജീവിതത്തിന്റെ അന്തരാത്മാവിനെ മനസ്സിലാക്കുവാൻ കഴിയണം. 'നീർച്ചാൽ തേടുന്ന മാൻപേടയെപ്പോലെ ദൈവത്തെ തേടുവാൻ' ക്ഷണിക്കുകയാണ് ഈ തിരുനാൾ. മാതാവ് ദൈവത്തിന്റെ സത്യാലയം ആയിരുന്നു. ദൈവത്തെ വഹിച്ചതവളാണ്. തിരുനാൾ ആഘോഷിക്കാൻ കടന്നുവരുന്ന ക്രിസ്തീയ സമൂഹം ദൈവത്തെ ഉള്ളിൽ വഹിച്ചുകൊണ്ട്, ക്രിസ്തുവിന്റെ മഹത്വം ഇന്ന് ലോകത്തിൽ ഏറ്റെടുക്കുവാൻ, ദൈവവചനത്തിന് സാക്ഷികളാകുവാനുള്ള ഭാരിച്ച ഉത്തവാദിത്വം ഈ തിരുനാൾ അനുസ്മരിക്കുന്നതിലൂടെ സഭാമക്കൾ ഏറ്റെടുക്കുന്നു.

**മറിയം ഏലിശുബാ സന്ദർശനം - നവംബർ 30**

ആഘോഷിക്കപ്പെടുന്ന ഒരു തിരുനാൾ അല്ലെങ്കിലും ഇതൊരു അനുസ്മരണയായി ആരാധനയിലുണ്ട്. ദാവീദിന്റെ പുത്രിയായ മറിയം അവളുടെ ഉദരത്തിൽ വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാടിനെയും


www.malankaralibrary.com

വഹിച്ചുകൊണ്ട് മാലാഖയിൽ നിന്നും തനിക്ക് ലഭിച്ച സമാധനസന്ദേശം പങ്കുവയ്ക്കുവാൻ ചാർച്ചക്കാരിയായ ഏലിശുബായുടെ അടുത്തേയ്ക്കു പോകുന്നു. വേദപുസ്തകത്തിൽ കാണുന്ന മറിയം ഏലിശുബാ സന്ദർശനത്തിന്റെ വസ്തുനിഷ്ഠമായ അവതരണം പ്രതിരൂപസാദൃശ്യങ്ങളോട് ബന്ധപ്പെടുത്തി ആ ദിവസത്തെ ആരാധന രൂപപ്പെടുത്തിയിരിക്കുന്നു. ദൈവമാതാവിന്റെ ലാളിത്യം സംലഭ്യത, സേവനാമനോഭാവം ഇവയെ പാടി പുകഴ്ത്തുന്നു.

ജീവിക്കുന്നവനായ യേശു സേവനത്തിന്റെ പ്രതീകമാണ്. എലിശുബാ ആവശ്യപ്പെട്ടിട്ടല്ല മറിയം പോയത്. ദൈവത്താൽ ആവശ്യം മനസിലാക്കി സ്വയം സേവിക്കാൻ മറിയം പോകുകയാണ്. ആവശ്യങ്ങളിൽ മനുഷ്യനെ സഹായിക്കാനുള്ള ആഹ്വാനമാണീ ദിനം. അല്ലാതെ സ്വന്തം താല്പര്യത്തെ പ്രതി സ്വാർത്ഥതയോടു കൂടി മനുഷ്യനെ സഹായിക്കാനുള്ള ക്ഷണമല്ല മാതാവിന്റെ സംലഭ്യത. ഇത് ഒരു വലിയ മാതൃകയായി ക്രിസ്തീയ ജീവിതത്തിൽ സ്വീകരിക്കുക. ദൈവം നമ്മോടു കൂടിയാണെങ്കിൽ നാമത് ഉറക്കെ പ്രഘോഷിക്കണമെന്നില്ല. മാതാവിന്റെ ഉദരത്തിൻ ഫലം ദൈവപുത്രനാണെന്ന് മാതാവ് വിവേചിച്ചറിയുകയാണ്. അതുപോലെ നാം പ്രഘോഷിക്കാതെ തന്നെ തമ്മിലുള്ള ദൈവികശക്തി മറ്റുള്ളവർ വിവേചിച്ചറിയണം. നിറഞ്ഞ കുടമാണ് കവിയുന്നത്. ദൈവകൃപയിൽ ഹൃദയമാകുന്ന കുടം നിറയുവാൻ, അത് നാമറിയാതെ തന്നെ തുളുമ്പുവാൻ ഈ ദിനം നമ്മെ ക്ഷണിക്കുന്നു.

**ദൈവ മാതാവിന്റെ ഉത്ഭവം – ഡിസംബർ 8**

പാശ്ചാത്യ സഭയിൽ 'ദൈവമാതാവിന്റെ അമലോത്ഭവം' എന്ന നാമത്തിലറിയപ്പെടുന്ന തിരുനാൾ നമ്മുടെ സഭയിൽ 'മാതാവിന്റെ ഉത്ഭവം' എന്ന പേരിലാണറിയപ്പെടുന്നത്. പരിശുദ്ധ മറിയത്തിന്റെ പരിശുദ്ധമായ ഉത്ഭവത്തിൽ ആത്മാർത്ഥമായി സന്തോഷിക്കുന്ന സഭയെയാണ് ആരാധനയിൽ കാണുന്നത്.[8] ദൈവം ചരിത്രത്തിൽ പ്രവർത്തിച്ച ഈയത്ഭുതത്തിന് ദൈവത്തിന് നന്ദി നേരുന്നു. നമ്മുടെ പിതാക്കന്മാരുടെ ദൈവം മാതാവിനെ പരിശുദ്ധി കൊണ്ട് നിറയ്ക്കുകയും അവളുടെ ഉത്ഭവത്തിൽ തന്നെ പാപത്തിന്റെ എല്ലാക്കറകളിൽ നിന്ന് വിമോചിപ്പിക്കുകയും ചെയ്തു, എന്ന വിശ്വാസം ആരാധനയിലെ പ്രാർത്ഥനകളിൽ മുഴുവനുമുണ്ട്. ഈ തിരുനാൾ നമ്മുടെ ഹൃദയത്തിൽനിന്ന് എല്ലാ ദുഃഖങ്ങളും മായിച്ചുകളയുന്നു. സൗന്ദര്യം തുളുമ്പുന്നവളായി



www.malankaralibrary.com

ദൈവം മാതാവിനെ സൃഷ്ടിച്ചു. അവൾ ഞങ്ങളുടെ അഭിമാനവും സന്തോഷവും ആശ്വാസവുമാണ്. ഞങ്ങളെല്ലാവരും ഈ സത്യത്തിൽ വിശ്വസിക്കുന്നു. ആദവും ഹവ്വായും കുടിച്ച മരണകരമായ വിഷം മാതാവ് കുടിച്ചില്ല. പാപത്തിന്റെയും മരണത്തിന്റെയും മുകളിലുള്ള ക്രിസ്തുവിന്റെ വിജയപ്രതീകമാണീ തിരുനാൾ, തുടങ്ങിയ പ്രാർത്ഥനകൾ മാതാവിന്റെ പാപരഹിതാവസ്ഥ മനസ്സിലാക്കാൻ ഉതകുന്ന പ്രതീക സാദൃശ്യങ്ങൾ ഉപയോഗിച്ച് മാതാവിന്റെ പാപരഹിതാവസ്ഥയെ ഏറ്റു പറയുന്നു ഈ തിരുനാൾ ദിനത്തിൽ സഭ. ഈ തിരുനാൾ ദിനം അനുസ്മരിക്കുമ്പോൾ വ്യത്യസ്തങ്ങളായ സന്ദേശങ്ങൾക്ക് നാം സാക്ഷികളാവണം. മറിയം പാപത്തിൽനിന്ന് മോചിതയായി എന്നു പറഞ്ഞാൽ ദൈവത്തിന്റെ പരിശുദ്ധിയാൽ നിറഞ്ഞു എന്നർത്ഥം. ദൈവത്തിന്റെ പരിശുദ്ധിയാൽ സ്വയം നിറയുവാനുള്ള ആഹ്വാനമാണീ തിരുനാൾ. അവൾ പരിശുദ്ധയായിരുന്നതിനാൽ എപ്പോഴും ദൈവവുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നു. അതിനാലവൾ ദൈവത്തിന്റെ വാസസ്ഥലമായി മാറി.

ഇതുപോലെ വിശ്വാസസമൂഹവും സ്വയം രൂപാന്തരം പ്രാപിക്കണം. മാമോദീസായിലൂടെ ഓരോ ക്രിസ്ത്യാനിയും പാപത്താൽ മോചിതരാകുന്നു. ഒരു പുതിയ ജീവിതത്തിന്, ക്രിസ്തീയ ജീവിതത്തിന് പാപത്തിന് ഒരിക്കലും അടിമയാകാത്ത ജീവിതത്തിന് മാമ്മോദീസ ക്ഷണിക്കുന്നു. ആ ക്ഷണം സ്വീകരിച്ചിട്ടുള്ള എല്ലാവരും ഈ തിരുനാൾ ആഘോഷിക്കുമ്പോൾ ജീവിതം മുഴുവൻ സുരഭിലമായ പരിശുദ്ധിയുടെ പരിമളം പരത്തുവാനുള്ള ശക്തിക്കുവേണ്ടി പ്രാർത്ഥിക്കുവാൻ തിരുനാൾ നമ്മെ ക്ഷണിക്കുന്നു. പരിശുദ്ധരായ വ്യക്തികളിൽ മാത്രമേ ദൈവം വസിക്കുകയുള്ളൂ എന്നതിന്റെ വ്യക്തമായ മാതൃകയാണ് മറിയം. "ഞാൻ പരിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും പരിശുദ്ധരായിരിക്കുവിൻ" എന്ന പഴയ നിയമദർശനം കൈമുതലാക്കണം. ഈ തിരുനാളിൽ ദൈവം പഴയനിയമ കാലങ്ങളിലേതുപോലെ തന്നെ ഇന്നും കൃപ ചൊരിയുന്നവനാണെന്ന് ഓർക്കുവാനും ആ കൃപ വ്യക്തിപരമായ ജീവിതത്തിൽ സ്വീകരിക്കുവാനും കഴിയണം. ദൈവം നമുക്ക് ചെയ്തു തന്നിട്ടുള്ള കൃപകൾക്ക് നന്ദി പറയണം. പാശ്ചാത്യ സഭ മാതാവിന്റെ അമലോത്ഭവം എന്ന വിശ്വാസസത്യത്തെ ആധാരമാക്കി ഈ തിരുനാൾ ആഘോഷിക്കുമ്പോൾ പൗരസ്ത്യസഭ ഈ ദിനത്തെ രക്ഷാകര ചരിത്രത്തിലെ ഒരു സംഭവം എന്ന രീതിയിലാണ് അനുസ്മരിക്കു



www.malankaralibrary.com

ന്നത്. ആരാധനയിലെ മാതാവിന്റെ ഉത്ഭവത്തെപ്പറ്റി വിശദമായ പഠനം മുന്നദ്ധ്യായങ്ങളിൽ ഉണ്ട്. പ്രസ്തുത സംഭവം നൽകുന്ന സന്ദേശം എന്തൊക്കെയാണെന്ന് വിശദമായി അവിടെ വിവരിച്ചിട്ടുണ്ട്.[9]

**ദൈവമാതാവിന്റെ പുകഴ്ച തിരുനാൾ – ഡിസംബർ 26**

ഈ തിരുനാൾ ദിവസത്തെ ആരാധനയിൽ മാതാവിലൂടെ ആരാധന സമൂഹം സ്വീകരിച്ച ദാനങ്ങളെ ഓർത്ത് ദൈവത്തെ പുകഴ്ത്തുന്നു. ആത്മാർത്ഥമായ ഹൃദയത്തോടും നിർമ്മലതയോടും പാപത്തിൽ നിന്ന് മോചിതരായ ശരീരത്തോടും മാതാവിനെ പുകഴ്ത്തി വണങ്ങുന്ന സഭയെയാണ് നാമിവിടെ കാണുന്നത്. മാതാവിന്റെ തിരുനാൾ അതിന്റെ പൂർണ്ണതയിൽ അനുസ്മരിക്കണമെങ്കിൽ, ജീവിതത്തിൽ സ്വച്ഛതയും സമാധാനവും വേണം. ആദ്യമേ തന്നെ അതിനായി മാതാവിനോട് പ്രാർത്ഥിക്കുന്നു. ഈ ദിനത്തിൽ പ്രപഞ്ചം മുഴുവൻ മാതാവിന് സ്തുതികളർപ്പിക്കുന്നു. മാതാവിന്റെ പ്രാർത്ഥന നമ്മോടു കൂടിയിരുന്ന് മാതാവ് ദൈവപുത്രനോട് പ്രാർത്ഥിക്കണമെന്നപേക്ഷിക്കുന്നു. ആരാധന പരിശോധിച്ചാൽ ഒരിക്കൽകൂടി മാതാവിനെ പറ്റിയുള്ള വ്യക്തമായ മനസ്സിലാക്കൽ ഉതകുന്ന രീതിയിലുള്ള പ്രാർത്ഥനകളാണ്. വ്യക്തിപരമായി ജീവിത പുകഴ്ചയെപ്പറ്റി ചിന്തിക്കുവാനുള്ള തീരുമാനമാണ് തിരുനാളിന്റെ ആത്മാവ്.

മലങ്കസഭയിലെ മാതാവിന്റെ പ്രധാനപ്പെട്ട തിരുനാളുകളെപ്പറ്റിയുള്ള പഠനമാണ് നടത്തിയത്. ഓരോ തിരുനാളും ജീവിതവിജയത്തിനാവശ്യമായ സന്ദേശം നമുക്കു നൽകുന്നു. ഈ തിരുനാളുകളിലുള്ള ഭക്തിപരവും വിശ്വാസപൂർണ്ണവുമായ പങ്കുചേരൽ ആരാധന സമൂഹത്തിന്റെ മുഖമുദ്രയായിരിക്കണം. ഈ തിരുനാളുകളെപ്പറ്റിയുള്ള വ്യക്തമായ അറിവും അനുഭവവും മാത്രംമതി നമ്മുടെ സഭയ്ക്ക് മാതാവിനോടുള്ള ക്രിയാത്മകമായ ഭക്തി വളർത്തിയെടുക്കാൻ. നമ്മുടെ സഭയിൽ മാതാവിന്റെ തിരുനാൾ ആഘോഷിക്കുമ്പോൾ പാശ്ചാത്യസഭയിലെ മാതാവിന്റെ തിരുനാളുകൾ കടമെടുത്ത് ആഘോഷിക്കണമെന്നില്ല. "മുറ്റത്തെ മുല്ലക്ക് മണമില്ല"എന്ന മനോഭാവത്തിന് വിശ്വാസത്തിൽ സ്ഥാനമില്ല. മുറ്റത്ത് ഉള്ളതിന്റെ മണം ആദ്യമേ അറിയുക. അത് മനസ്സിനും ഹൃദയത്തിനും കുളിർമ്മ ഇല്ലാത്തതാണെങ്കിൽ പിന്നീട് മറ്റിടങ്ങളിലെ പൂക്കളെ അന്വേഷിക്കാം. എന്നാൽ നടക്കുന്നത് സഭാജീവിതത്തിൽ മറിച്ചാണ്. അത് വളരെ ഖേദകരവുമാണ്.



www.malankaralibrary.com

## മാതാവിന്റെ നാമത്തിലുള്ള നോമ്പുകൾ

നോമ്പനുഷ്ഠിച്ച് ജാഗരണത്തോടു കൂടിയുള്ള പ്രാർത്ഥന മലങ്കരസഭയുടെ ആത്മാവാണ്. സഭയുടെ ആരാധനവത്സരചക്രത്തിൽ പല നോമ്പുകൾ ഉണ്ട്. കർത്താവിന്റെ രക്ഷാകരസംഭവങ്ങളെ അനുസ്മരിക്കുന്നതിന് മുൻപുള്ള 50 ദിവസത്തെ നോമ്പ്, ക്രിസ്തുമസിന് ഒരുക്കമായുള്ള 25 നോമ്പ്, മാതാവിന്റെ വാങ്ങിപ്പിന് മുൻപുള്ള 15 നോമ്പ്, മാതാവിന്റെ ജനനത്തിന് ഒരുക്കമായുള്ള 8 നോമ്പ്, ശ്ലീഹാ നോമ്പ് മുതലായവയാണ് സഭയിലെ പ്രധാനപ്പെട്ട നോമ്പുകൾ. ഇത് കൂടാതെ തന്നെ ആഴ്ചയിൽ ഒരു ദിവസം വിശ്വാസികൾക്ക് നോമ്പാണ്, വർജ്ജനയാണ്. ഇതിലെല്ലാം ഉപരിയായി ദിവസവും ഒരു നേരമെങ്കിലും ഉപവസിച്ച് പ്രായശ്ചിത്തപ്രവൃത്തികൾ ചെയ്ത് ഈശ്വരസംതൃപ്തി സ്വായത്തമാക്കാൻ ശ്രമിക്കുന്ന ഒരു കൂട്ടം ജനങ്ങളും നമ്മുടെ സഭയ്ക്ക് ഇന്നും കൈമുതലായിട്ടുണ്ട്. ചുരുക്കത്തിൽ നോമ്പും പ്രാർത്ഥനയും ജാഗരണവും നമ്മുടെ സഭാ ജീവിതത്തിന്റെ അടിസ്ഥാനനിയമമാണ്.

എന്തിനുവേണ്ടിയാണ് നോമ്പു നോക്കുന്നത് എന്ന ചോദ്യത്തിന് മലങ്കരസഭയിൽ സ്ഥാനമില്ല. പ്രസക്തിയില്ല. സഭാജീവിതത്തിലെ വലിയൊരു മൂല്യമാണ് നോമ്പ്, ആധുനിക സ്വാധീനത്തിന്റെ നടുവിലും നോമ്പിന് ജീവിതത്തിൽ സ്ഥാനമുണ്ട് എന്ന് തെളിയിക്കുന്ന ഒരു സമൂഹമാണ് മലങ്കരസഭ. നോമ്പ് രക്ഷാകര ചരിത്രത്തിന്റെ തന്നെ ഭാഗമായിട്ടാണ് സഭ കാണുന്നത്. മോശ നോമ്പുനോക്കി, ഏലിയാ നോമ്പുനോക്കി, യേശു നോമ്പ് നോക്കി ആദിമസഭാ പിതാക്കൻമാർ നോമ്പനുഷ്ഠിച്ചു. അതിലൂടെയവർ ദൈവത്തെ കണ്ടുമുട്ടി ദൈവവുമായി അടുത്ത് സംഭാഷണം നടത്തി. ദൈവത്തെ ജീവിതത്തിൽ കണ്ടുമുട്ടാൻ, ദൈവവുമായി ഒരിക്കലെങ്കിലും ജീവിതത്തിൽ ബന്ധം പുലർത്താൻ, മുഖാമുഖം അവിടുത്ത് കണ്ട് സംഭാഷണം ചെയ്യുവാനാണ് നാം നോമ്പ് നോക്കുന്നത്. സഭയിൽ ഒരു വർഷത്തിലെ 1/3 ദിവസങ്ങൾ ഔദ്യോഗികമായി തന്നെ നോമ്പാണ്. നമ്മുടെ സഭയിലെ ഓരോ നോമ്പും പരിശോധിച്ചാൽ അവ വെറും ഒറ്റപ്പെട്ട ദിവസങ്ങൾ അല്ല. രക്ഷാകര സംഭവം അനാവരണം ചെയ്യപ്പെടുന്നതിന്റെ ഭാഗമാണ്. ഉദാഹരണത്തിന് 25 നോമ്പു തന്നെയെടുക്കുക. 25 ദിവസം നോമ്പ് അനുഷ്ഠിക്കുന്നതിലൂടെ യേശുവിനെ സ്വീകരിക്കുവാനുള്ള ഒരുക്കമാണ് സഭാജീവിതത്തിൽ നടക്കുന്നത്. വർഷത്തിൽ ഒരിക്കൽമാത്രം അനുസ്മരിക്കപ്പെടുന്ന മഹാസംഭവത്തിന്റെ മാന്യതയും പ്രാധാന്യവും വിശ്വാ



www.malankaralibrary.com

സസമൂഹം മനസ്സിലാക്കുന്നതോടൊപ്പം അവർ തങ്ങളുടെ ഹൃദയത്തിൽ ആത്മാർത്ഥമായി യേശുവിനെ സ്വീകരിക്കുവാൻ ഒരുങ്ങുന്നു. 25 ദിവസത്തെ ഒരുക്കത്തിനുശേഷം ആ ദിനം ഭക്തിയോടുകൂടി കൊണ്ടാടുന്നു. ഇതുപോലെ തന്നെ മറ്റ് നോമ്പുകളും രക്ഷാകര ചരിത്രത്തിൽ സ്വന്തം വ്യക്തിമുദ്ര ദൈവികശക്തിയാൽ പ്രത്യേകമായി പതിപ്പിച്ച ദൈവമാതാവിന്റെ നാമത്തിലുള്ള രണ്ട് നോമ്പുകൾ ആണ് സഭയിലുള്ളത്. മാതാവിനോടുള്ള ഭക്തജീവിതത്തിന്റെ പ്രത്യക്ഷ ഉദാഹരണമായിട്ടാണ് ഈ നോമ്പുകൾ നിലകൊള്ളുന്നത്.

**മാതാവിന്റെ വാങ്ങിപ്പിന് മുൻപുള്ള പതിനഞ്ചു നോമ്പ്**

മാതാവ് സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടതിനെ അനുസ്മരിക്കുന്നതിന് ഒരുക്കമായിട്ടുള്ള ഈ നോമ്പ് ആഗസ്റ്റ് 1-ാം തീയതി ആരംഭിച്ച് 15-ാം തീയതിയിലുള്ള തിരുനാളോടുകൂടി അവസാനിക്കുന്നു. ഓരോ ദിവസവും ഈ നോമ്പിൽ ചൊല്ലുന്ന പ്രാർത്ഥനകൾ ദൈവമാതാവിന്റെ ജീവിതത്തിലേക്ക് ഇറങ്ങിച്ചെന്ന് വെളിച്ചം വീശാൻ സഹായിക്കുന്നതാണ്. മാതാവ് ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവളാണ്. വിശുദ്ധിയാണ് അവളുടെ ജീവിതത്തിലെ അടിസ്ഥാന ജീവിതരഹസ്യം. ലൗകായികതയുടെ ലാഞ്ചന പോലും ഏറ്റിട്ടില്ലാത്തതിനാൽ അവൾ ദൈവീക ദാനങ്ങളാൽ നിറഞ്ഞു മാതാവ് ഹവ്വായുടെ പാപത്തിൽനിന്ന് നമ്മെ മോചിപ്പിച്ചവളാണ്. മരണസമയത്ത് മറിയം സ്വർഗ്ഗീയ സേനകളാൽ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു. മാതാവിനെപ്പറ്റിയുള്ള എല്ലാ ദർശനങ്ങളും ഈ ലഘു പ്രാർത്ഥനയിൽ അടങ്ങിയിരിക്കുന്നു.[10] (അതിനുശേഷം ആരാധനയിൽ വിശ്വാസാധിഷ്ഠിതമായ അപേക്ഷയാണ്) മാതാവിന്റെ മാതൃക ജീവിതത്തിൽ സ്വീകരിക്കാനുള്ള പരിശ്രമത്തിന്റെ ഭാഗമെന്ന നിലയിൽ നാം മാതാവിനോട് എന്നും അപേക്ഷിക്കുന്നു. 'വി. നോമ്പിന്റെ കുറവുകൾ കണക്കിലെടുക്കുകയും പരിഗണിക്കുകയും ചെയ്യണമെന്ന്, നിന്റെ പുത്രൻ വസിക്കുന്ന ദൈവീക ആലയങ്ങൾ ആക്കി ഞങ്ങളെ മാറ്റണമെന്ന് മാതാവിനോട് യാചിക്കുന്നു. മാത്രമല്ല നീ സ്വർഗ്ഗത്തിലേക്ക് കരേറി പോയതുപോലെ ഞങ്ങൾക്കും സ്വർഗ്ഗപ്രാപ്തി ലഭ്യമാക്കി തരണമെന്ന് മാതാവിനോട് പ്രാർത്ഥിക്കുന്നു.'

15-ാം ദിവസത്തിലെ മാതാവിന്റെ മരണത്തിന്റെയും സ്വർഗ്ഗത്തിലേക്കുള്ള വാങ്ങിപ്പിന്റെയും ഓർമ്മ വെടിപ്പോടെ അനുസ്മരിക്കുവാൻ നാം 15 ദിവസം നോമ്പ് നോക്കുന്നു. നോമ്പനുഷ്ഠാനത്തിൽ പാപ



www.malankaralibrary.com

ത്തെയും അതിന്റെ മോഹങ്ങളെയും പരിത്യജിച്ച് ദൈവവുമായി നിരന്തരം ബന്ധപ്പെടാനുള്ള ആത്മാർത്ഥമായ ശ്രമമുണ്ട്. നമ്മുടെ മുന്നോടിയായ മറിയത്തിന്റെ സ്വർഗ്ഗത്തിലേക്കുള്ള യാത്ര നമുക്ക് എന്നും മാതൃകയായി, നമ്മുടെ കൂടെയുണ്ട്. ഈ പ്രതീകത്തിന്റെയർത്ഥം നാമറിയണം. ആ അറിവിലേക്ക് ചെന്നെത്താനുള്ള ആത്മാർത്ഥമായ അഭിലാഷം നോമ്പാനുഷ്ഠാനത്തിലൂടെ സഭാവിശ്വാസികൾ ഏറ്റുപറയുന്നു. കടമുള്ള നോമ്പായിട്ടു തന്നെ വിശ്വാസികൾ ഇതിനെ കാണുകയും ഈ നോമ്പനുഷ്ഠിക്കുകയും ചെയ്യുന്നു.

**എട്ടു നോമ്പാചരണം**

മാതാവിന്റെ ജനനത്തിന്റെ ഓർമ്മ ആചരിക്കുന്നതിന് ഒരുക്കമായി അനുഷ്ഠിക്കുന്ന നോമ്പാണിത്. നമ്മുടെ സഭയിൽ ഈ നോമ്പിലുപയോഗിക്കുന്ന പ്രാർത്ഥനകൾ ഇല്ല. കേരളത്തിലെ യാക്കോബായ ഓർത്തഡോക്സ് വിശ്വാസികൾക്ക് ഈ 8 ദിവസവും ഉപയോഗിക്കാനുള്ള പ്രാർത്ഥനകൾ ഉണ്ട്. 15 നോമ്പിനെക്കാൾ പ്രാധാന്യം അവർ എട്ട് നോമ്പിന് നൽകുന്നു. 8 ദിവസം ഉപവാസത്തോടു കൂടിയുള്ള മുട്ടിപ്പായ പ്രാർത്ഥന ഈ നോമ്പിന്റെ പ്രത്യേകതയാണ്. ഉപവാസ ദിവസങ്ങളിൽ പാവങ്ങളെ സഹായിക്കാനുള്ള മനോഭാവം ഈ നോമ്പിന്റെ പ്രത്യേകതയാണ്. ഈ നോമ്പ് ഏറ്റവുമധികമായി അനുഷ്ഠിക്കുന്നത് സ്ത്രീജനങ്ങളാണ്. യാക്കോബായ ഓർത്തഡോക്സ് സഭകളിലെ നോമ്പിലെ പ്രാർത്ഥനകൾ പരിശോധിച്ചാൽ[12] മാതാവിന്റെ അത്ഭുതകരമായ ജനനം, ജീവിത വിശുദ്ധി എന്നിവ പ്രാർത്ഥനകളിലെ പ്രധാന ആശയങ്ങൾ ആണ്. രോഗികൾക്കു വേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനകളും മാതാവിനോടുള്ള മാദ്ധ്യസ്ഥങ്ങളും ഈ ദിവസത്തെ പ്രാർത്ഥനകളുടെ പ്രത്യേകതകളാണ്. മലങ്കരസഭയിലെ നല്ലൊരു വിഭാഗം ജനങ്ങൾ ഈ നോമ്പനുഷ്ഠിക്കുകയും നോമ്പനുഷ്ഠാന ദിനങ്ങളിൽ മാതാവിന്റെ നാമത്തിലുള്ള പള്ളികൾ സന്ദർശിക്കുകയും അനുഗ്രഹം പ്രാപിക്കുകയും ചെയ്യുന്ന രീതി സഭയിലുണ്ട്. 9-ാം നൂറ്റാണ്ടിലാണ് ഈ നോമ്പിന്റെ ആരംഭമെന്നാണ് പാരമ്പര്യാധിഷ്ഠിതമായ വിശ്വാസം. കേരളത്തിലെ പല സ്ഥലങ്ങളിലും ക്രിസ്ത്യാനികൾ അല്ലാത്തവർപോലും നോമ്പനുഷ്ഠിച്ച് മാതാവിന്റെ നാമത്തിലുള്ള പള്ളികളിൽ തീർത്ഥാടനം നടത്തുന്നു. ഉദാഹരണമായി മണർകാട് പള്ളിയിൽ ധാരാളം ജനങ്ങൾ നോമ്പ് അവസരത്തിൽ വരുന്നുണ്ട്. അവിവാഹിതരായ പെൺകുട്ടികളും, വിവാഹം കഴിച്ചിട്ട് കുട്ടികൾ ഇല്ലാത്ത സ്ത്രീകളും ഈ നോമ്പു



www.malankaralibrary.com

നോക്കി 8 ദിവസവും ഇതുപോലുള്ള പള്ളികളിൽ ഉപവാസ പ്രാർത്ഥനാദിനങ്ങളായി കഴിയുന്ന പാരമ്പര്യവും സഭയിലുണ്ട്.[13] നാം നോമ്പനുഷ്ഠിക്കുമ്പോൾ ഈ 8 ദിവസവും വേദപുസ്തകത്തിലെ മാതാവിനെപ്പറ്റി ധ്യാനപൂർവ്വം ചിന്തിക്കുന്നതും നല്ലതാണ്. നോമ്പവസരത്തിലെ ഉപവാസത്തിൽ നിന്ന് കിട്ടുന്നത് പാവങ്ങൾക്കായി കൊടുക്കണം. യാക്കോബായ ഓർത്തഡോക്സ് സഭകളിൽ അഭംഗുരം പാലിക്കപ്പെടുന്ന ഈ നോമ്പ് നിഷ്ഠയോടും ഭക്തിയോടും കൂടി അനുഷ്ഠിക്കുന്നതിലൂടെ നമ്മുടെ സഭയുടെ എക്യുമെനിക്കൽ ദർശനങ്ങളെ കൂടുതലായി സ്വാധീനിക്കും "8 നോമ്പ് സഭയിൽ കടപ്പെട്ടതല്ല" അതിനാൽ അത് അനുഷ്ഠിക്കേണ്ട എന്ന ചിന്ത ഒരിക്കലും നമ്മെ ഭരിക്കാതിരിക്കട്ടെ.

**മാതാവിനോടുള്ള ഭക്തി**

മാതാവിന് സഭാജീവിതത്തിൽ നൽകേണ്ട സ്ഥാനം നൽകണം. അതിരു കടന്ന ഭക്തിക്ക് നമ്മുടെ സഭയിൽ സ്ഥാനമില്ല. യഥാർത്ഥമായി മാതാവിനെപ്പറ്റിയുള്ള മനസിലാക്കലിലൂടെ മാത്രമേ ക്രിയാത്മകമായ ഭക്തിയിലേക്ക് കടന്നുവരാൻ കഴിയുകയുള്ളൂ. ഒരിക്കലും മാതാവിന് ക്രിസ്തുവിന്റെ സ്ഥാനവും ദൗത്യവും നൽകാൻ സഭാജീവിതത്തിൽ ശ്രമിക്കരുത്. മാതാവ് വിശ്വാസിയുടെ ജീവിതത്തിൽ "അവനെ മയക്കുന്ന കറുപ്പായി"മാറ്റരുത്. മാതാവിന് രക്ഷാകര കർമ്മത്തിലുള്ള സ്ഥാനത്തിന്റെ മൂല്യവും അർത്ഥവും മനസ്സിലാക്കി അതിന്റെ വെളിച്ചത്തിൽ ഉള്ള ഭക്തി മാത്രമേ രൂപപ്പെടുത്താവൂ. അല്ലാതെ 'കടമെടുത്ത' ഭക്തിപ്രകടനങ്ങൾ നമുക്ക് ചേർന്നതല്ല. അത് സഭയുടെ തന്നെ സഭാശാസ്ത്രത്തിനും ദൈവശാസ്ത്രസങ്കല്പങ്ങൾക്കും ചേർന്നതല്ല. ഒപ്പം സഭാവികസനത്തിനും കോട്ടം വരുത്തും.

ഭക്തിയെപ്പറ്റി പറയുമ്പോൾ ഒരു പ്രത്യേകത എടുത്തു പറയേണ്ടതാണ്. പാശ്ചാത്യ സഭയിലുള്ളതു പോലെ സ്വകാര്യവെളിപാടുകളും, ദർശനങ്ങളും നമ്മുടെ സഭയിൽ വിരളമാണ്. ഇല്ല എന്ന് പറയാം. മാതാവിനോട് നമുക്ക് ഭക്തി ഇല്ലാത്തതാണോ അതോ അമിതഭക്തി മാതാവിനോട് പ്രകടിപ്പിക്കാത്തതാണോ? ഇതിന്റെ കാരണം? എന്തെന്ന് നാം കണ്ടുപിടിക്കണം. സ്വകാര്യ വെളിപാടുകളെ, ദർശനങ്ങളെക്കാൾ ഉപരിയായ ആരാധനയിൽ അധിഷ്ഠിതമായ ഒരു മരിയശാസ്ത്രദർശനം നമ്മുടെ സഭയ്ക്ക് കൈമുതലായിട്ടുള്ളതാണോ. ഇതിന്റെ കാരണം ഈ


www.malankaralibrary.com

ദർശങ്ങളുടെ വ്യക്തമായ ആഘോഷം സഭാജീവിതത്തിലുള്ളപ്പോൾ വേറെ ദർശനങ്ങൾ ആവശ്യമുണ്ടോ? ഇതിൽനിന്നും പാശ്ചാത്യസഭയിലെ സ്വകാര്യ ദർശനങ്ങളും വെളിപാടുകളും തെറ്റാണെന്നും സത്യമല്ല എന്നും ഉള്ള ധാരണയല്ല. അതിന് അതിൽതന്നെ വിലയുണ്ട്, ആധികാരികതയുണ്ട് അവ ജീവിതത്തിലുണ്ടായിട്ടുള്ള, ഉണ്ടാകുന്ന ചില വ്യക്തികളുടെ ഈശ്വരാനുഭവം, മരിയ അനുഭവം ആണ് അത് മൂല്യമുള്ളതുമാണ് എന്നാൽ നമ്മുടെ സഭാചരിത്രം പരിശോധിച്ചാൽ ഇപ്രകാരമുള്ള വെളിപാടുകൾ വിരളമാണെന്ന് മാത്രം.

സഭയിൽ മാതാവിനോടുള്ള ഭക്തിയെപ്പറ്റി പ്രതിപാദിക്കുമ്പോൾ ഒറ്റവാക്കിൽ പറഞ്ഞാൽ "മറിയത്തിന് അമാനുഷികത്വം" നൽകാൻ നമ്മുടെ സഭ ഒരുക്കമല്ല. മറിച്ച് മറിയം നമ്മിൽ ഒരാളാണ്. നമ്മുടെ ഭാഗത്താണ് സമുദ്ധരിക്കപ്പെട്ട മനുഷ്യവർഗ്ഗത്തിന്റെ പ്രതിനിധിയുമാണ്. എങ്കിലും ദൈവം അവളെ പ്രത്യേകമായി വിളിച്ച് തിരഞ്ഞെടുത്തു അവൾ വിളി ശ്രവിച്ചു ദൈവത്തോട് സഹകരിച്ചു. ആയതിനാൽ കൊടുക്കേണ്ട ആദരവ്, ബഹുമാനം നാം മാതാവിന് നൽകണം. ക്രിസ്തുവിന് സമാന്തരമായ ഒരു സ്ഥാനമല്ല ക്രിസ്തു കഴിഞ്ഞാൽ എറ്റവും വലിയ സ്ഥാനം മാതാവിനു തന്നെ നമ്മുടെ സഭയിലെ മരിയ ഭക്തിയെ പറ്റി പ്രസ്താവിക്കുമ്പോൾ ഒരു കാര്യം കൂടി ഖേദപൂർവ്വം പറയാതെ തരമില്ല. പാശ്ചാത്യ സഭയുടെ സ്വാധീനം അവിടെയും വ്യക്തമാണ്. ജപമാല, നിത്യസഹായ മാതാവിന്റെ നൊവേന, മാതാവിന്റെ രൂപങ്ങൾ ഒക്കെ ഇതിന്റെ തെളിവാണ്. ഇവയൊക്കെ ഒരു സുപ്രഭാതത്തിൽ തല്ലിത്തകർക്കണം എന്നർത്ഥമില്ല. നേരെ മറിച്ച് നമ്മുടെ തന്നെ സഭയുടെ ഭക്തകൃത്യങ്ങൾ ആയ നോമ്പുകൾ, അനുദിന പ്രാർത്ഥനകൾ, തിരുനാളുകൾ ഇവയൊക്കെ വിസ്മരിച്ചിട്ട് കടമെടുത്ത ഭക്തകൃത്യങ്ങൾക്ക് സ്ഥാനം കൊടുക്കുന്നതിന്റെ സാംഗത്യം എന്തെന്ന് മനസ്സിലാകുന്നില്ല. സ്വന്തം ആയത് എന്തൊക്കെയാണെന്ന് അറിയുകയില്ല. അതിനെ മനസിലാക്കുന്നില്ല എന്നതിന്റെ പരാജയം ആണിത്. നമ്മെ സംബന്ധിച്ചിടത്തോളം ശുഷ്കിച്ച ഒരു മരിയ ഭക്തിയിലേക്ക്, പക്വതയില്ലാത്ത ഒരു മരിയ ഭക്തിയിലേക്ക് സഭാവിശ്വാസികളെ ഇത് നയിക്കുകയും ചെയ്യും. മാതാവിനോടുള്ള നമ്മുടെ ഭക്തി സഭയിലായിരിക്കട്ടെ. സഭയുടെ പാരമ്പര്യ ദൈവശാസ്ത്ര മരിയ ശാസ്ത്ര വീക്ഷണങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കട്ടെ. സഭയുടെ വളർച്ചയ്ക്കും സഭാജീവിത പക്വതക്കും അതാണ് നല്ലതും സ്വീകാര്യമായിട്ടുള്ളതും.



www.malankaralibrary.com

**പാശ്ചാത്യ പൗരസ്ത്യ സഭകളിലെ മരിയ ശാസ്ത്രത്തിന്റെ വളർച്ച - ഒരവലോകനം**

സഭയുടെ ആദ്യ ചരിത്രം പരിശോധിച്ചാൽ ആദ്യത്തെ 3,4 നൂറ്റാണ്ടുകളിൽ സഭയുടെ ദർശനങ്ങൾ പ്രത്യേകിച്ചും ക്രിസ്തുവിജ്ഞാനീയ ദർശനങ്ങൾ വിശദമാക്കുവാൻ ഉള്ള ഒരു ശ്രമം ഉണ്ടായിരുന്നു. മരിയ ശാസ്ത്രത്തിന്റെ ഉത്ഭവം ദൈവശാസ്ത്രത്തിലാണ്, ക്രിസ്തു വിജ്ഞാനീയത്തിലാണ്. അതു കൊണ്ടു തന്നെ മരിയ ശാസ്ത്രത്തിന്റെ വികസനം കൂടുതൽ ദൈവ ശാസ്ത്രാധിഷ്ഠിതമാണ്. ദൈവ ശാസ്ത്ര വിശകലന പ്രക്രിയയുടെ, സത്യവിശ്വാസ പ്രഖ്യാപനങ്ങളുടെ ഭാഗമായി രൂപപ്പെടുത്തിയെടുത്തതാണ് മരിയശാസ്ത്രം. മാതാവിനെപ്പറ്റിയുള്ള ശാസ്ത്രമാണ് ഇതെങ്കിലും ചുരുക്കത്തിൽ അത് ക്രിസ്തുവിനെ പറ്റിയാണെന്ന് സാരം. സഭയുടെ ഒന്നും രണ്ടും നൂറ്റാണ്ടുകൾ മാതാവിനെ സഭാ ചരിത്രത്തിൽ വലിയ സ്ഥാനമില്ല. എന്നാൽ ധാരാളം അപ്രമാണിക ഗ്രന്ഥങ്ങൾ മാതാവിനെ പറ്റി ഉണ്ടായിട്ടുണ്ട്. അവയെ സഭ ഇന്ന് അംഗീകരിക്കുന്നില്ല. എന്നാൽ അവയിലെ പ്രതിപാദ്യങ്ങൾ പല സത്യങ്ങളിലേക്ക് വിരൽ ചൂണ്ടുന്നു. പിന്നീട് മാതാവിനെപ്പറ്റി നമുക്കു ലഭിക്കുന്നത് പിതാക്കന്മാരുടെ എഴുത്തുകളിൽ നിന്നുമാണ്. എന്നാൽ ഈ എഴുത്തുകളും പ്രസംഗങ്ങളും മുക്കാലും തന്നെ സഭയിലുണ്ടായിട്ടുള്ള പ്രശ്നങ്ങൾക്കും പരിഹാരം നൽകാനുള്ള, സഭയുടെ നിലപാട് വിശദീകരിക്കുന്ന ശ്രമം ആയിരുന്നു. അവയിൽ വ്യക്തമായ പൂർണ്ണമായ പഠനാത്മകമായ മരിയ ശാസ്ത്രവതരണം കാണാൻ പ്രയാസം ആണ്.

സഭയിലുള്ള ആദ്യത്തെ മരിയ ശാസ്ത്രദർശനം വിശ്വാസപ്രഖ്യാപനം 431 ലെ എഫേസൂസ് കൗൺസിൽ വച്ചാണ് ഉണ്ടായത്. ഇതിനു മുൻപ് വ്യക്തമായ മാതാവിലുള്ള വിശ്വാസം ക്രിസ്തീയ സമൂഹത്തിലുണ്ടായിരുന്നു. മാതാവിനെ ബഹുമാനിക്കുകയും അവളുടെ മാദ്ധ്യസ്ഥ്യം യാചിക്കുകയും ചെയ്തിരുന്നു. എന്നാൽ കാലഘട്ടത്തിന്റെ ആവശ്യം മനസിലാക്കിക്കൊണ്ട് ക്രിസ്തുവിന്റെ നാമത്തിന്റെ ഉന്നതിക്കുമായി 431ൽ മാതാവ് "ദൈവമാതാവാണ്" എന്ന് വിശ്വാസസത്യം സഭ ഔദ്യോഗികമായി പ്രഖ്യാപിച്ചു. ഇത് ഒരു മരിയ ശാസ്ത്ര വിശ്വാസസത്യം എന്നതിനേക്കാൾ ഉപരി ഒരു ക്രിസ്തു ശാസ്ത്രദർശനമായിരുന്നു.[14] ഇതിനുശേഷം പൗരസ്ത്യ സഭകളുടെ ചരിത്രം പരിശോധിച്ചാൽ ഇന്നുവരെ ഇതുപോലെ മരിയ ശാസ്ത്രപരമായി പ്രഖ്യാപി



www.malankaralibrary.com

ക്കപ്പെട്ട എല്ലാ പൗരസ്ത്യ സഭകളും അംഗീകരിക്കുന്ന ഒരു മരിയ ശാസ്ത്ര വിശ്വാസസത്യം പ്രഖ്യാപിക്കപ്പെട്ടിട്ടില്ല.

എന്നാൽ അതിനുശേഷം ഉള്ള ഇന്നുവരെയുള്ള പൗരസ്ത്യ സഭയുടെ ചരിത്രം പരിശോധിച്ചാൽ മാതാവിന് നൽകേണ്ട ആദരവ് സഭ നൽകിയിരിക്കുന്നു എന്നത് വ്യക്തമാണ്. ഓരോ കാലഘട്ടത്തിലും സഭയിലുണ്ടായിട്ടുള്ള മാതാവിന്റെ ബഹുമാനത്തിനും സഭയിൽ മാതാവിനുള്ള സ്ഥാനമാനങ്ങൾക്കും എതിരായി ഉണ്ടായിട്ടുള്ള വിമർശനങ്ങളും പഠിപ്പിക്കലുകളും പൗരസ്ത്യസഭ എതിർത്തിട്ടുണ്ട്. അത് ഔദ്യോഗികമായ വിശ്വാസ പ്രഖ്യാപനത്തിലൂടെയല്ല മറിച്ച് സഭാ ജീവിതത്തിലൂടെയായിരുന്നു. ഓരോ കാലഘട്ടത്തിന്റെയും ആവശ്യം അനുസരിച്ച് രൂപപ്പെടുത്തിയെടുത്ത മരിയശാസ്ത്ര ദർശനങ്ങളെ ദ്യോതിപ്പിക്കുന്ന മരിയ വിശ്വാസങ്ങൾ പ്രകടമാക്കുന്നതിനുതകുന്ന പ്രാർത്ഥനകൾ സഭക്കുണ്ടായിരുന്നു. ഈ പ്രാർത്ഥനകളുടെ നിരന്തരമായ ഉപയോഗത്തിലൂടെ മാതാവിനെപറ്റിയുള്ള ശരിയായ ധാരണയിലേക്ക് ആത്മാർത്ഥമായ സഭയിലുള്ള വിശ്വാസത്തിലേക്ക് സഭ വിശ്വാസികളെ നയിച്ചിരുന്നു. ഇതിലൂടെ ഒരു കാര്യം വ്യക്തമാണ്. നമ്മുടെ സഭയിൽ വിശ്വാസപ്രഖ്യാപനങ്ങളെക്കാൾ വിശ്വാസ ജീവിതത്തിനായിരുന്നു സ്ഥാനം.

സഭയിലുണ്ടാകുന്ന മരിയശാസ്ത്ര വളർച്ചയെപ്പറ്റി അവലോകനം ചെയ്യുമ്പോൾ പൗരസ്ത്യ സഭാചരിത്രം നൽകുന്ന മറ്റൊരു പാഠമിതാണ്. എഫേസൂസ് സുനഹദോസിനു ശേഷം വിശ്വാസത്തിനെതിരായിട്ടുണ്ടായിട്ടുള്ള പഠിപ്പിക്കലുകൾക്ക് ഓരോ കാലഘട്ടത്തിലെയും പൗരസ്ത്യ സഭാ പിതാക്കന്മാർ ശരിയായ രീതിയുള്ള മാർഗ്ഗനിർദ്ദേശം നൽകിയിരുന്നു. ഉദാഹരണമായി എന്തെങ്കിലും ഒരു പ്രശ്നം സഭയിൽ ഉണ്ടാകുമ്പോൾ മരിയശാസ്ത്രപരമായ സഭയുടെ നിലപാട് ഇതാണെന്ന് വ്യക്തമായി പിതാക്കന്മാർ അവരുടെ പ്രസംഗത്തിലൂടെയും എഴുത്തുകളിലൂടെയും ജീവിതമാതൃകകൾ വഴിയായും ഉപദേശങ്ങൾ വഴിയായും ഉദ്ബോധിപ്പിച്ചിരുന്നു. പിതാക്കന്മാരുടെ പഠിപ്പിക്കലുകളിൽ പൂർണ്ണവിശ്വാസവും വിധേയത്വവും കൈമുതലായുള്ള സഭയ്ക്ക് മരിയശാസ്ത്രത്തിന്റെ വളർച്ചയിലും ഈ പ്രത്യകത ദൃശ്യമാണ്. ഇന്നും ഇതേ നിലപാടാണ് സഭ കൈക്കൊള്ളുന്നത്.

ഇനിയും പൗരസ്ത്യസഭയിൽ ഓരോ കാലഘട്ടത്തിലും മാതാവിനോടുള്ള ഭക്തിയും വിശ്വാസവും കൂടുതൽ വ്യാപകമാക്കുന്നതിനും



www.malankaralibrary.com

മാതാവിന്റെ ജീവിതത്തിലെ രഹസ്യങ്ങളെപ്പറ്റി അനുസ്മരിക്കുന്നതിനും വേണ്ടി മാതാവിന്റെ നാമത്തിൽ അനേകം തിരുനാളുകൾ നൂറ്റാണ്ടുകളിലൂടെ രൂപപ്പെട്ടു വന്നിട്ടുണ്ട്. ഈ തിരുനാളുകൾ എല്ലാംതന്നെ സഭാ ജീവിതത്തിൽ മാതാവിനോട് വിശ്വാസികൾ പ്രാർത്ഥിച്ചതിന്റെയും വേദ പുസ്തകത്തിലെ മാതാവിനെ മനനം ചെയ്തതിന്റെയും ഫലമായി ഉടലെടുത്തതാണ്. ഓരോ തിരുനാളിലും മാതാവിന്റെ ജീവിതത്തിലെ ഏതെങ്കിലും ഒരു പ്രധാന നാൾ കൊണ്ടാടുന്നു. പൗരസ്ത്യ സഭയിലെ മരിയ ശാസ്ത്രത്തിന്റെ വളർച്ച വിശകലനം ചെയ്യുമ്പോൾ നൂറ്റാണ്ടുകളിലൂടെ രൂപപ്പെടുത്തിയെടുത്ത ഒരു മരിയ ശാസ്ത്രവീക്ഷണം സഭക്കുണ്ടായിരുന്നു. സഭ അവളുടെ ആരാധനാ ജീവിത്തിലൂടെ ഇത് കാത്തു പരിപാലിച്ചു പോരുന്നു. എന്നാൽ ഇപ്രകാരമുള്ള മരിയ ശാസ്ത്രവീക്ഷണങ്ങൾ ക്രമവൽകൃതമായ രീതിയിൽ രൂപപ്പെടുത്തി "ഇതാണ് മാതാവിനെപ്പറ്റിയുള്ള സഭയുടെ പഠിപ്പിക്കൽ" എന്ന സഭ പ്രഖ്യാപിക്കാൻ ശ്രമിച്ചിട്ടില്ല. സഭയിൽ അപ്രകാരമുള്ള ഒരാവശ്യമില്ലായിരുന്നു കാരണം സമൂഹത്തിന് വ്യതിചരിക്കാത്ത ശരിയായ രീതിയിൽ മാതാവിനോട് ഭക്തിയും അവബോധവും ഉണ്ടായിരുന്നു. മാതാവിലധിഷ്ഠിതമായ ഒരു ജീവിതം ഉണ്ടായിരുന്നു. ജീവിതത്തിലൂടെ മാതാവിന് സജീവ സാക്ഷ്യം നൽകിയ ഒരു സമൂഹമായിരുന്നു നമ്മുടെ സഭ.

ഇനിയും പാശ്ചാത്യ സഭയിലെ മരിയശാസ്ത്രത്തിന്റെ വളർച്ച ഒന്നവലോകനം ചെയ്യാം; സഭയിലുണ്ടായിട്ടുള്ള മരിയശാസ്ത്രത്തിന്റെ വളർച്ചയെപ്പറ്റി ചുരുക്കമായി മനസിലാക്കുവാൻ ശ്രമിക്കുകയാണ്. വളരെ വസ്തുനിഷ്ഠവും നിയതവും ആധികാരികവുമായ രീതിയിലുള്ള ഒരു മരിയശാസ്ത്ര വികസനം ആയിരുന്നു. പാശ്ചാത്യ സഭയിൽ ഉണ്ടായിരുന്നത്. പാശ്ചാത്യ സഭയിൽ നൂറ്റാണ്ടുകളിലൂടെ തുടർന്നിട്ടുള്ള അതേ സമീപനം തന്നെയാണ് സഭ തുടരുന്നത്. ആദ്യമായി മാതാവിനെപ്പറ്റിയുള്ള അടിസ്ഥാനപരമായ വിശ്വാസസത്യം ദൈവമാതൃത്വമാണ്.[15] അതിനുശേഷം 649ൽ നടന്ന ലാറ്ററൻ കൗൺസലിൽ മോണോനെലറ്റിസിസത്തിനെതിരായി മാതാവിന്റെ കന്യാത്വം വിശ്വാസ സത്യമായി പ്രഖ്യാപിച്ചു.[16] മാതാവ് നിത്യകന്യകയും ദൈവമാതാവുമാണ്. അവളെ ദൈവം ആദിയിലെ തിരഞ്ഞെടുത്തു. അതിനാൽ അവൾ അമലോത്ഭവയാണ്. തെന്ത്രോസ് സൂനഹദോസ് മാതാവിന്റെ പാപരഹിതാവസ്ഥയെ അംഗീകരിച്ചു.[17] 1554ൽ റിഫോർമേഷന്റെ സ്വാധീനത്തിനെതിരായി മാതാവ് യേശുവിനെ പ്രസവിക്കുന്നതിന് മുൻപും പ്രസവ ശേഷവും നിത്യ കന്യകയായിരുന്നുവെന്ന് വാദിച്ചു. 1854-ൽ 9-ാം



www.malankaralibrary.com

പീയൂസ് പാപ്പ മാതാവിന്റെ അമലോത്ഭവം ഒരു വിശ്വാസസത്യമായി പ്രഖ്യാപിച്ചു.[18] അതിനുശേഷം ലിയോ 13-ാം പാപ്പ ഒരു ചാക്രീയ ലേഖനത്തിലൂടെ മാതാവിന്റെ രക്ഷാകര പദ്ധതിയിലുള്ള സ്ഥാനത്തെപ്പറ്റി വിശദീകരിച്ചു.[19] 1854ൽ പ്രഖ്യാപിച്ച വിശ്വാസസത്യത്തിന്റെ 50-ാം വാർഷികത്തിൽ പത്താം പീയൂസ് പാപ്പ ചാക്രീക ലേഖനത്തിലൂടെ വിശ്വാസജീവിതത്തിൽ മാതാവിന്റെ മാദ്ധ്യസ്ഥത്തിന്റെ ആവശ്യകതയെ ഊന്നി പറഞ്ഞു.[20]

1950ൽ 12-ാം പീയൂസ് പാപ്പ മാതാവിന്റെ സ്വർഗ്ഗാരോപണം ഒരു വിശ്വാസ സത്യമായി പ്രഖ്യാപിച്ചു.[21] പിന്നീട് നടന്ന രണ്ടാം വത്തിക്കാൻ കൗൺസിലിൽ മാതാവിനെപ്പറ്റിയുള്ള ശരിയായ വിശകലനം കാണാൻ കഴിയും.[22] 1964ൽ തിരുസഭയെ പറ്റിയുള്ള ഡിക്രിയിൽ ഒരദ്ധ്യായം മുഴുവൻ മാതാവിനെപ്പറ്റി പറയുന്നു. ഇതിൽ മാതാവിനെ സഭയുടെ മാതൃകയായും മാതാവിന്റെ മാദ്ധ്യസ്ഥതയുടെ ആവശ്യകതയും ക്രിസ്തീയ ജീവിതത്തിൽ പ്രതീക്ഷയുടെ അടയാളമാണെന്നും അവിടെ പറയുന്നു.[23] പോൾ 6-ാം പാപ്പാ തന്റെ 1974ൽ പുറപ്പെടുവിച്ച ചാക്രീക ലേഖനം മുഴുവൻ മാതാവിനെപ്പറ്റി പറയുന്നു. മറിയം സ്ത്രീത്വത്തിന്റെ മാതൃകയാണെന്നും ആധുനിക മനുഷ്യപ്രശ്നങ്ങളിൽ മറിയം മനുഷ്യനോടു കൂടിയാണെന്നും ഇവിടെ പ്രതിപാദിച്ചിരിക്കുന്നു.[24]

പാശ്ചാത്യ സഭയിലെ മരിയ ശാസ്ത്രത്തിന്റെ വളർച്ചയെ പറ്റിയുള്ള ഒരു ചെറിയ വിവരണമായിരുന്നു നാം നടത്തിയത്. സഭയുടെ അധികാരസ്ഥാനത്തുനിന്ന് ഇതിനു നൽകിയിട്ടുള്ള സംഭാവനകൾ എല്ലാംതന്നെ സഭയുടെ ജീവിതപശ്ചാത്തല വെളിച്ചത്തിൽ രൂപപ്പെട്ടതാണ്. സഭയുടെ പ്രബോധനാധികാരം ഉപയോഗിച്ച് പ്രഖ്യാപിച്ചതാണ്. ഈ വിശ്വാസസത്യത്തിൽ വിശ്വസിക്കുവാൻ എല്ലാവർക്കും കടമയുണ്ട്. എന്നാൽ വിശ്വാസികളുടെ ജീവിതം പരിശോധിച്ചാൽ ഒരു പരിധിവരെ ഈ നിർവചനങ്ങൾ വെറും "നിർവചനങ്ങൾ" ആയി തന്നെ വിശ്വാസത്തിൻ കീഴിലുള്ള പ്രബോധനമായി നിലനിൽക്കുന്നു.

ജീവിതവുമായി വലിയ ബന്ധമില്ല എന്നാൽ ഈ വിശ്വാസസത്യങ്ങളുടെ നിർവചനം സഭയെ സംബന്ധിച്ചിടത്തോളം ആവശ്യമായിരുന്നു. പൗരസ്ത്യസഭയിൽ വിശ്വാസ പ്രഖ്യാപനത്തിന് വലിയ പ്രാധാന്യമില്ല. ഒരേ യാഥാർത്ഥ്യത്തോടുള്ള രണ്ട് സമീപനങ്ങൾ ഒന്ന്


www.malankaralibrary.com

ഒന്നിനെ മറികടക്കാതെ രണ്ടും വളരുന്നു. ചില സ്വകാര്യ വെളിപാടുകൾ സഭയുടെ തന്നെ അധികാരത്തിൻകീഴിൽ ഇന്നും വലിയ രഹസ്യങ്ങൾ ആയി നിലകൊള്ളുന്നു. വിശ്വാസികൾ അതിന് വിശ്വാസസത്യത്തിലുപരിയായ സ്ഥാനം നൽകുന്നു. എന്നാൽ ചില സ്ഥലങ്ങൾ ഒക്കെ ചൂഷണത്തിന്റെ, വിശ്വാസ ചൂഷണത്തിന്റെ ഭാഗമായിട്ടുണ്ട് എന്നതും സത്യമാണ്. ചെറിയ ഒരു അവലോകനം മാത്രമായിരുന്നു ലക്ഷ്യം. ഇത് പൂർണ്ണമാണെന്ന് അവകാശമില്ല.

**പരി.ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന**

സഭയിലാകമാനം മരിയഭക്തിക്ക് അതുല്യമായ സ്ഥാനം ആണ് നാം നൽകുക. ഇതിന്റെ ഏറ്റവും വലിയ പ്രത്യക്ഷ ഉദാഹരണമാണ് ഇന്ന് നാം സാധാരണ ഉപയോഗിക്കുന്ന പ.ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന. ഈ അടുത്ത കാലത്താണ് ഈ മദ്ധ്യസ്ഥ പ്രാർത്ഥന സഭമുഴുവനും ഉപയോഗത്തിൽ വന്നത്. അതിന്റെ ചരിത്രപരമായ കടന്നുവരവിനെപറ്റിയും, അർപ്പണത്തെപ്പറ്റിയും ഉള്ള ഒരു പഠനം ഇവിടെ ആവശ്യമില്ല. ഓരോ ഭദ്രാസനങ്ങളിലും അതിന്റെ ചരിത്രപരമായ സ്ഥാനവും സ്വാധീനവും അനുസരിച്ച് ഈ പ്രാർത്ഥനകൾ ഉപയോഗത്തിലുണ്ട്. തിരുവല്ല അതിഭദ്രാസനത്തിൽ പ്രത്യേകിച്ച് എറണാകുളം ജില്ലയിലുള്ള നമ്മുടെ ദേവാലയങ്ങളിൽ വർഷങ്ങൾ ആയി ഈ പ്രാർത്ഥനകൾ ഉപയോഗത്തിലുണ്ടായിരുന്നു. എന്നാൽ ഈ അടുത്ത കാലത്തുതന്നെയാണ് മറ്റ് ഭദ്രാസനങ്ങളും ഭദ്രാസനത്തിന് പുറത്തും ഈ പ്രാർത്ഥനകൾ ഉപയോഗിക്കാൻ തുടങ്ങിയത്.

പ്രാർത്ഥനയുടെ ഘടനയും അതിന്റെ അവതരണവും, ആഘോഷവും ഒക്കെ പരിശോധിച്ചാൽ അത് അതിൽ തന്നെ ഒരു പൂർണ്ണകർമ്മമായി നിലകൊള്ളുന്നു. നമ്മുടെ സഭയുടെ പ്രത്യേകതയായ വി.വേദപുസ്തക സ്വീകരണവും സ്വാംശീകരണവും നിറഞ്ഞുനിൽക്കുകയാണ്, മദ്ധ്യസ്ഥ പ്രാർത്ഥനയിൽ. ലത്തീൻ മലബാർ സഭകളിൽ ഉപയോഗിക്കുന്ന "നിത്യസഹായമാതാവിനോടുള്ള നവനാൾ" പ്രാർത്ഥനയ്ക്കു പകരം ഇന്ന് പല മലങ്കര കത്തോലിക്കാ ദേവാലയങ്ങളിലും ഈ മദ്ധ്യസ്ഥ പ്രാർത്ഥന അതിവേഗം സ്ഥാനം പിടിച്ചുകൊണ്ട് ഇരിക്കുന്നു. ഇതിനുള്ള പ്രധാനകാരണം ഈ മദ്ധ്യസ്ഥ പ്രാർത്ഥനയിൽ ഉൾക്കൊണ്ടിരിക്കുന്ന ലളിതമായ സന്ദേശവും അനുഗ്രഹപ്രദമായ പ്രാർത്ഥനകളും തന്നെ. അതിലൊക്കെ ഉപരിയായി മദ്ധ്യസ്ഥ പ്രാർത്ഥ



www.malankaralibrary.com

നയിൽ നിറഞ്ഞുനിൽക്കുന്ന മാതാവിന്റെ രൂപവും പ്രാർത്ഥന സമർപ്പിക്കുന്നതിലൂടെ വിശ്വാസസമൂഹം അനുഭവിക്കുന്ന ആത്മീയ നിറവും തന്നെ. ഇങ്ങനെ ഒരു ബോധ്യത്തിലേക്ക് വിശ്വാസസമൂഹത്തെ രൂപപ്പെടുത്തുവാനുള്ള മുഖ്യകാരണം "ദൈവമാതാവിന് യേശുവിന്റെ സന്നിധിയിൽ അപേക്ഷാസ്വാതന്ത്ര്യവും മുഖപ്രസന്നതയും ഉള്ളതുകൊണ്ടു തന്നെ." (മദ്ധ്യസ്ഥപ്രാർത്ഥന p.250, മലങ്കര സുറിയാനി കത്തോലിക്കാ പ്രാർത്ഥനാക്രമം - 2007 p.250)" ഈ വിശ്വാസസത്യവും ആ സത്യം അനുദിനജീവിതത്തിൽ സ്വന്തമാക്കാനുള്ള ആത്മീയത്വരയുമാണ് മദ്ധ്യസ്ഥപ്രാർത്ഥന. ഇത് ഇത്രമാത്രം നമ്മുടെ വിശ്വാസജീവിതത്തിൽ സ്വാധീനിക്കാനുള്ള മുഖ്യകാരണം, മധ്യസ്ഥപ്രാർത്ഥനയിൽ നാം അനുസ്മരിക്കുന്ന വിവിധ മരിയരഹസ്യങ്ങൾ ആണ്. അവയെ നമുക്ക് എളിയരീതിയിൽ വിശകലനം ചെയ്യാം.

മരിയശാസ്ത്രത്തിൽ പ്രതിപാദിക്കുന്ന എല്ലാ മരിയരഹസ്യങ്ങളും അതിന്റെ തനിമയിൽ മധ്യസ്ഥ പ്രാർത്ഥനയിൽ നിറഞ്ഞുനിൽക്കുന്നു. ഈ വിശകലനത്തിന്റെ ആദ്യ അദ്ധ്യായങ്ങളിൽ അവയെപ്പറ്റി വിശദീകരിച്ചതുകൊണ്ട് ഇവിടെ അപ്രകാരം ഒരു പഠനത്തിന് മുതിരുന്നില്ല. മറിച്ച് പ്രധാന പ്രാർത്ഥനകൾ മാത്രം വിശകലനം ചെയ്യട്ടെ. മധ്യസ്ഥ പ്രാർത്ഥന ആരംഭിക്കുന്നതുതന്നെ ദൈവത്തോടും ക്രിസ്തുവിനോടുമുള്ള അപേക്ഷയോടുകൂടിയാണ്. ആർദ്രതയുടെയും അനുതാപത്തിന്റേതുമായ അനുഭവങ്ങൾ ആണ് ആദ്യപ്രാർത്ഥനയിൽ നാം അനുസ്മരിക്കുക. അപേക്ഷകളും യാചനകളും സമർപ്പിച്ചുകൊണ്ട് മാതാവിന്റെ മാധ്യസ്ഥം ആദ്യ പ്രാർത്ഥനയിൽ യാചിക്കുന്നു. "മാതാവിന് തിരുസന്നിധിയിൽ ധൈര്യവും മുഖപ്രസന്നതയും ഉള്ളതുകൊണ്ട്" മാതാവിന്റെ മാധ്യസ്ഥതയാൽ ഈ പ്രാർത്ഥനകൾ മുഴുവനും സമർപ്പിക്കാനുള്ള വിശ്വാസസമൂഹത്തിന്റെ ശ്രദ്ധ അതിമനോഹരം തന്നെ. മുഴുവൻ പ്രാർത്ഥനയും ഉപസംഹരിക്കുക അമ്മയുടെ മാധ്യസ്ഥതയാൽ ആണ് മറ്റുള്ള എല്ലാവരെയുംകാൾ ഉപരി പ. ദൈവമാതാവിന് ക്രിസ്തുവിന്റെ മുൻപിൽ അപേക്ഷാസ്വാതന്ത്ര്യം ഉണ്ട് എന്ന സത്യം ഇവിടെ സഭ ഉറക്കെ ആഘോഷിക്കുന്നു.

തുടർന്ന് വരുന്ന "മാനിസോ" പ.ദൈവമാതാവിന് വി.വേദപുസ്തകവും ആദിമസഭയും നൽകിയിട്ടുള്ള എല്ലാ കാര്യങ്ങളും അതിന്റെ പൂർണ്ണരൂപത്തിൽ ഗാനമായി സമർപ്പിക്കുന്നു. മംഗളവാർത്തകൾ മാതാവിന്റെ ജീവിതത്തിൽ സംലഭ്യമായ ദൈവികരഹസ്യങ്ങളുടെ പൂർണ്ണ



www.malankaralibrary.com

മായ ആഘോഷമാണ് ഈ മാനിസോ പുസ്തകപരമായും മരിയശാസ്ത്രപരമായും സഭയിൽ രൂപപ്പെട്ടുവന്ന മരിയരഹസ്യങ്ങൾ മുഴുവൻ ഇവിടെ അനുസ്മരിക്കുകയും ചെയ്യുന്നു.

അതിനുശേഷം മദ്ധ്യസ്ഥ പ്രാർത്ഥനയിൽ നാം സമർപ്പിക്കുന്ന "തക്ശെപ്തോ"മാതാവിന്റെ സഭയിലുള്ള സ്ഥാനത്തെയും മാതൃമാധ്യസ്ഥത്തിലൂടെ വിശ്വാസസമൂഹത്തിന് സംലഭ്യമാകുന്ന അനുഗ്രഹത്തെപ്പറ്റിയുള്ള പ്രഘോഷണം ആണ്. "കരുണയുടെ വാതിലായ സകല നന്മകളുടെയും ഭണ്ഡാരമായ തന്നോട് അപേക്ഷിക്കുന്നവരെ ഒരിക്കലും ലജ്ജിപ്പിക്കാത്തവളുമായ" അമ്മയാണ് പരിശുദ്ധ മറിയം. ആരാധന സമൂഹത്തിലുള്ള ഓരോ വിഭാഗങ്ങളിൽപ്പെട്ട അംഗങ്ങളെയും പ്രത്യേകം എടുത്തു പറഞ്ഞ് അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. അതുകൊണ്ടു തന്നെ അമ്മ ഉത്തമപുരുഷന്മാർക്കും സുകൃത സ്ത്രീകൾക്കും അഭയസ്ഥാനമായിരിക്കണം. ഉത്തമ, സുകൃത ജീവിതം നയിക്കുന്ന എല്ലാവർക്കും മാതാവിന്റെ മധ്യസ്ഥം വലിയ മാതൃകയും തുണയും തന്നെ. സഭയിൽ എല്ലാവരും പ്രായം ചെന്നവർ. മാതാപിതാക്കന്മാർ യുവതീയുവാക്കന്മാർ, കുട്ടികൾ എന്നിവരെ എല്ലാം പ്രത്യേകം ആയി "തക്ശെപ്തോ"യിൽ സമർപ്പിക്കുന്നു. തക്ശെപ്ത്രായിൽ പരാമർശിക്കപ്പെടാത്ത ക്രിസ്തീയജീവിതത്തിലെ ഒരു കാര്യവും ഇല്ല. മറ്റു വാക്കിൽ, ക്രിസ്തീയജീവിതത്തിൽ നാം എന്തൊക്കെ ദൈവത്തോട് അപേക്ഷിക്കുന്നുവോ, നാം എന്തൊക്കെ ദൈവത്തിൽനിന്ന് ആഗ്രഹിക്കുന്നുവോ അവയൊക്കെ തന്നെ അതിന്റെ യഥാർത്ഥ അർത്ഥത്തിലും അനുഭവത്തിലും മധ്യസ്ഥ പ്രാർത്ഥനയിലെ "തക്ശെപ്തോ"യിൽ നാം ആഘോഷിക്കുന്നു. ചുരുക്കത്തിൽ മധ്യസ്ഥ പ്രാർത്ഥനയിലെ തക്ശെപ്ത്രോ പരിശുദ്ധ ദൈവമാതാവിനോടുള്ള സഭയുടെ വിശ്വാസത്തിന്റെ ഒരു സംക്ഷിപ്തരൂപം തന്നെ.

കിഴക്കോട്ട് തിരിഞ്ഞ് നിന്ന് നാം ആലപിക്കുന്ന "രക്ഷകനാം മിശിഹ"എന്ന ഗാനം ക്രിസ്തുവിനോടുള്ള ഒരു അപേക്ഷതന്നെ. ക്രിസ്തുവിലൂടെ വിശ്വാസസമൂഹത്തിന് ലഭിച്ച വലിയ രക്ഷയുടെ ദാനം രക്ഷാകര അനുഭവം ഇവിടെ ആഘോഷിക്കപ്പെടുന്നു. ജീവിച്ചിരിക്കുന്നവർക്കുവേണ്ടിയും മരിച്ചവർക്കുവേണ്ടിയും ഒരുപോലെ നാം ഇവിടെ പ്രാർത്ഥിക്കുന്നു. ആരാധന ജീവിച്ചിരിക്കുന്ന നമ്മുടേതും നമ്മിൽനിന്ന് വാങ്ങിപ്പോയ പ്രിയപ്പെട്ടവരുടെയും അവകാശം ആണ്. ആരാധനാർപ്പണത്തിലൂടെ രണ്ടു കൂട്ടർക്കും പൂർണ്ണശാന്തിയും പൂർണ്ണ മോചനവും


www.malankaralibrary.com

ലഭിക്കുന്നു. അതിനുശേഷമുള്ള "കുറിയേലായിസോൻ" അനുതാപ ചിന്തകൾ ഉണർത്താനുതകുന്നതാണ്. വീണ്ടും വീണ്ടും അവ ഏറ്റ് ചൊല്ലുന്നതിലൂടെ സംലഭ്യമാകുന്ന അനുഗ്രഹവും ആത്മീയ അനുഭവം അനന്യസാധാരണമായ വിധത്തിൽ അവയുടെ പൂർണ്ണമായ അർപ്പണത്തിലും വിശ്വാസസമൂഹം അനുഭവിക്കുന്നു.

മധ്യസ്ഥപ്രാർത്ഥന അവസാനിക്കുക, കാർമ്മികൻ അപേക്ഷകരുടെ ശിരസ്സിൽ കൈവച്ച് പ്രാർത്ഥിക്കുന്നതിലൂടെയാണല്ലോ. ആ അവസരത്തിൽ നാം ആലപിക്കുന്ന ഗാനം വീണ്ടും പ.അമ്മയുടെ ജീവിതവുമായി ബന്ധപ്പെട്ടതുതന്നെ. രക്ഷാകരചരിത്രത്തിലുള്ള പ.മാതാവിന്റെ ഔന്നത്യവും പഴയനിയമ പുതിയ നിയമ അനുഭവങ്ങളും ഇവിടെ അനുസ്മരിക്കപ്പെടുന്നു. ആ ഗാനം അവസാനിക്കുന്നത് അമ്മയ്ക്കു സ്വസ്തിസ്തുതി അർപ്പിച്ചുകൊണ്ടു തന്നെ.

ചുരുക്കത്തിൽ ഇന്ന് നമ്മുടെ സഭയിൽ നാം സമർപ്പിക്കുന്ന മധ്യസ്ഥ പ്രാർത്ഥന സഭയുടെ ദൈവശാസ്ത്രദർശനങ്ങളും പാരമ്പര്യവും ആണ്. വിശ്വാസദർശനങ്ങളും അനുയോജ്യമായതുതന്നെ. ഒരു പ്രാവശ്യത്തെ അതിന്റെ പൂർണ്ണമായ അനുസ്മരണ, ആരാധന സമൂഹത്തെ മാതാവിലൂടെ വിശ്വാസവും മനസ്സും സജീവമായ അനുഭവമാക്കാൻ സഹായിക്കുന്നു. ഇത് നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കണം.

## *Footnotes*

1. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണ രേഖകൾ, ബാംഗ്ലൂർ ധർമ്മാരും കോളേജ് (നാലാം പതിപ്പ്) തിരുസഭ No.53,65

2. Prayer with the Harp of the Spirit Vol.II pp 564-569.

3. Ibid Vol III pp 632-649

4. Ibid Vol III pp 48-63

5. cfr. മാതാവിന്റെ വാങ്ങിപ്പ് ആരാധനയിൽ p.

6. പെങ്കിസോ നമസ്കാരത്തിനുള്ള പ്രുമിയോൻ സെദറാകൾ കോട്ടയം, p.4ff

7. Op.cit Vol II p.24 a ff

8. Harp of the Spirit Vol II p.344 ff.



www.malankaralibrary.com

9. cfr ദൈവമാതാവിന്റെ ഉദ്ഭവം നമ്മുടെ ആരാധനയിൽ p.108

10. പ്രതിദിന നമസ്കാരം, പ്രത്യേക പ്രാർത്ഥനകൾ p.24-25

11. Ibid p. 25

12. മദ്ധ്യസ്ഥ പ്രാർത്ഥന 8 നോമ്പിൻ, തകിടിയിൽ യാക്കോബ് കശ്ശീശ്ശാ, ചിങ്ങവനം 1952.

13. Mar Ivanios, M.Gibion pp. 146-147

14. Neuner & Dupuis (ed), The Christian Faith, Bangalore, TPI No.701

15. Ibid No.701, Page 201

16. Ibid No. 703 Page 201

17. Ibid No. 705

18. Ibid No. 709

19. Ibid No. 710

20. Ibid No. 712

21. Ibid No. 713, 714

22. 2-ാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ UR.15, OE.30, NA.3

23. Ibid, തിരുസഭ, അദ്ധ്യായം 8 Nos. 52-69

24. cfr. Paul VI, Marialus Cultus Apostolic Exhortation, 1974



www.malankaralibrary.com

# ഉപസംഹാരം

മലങ്കരയിലെ മാതാവിനെപ്പറ്റി ഒരു ലഘുവായ പഠനം നാം നടത്തി സഭയ്ക്കും വിശ്വാസ മാർഗ്ഗദീപമായി നിലകൊള്ളുന്ന വിശുദ്ധ വേദപുസ്തകത്തിന്റെയും ആരാധനയുടെയും പാരമ്പര്യത്തിന്റെയും വെളിച്ചത്തിലായിരുന്നു നമ്മുടെ പഠനം. പഴയ നിയമത്തിൽ പുതിയ നിയമത്തിന്റെ വെളിച്ചത്തിൽ മാതാവിനെപ്പറ്റി പല പ്രവചനങ്ങളുമുണ്ട്. മാതാവിന്റെ സാദൃശ്യങ്ങളും പ്രതിരൂപങ്ങളും പഴയ നിയമത്തിൽ ധാരാളം ദർശിക്കുവാനുള്ള ആരാധനയുടെ പ്രത്യേകത അനന്യസാധാരണമാണ്. വിശ്വാസമുള്ള കണ്ണുകൾ കൊണ്ടുമാത്രമേ ഇവയെ ദർശിക്കുവാൻ കഴിയുകയുള്ളൂ. പുതിയ നിയമത്തിലുടനീളം മാതാവിന്റെ രൂപവും ദൗത്യവും ഒരു ചിത്രം പോലെ തെളിഞ്ഞു നില്ക്കുന്നു. സുവിശേഷകർ, പ്രത്യേകിച്ച് ലൂക്കോസും മത്തായിയും യോഹന്നാനും ഭംഗിയായി തന്നെ മാതാവിനെ തങ്ങളുടെ സുവിശേഷങ്ങളിൽ അവതരിപ്പിച്ചിട്ടുണ്ട്. ഓരോരുത്തരും ഈ ജോലി നിർവ്വഹിച്ചത് തങ്ങൾ അഭിസംബോധന ചെയ്യുന്ന സമൂഹത്തെ മുന്നിൽ കണ്ടുകൊണ്ടും തങ്ങളുടെ തന്നെ ദൈവശാസ്ത്രവീക്ഷണത്തിന്റെയും പശ്ചാത്തലത്തിലാണ്. വേദപുസ്തകത്തിലെ മാതാവിനെപ്പറ്റിയുള്ള പരാമർശങ്ങൾ അതിന്റെ പൂർണ്ണതയിൽ തന്നെ ഉൾക്കൊണ്ടുകൊണ്ട് അതിന് ഭാവനയും ഗാനരൂപവും നൽകി ആരാധനയിൽ ആഘോഷിക്കുന്നു. മാതാവിനെപ്പറ്റിയുള്ള പുതിയ നിയമ പഴയനിയമ പരാമർശങ്ങളുടെ പശ്ചാത്തലാർത്ഥം പ്രസ്തുത വേദഭാഗം നൽകുന്ന സന്ദേശം അതിന്റെ ആരാധനയിലുടനീളമുള്ള ഉപയോഗം എന്നിവയെ പറ്റിയുള്ള പഠനമായിരുന്നു ഒന്നാമദ്ധ്യായം. വേദപുസ്തകം നമ്മുടെ ആരാധനയിൽ ഏറ്റം കൂടുതൽ സ്വാധീനം ചെലുത്തിയിട്ടുള്ളതുകൊണ്ടു മാത്രമാണ് ഇതുപോലുള്ള ദീർഘമായ ഒരു പഠനത്തിന് ശ്രമിച്ചതും ആരാധനയുമായി അവയ്ക്കുള്ള ബന്ധം കാണുവാൻ മുതിർന്നതും.



www.malankaralibrary.com

ആരാധനയിലധിഷ്ഠിതമായ ജീവിതം മലങ്കര സഭയുടെ ആത്മാവാണല്ലോ. അതുകൊണ്ട് തന്നെയാണ് നമ്മുടെ പഠനത്തിന്റെ മുഖ്യ ഉറവയായി ആരാധനയെ തന്നെ തിരഞ്ഞെടുത്തത്. ആരാധനയിലെ തന്നെ ഏറ്റം പരമമമായ ആരാധന പരിശുദ്ധ കുർബ്ബാനയാണ്. വിശുദ്ധ കുർബ്ബാനയിൽ പ്രത്യേകമാംവിധം ഓരോ ഭാഗത്തും മാതാവിന്റെ സാന്നിദ്ധ്യം ദൃശ്യമാണ്. കുർബ്ബാനയിൽ പലയിടത്തും മാതാവ് നിഗൂഢമായി സന്നിധി ചെയ്യുന്നു. ഇത് ശരിയായി മനസ്സിലാക്കാനുള്ള പരിശ്രമവും വിവേചനാശക്തിയും ആരാധനാ സമൂഹത്തിനുണ്ടായിരിക്കണം.

സഭയിലെ ആരാധനാ ജീവിതത്തിന്റെ മറ്റു മുഖങ്ങളാണ് അനുദിന നമസ്കാരം, തിരുനാളുകളിലെ പ്രാർത്ഥനകൾ, പെങ്കീസോ പ്രാർത്ഥനകൾ തുടങ്ങിയവ. ഇവയിൽ നിഴലിച്ചു നിൽക്കുന്ന മരിയ ശാസ്ത്രദർശനങ്ങളെ പ്രതിപാദ്യവിഷയമാക്കി മറിയം ദൈവസുതന്റെ മാതാവാണ് നിത്യകന്യകയാണ്. ഉത്ഭവവതിയാണ്. സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടവളാണ് അവളുടെ മാധ്യസ്ഥം സഭാജീവിതത്തിനാവശ്യം ആണ്. വിഷയാവതരണാവസരങ്ങളിൽ ഓരോ ദർശനങ്ങളും നൽകുന്ന സന്ദേശം നുകരുവാൻ ശ്രമിച്ചിട്ടുള്ളതുകൊണ്ട് കൂടുതലായി ഉപസംഹാരത്തിൽ ഒന്നുംതന്നെ പറയുന്നില്ല.

പഴയനിയമത്തിലെയും പുതിയ നിയമത്തിലെയും പല വ്യക്തികളും സംഭവങ്ങളും മാതാവുമായി ബന്ധപ്പെട്ടിരിക്കുന്നു. അറിയുവാനും അനുഭവിക്കാനും ഉള്ള ആഗ്രഹത്തോടുകൂടി കടന്നു വരുന്ന ഓരോ വിശ്വാസിക്കും ആത്മാർത്ഥമായി തന്നെ വേദപുസ്തകത്തിൽനിന്നും മാതാവിന്റെ അനേകം പ്രതിരൂപങ്ങളും സാദൃശ്യങ്ങളും കാണുവാൻ സാധിക്കും. അവയുടെ ആരാധനയിലെ ഉപയോഗവും അവയുടെ വേദപുസ്തക പശ്ചാത്തലവും അവ നൽകുന്ന അർത്ഥവും വിശദമായി തന്നെ നാം പഠനവിഷയമാക്കി. പലപ്പോഴും ഇവയുടെ ശരിയായ അർത്ഥം ഗ്രഹിക്കാതെയുള്ള ആരാധനാഘോഷം ആണ് സഭാജീവിതത്തിൽ നാം കാണുന്നത്. ആയതിനാൽ ഈ പ്രതിരൂപങ്ങളുടെയും സാദൃശ്യങ്ങളുടെയും ശരിയായ മനസ്സിലാക്കൽ സഭാ ജീവിതത്തെ ധന്യമാക്കും എന്നതിൽ സംശയമില്ല.

മാതാവിനോട് പ്രത്യേകമായ രീതിയിൽ ഭക്ത്യാദരവുകൾ പ്രകടിപ്പിക്കുന്ന ഒരു സമൂഹമാണ് നമ്മുടേത്. തിരുനാളുകൾ, നോമ്പുകൾ, മാതാവിന്റെ നാമത്തിലുള്ള പള്ളികളും മറ്റ് സ്ഥാപനങ്ങളും മാതാവിന്റെ


www.malankaralibrary.com

തന്നെ നാമം പേറുന്ന ജീവിക്കുന്ന "മറിയാമ്മമാർ" ഇവയൊക്കെ ഈ സത്യത്തിന്റെ ജീവനുള്ള യാഥാർത്ഥ്യങ്ങൾ മാത്രമാണ്. മാതാവിന്റെ നാമത്തിൽ അനേകം തിരുനാളുകൾ നമ്മുടെ സഭയിലുണ്ട്. ഓരോ തിരുനാളുകളെപ്പറ്റിയും ചെറുതായ രീതിയിൽ പഠിപ്പിക്കാൻ നാം ശ്രമിച്ചിട്ടുണ്ട്. മാത്രമല്ല ഒരു തിരുനാൾ അനുസ്മരിക്കുമ്പോൾ വിശ്വാസികൾക്കുണ്ടായിരിക്കേണ്ട മാനസികഭാവം എന്നിവയെപ്പറ്റി ലളിതമായി ചർച്ച ചെയ്തിട്ടുണ്ട്. മാതാവിന്റെ ജീവിതത്തിലെ ജനനവും മരണവും അനുസ്മരിക്കുന്നതിന് ഒരുക്കമായി നാമനുഷ്ഠിക്കാറുള്ള നോമ്പുകളെപ്പറ്റി ചെറുതായി നാം മനസ്സിലാക്കി. മാതാവിനെപ്പറ്റിയുള്ള "അമിത ഭക്തി"യ്ക്ക് ഒരിക്കലും നമ്മുടെ സഭയിൽ സ്ഥാനമില്ല. കൊടുക്കേണ്ട ബഹുമാനവും വണക്കവും മാത്രമേ നാം കൊടുക്കാറുള്ളൂ. പാശ്ചാത്യ പൗരസ്ത്യ സഭകളിലെ മരിയ ശാസ്ത്രത്തിന്റെ വളർച്ചയെപ്പറ്റി നാമൊരവലോകനം നടത്തി. ഇത് പൂർണ്ണമാണെന്ന് അവകാശപ്പെടുന്നില്ല. ശരിയായ രീതിയിൽ ഒരു പഠനം നടത്താൻ കഴിയാതെപോയത് ഒരു വീഴ്ചയായി കാണുന്നു.

മാതാവും സഭയുടെ മറ്റ് ദർശനങ്ങളുമായുള്ള ബന്ധം നമ്മുടെ ഈ പഠനത്തെ പൂർണ്ണമാക്കും. മരിയശാസ്ത്രം ഒറ്റപ്പെട്ട ഒരു സഭാശാസ്ത്രമല്ല. ഒരു "ദ്വീപ് പോലെ" സഭയിലെ തന്നെ മറ്റു ശാസ്ത്രങ്ങളുമായി യാതൊരു ബന്ധവുമില്ലാത്ത ഒരു ശാസ്ത്രമായി ഒരിക്കലും നാം മരിയ ശാസ്ത്രത്തെ ദർശിക്കരുത്. സഭയിലെ എല്ലാ ശാസ്ത്രങ്ങളുമായും അതിന് അഭേദ്യബന്ധമുണ്ട്. ഇത് മരിയശാസ്ത്രത്തിന്റെ ഏറ്റവും വലിയ, തനതായ പ്രത്യേകത ആണ്. മരിയശാസ്ത്രത്തിന് മറ്റ് സഭാശാസ്ത്രങ്ങളുമായി അഭേദ്യമായ ബന്ധം കാണുവാനുള്ള ശ്രമം നമ്മുടെ സഭാജീവിതത്തിൽ മാതാവിനോടുള്ള ഭക്തിയുടെ ആഴവും അർത്ഥവും പൂർണ്ണമാക്കും.

ക്രിസ്തുശാസ്ത്രവും മരിയശാസ്ത്രവും തമ്മിൽ ബന്ധമുണ്ട്. സഭയുടെ ആദ്യകാല ചരിത്രം പരിശോധിച്ചാൽ ആദ്യ നൂറ്റാണ്ടുകളിൽ പ്രഖ്യാപിക്കപ്പെട്ട ക്രിസ്തു വിജ്ഞാനീയ ദർശന രൂപീകരണപ്രക്രിയകളിൽ മരിയശാസ്ത്രം അതുല്യമായ പങ്കു വഹിച്ചിട്ടുണ്ട്. ദൈവപുത്രനാണ് ക്രിസ്തു അത്ഭുത ജനനമായിരുന്നു ക്രിസ്തുവിന്റേത്. ക്രിസ്തു പാപം ഇല്ലാത്തവനാണ് തുടങ്ങിയ ക്രിസ്തു ശാസ്ത്രദർശനങ്ങൾക്ക് ഉപോത്ബലമായി നിൽക്കുകയാണ് മരിയശാസ്ത്ര ദർശനങ്ങൾ. മറ്റു വാക്കിൽ പറഞ്ഞാൽ ഈ ക്രിസ്തു ശാസ്ത്രവീക്ഷണങ്ങളെ വസ്തു



www.malankaralibrary.com

നിഷ്ഠമായി മനസിലാക്കാനുള്ള തീവ്രമായ പരിശ്രമത്തിന്റെ ഫലമായി രൂപം കൊണ്ടുവന്നതാണ് ഈ മരിയ ശാസ്ത്രദർശനങ്ങൾ. ഉദാഹരണമായി ക്രിസ്തു പാപമില്ലാത്തവനാണ്. പാപം ഇല്ലാതെയാണ് ജനിച്ചത് എന്ന ക്രിസ്തു ശാസ്ത്രം മനസ്സിലാക്കൽ കൂടുതൽ മാനുഷികവും വിശ്വാസയോഗ്യവുമായ രീതിയിൽ ഗ്രഹിക്കുവാനുള്ള പരിശ്രമത്തിന്റെ ഫലമാണ് മറിയത്തിന്റെ ഉത്ഭവമെന്ന വിശ്വാസദർശനം. ക്രിസ്തു പാപമില്ലാത്തവനായി ജനിച്ചു എങ്കിൽ ക്രിസ്തുവിനെ പ്രസവിച്ച മാതാവും പാപമില്ലാത്തവളായിട്ടാണ് ജനിച്ചത്. മാത്രമല്ല ക്രിസ്തു പാപമില്ലാത്തവനാണെന്ന് പ്രഖ്യാപിച്ച് ഏറ്റു പറയണമെങ്കിൽ മാതാവ് പാപമില്ലാത്തവൾ ആയിട്ട് ജനിക്കേണ്ടത് ഒരാവശ്യമാണ്. ഇതിൽ നിന്നും ഈ രണ്ട് ദർശനങ്ങൾ തമ്മിലുള്ള ബന്ധം വ്യക്തമാണ്.

മരിയ ശാസ്ത്രത്തിന്റെ ലക്ഷ്യം തന്നെ ക്രിസ്തുവിന്റെ നാമം സഭയിൽ, ലോകത്തിൽ ഏറ്റവും കൂടുതലായി ബഹുമാനിക്കപ്പെടുകയാണ്. അതുകൊണ്ടുതന്നെയാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രഖ്യാപിക്കുന്നത്. "മാതാവിനെ വണങ്ങുന്നതോടുകൂടി പുത്രൻ ശരിയായി അറിയപ്പെടുകയും സ്നേഹിക്കപ്പെടുകയും അവിടുത്തെ കല്പനകൾ അനുസരിക്കപ്പെടുകയും ചെയ്യുന്നു എന്ന[1] മരിയ ശാസ്ത്രത്തിന്റെ വികസനത്തിലൂടെ, മനസ്സിലാക്കലിലൂടെ, യഥാർത്ഥത്തിൽ ക്രിസ്തുശാസ്ത്രമാണ് വളരുന്നത്. ക്രിസ്തുവാണ് ലോകത്തിൽ അറിയപ്പെടുന്നത്. ഓരോ ക്രിസ്ത്യാനിയുടെയും ലക്ഷ്യം പൗലോസ് ശ്ലീഹാ പറയുന്നതുപോലെ" വിശ്വാസത്തിലൂടെ, ദൈവപുത്രനെക്കുറിച്ചുള്ള പൂർണ്ണമായ ജ്ഞാനത്തിലുടെ, ക്രിസ്തുവിന്റെ പരിപൂർണ്ണതയുടെ അളവനുസരിച്ച് പക്വതയാർന്ന മനുഷ്യരായി തീരുകയാണ്.[2] ഈ പ്രക്രിയയിൽ നമ്മെ സഹായിക്കുകയാണ് മരിയശാസ്ത്രം. മാതാവിനോട് നാം പ്രകടിപ്പിക്കുന്ന ഭക്തിയും വണക്കവും ബഹുമാനവുമൊക്കെ ക്രിസ്തുവിനോടുതന്നെയാണ് നാം പ്രകടിപ്പിക്കുന്നത്. ആയതിനാൽ മരിയശാസ്ത്രം ക്രിസ്തുശാസ്ത്രത്തിന്റെ സഹശാസ്ത്രമാണ്. ഇവ പരസ്പരം അഭേദ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു.

മരിയ ശാസ്ത്രവും പരിശുദ്ധാത്മ ശാസ്ത്രവുമായി എന്തെങ്കിലും ബന്ധമുണ്ടോ? സാധാരണ നമ്മുടെ സഭാ പ്രവർത്തനങ്ങളിൽ നാം തരണം ചെയ്യുന്ന ഒരു പ്രശ്നമാണിത്. ഒരിക്കൽ കുറേ പ്രോട്ടസ്റ്റന്റ് സഭാ വിഭാഗത്തിൽപെട്ടവരുമായി ഇടപഴകാൻ അവസരം ഉണ്ടായപ്പോൾ നമ്മുടെ വിശ്വാസത്തെയും, അതിന്റെ ആഴമായ വിക്ഷണങ്ങൾ ആയ



www.malankaralibrary.com

വിശുദ്ധന്മാരോടുള്ള ഭക്തി, മരണാനന്തര ജീവിതദർശനം തുടങ്ങിയ വയെപ്പറ്റി സംസാരിക്കുവാനും, സംവാദത്തിലേർപ്പെടാനും സാധിച്ചു. അപ്പോൾ അവരിൽ ഒരാൾ വിമർശന മനോഭാവത്തോടുകൂടി പറയുക യുണ്ടായി "കത്തോലിക്കരായ നിങ്ങൾ പരിശുദ്ധാത്മാവിന്റെ പകരക്കാ രിയായിട്ടല്ലേ മറിയത്തെ കാണുന്നതും ആരാധിക്കുന്നതും?" ഈ വിമർശനത്തിന് ശരിയായ ഒരു ഉത്തരം നൽകാൻ കഴിഞ്ഞില്ല. എന്നാൽ അന്നൊരു കാര്യം ബോധ്യമായി – പരിശുദ്ധാത്മാവും മാതാവും തമ്മിൽ എന്തോ ബന്ധം ഉണ്ട്. ഈ ബന്ധം എങ്ങനെയുള്ളതാണ്? സഭാ ജീവി തത്തിൽ ശരിയായ ഒരു മനസ്സിലാക്കൽ ഈ വിഷയത്തെ സംബന്ധി ച്ചുണ്ടോ? എന്നൊക്കെയുള്ള ചിന്തകൾ മനസ്സിലൂടെ കടന്നുപോയി. പരിശുദ്ധാത്മാവിന് സഭയിൽ അതുല്യമായ സ്ഥാനമാണുള്ളത്. യേശു വിന്റെ ദൗത്യം ഇന്ന് തുടർന്നുകൊണ്ടു പോകുന്നത് ഉത്ഥാനം ചെയ്ത ക്രിസ്തു ലോകത്തിലേക്കയച്ച പരിശുദ്ധാത്മാവിലൂടെയാണ്. ആത്മാവ് സഭാ ജീവിതത്തിൽ അനേകം ദാനങ്ങൾ ചൊരിയുന്നു. സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മ സംയമനം ഇവയൊക്കെ ആത്മാവിന്റെ ഫലങ്ങൾ ആണ്.[3] ഈ വിശേ ഷണങ്ങളുടെ പൂർണ്ണരൂപം ക്രിസ്തുവിൽ നാം കാണുന്നു. സഭയിൽ പരിശുദ്ധാത്മാവിന്റെ ദൗത്യം ഒരു മധ്യവർത്തിയുടേതാണ്. യേശുക്രി സ്തുവിനും സഭയ്ക്കുമിടയിൽ മധ്യവർത്തിയായി നിന്നുകൊണ്ട് ദൈവ ത്തിന്റെ വിവിധങ്ങളായ ദാനങ്ങൾ സഭാ സമൂഹത്തിലേക്ക് ചൊരിയു ന്നു. അങ്ങനെ യേശുവിന്റെ ദൗത്യം പൂർത്തിയാക്കുന്ന കടമയാണ് പരി ശുദ്ധാത്മാവിനുള്ളത്, ക്രിസ്തുവിൽ എല്ലാം പൂർത്തിയാക്കുന്നു. ത്രിത്വ ത്തിന്റെ രക്ഷാകര രഹസ്യത്തിൽ, പിതാവിൽനിന്ന് ഉത്ഭവിക്കുന്ന രക്ഷ പുത്രനിൽനിന്ന് പരിശുദ്ധാത്മാവിലൂടെയാണ് നമുക്ക് ലഭിക്കുന്നത്, പരി ശുദ്ധാത്മ ശാസ്ത്രത്തിലെ ഒരു പ്രധാനപ്പെട്ട വീക്ഷണമാണിത്. എന്നാൽ പരിശുദ്ധ ത്രിത്വത്തിന്റെ ഈ രക്ഷാകര പ്രവർത്തനങ്ങളിൽ മരിയ ശാസ്ത്രത്തിന്, മാതാവിന് യാതൊരു സ്ഥാനവുമില്ല. കാരണം, പരിശുദ്ധ ശാസ്ത്രവുമായി മരിയ ശാസ്ത്രത്തെ നാം കോർത്തിണക്കാൻ ശ്രമിക്കുമ്പോൾ രക്ഷാകര രഹസ്യങ്ങളിൽ പരിശുദ്ധാത്മാവ് വഹിച്ച, വഹിച്ചുകൊണ്ടിരിക്കുന്ന കർമ്മങ്ങൾ, ഒരിക്കലും മരിയ ശാസ്ത്ര ത്തിനോ മാതാവിനോ നാം നൽകാറില്ല.

എന്നാൽ സഭയുമായി നാം മാതാവിനെ ബന്ധപ്പെടുത്തുമ്പോൾ പരിശുദ്ധാത്മ ശാസ്ത്രവുമായി മരിയ ശാസ്ത്രത്തിനുള്ള ബന്ധം



www.malankaralibrary.com

നമുക്ക് രൂപപ്പെടുത്തിയെടുക്കാം. നമ്മുടെ ഈ പഠനത്തിലൂടെ നീളം നാം കണ്ടുകഴിഞ്ഞു. മാതാവിന്, മരിയ ശാസ്ത്രത്തിന് സഭയിലുള്ള സ്ഥാനം എന്താണെന്ന് വേദപുസ്തകം വിശകലനം ചെയ്തപ്പോൾ മംഗലവാർത്താ സമയത്ത് ദൈവദൂതൻ മാതാവിനോട് പറയുന്നു. "പരിശുദ്ധാത്മാവ് നിന്റെ മേൽവരും അത്യുന്നതന്റെ ശക്തി നിന്റെ മേൽ ആവസിക്കും."[4] പുതിയ നിയമത്തിലാദ്യമായി പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിന് തന്നെ തന്നെ സമർപ്പിച്ച വ്യക്തിയാണ് മറിയം. ദൈവത്തിന്റെ കൃപ മാതാവിനോട് കൂടി ഉണ്ടായിരുന്നതുകൊണ്ടാണ് ആത്മാവ് അവളിൽ വസിച്ചത്. ആത്മാവ് മറിയത്തിൽ വസിക്കണമെങ്കിൽ മറിയം പരിശുദ്ധാത്മാവിൽ വിസ്വസിക്കുന്നവൾ ആയിരിക്കണം. മാതാവിനെ നമ്മുടെ ആരാധനയിൽ നാം ചിലപ്പോഴൊക്കെ അഭിസംബോധന ചെയ്യുന്നത് "വിശുദ്ധകൂടാരം" ആത്മാവിന്റെ ആലയം എന്നൊക്കെയാണല്ലോ. മറിയം പരിശുദ്ധാത്മാവിന്റെ ആലയം ആയത് അവൾ ആത്മാവിന്റെ പ്രവർത്തനങ്ങളിൽ വിശ്വസിച്ചതു കൊണ്ടാണ്. മാതാവിന്റെ ഈ മാതൃക വിശ്വാസികൾക്ക് എപ്പോഴും മാതൃകയായി നിലകൊള്ളുന്നു. മാതാവിന്റെ വേദപുസ്തകചിത്രം മുഴുവൻ പിരശോധിച്ചാൽ ആത്മാവിന്റെ പ്രവർത്തനങ്ങൾക്കൊപ്പം തന്നെ നയിച്ചൊരു വ്യക്തിയെയാണ് നാം കാണുന്നത്. മാതാവ് എപ്പോഴും തിരഞ്ഞെടുക്കപ്പെട്ടവരുടെ കൂട്ടത്തിലാണല്ലോ. ആത്മാവിനാൽ തിരഞ്ഞെടുക്കപ്പെട്ട ക്രിസ്തുവിൽ വിശ്വസിക്കുന്ന പുതിയ ഇസ്രായേലിന്റെ ജീവിതവും പ്രവർത്തനങ്ങളും ആത്മാവിനാൽ നിറഞ്ഞതായിരിക്കണം. ആത്മാവ് ക്രിസ്തുവിന്റെ ദാനങ്ങൾ വിശ്വാസ സമൂഹത്തിലേക്ക് ആവഹിച്ചുകൊടുക്കുന്നതുപോലെ മാതാവ് ക്രിസ്തുവിനെ വ്യക്തിപരമായ രീതിയിൽ വിശ്വാസസമൂഹത്തിന് അനുഭവവേദ്യമാക്കി കൊടുക്കുന്നു. ക്രിസ്തുവിൽനിന്ന് ദാനങ്ങൾ താഴെയുള്ള സഭാസമൂഹത്തിലേക്ക് പരിശുദ്ധാത്മാവ് എത്തിച്ചുകൊടുക്കുന്നതു പോലെ മാതാവ് സഭാ സമൂഹത്തിന്റെ പ്രതിനിധിയായി നിന്നുകൊണ്ട് സഭാസമൂഹത്തിന്റെ പ്രാർത്ഥനകളും മറ്റും മുകളിലേക്ക് എത്തിച്ചുകൊടുക്കുന്നു എന്ന വിശ്വാസമാണ് നമുക്കുള്ളത്.

എന്നാൽ ഒരിക്കലും പരിശുദ്ധാത്മാവിന്റെ പൂർത്തിയാക്കുന്ന ദൗത്യം നാം മാതാവിന് നൽകാറില്ല. മാതാവിനെ പരിശുദ്ധാത്മവിന്റെ പകരക്കാരിയായി നാം കാണാറുമില്ല. അതേസമയം മാതാവ് പരിശുദ്ധാത്മാവിൽ ആദ്യമായി വിശ്വസിച്ചവൾ ആണ്. ഈ മാതാവിന്റെ മാതൃക

പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾക്ക് തങ്ങളെതന്നെ പൂർണ്ണമായി തുറന്നുവയ്ക്കാൻ സഭാ വിശ്വാസികളെ ആഹ്വാനം ചെയ്യുന്നു. ഇത് നിർവ്വഹിക്കുകയാണ്, മരിയശാസ്ത്രവും മാതാവും. ഈ മാതാവിന്റെ മാതൃക പരിശുദ്ധാത്മാവിനെ പറ്റിയുള്ള ശരിയായ മനസിലാക്കലിന് സഭാ വിശ്വാസികളെ ഒരുക്കുന്നു. ഇവിടെയാണ് നാം മരിയശാസ്ത്രവും പരിശുദ്ധാത്മ ശാസ്ത്രവുമായുള്ള ബന്ധം ദർശിക്കുന്നത്.

മരിയ ശാസ്ത്രവും സഭാശാസ്ത്രവും തമ്മിലും അഭേദ്യമായ ബന്ധമുണ്ട്. ഈ ബന്ധം എങ്ങനെയാണെന്ന് നമ്മുടെ ആരാധനയിൽ ഭംഗിയായി അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. "സഭയുടെ ആദ്യത്തെ വിത്താണ് മാതാവ്. മാതാവ് സഭയുടെ പുത്രിയും അതേസമയം തന്നെ സഭയുടെ മാതാവുമാണ്.[5]" ആദ്യമായി സഭാവിശ്വാസം സ്വീകരിച്ചത് മാതാവാണ്. ആ വിത്തിൽ നിന്നും വളർന്നു പന്തലിച്ച വൃക്ഷമാണ് സഭ. ഒരേ സമയം തന്നെ മാതാവ് സഭയുടെ പുത്രിയും സഭയുടെ മാതാവുമാണ്. ഈ രണ്ട് വിശേഷങ്ങൾ ആർക്കും തന്നെ സഭയിൽ നൽകപ്പെട്ടിട്ടില്ല. ഇവിടെയാണ് നാം മരിയശാസ്ത്രത്തിന്റെയും സഭാശാസ്ത്രത്തിന്റെയും ബന്ധത്തിന്റെ ആഴവും സജീവതയും മനസ്സിലാക്കുന്നത്. വിശ്വാസികളുടെ മാതാവാണ് സഭ. "സഭാ മാതാവ്" എന്നാണല്ലോ നാം സഭയെ അഭിസംബോധന ചെയ്യുന്നത്. അതുപോലെ തന്നെ വിശ്വാസികൾ എല്ലാവരും തന്നെ ക്രിസ്തുവിന്റെ അമ്മയായ മറിയത്തെ തങ്ങളുടെ മാതാവായിട്ടാണ് കാണുന്നതും ബഹുമാനിക്കുന്നതും. സഭാ ജീവിതത്തിൽ വിശ്വാസികൾക്ക് സ്വന്തം മാതാവിൽനിന്നും ലഭിക്കുന്ന രീതിയിലുള്ള പരിലാളനയും സംലഭ്യതയും ദൈവ മാതാവായ മറിയത്തിൽ നിന്നും ലഭിക്കുന്നുണ്ട്.

മാതാവ് കന്യകയാണ്, നിത്യകന്യകയാണ്. സഭയും കന്യകയാണ്. കന്യകയായ മാതാവിനെയാണ് സഭാമക്കൾ ആരാധനയിൽ വിളിച്ചപേക്ഷിക്കുന്നത്. കന്യകയായ സഭ തന്റെ മണവാളനായ ക്രിസ്തുവിനെ സഭാസന്താനങ്ങൾക്ക് സംലഭ്യമാക്കി കൊടുക്കുന്നു. കന്യകയായ മാതാവിലാണ് ക്രിസ്തു ആദ്യമായി മനുഷ്യനായി പിറന്നത്. മാതാവും സഭയും തമ്മിലുള്ള സാദൃശ്യം തീർച്ചയായും ഈ രണ്ട് ശാസ്ത്രങ്ങൾ തമ്മിലുള്ള അർത്ഥപൂർണ്ണമായ ബന്ധത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. സഭയുടെ മാതൃകയാണ് മറിയം[6] സഭ മാതാവിനെ പുകഴ്ത്തുന്നു[7] സഭയ്ക്കുവേണ്ടി മാതാവ് പ്രാർത്ഥിക്കുന്നു[8] സഭാ സന്താനങ്ങൾ നിരന്തരം മാതാവിനോട് പ്രാർത്ഥന യാചിക്കുന്ന ഹൃദ്യമായ രീതി തന്നെ നമ്മുടെ ആരാധനയുടെ മുഖമുദ്രയാണ്. മാതാവ് സഭയിൽ വിശ്വാസിക


www.malankaralibrary.com

ളുടെ സഹായം ആണ്.[9] ഇതേ ആശയം തന്നെയാണ് രണ്ടാം വത്തിക്കാൻ കൗൺസിലും സാക്ഷിക്കുന്നത്. കന്യകയും മാതാവും ആയ മറിയത്തെ സഭയുടെ പ്രതിരൂപം ആയിട്ടാണ് കൗൺസിൽ അവതരിപ്പിക്കുന്നത് മാതാവിന്റെ ജീവിതത്തിലെ സുകൃതങ്ങൾ എന്നും സഭയ്ക്ക് ഒരു ഉത്തമ മാതൃകയായിട്ടാണ് കൗൺസിൽ കാണുന്നത്.[10] ഇതിൽ നിന്നെല്ലാം നാം മനസ്സിലാക്കുന്നു മാതാവും സഭയും തമ്മിൽ വളരെയധികം ബന്ധം ഉണ്ട്. സഭാജീവിതത്തിൽ മാതാവ് ഒരു സജീവ പ്രതിരൂപമായി, പ്രതീകമായി പ്രശോഭിക്കുന്നു. നമ്മുടെ ആരാധനയിൽ നാം കാണുന്നത് സഭയ്ക്കും മാതാവിനും വിശുദ്ധന്മാർക്കും ലോകത്തിൽ ബഹുമാനം കൊടുക്കേണ്ടതാണെന്നാണ്. ചുരുക്കത്തിൽ മരിയശാസ്ത്രവും സഭാശാസ്ത്രവും തമ്മിൽ പല കാര്യങ്ങളിലും താദാത്മ്യം ഉണ്ട്. അവ പരസ്പരം വേർതിരിക്കുവാൻ പാടില്ലാത്ത രീതിയിൽ ബന്ധപ്പെട്ടിരിക്കുന്നു. ഈ ബന്ധത്തിന്റെ സജീവശീലയായി നമ്മുടെ ആരാധന വിരാജിക്കുന്നു. ഈ ബന്ധം നമ്മുടെ സഭാ ജീവിതത്തിൽ ആഴമായി വേരൂന്നിയിട്ടുള്ളതും സഭാമക്കൾ അനുദിനം ആഘോഷിക്കുന്നതുമാണ്.

മരിയ ശാസ്ത്രത്തിന് ക്രിസ്തീയ നരവംശവിജ്ഞാനീയമായും ബന്ധമുണ്ട്. മാതാവിൽ ക്രിസ്തീയ മാനുഷികതയുടെ പൂർണ്ണത കാണുവാൻ സാധിക്കും. വേദപുസ്തകത്തിൽ മാതാവിനെ അവതരിപ്പിച്ചിരിക്കുന്നത് ഒരു യഥാർത്ഥ മനുഷ്യസ്ത്രീയായിട്ടാണ്. അവൾ പ്രത്യേകമാംവിധം തിരഞ്ഞെടുക്കപ്പെട്ടിട്ടും മനുഷ്യജീവിതത്തിലെ എല്ലാവിധ അനുഭവങ്ങളിലൂടെയും, ഇന്ന് നാം ഒക്കെ സ്വപ്നം കാണുന്ന രീതിയിലുള്ള ബുദ്ധിമുട്ടുകളിലൂടെയും കടന്നു പോയിട്ടുണ്ട്. ഓരോ ക്രിസ്ത്യാനിയും ഈ ലോക ജീവിതത്തിൽ അവനനുഭവിക്കുന്ന, അവന് ലഭിച്ചുകൊണ്ടിരിക്കുന്ന ജീവിതയാഥാർത്ഥ്യങ്ങളെ ധീരമായി തരണം ചെയ്യുവാനുള്ള ഉത്തരവാദിത്വം ഉണ്ട്. മാത്രമല്ല ഈ ലോക ജീവിതത്തിലെ സുഖദുഃഖാനുഭവങ്ങളിലൂടെ വിശ്വാസത്തോടുകൂടി ജീവിതാകുലതകൾക്ക് സ്ഥാനം കൊടുക്കാതെ സന്തോഷത്തോടുകൂടി ക്രിസ്തുവിൽ ഒന്നായി തീരുക. ക്രിസ്തീയ മനുഷ്യവംശദർശനത്തിന്റെ കേന്ദ്രബിന്ദുവാണ് മാതാവിന്റെ ജീവിതം (ഈ മനുഷ്യശാസ്ത്ര ദർശനവുമായി വളരെയധികം സാമ്യം ഉള്ളതായിരുന്നു). മാതാവ് ജീവിതത്തിലുണ്ടായ എല്ലാ അനുഭവങ്ങളിലും ഈ മനുഷ്യദർശനത്തിന് സക്ഷിയായിരുന്നു. അനുദിന ജീവിതത്തിലെ പ്രയാസങ്ങളെയും സന്തോഷാനുഭവങ്ങളെയും സമഗ്രമായി ജീവിതത്തിൽ കോർത്തിണക്കിക്കൊണ്ട് അവയെ


www.malankaralibrary.com

ധൈര്യപൂർവ്വം പിൻചെന്നുകൊണ്ട് വിശ്വാസത്തിലൂടെ തന്റെ പുത്രനായ യേശുവിന്റെ മഹിമയിൽ പ്രവേശിച്ച മാതാവിനെയാണ് സഭയും പാരമ്പര്യവും നമ്മുട മുന്നിൽ അവതരിപ്പിക്കുന്നത്. മാതാവിന്റെ ജീവിതത്തിൽ നാം ഇന്നു ജനങ്ങളുടെ, ജീവിതത്തിൽ സദാ കാണുന്ന രീതിയിലുള്ള ഇരട്ട വ്യക്തിത്വത്തിന് സ്ഥാനം ഉണ്ടായിരുന്നില്ല. ഒരു വശത്ത് ആദ്ധ്യാത്മിക ജീവിതം, മറുവശത്ത് ഭൗതിക ജീവിതം ഈ വേർതിരിവ് നാം ഒരിക്കലും മാതാവിൽ കാണുന്നില്ല മറിച്ച് ഈ രണ്ട് യാഥാർത്ഥ്യങ്ങളുടെ സമഗ്രത നാം മാതാവിൽ ദർശിക്കുന്നു. ഈ രീതിയിലുള്ള സമഗ്രമായ ജീവിതവീക്ഷണമാണല്ലോ ക്രിസ്തീയ നരവംശ ശാസ്ത്രത്തിന്റെ പ്രത്യേകത.

ക്രിസ്തീയ നരവംശ ശാസ്ത്രത്തിന്റെ മറ്റൊരു വിക്ഷണമാണ് ദൈവമൊരിക്കലും മനുഷ്യന്റെ സ്വാതന്ത്ര്യത്തെയും വ്യക്തിത്വത്തെയും മറികടക്കുന്നില്ല എന്നത്. മനുഷ്യൻ പൂർണ്ണമായും സ്വതന്ത്രനാണ്. അവന്റെ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന യാതൊരു പ്രവർത്തിയിലും ദൈവം ഇടപെടുന്നില്ല. ഈ വീക്ഷണത്തിന്റെ വ്യക്തമായ മാതൃക മറിയത്തിലാണ് നാം കാണുന്നത്. മാതാവിനോട് ദൂതൻ വന്ന് ദൈവത്തിന്റെ ആഗ്രഹം അറിയിക്കുകയാണ് അല്ലാതെ ദൈവത്തിന്റെ ആഗ്രഹത്തിന് മറിയം വഴങ്ങിക്കൊടുക്കണം എന്നല്ല ദൂതൻ പറയുന്നത്. മാതാവ് 'അതെ'എന്ന് പറഞ്ഞതിന് ശേഷം മാത്രമാണല്ലോ ദൈവപുത്രനവളിൽ ജന്മം കൊള്ളുന്നത്.

ക്രിസ്തുവിൽ ഉദ്ധരിക്കപ്പെട്ട മനുഷ്യവർഗ്ഗത്തിന്റെ ആദ്യവിത്തായി, ആദ്യഫലമായി മറിയം സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു. ആത്യന്തികമായി ക്രിസ്തീയ മനുഷ്യവംശശാസ്ത്രം ലക്ഷ്യം വയ്ക്കുന്നത് മാതാവിന്റെ മാതൃകയിലുള്ള മനുഷ്യപൂർണ്ണതയാണ്. ഇതിൽ നിന്നെല്ലാം നാം എത്തിച്ചേരുന്ന നിഗമനം ക്രിസ്തീയ മനുഷ്യവംശ വിജ്ഞാനീയത്തിലെ പല മുഖ്യ വീക്ഷണങ്ങളും മാതാവിൽ, മരിയ ശാസ്ത്രത്തിലതിന്റെ തനിമയിൽ കാണുന്നു എന്നതാണ്. ആയതിനാൽ ഈ രണ്ട് ശാസ്ത്രങ്ങളും തമ്മിൽ വേർപെടുത്തി കാണുവാനുള്ള പരിശ്രമങ്ങൾക്ക് സ്ഥാനമില്ല.

പാരത്രിക ജീവിത ശാസ്ത്രവുമായും മരിയശാസ്ത്രത്തിന് ബന്ധം ഉണ്ട്. നമ്മുടെ ആരാധനയിൽ നിന്നും ഇത് വളരെ വ്യക്തമായി നമുക്ക് മനസിലാക്കാവുന്നതാണ്. "സമയത്തിന്റെ പൂർണ്ണതയിൽ


www.malankaralibrary.com

മാതാവായിരിക്കും എല്ലാവരെയും ക്രിസ്തുവിൽ ഒന്നിച്ചു കൂട്ടുന്നത്." ആരാധനയിൽ പലയിടത്തും മാതാവിനെ വിളിക്കുന്നത് "സെഹിയോന്റെ പുത്രി" എന്നാണ്. പഴയ നിയമത്തിലും, പുതിയ നിയമത്തിലും സെഹിയോൻ സ്വർഗ്ഗീയ ജറുസലേമിന്റെ പ്രതീകമാണ്. സെഹിയോനിൽ വെച്ചാണ് മാതാവ് മരിച്ചതെന്നും ആയതിനാൽ വിശുദ്ധ സെഹിയോൻ എല്ലാ സഭകളുടെയും മാതാവാണെന്നും പാരമ്പര്യമുണ്ട്.[13] ആരാധനയിലെ മാതാവിനെപ്പറ്റിയുള്ള പരാമർശനങ്ങൾ തീർച്ചയായും മാതാവ് ഈ ലോകജീവിതത്തിൽ വിശ്വാസസമൂഹത്തിന്റെ മരണാനന്തര ജീവിതത്തിന്റെ പ്രതീകമായി നിലകൊള്ളുന്നു. കൂടാതെ മരണത്തിനു ശേഷം ആദ്യമായി സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ട വ്യക്തിയാണ് മറിയം. പാരത്രിക ജീവിതശാസ്ത്രത്തിലെ ഏറ്റവും വലിയ ഒരു ദർശനം ആണ് മരണത്തിനു ശേഷം ക്രിസ്തുവിൽ വിശ്വസിച്ച് ക്രിസ്തുവിൽ ജീവിക്കുന്ന എല്ലാവരും സ്വർഗ്ഗത്തിലേക്ക് കരേറുകയും ക്രിസ്തുവിനെ മുഖാമുഖം ദർശിക്കുകയും എന്നത്. ഈ വീക്ഷണത്തിന്റെ ജീവിക്കുന്ന മാതൃകയായി മാതാവ് നിലകൊള്ളുന്നു. പാരത്രിക ജീവിതശാസ്ത്രവും മരിയശാസ്ത്രവും തമ്മിലുള്ള ഗാഢമായ ബന്ധം വ്യക്തമായി തന്നെ വത്തിക്കാൻ സൂനഹദോസ് പഠിപ്പിക്കുന്നു, "ആത്മ ശരീരങ്ങളോടു കൂടി സ്വർഗ്ഗത്തിൽ മഹത്വീകൃതയായിരിക്കുന്ന പരിശുദ്ധ മറിയം, ലോകാവസാനത്തിൽ പൂർത്തിയാകാനിരിക്കുന്ന സഭയുടെ പ്രതിഛായയും ആരംഭവുമാണ്. കർത്താവിന്റെ ദിവസം ഉദയം ചെയ്യുന്നതുവരെ മറിയം ഭൂമുഖത്ത് തീർത്ഥാടനം ചെയ്യുന്ന ദൈവ ജനത്തിന് സുനിശ്ചിതമായ പ്രതീക്ഷയുടെയും സമാശ്വാസത്തിന്റെയും അടയാളമായി പ്രകാശിച്ചു കൊണ്ടിരിക്കും."[14] ഇതിൽനിന്ന് പാരത്രിക ജീവിതശാസ്ത്രവും മരിയശാസ്ത്രവും തമ്മിലുള്ള ബന്ധം എത്ര മനോഹരമായിട്ടാണ് കൗൺസിൽ പഠിപ്പിക്കുന്നത് എന്ന് വ്യക്തമാണ്.

സഭയിൽ ഏറ്റവുമധികം പ്രതിപാദ്യമായിട്ടുള്ള ഒരു ശാസ്ത്രമാണ് വിമോചന ദൈവശാസ്ത്രം. ഈ ശാസ്ത്രവുമായി മരിയശാസ്ത്രത്തിന് എന്തു ബന്ധമാണുള്ളത്. വിമോചന ദൈവശാസ്ത്രത്തിന്റെയാത്മാവ് ജീവിക്കുന്നത് മനുഷ്യചരിത്രവും രക്ഷാകര ചരിത്രവുമായുള്ള ഗാഢമായ ബന്ധത്തിലാണ്. അതായത് ദൈവത്തിന്റെ, യേശു ക്രിസ്തുവിന്റെ, സ്വർഗ്ഗരാജ്യത്തിന്റെ വിമോചനദർശനം, ഈ കാലഘട്ടത്തിലെ ജനങ്ങളുടെ പ്രത്യേകിച്ച് ആർത്തരുടെയും, അവശരുടെയും ആലംബഹീനരുടെയും ജീവിതത്തിലേക്ക് എത്തിച്ചുകൊണ്ടുവരിക. അശരണിതരായ


www.malankaralibrary.com

ഇവരുടെ ജീവിതത്തിൽ യേശുവിഭാവനം ചെയ്ത സ്വർഗ്ഗരാജ്യത്തിന്റെ മൂല്യങ്ങൾ അനുഭവവേദ്യമാക്കി കൊടുക്കുക. വിമോചന ദൈവശാസ്ത്രത്തെ സംബന്ധിച്ചിടത്തോളം ദൈവത്തിലേക്കുള്ള പ്രയാണം നടക്കേണ്ടത് സമൂഹത്തിലെ പാവങ്ങളിലൂടെയാണ്, അടിച്ചമർത്തപ്പെട്ടവരുടെ ഉയർത്തെഴുന്നേൽപ്പിലൂടെയാണ്. മരിയ ശാസ്ത്രത്തിലേക്ക് നാം കടന്നുവരുമ്പോൾ വിമോചന ദൈവശാസ്ത്രത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ മാതാവിൽ കാണാൻ സാധിക്കും.

മറിയം ജനിച്ചു വളർന്ന സാഹചര്യം അന്നത്തെ സാധാരണക്കാരിൽ നിന്നും താണതായിരുന്നു – ജീവിതത്തിൽ മാതാവ് അനുഭവിച്ച യാതനകൾ, അതിൽ നിന്നുമുള്ള മാതാവിന്റെ വിജയം, തുടങ്ങിയവ വിമോചന ദൈവശാസ്ത്രത്തോട് നീതി പുലർത്തുന്നവയാണ്. അതുകൊണ്ടുതന്നെ കൗൺസിൽ പ്രഖ്യാപിക്കുന്നു. "ദരിദ്രരുടെയും എളിയവരുടെയും മുൻപന്തിയിലാണ് മറിയം."[15] മാത്രമല്ല പോൾ ആറാമൻ മാർപ്പാപ്പ തന്റെ "മരിയഭക്തി" എന്ന ചാക്രിക ലേഖനത്തിൽ വളരെ ഭംഗിയായും മനോഹരമായും മാതാവിന്റെ വിമോചന ദൗത്യത്തെപ്പറ്റി പ്രതിപാദിക്കുന്നു.[16]

മാതാവിന്റെ സ്തോത്രഗീതം[17] ഒന്നു വിശകലനം ചെയ്താൽ ഇന്ന് വിമോചന ദൈവശാസ്ത്രം പ്രഖ്യാപിക്കുന്ന വിമോചന ദർശനങ്ങളുടെ സംക്ഷിപ്ത രൂപം അതിൽ കാണാം. താൻ ദരിദ്രരുടെയും എളിയവരുടെയും മുൻപന്തിയിൽ തന്നെയാണെന്ന് മാതാവ് തന്നെ ഇതിലൂടെ ഏറ്റു പറയുന്നു. ദൈവത്തിന്റെ രക്ഷാകര കർമ്മത്തിന്റെ പ്രതീക്ഷയുടെ സമഗ്രമായ പൂർണ്ണത ഇതിൽ കാണാം. ആരാധനയിൽ നാം മാതാവിനെ "പാവങ്ങളുടെ പുത്രി"[18] എന്ന് അഭിസംബോധന ചെയ്യുന്നു തീർച്ചയായും മാതാവ് പാവങ്ങളുടെ പക്ഷത്താണ്. പാവങ്ങൾക്ക് എന്നും പ്രത്യാശയാണ് മാതാവിന്റെ ജീവിതം. വിശകലനം ചെയ്താൽ, വിമോചന ദൈവശാസ്ത്ര ദർശനങ്ങളുടെ അത്യുന്നത കോടി മാതാവിൽ ദർശിക്കാം. അവസാനമായി ഭാരതദർശനങ്ങളിൽ മാതാവിന്, മാതൃഭക്തിക്ക് എന്തെങ്കിലും സ്ഥാനമുണ്ടോ? മരിയശാസ്ത്രത്തിന് വികസന സാധ്യതകൾ ഉണ്ടോ? ഭാരതത്തിലെ തന്നെ വിവിധ മതങ്ങളിലെ മതവിശ്വാസവും ആരാധനയും നാം പരിശോധിച്ചാൽ എല്ലാ മതങ്ങളും ആരാധനയും വിശ്വാസാവതരണ രീതികളിലും സ്ത്രീത്വ തലത്തിന് പ്രത്യേകത നൽകുന്നുണ്ട്. ദേവീപൂജ ഭാരതസംസ്കാരത്തിന്റെ അടിത്തട്ടിൽ ഉറങ്ങിക്കിടക്കുന്ന ഒരു പ്രതിഭാസമാണ്. മോഹൻ ജദരോയി


www.malankaralibrary.com

ലെയും ഹാരപ്പായിലെയും ഭൂഗർഭഗവേഷണത്തിന്റെ ഫലമായി ലഭ്യമായ വിഗ്രഹങ്ങളിൽ ദേവീ വിഗ്രഹങ്ങളും ഉണ്ടായിരുന്നു. ഇതിൽ നിന്നും നാമനുമാനിക്കുന്നത് അതിപുരാതനകാലം മുതൽതന്നെ ദേവികളെ ആരാധിച്ചിരുന്ന സമൂഹമായിരുന്നു ഭാരതമക്കൾ എന്നാണല്ലോ. ഭാരതമക്കൾക്ക് ഭൂമി ദേവിയാണ്, മാതാവാണ്. ആയതിനാൽ ഭാരതത്തിലെ ജനങ്ങൾ ഭൂമിയെ മാതാവായും ദേവിയായും മാനിക്കുകയും ആരാധിക്കുകയും ചെയ്യുന്നു. ഇനിയും ഭാരതത്തിലെ പ്രധാനപ്പെട്ട ദൈവങ്ങൾക്ക് എല്ലാം തന്നെ ദേവികളും ഉണ്ടായിരുന്നു. പാർവ്വതിയും ശിവനു രാധയും കൃഷ്ണനും സരസ്വതിയും ബ്രഹ്മാവും, ലക്ഷ്മിയും വിഷ്ണുവും ഈ യാഥാർത്ഥ്യത്തിന്റെ ജീവിക്കുന്ന ഉദാഹരണങ്ങൾ മാത്രമാണ്.

സ്ത്രീത്വത്തിൽ ദൈവത്വം ദർശിക്കുകയും അത് ജീവിതത്തിൽ സ്വാംശീകരിക്കുവാൻ പരിശ്രമിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തിൽ ദൈവമാതാവിനെ ഭക്തിയോടുകൂടി ബഹുമാനത്തോടുകൂടി മാത്രമേ കാണുവാൻ ഭാരതമക്കൾക്ക് കഴിയുകയുള്ളൂ. നമ്മുടെ കേരളത്തിൽ തന്നെ മാതാവിന്റെ നാമത്തിലുള്ള ദേവാലയങ്ങളിൽ തിരുനാളവസരങ്ങളിൽ അക്രൈസ്തവരായ നമ്മുടെ സഹോദരങ്ങൾ തടിച്ചു കൂടുകയും അനുഗ്രഹം പ്രാപിച്ച് സന്തോഷത്തോടുകൂടി തിരികെ പോകുകയും ചെയ്യുന്ന കാഴ്ച നാം കാണുന്നതാണല്ലോ. ഇതിൽനിന്നെല്ലാം മനസ്സിലാക്കുന്നത് ഭാരത മനുഷ്യദർശനങ്ങളിൽ, അതിന്റെ അവതരണരീതികളിൽ സ്ത്രീത്വത്തിന് അതുല്യമായ സ്ഥാനം ഉണ്ടെന്നാണ്. എന്നാൽ ദൈവ മാതാവിലേക്ക് നാം കടന്നു വരുമ്പോൾ ഭാരത സംസ്കാരത്തിൽ കാണുന്നതുപോലെ ഒരു ദേവി ആയിട്ടല്ല മാതാവിനെ ജനഹൃദയങ്ങളിൽ നാം അവതരിപ്പിക്കേണ്ടത്. ഭാരത ദർശനത്തിലെ "ദേവീ സങ്കല്പവും" ക്രിസ്തീയ വിശ്വാസത്തിലെ "ദൈവ മാതൃസങ്കല്പവും" തമ്മിൽ വ്യത്യാസം ഉണ്ട്. എന്നാൽ സാധാരണക്കാരുടെ ഹൃദയവികാരങ്ങളെ ഉൾക്കൊണ്ടുകൊണ്ട് അവരുടെ ഹൃദയാന്തരാളത്തിലേക്ക് ഇറങ്ങിവന്ന് അവർക്ക് ആശ്വാസം നൽകുകയും അവരുടെ കഷ്ടതകളിൽ അവർക്ക് അഭയം നൽകുകയും, ആവശ്യങ്ങളിൽ അവർക്ക് സഹായഹസ്തം നീട്ടുകയും ചെയ്യുന്ന ഒരു മാതാവായിട്ടു വേണം ദൈവ മാതാവിനെ ഭാരതത്തിൽ നാം അവതരിപ്പിക്കാൻ. ഭാരതമക്കൾക്ക് ഒരു മാതാവായി തന്നെ ദൈവമാതാവ് പ്രശോഭിക്കണം.

www.malankaralibrary.com

സഭയിൽ പക്വമായ ഒരു മരിയശാസ്ത്രരൂപം കൊള്ളേണ്ടത് സഭയിലെ മറ്റ് ശാസ്ത്രങ്ങളുമായി ബന്ധപ്പെട്ടു വേണം. ഒറ്റപ്പെട്ട ഒരു സഭാശാസ്ത്രമല്ല മരിയശാസ്ത്രം. ക്രിസ്തുവിലാണ് നാം മാതാവിനെ ദർശിക്കുന്നത്. സഭയുടെ മാതൃകയാണ് മാതാവ്. ക്രിസ്തു സമർപ്പണത്തിന്റെ ചലനാത്മക പ്രതിരൂപമാണ് മാതാവ്. മാതൃസഹജമായ സ്നേഹവും ബന്ധവുമായിരിക്കണം നമുക്ക് മാതാവിനോട് ഉണ്ടായിരിക്കേണ്ടത്. മനുഷ്യജീവിതത്തിന്റെ സമഗ്രമായ, പൂർണ്ണമായ ജീവിക്കുന്ന മാതൃകയായി മാതാവ് സഭയിലും മനുഷ്യസമൂഹത്തിലും വിരാജിക്കുന്നു.

## *Footnotes*

1. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ, ബാംഗ്ലൂർ ധർമ്മാരാം കോളേജ്, (നാലാം പതിപ്പ്), തിരുസ്സഭ, No.66
2. എഫേ: 4/13
3. ഗലാ: 5/22-25
4. ലൂക്കാ: 1/35
5. Prayer with the Harp of the Spirit, Vol. II p.355
6. Ibid p. 348
7. Ibid p. 295
8. Ibid p. 250
9. Ibid p. 403, 487,
10. തിരുസ്സഭ No: 64
11. Prayer with the Harp of the Spirit Op.cit p. 557
12. ഏ: 60/19, ഹെബ്രാ: 12/22
13. The Inerpreter's Dictionary of the Bible, NY, cf. 'The Daughter of Zion'
14. തിരുസ്സഭ, No. 68
15. Ibid No. 55
16. NEUNER & DUPUIS (ed), The Christian Faith, Banglore TPI, No: 720
17. ലൂക്കാ: 1/46-56
18. Prayer with the Harp of the Spirit, Op.cit p. 356

 www.malankaralibrary.com

BIBLIOGRAPHY

Primary Sources

1. *വിശുദ്ധ വേദപുസ്തകം*, കൊച്ചിൻ, പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ – 1981

2. *ശ്ഹിമോ അഥവാ പ്രതിദിന നമസ്കാരം* – തിരുവല്ല, സെന്റ് ജോസഫ് പ്രസ്, 1975

3. *മലങ്കര സഭയുടെ ആരാധനക്രമം – തിരുനാളുകൾ*, തിരുവനന്തപുരം, സെന്റ് മേരീസ് പ്രസ്സ്, 1976

4. *മലങ്കര സുറിയാനി സഭയുടെ ആരാധന ക്രമം – കൂദാശകൾ* – തിരുവനന്തപുരം, സെന്റ് മേരീസ് പ്രസ്, 1973

5. *മലങ്കര സുറിയാനി കത്തോലിക്കരുടെ പ്രാർത്ഥനക്രമം*, തിരുവനന്തപുരം സെന്റ് മേരീസ് പ്രസ്, 1978

6. *പ്രാർത്ഥന ക്രമം – സ്ലീബാ പെരുനാൾ*, കോട്ടയം ബഥനി പ്രസ്സ്

7. *പ്രത്യേക പെരുനാളുകളിലും ഞായറാഴ്ചകളിലും നമസ്കാരത്തിനുള്ള പ്രുമിയോൻ* – തിരുവല്ല

8. *മലങ്കര ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനികളുടെ നമസ്കാരത്തിനുള്ള പ്രുമിയോൻ*, കോട്ടയം, ഓർത്തഡോക്സ് ചർച്ച് ബുക്ക്. 1986

9. *വിശുദ്ധ കുർബ്ബാന തക്സ* – തിരുവനന്തപുരം സെന്റ് മേരീസ് പ്രസ്, 1972 & 1982

10. *Prayer with the Harp of the Spirit*, Vagamon Kurisumala Ashram, Vol I-III, 1980

## ***Books & Articles in English***

2. *Dictionary of the New Tesament Theology* Vols I-III Paternoster Press, 1975

3. Hambye, E.R., *The Churches of the Easterm Tradition*. Notes, Poona, 1964

4. James Hastings (ed) *Dictionary of the Bible* Ny, 1952

5. James o. *The Cult of Mother Goddess*, Ny, 1966



www.malankaralibrary.com

6. Johannes, B, Bauer (ed) *Encyclopedia of Bibilical theology*, Sheed & Ward, 1970

7. Jurgens William A, *The Faith of the Early Fathers Bangalore*, TPI, Vols I-III, 1984

8. John A. Subhan; *Virgin Mary in the Catholic Belief and Protestant Thought* St.Paul'sPublications, 1970

9. Karl Rahner, *Mary Mother of the Lord*, 1963

10. Karl Rahner, *Our Lady and the Church*, 1965

11. Madey J. *The Eucharistie Liturgy of the East of: The Holy Qurbono of the Syro-Malankara Church - West Germany*

12. Margaret Gibbon, *Mar Ivanos*, London

13. Neuner J. *S.J. Mary the Mother of Jesus*, Notes, Poona, 1975

14. Neuner J & Dupuis S.J. (ed) *The Christian Faith*, Banglore, TPI, 1982

15. Raymond E. Brown(ed) *Mary in the New Testament*

16. Raymond E. Brown (ed) *The Jerome Bibilical, Commentary, Banglore*, TPI, 1980

17. Rose Mary Ruther Radford, *Mary the Feminine Face of the Church*, SCM Press, 1979

18. Schillebeeckx.E., *Mary the Mother of Redemption*, 1964

19. Stanley GMathews, SM, *The Promised Women*, Ohio Agrail Publication 1954

20. *The Interpreters Dictionary of the Bible*, Newyork, Abingdon Press, Vols I-IV, 1962

21. Vellian Jacob, *Reflections on Mariology*, Kottayam St.Thomas Seminary, 1968

22. Walter J. Burghardt SJ, *The Testimony Concerning Mary's Death*, A Newman Press, 1961



www.malankaralibrary.com

23. Willis R. John SJ.(ed) *The Teachings of the Church Fathers Newyork,* Herder & Herder, 1966

24. "*Mariology New Directions*" Theology Digest, vol.24, 1976 pp 248-294

25. "*Mariology Present Position*" Concilicum Vol.119, no.3, 1967

26. "*Mariology & Human Anthropology*", Catholic theological Society of America, 1977, pp 211-219

27. "*The Assumption of our Lady in the Oriental liturgies*" the eastern church quartely, vol.18, No.3, 1949

28. "*Marian Devotion in the Malankara Churc*h" Malankara Voice vol.2, No.7, 1984

29. "*Mariology and the Church of the East*"

30. *Mary's Feast in June Clergy Monthly,* Vol.18, 1954

31. "*Mariology Fundamental Principles*" Theology Digest Vol.4. 1956, pp.72-78

## *Books and Articles in Malayalam*

32. തകടിയിൽ യാക്കോബ് കശ്ശീശ, *മദ്ധ്യസ്ഥ പ്രാർത്ഥന എട്ടുനോമ്പിൽ*; ചിങ്ങവനം, ദേശസേവിനി പ്രസ്, 1953

33. പള്ളിക്കപ്പറമ്പിൽ കുറിയാക്കോസ് കത്തനാർ, *വിശുദ്ധ കന്യക മറിയാമിന്റെ ജീവചരിത്രം*, ചിങ്ങവനം, എസ്.ജെ.പ്രസ്. 1983

34. പള്ളിച്ചിറ റവ. ഫിലിപ്പ്, *ദൈവമാതാവിനോടുള്ള പ്രാർത്ഥന*, നിരണം, 1984

35. നടുവത്തുശ്ശേരി മോൺ.ജേക്കബ്, *സ്വർഗ്ഗരാജ്ഞി*, ആലുവ, മാർ ലൂയിസ് പ്രസ്, 1954

36. ജോൺ ഫ്രാൻസിസ് ഒ.സി.ഡി. *കുടുംബറാണി*, മഞ്ഞുമൽ, 1954

37. ചേന്നങ്കേരി കുരുവിള, *വനിതാരത്നങ്ങൾ*, തിരുവല്ല, ക്രൈസ്തവ സാഹിത്യസമിതി, 1975



www.malankaralibrary.com

38. ആന്റണി ഒ.സി.ഡി., *മറിയം രക്ഷയുടെ മാതാവ്*, തിരുവനന്തപുരം കാർമ്മൽ ബുക്ക്സ്റ്റാൾ 1976

39. മാർ ഈവാനിയോസ്, *വി.കുർബ്ബാന ഒരു ധ്യാനപഠനം*, കോട്ടയം ബഥനി പബ്ലിക്കേഷൻസ്, 1980

40. കട്ടയ്ക്കൽ ജേക്കബ്, *മാതൃമഹിമ*, കോട്ടയം അർപ്പിതാ ബുക്സ്, 1980

41. *രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ*, ബാംഗ്ലൂർ, ധർമ്മാരാം കോളേജ്, 1967

42. *ദൈവമാതാവിന്റെ ജനനപെരുന്നാളിനുള്ള ധ്യാനങ്ങൾ*, തിരുവല്ല റ്റി.എ.എം.പ്രസ്

43. "*സ്വർഗ്ഗാരോപണ സ്വാതന്ത്ര്യചിന്തകൾ*", ഐക്യദീപം പുസ്തകം 8, ലക്കം 8– 1984

44. "*ശ്ഹിമ്മോ നമസ്കാരവും പരിശുദ്ധമറിയവും*" ഐക്യദീപം പുസ്തകം – 10, ലക്കം – 6, 1986

45. "*ദൈവമാതാവിനോടുള്ള ഭക്തി ആവശ്യമോ?*" ഐക്യദീപം പുസ്തകം – 5, ലക്കം – 8, 1981

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

ആരാധനയുടെ അർപ്പണത്തിലൂടെ, പഠനത്തിലൂടെ
പരിശുദ്ധ കന്യകമറിയത്തെ അറിയുവാനും
അനുഭവിക്കുവാനുമുള്ള എളിയ ശ്രമം...

വി.വേദപുസ്തകത്തിലും മലങ്കര സഭയുടെ
ആരാധനയിലും ആഘോഷിക്കപ്പെടുകയും
അനുസ്മരിക്കപ്പെടുകയും പ്രഘോഷിക്കപ്പെടുകയും
ചെയ്യുന്ന 'നമ്മുടെ അമ്മ'യുടെ ജീവിതവും
സാക്ഷ്യവും മാതൃകയും സഭയുടെയും സഭാപിതാക്ക
ന്മാരുടെയും അനുദിന ആരാധന
അർപ്പണത്തിന്റെയും വെളിച്ചത്തിൽ സമ്യക്കായി
വിശദീകരിക്കപ്പെടുന്നു ആരാധനയിലെ അമ്മയിൽ...

അമ്മയിൽ ആശ്രയിക്കുന്നവരുടെ വഴികാട്ടി...

അമ്മയെ വിളിക്കുന്നവരുടെ ആത്മമിത്രം...

അമ്മയുടെ മാദ്ധ്യസ്ഥതയെ ബലപ്പെടുത്താനൊരു
ശ്രമം...

www.malankaralibrary.com